SGOU
Higher
Education
for All

# മലയാള സാഹിത്യം:
# കവിത– കഥ – ഉപന്യാസം – നോവൽ

**COURSE CODE: SGB24ML102AC**

**Ability Enhancement Course**

**For Four Year Undergraduate Programmes**

**Self Learning Material**



SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

SGOU

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# മലയാള സാഹിത്യം:
# കവിത–കഥ–ഉപന്യാസം–നോവൽ

**Course Code: SGB24ML102AC**

**Semester- IV**

**Ability Enhancement Course - Malayalam**

**Four Year Undergraduate Programmes**

**Self Learning Material**

**(with Model Question Paper Sets)**

SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

**മലയാള സാഹിത്യം:**
**കവിത - കഥ - ഉപന്യാസം - നോവൽ**

Course Code: SGB24ML102AC
Semester- IV
Ability Enhancement Course- Malayalam
for Four Year Undergraduate Programmes

SREENARAYANAGURU
OPEN UNIVERSITY


**Academic Committee**

Prof. Thomas Thamarasseri
Dr. Indusree S. R., Dr. Lekshmi V. S.
Dr. Vidhya D. R., Dr. Athman A. V.
Chayam Dharmarajan
Dr. S. Nazeeb, Dr. Aju K. Narayanan
Dr. Baburajan K., Dr. Suja S.
Dr. S. Sudarsana Babu
Dr. S. Ajayakumar, Dr. Vijaya V.A.
Dr. Sudha Mary Thomas



**Development of the Content**

Dr. Rajashree M., Josilet Mathew, Dr. Dhanusha C.M, Haritha M., Deepam S., Dr. Muraleedharan K. V., Aswani A P, Dr. Soumya Dasan, Dr. Jaya R.S.

**Review and Edit**

Dr Mini Prasad, Dr. Abdul Azeez

**Linguistics**

Dr. Jaya R.S.

**Scrutiny**

Aswani A.P.
Dr. Deepam S.
Dr. Thara S.S.
Dr. Deepthi V.S
Dr. Lathika A.C.
Dr. Muraleedharan K. V.
Dr. Soumya Dasan

**Cover Design**

Jineshkumar S.

**Co-ordination**

**Director, MDDC :**
Dr. I.G. Shibi
**Asst. Director, MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.
**Coordinator, Distribution:**
Dr. Sanitha K.K.


Scan this QR Code for reading the SLM on a digital device.


**First Edition**
January 2025

**Second Edition**
December 2025



**Copyright**
© Sreenarayanaguru Open University



ISBN 978-81-995975-4-9
9 788199 597549



All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.


www.sgou.ac.in

YouTube

Visit and Subscribe our Social Media Platforms

SGOU

# MESSAGE FROM VICE CHANCELLOR

Dear learner,

It is with great pleasure that I welcome you to the Four Year UG Sociology Programme offered by Sreenarayanaguru Open University.

Established in September 2020, our university aims to provide high-quality higher education through open and distance learning. Our guiding principle, 'access and quality define equity', shapes our approach to education. We are committed to maintaining the highest standards in our academic offerings.

Our university proudly bears the name of Sreenarayanaguru, a prominent Renaissance thinker of modern India. His philosophy of social reform and educational empowerment serves as a constant reminder of our dedication to excellence in all our academic pursuits.

The University aims to offer you an engaging and enriching educational journey. This course, titled "Malayalasahithyam: Kavita-Kadha- Upanyasam-Novel", a foundational Ability Enhancement course offered in the fourth semester of the FYUG programmes, is designed to immerse you in the rich heritage of Malayalam literature, fostering a deep appreciation for its diverse genres and historical evolution. The Self-Learning Material has been thoughtfully prepared to ensure simplicity, clarity, and relevance, making the beauty of our literary traditions accessible to every learner.

Our teaching methodology combines three key elements: Self Learning Material, Classroom Counselling, and Virtual modes. This blended approach aims to provide a rich and engaging learning experience, over-coming the limitations often associated with distance education. We are confident that this programme will enhance your understanding of sociological theories and perspectives, preparing you for various career paths and further academic pursuits.

Our learner support services are always available to address any concerns you may have during your time with us. We encourage you to reach out with any questions or feedback regarding the programme.

We wish you success in your academic journey with Sreenarayanaguru Open University.

Regards,
Dr. Jagathy Raj V. P.

01-12-2025

SGOU

# Contents


BLOCK - 01 കവിത 2

യൂണിറ്റ് - 1 വിഷുക്കണി 3

യൂണിറ്റ് - 2 എനിക്ക് മരണമില്ല 11

യൂണിറ്റ് - 3 കാടെവിടെ മക്കളെ 19

യൂണിറ്റ് - 4 ആൾമറ 27

യൂണിറ്റ് - 5 ഇൻസ്റ്റലേഷൻ 35

BLOCK - 02 കഥ 48

യൂണിറ്റ് - 1 ജന്മദിനം 49

യൂണിറ്റ് - 2 കോലാട് 58

യൂണിറ്റ് - 3 പാപത്തറ 64

യൂണിറ്റ് - 4 ദൽഹി 1981 71

യൂണിറ്റ് - 5 റെയിൽപാളത്തിൽ ഇരുന്ന് ഒരു കുടുംബം ധ്യാനിക്കുന്നു 76

BLOCK - 03 ഉപന്യാസം 81

യൂണിറ്റ് -1 കാളിദാസനും കാലത്തിന്റെ ദാസൻ 82

യൂണിറ്റ് - 2 ആദർശ മാനവികതയുടെ സംഗീതം 89

യൂണിറ്റ് - 3 സാമന്ത സാഹിത്യം 94

BLOCK - 04 നോവൽ 103

യൂണിറ്റ് - 1 കൊച്ചരേത്തി 104


SGOU

BLOCK - 01

# കവിത

| | | |
|---|---|---|
| യൂണിറ്റ് – 1 | വിഷുക്കണി | വൈലോപ്പിള്ളി ശ്രീധരമേനോൻ |
| യൂണിറ്റ് – 2 | എനിക്ക് മരണമില്ല | വയലാർ |
| യൂണിറ്റ് – 3 | കാടെവിടെ മക്കളെ | അയ്യപ്പപ്പണിക്കർ |
| യൂണിറ്റ് – 4 | ആൾമറ | റഫീഖ് അഹമ്മദ് |
| യൂണിറ്റ് – 5 | ഇൻസ്റ്റലേഷൻ | വീരാൻകുട്ടി |

SGOU

# യൂണിറ്റ് - 1
# വിഷുക്കണി
### വൈലോപ്പിള്ളി ശ്രീധരമേനോൻ

## Learning Outcomes

- വൈലോപ്പിള്ളിയുടെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- വൈലോപ്പിള്ളിയുടെ കാലഘട്ടത്തെക്കുറിച്ച് സാമാന്യമായ ധാരണ ലഭിക്കുന്നു
- വൈലോപ്പിള്ളിയുടെ കവിതകളിൽ വിഷുക്കണി എന്ന കവിതയുടെ ഇടം കണ്ടെത്തുന്നു
- വിഷുക്കണി എന്ന കവിതയുടെ ഭാവപരവും രൂപപരവുമായ സവിശേഷതകൾ മനസ്സിലാക്കുന്നു

## Prerequisites

"ഏതു ധൂസരസങ്കൽപ്പത്തിൽ വളർന്നാലും,
ഏതു യന്ത്രവത്കൃതലോകത്തിൽ പുലർന്നാലും,
മനസ്സിലുണ്ടാകട്ടെ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും"

മലയാളിയുടെ വയലുകൾക്കും തൊടികൾക്കും സഹ്യപർവ്വതത്തിനും കയ്പവല്ലരിക്കും മണത്തിനും മഴയ്ക്കുമെല്ലാം കവിതയിലൂടെ അനശ്വരത നൽകിയ കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ (1911-1985). ജീവിതാവബോധത്തിന്റെ വെളിച്ചത്തിൽ കേരളീയനുഭവങ്ങളുടെ ആഴവും സങ്കീർണ്ണതയും ആവിഷ്കരിച്ച വൈലോപ്പിള്ളി, കനവും കാതലുമുള്ള കവിതകളിലൂടെ മലയാളികളുടെ മനംകവർന്ന കവിയാണ്. കാച്ചിക്കുറുക്കിയ കവിത എന്നാണു വൈലോപ്പിള്ളി കവിതകൾ അറിയപ്പെടുന്നത്. അനാവശ്യമായി ഒരൊറ്റ വാക്കു പോലും ഉപയോഗിക്കാതിരിക്കുക എന്നതാണ് വൈലോപ്പിള്ളിയുടെ രീതി. മലയാള കവിതയിലെ യുഗപരിവർത്തനത്തിന് 'ഹരി:ശ്രീ' കുറിച്ച കവിനാദങ്ങളിൽ 'ശ്രീ'യാണദ്ദേഹമെന്നാണ് ഡോ. എം. ലീലാവതി അഭിപ്രായപ്പെട്ടത്. വൈലോപ്പിള്ളിക്കവിതകളിൽ ശാസ്ത്രബോധവും ചരിത്രബോധവും സൗന്ദര്യബോധവും ഉൾച്ചേർന്നതായി കാണാം.

സാമ്രാജ്യത്വവും ജന്മിത്തവും അരങ്ങ് വാഴുന്നകാലം, സാമൂഹികവും സാമുദായികവുമായ മാറ്റങ്ങൾക്കു വേണ്ടി നവോഥാന - പരിഷ്കരണ പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്ന കാലഘട്ടം, ദേശീയ പ്രസ്ഥാനങ്ങൾ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയിരുന്ന പ്രതിക്ഷാനിർഭരമായ കാലം, രണ്ട് ലോകമഹായുദ്ധങ്ങൾ സൃഷ്ടിച്ച പട്ടിണിയും ദാരിദ്ര്യവുമെന്നിങ്ങനെ തികച്ചും അശാന്തമായ ഒരു കാലഘട്ടത്തിൽ 'ശ്രീ' എന്ന തൂലികാനാമത്തിൽ എഴുതിത്തുടങ്ങിയ വൈലോപ്പിള്ളിയുടെ കവിതകൾ അക്കാലത്തു തന്നെ ഏറെ ചർച്ച ചെയ്യപ്പെട്ടവയാണ്. സമത്വസുന്ദരമായ ഒരുകാലവും ലോകവും സ്വപ്നം കണ്ട, എന്നും പുരോഗമനപക്ഷത്തു നിലയുറപ്പിച്ച കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ.

യാഥാർഥ്യബോധത്തിലൂന്നിയ കവിതകളാണ് വൈലോപ്പിള്ളിയുടേത്. 'എല്ലുറപ്പുള്ള കവിത'എന്നാണ് കടൽ കാക്കകൾ എന്ന സമാഹാരത്തിന്റെ അവതാരികയിൽ

SGOU

പി. എ. വാര്യർ വൈലോപ്പിള്ളിക്കവിതകളെ വിശേഷിപ്പിച്ചത്. 'എന്തോ വ്യത്യാസമുണ്ടാകൃതികൾക്ക്. വെറും പാലുപോലുള്ള കവിതകളല്ല, കാച്ചിക്കുറുക്കിയ കവിത' എന്ന് എം. എൻ. വിജയൻ, വൈലോപ്പിള്ളി കവിതകളെ വിശേഷിപ്പിക്കുകയുണ്ടായി.

"ഹാ വിജിഗീഷു മൃത്യുവിന്നാമോ

ജീവിതത്തിൻ കൊടിപ്പടം താഴ്ത്തുവാൻ" എന്ന് പാടിയ കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. മാനവികതയെ ഉയർത്തിപ്പിടിച്ച അദ്ദേഹം മനുഷ്യനിൽ വിശ്വസിക്കുന്നു. ജീവിതത്തിന്റെ കയ്പ്പും മധുരവും ഒരുപോലെ തിരിച്ചറിഞ്ഞ കവിയാണ് വൈലോപ്പിള്ളി. സാധാരണമനുഷ്യന്റെ അനുഭവങ്ങൾക്ക് കവിതയിൽ അദ്ദേഹം പുതിയ മാനം കണ്ടെത്തി. മാമ്പഴം എന്ന കവിതയിലൂടെയാണ് അദ്ദേഹം ജനകീയനാകുന്നത്. 'അങ്കണത്തൈമാവിൽ നിന്ന്' വീണ ആദ്യത്തെ മാമ്പഴം കണ്ടു അമ്മയുടെ കണ്ണിൽ മാത്രമല്ല, കവിത വായിച്ച എല്ലാവരുടെയും ഉള്ളിലും സങ്കടം നിറച്ചു. എന്നാൽ മാമ്പഴം ഒരു ജനകീയ കാവ്യമായിരിക്കെതന്നെ അതിന്റെ ആന്തരികസത്തകൾ ഗഹനമായ ആശയങ്ങളെ ഉൾക്കൊള്ളുന്നു. എം. എൻ വിജയൻ ഫ്രോയ്ഡിന്റെ മനഃശാസ്ത്രതത്വങ്ങൾ ഉപയോഗിച്ചുകൊണ്ട് മാമ്പഴം എന്ന കവിതയെ പഠിച്ചിട്ടുണ്ട്. അതിൽ അദ്ദേഹം അവതരിപ്പിക്കുന്ന നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. വിപ്ലവത്തിന്റെ സർഗ്ഗാത്മകതയും സംഹാരാത്മകതയും കണ്ട കവിയാണ് വൈലോപ്പിള്ളിയെന്ന് ഡോ. എം. ലീലാവതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

ക്ലാസിക് ചിന്താഗതിയിൽ നിന്ന് വിട്ടുമാറി കാല്പനികതയിലും റിയലിസത്തിലും ഊന്നിയാണ് വൈലോപ്പിള്ളിയുടെ കാവ്യപ്രതിഭ വികസിച്ചു വന്നത്. ആധുനിക മലയാളകവിതയിലെ കാല്പനിക (Romanticism), യഥാതഥ (Realism)പ്രസ്ഥാനങ്ങളുടെ സംക്രമപുരുഷനായി നിൽക്കുന്ന കവിയായിട്ടാണ് നിരൂപകർ വൈലോപ്പിള്ളിയെ വിശേഷിപ്പിക്കുന്നത്. റൊമാന്റിസത്തിന്റെ ചായക്കൂട്ടുകൊണ്ട് തന്റെ കവിതകൾ വർണ്ണശബളമാക്കുന്നതിനേക്കാൾ ജീവിതത്തിന്റെ പരുപരുത്ത യാഥാർഥ്യങ്ങളെ ഭാവസുന്ദരമായി അവതരിപ്പിക്കുന്നതിലാണ് വൈലോപ്പിള്ളി കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്.

യാഥാർഥ്യങ്ങളെ അപ്പടി പകർത്തി രചനകളെ വിരസമാക്കാതെ കാല്പനികതയും യാഥാർഥ്യവും തമ്മിലുള്ള ഒരു സമന്വയത്തിലൂടെ തന്റെ കവിതകൾക്ക് ചന്തവും കരുത്തും പകരുവാനാണ് വൈലോപ്പിള്ളി ശ്രമിച്ചത്. ചുരുക്കത്തിൽ, ചങ്ങമ്പുഴയുടേയും ഇടപ്പള്ളിയുടെയും കാല്പനിക കവിതകൾ മലയാള സാഹിത്യത്തിൽ വെന്നിക്കൊടി പാറിച്ച് നിൽക്കുന്ന ഘട്ടത്തിൽ അതിൽ നിന്നു തീർത്തും വ്യത്യസ്തമായൊരു പാത വെട്ടിത്തെളിച്ചെടുക്കുവാനാണ് വൈലോപ്പിള്ളി ഉദ്യമിച്ചത്. ഇടശ്ശേരി ഗോവിന്ദൻ നായർ, ജി. ശങ്കരക്കുറുപ്പ്, എൻ. വി. കൃഷ്ണവാര്യർ, പി. കുഞ്ഞിരാമൻ നായർ മുതലായവർ അദ്ദേഹത്തിന്റെ സമകാലികരിൽ പ്രധാനികളാണ്.

ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേക്ക് പകർന്നുകൊണ്ടുപോകുന്ന ഒരു നൈരന്തര്യമാണ് വൈലോപ്പിള്ളിക്ക് ജീവിതം. ഇന്നു വിതയ്ക്കുന്ന വിത്ത് ലോകത്ത് ആദ്യം നട്ട വിത്തിന്റെ തുടർച്ചയാണ്. ഇവിടുത്തെ നാളത്തെ പാട്ട് ഇന്നിന്റെ പാട്ടിന്റെ തുടർച്ചയാണ്. അതുപോലെ തന്നെ മനുഷ്യരും സകലദുരിതങ്ങളേയും അതിജീവിച്ച് പരാജയപ്പെട്ടും വിജയിച്ചുമൊക്കെ ജീവിതം മുന്നോട്ടു കൊണ്ടുപോകുമെന്നാണ് കവി പ്രത്യാശിക്കുന്നത്. ദുഃഖത്തിന്റെ എല്ലാ പായൽ കറുപ്പിനു മുകളിലും മനോവെളിച്ചത്തിന്റെ നെല്ലിപ്പൂക്കൾ വിരിഞ്ഞുനിൽക്കുന്നതായി വൈലോപ്പിള്ളി കരുതുന്നു. സമത്വസുന്ദരമായ ലോകം സ്വപ്നം കാണുന്ന ഓണവുമായി ബന്ധപ്പെട്ട പുരാവൃത്തം വൈലോപ്പിള്ളിയെ ഏറെ സ്വാധീനിച്ച



SGOU

മിത്താണ്. കേരളീയ ഗ്രാമജീവിതം വൈലോപ്പിള്ളിയുടെ ഇഷ്ടവിഷയങ്ങളിൽ ഒന്നായിരുന്നു, കൊയ്ത്തും മെതിയും നാട്ടുമ്പുറവും കവിയെ ഏറെ പ്രചോദിപ്പിച്ചു. പ്രകൃതിയുടെ കേവലസൗന്ദര്യത്തെ വർണ്ണിക്കുന്ന മറ്റുള്ള കവികളിൽ നിന്ന് വ്യത്യസ്തമായി പ്രകൃതിയും മനുഷ്യനും ചേരുമ്പോഴുണ്ടാകുന്ന സമഗ്രസൗന്ദര്യമായിരുന്നു അദ്ദേഹത്തിന് പ്രിയങ്കരം. വിഷുക്കണി എന്ന കവിതയിൽ ഗ്രാമത്തിന്റെ നിഷ്കളങ്കതയും നന്മയുമാണ് കവി വരച്ചിടുന്നത്.

കന്നിക്കൊയ്ത്ത് എന്ന ആദ്യ കവിതാസമാഹാരത്തിന് 1947 -ൽ മദ്രാസ് ഗവണ്മെന്റ് അവാർഡ് ലഭിച്ചു. കുടിയൊഴിക്കൽ എന്ന കൃതിക്ക് 1969 -ലെ സോവിയറ്റ് ലാൻഡ് നെഹ്റു പുരസ്കാരം ലഭിച്ചു. വിട എന്ന കൃതിക്ക് 1971 -ലെ ഓടക്കുഴൽ പുരസ്കാരവും 1972 -ലെ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരവും 1977 -ലെ എസ്. പി. സി. എസ് അവാർഡ് എന്നിവ ലഭിച്ചു. കയ്പവല്ലരിക്ക് 1965 ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

**പ്രധാന കൃതികൾ**

ശ്രീരേഖ, കുടിയൊഴിക്കൽ, ഓണപ്പാട്ടുകാർ, കുന്നിമണികൾ, വിത്തും കൈക്കോട്ടും, കടൽക്കാക്കകൾ, കയ്പവല്ലരി, മകരക്കൊയ്ത്ത്, യുഗപരിവർത്തനം, കണ്ണീർപ്പാടം, കന്നിക്കൊയ്ത്ത്, കുരുവികൾ, അന്തി ചായുന്നു, കൃഷ്ണമൃഗങ്ങൾ, പച്ചക്കുതിര, മുകുളമാല, വിട, മിന്നാമിന്നി എന്നീ കവിതാസമാഹാരങ്ങളും ഋഷ്യശൃംഗനും അലക്സാണ്ടറും എന്ന നാടകവും കാവ്യലോകസ്മരണകൾ എന്ന ഓർമ്മക്കുറിപ്പും രചിച്ചിട്ടുണ്ട്.

## Keywords

ജീവിത യാഥാർഥ്യം-ദാമ്പത്യം-കേരളീയത-ഗ്രാമജീവിതം-ആത്മാംശം-വിഷുക്കാലം-സമൃദ്ധി.

## Discussion

മേടമാസത്തിലെ വിഷുക്കാലവും അതിനോടനുബന്ധമായി കവിയുടെ ജീവിതത്തിൽ നിന്ന് പകർത്തിയ ഒരനുഭവവുമാണ് കവിതയുടെ കേന്ദ്രപ്രമേയം.

### വരികൾ

'നീളമേറുന്നൂ,ചൂടും,നിതരാം ദിനങ്ങൾക്കു
........................................................
ചൂടാണ്ട മാസങ്ങളിൽ പൂവിട്ടൊരുല്ലാസങ്ങൾ!'

### അർഥ വിശദീകരണം

| | | |
|---|---|---|
| ഭിന്നം | = | വ്യത്യസ്തം |
| നിതരാം | = | ഏറ്റവും, നിശ്ചയമായിട്ട്, മുഴുവനും, തുടർച്ചയായി |
| സ്വാദ് | = | രുചി |
| സ്നിഗ്ദ്ധം | = | എണ്ണമയം കലർന്ന |
| അപദാനം | = | ഉത്കൃഷ്ടം |
| കശുവണ്ടിതൻ കൊച്ചു കോമാളിച്ചിരി | = | തൂങ്ങി നിൽക്കുന്ന കശുവണ്ടിയുടെ ചിരി സർക്കസിലെ കോമാളിയുടേത് പോലാണ് |

### ആശയ വിശദീകരണം

വേനൽക്കാലമാണ്, പകലിനു നീളമേറിയും ചൂട് കൂടിയും ക്ലേശിപ്പിക്കുന്ന കാലം. തീച്ചൂളയിൽ നിന്നാണോ കാറ്റ് വീശുന്നതെന്നു തോ

ന്നിപ്പോകും. വേനൽച്ചൂടിന്റെ ആളലിന് കനം കുറയ്ക്കാനായി കുളിർമ്മയുള്ള സ്വപ്നങ്ങൾ കാണുന്ന പകൽ. പൊടി നിറഞ്ഞ കാറ്റിൽ നീറി വിയർത്തു കണ്ണുകൾ തളർന്നു പകൽക്കിനാവ് കാണുകയാവാം നീ, അതേപോലെ പൂഞ്ചോല കളും കാടുകളും. എന്നാൽ ഇപ്പോൾ ഉണ്ടായ വേട്ടാളൻകുഞ്ഞിനെപ്പോലെ ആവരണമില്ലാതെ ഈ വെയിലിൽ വിഹരിക്കുകയാണ് എന്റെ കുട്ടി ക്കാലം എന്ന് കവി പറയുന്നു.

## വരികൾ

'കൂട്ടുകാരോടും കൂടി പാഞ്ഞെത്തിപെറുക്കുന്ന

..............................................................

ആ നാടൻചക്കിൻ സ്നിഗ്ദ്ധമാം ഞരക്കവും'!

## അർഥ വിശദീകരണം

| | | |
|---|---|---|
| സ്വാദ് | = | രുചി |
| തോഴർ | = | കൂട്ടുകാർ |
| ചക്ക് | = | എണ്ണയാട്ടുന്ന ഉപകരണം |
| ഭിന്നം | = | വ്യത്യസ്തം |
| ഘോഷം | = | ഉത്സാഹം |
| ഞരക്കം | = | ഒരു തരം ഒച്ച |
| സ്നിഗ്ദ്ധമാം ഞരക്കം | = | എണ്ണമയം കലർന്ന ഞരക്കം, എണ്ണയാട്ടുന്ന ചക്കിൽ നിന്നും തേങ്ങാ ചതയുമ്പോഴുണ്ടാകുന്ന ശബ്ദം |

## ആശയ വിശദീകരണം

പണ്ട് കുട്ടിക്കാലത്തു കൂട്ടുകാരോടൊത്തു ഈ നീണ്ട വേനൽക്കാലത്തു താനുല്ലസിച്ചത് കവിയുടെ ഓർമ്മകളിൽ ഇപ്പോഴും ഉല്ലാസം ഉണർത്തുന്നു. അതീവ മധുരവും രുചികരവു മായ നാട്ടുമാമ്പഴങ്ങൾ ഓടിപ്പാഞ്ഞു പെറുക്കി യത്, വയലിന്റെ കച്ചി കത്തിയുണ്ടാകുന്ന പുക മണവും, നല്ല വെളുത്ത അപ്പൂപ്പൻതാടിയുടെ പറക്കലും, കശുവണ്ടി പിളർന്നെടുക്കുമ്പോൾ കിട്ടുന്ന പരിപ്പിന്റെ കോമാളിച്ചിരിയും, കുന്നിക്കു രുമണിയുടെ കണ്ണേറും, കടൽക്കാറ്റിൽ തെങ്ങോ ലകൾ വീശി ഉണ്ടാകുന്ന അലകളും, നിഴലും വെളിച്ചവും ഇഴ പാകുന്ന കുളങ്ങളും, കവിയു ടെ ഓർമ്മയിൽ ഓരോന്നായി ഇതൾ വിടർത്തു ന്നു. വെയിലിൽ തന്റെ ചങ്ങാതിമാരൊത്ത് കൂട്ടം കൂടി ആർത്തുരസിച്ചതും, തേക്ക്പാട്ടും അമ്മ മാരുടെ നേരംപോക്ക് പറച്ചിലും, എണ്ണയാട്ടുന്ന ചക്കിന്റെ ഞരങ്ങുന്ന ശബ്ദവും, ഒക്കെക്കൂടി ഒരു ഉല്ലാസാന്തരീക്ഷമായിരുന്നു പണ്ട് വേനൽക്കാ ലം. ഇങ്ങനെ കുട്ടിക്കാല ഓർമ്മകളിലൂടെ കവി വിഷുക്കാലത്തേക്കു കടക്കുകയാണ്.

## വരികൾ

'ഹാ! വെളിച്ചത്തിന്നൊാമനമകളെ

.........................................

കൈനീട്ടം മേടിച്ചുമെൻ ജീവിതം

മുൻകാണാത്ത ഭാഗ്യത്തെയല്ലോ നേടി!'

## അർഥ വിശദീകരണം

| | | |
|---|---|---|
| പൊൻമേടം | = | മേടമാസം |
| സൂരോഷ്ണം | = | സൂര്യന്റെ ചൂട് |
| മണ്ഡൂകം | = | തവള |
| മുൽ കാണാത്ത | = | മുൻപു കണ്ടിട്ടില്ലാത്ത |

## ആശയ വിശദീകരണം

മേടമാസം വെളിച്ചത്തിന്റെ മകളാണ്. കണി ക്കൊന്നയുടെ മേൽചാർത്തണിഞ്ഞെത്തുന്ന മേ ടമാസം മാനവർക്ക് സമൃദ്ധിയുടെ കണിയാണ്. വിഷുദേവത സൂര്യന്റെ ചൂടിനെ നിഴലുകളാ കുന്ന തടവിലിട്ട് ഉത്സവത്തിന്റെ കൊടിക്കീഴിൽ ചെണ്ട കൊട്ടിക്കുകയാണെന്നു കവി ആശ്ചര്യ പ്പെടുന്നു. തവളകൾ മഴയെ പുകഴ്ത്തട്ടെ, മാ വിന്റെ ചുന മണക്കുന്ന മേടമാസത്തിൽ പിറന്ന എനിക്ക് വേനലിനെപ്പറ്റി പാടുന്നതാണ് ഏറെ അഭികാമ്യം. പണ്ട് ഒരു വേനലിനു അച്ഛൻ മരി ച്ചപ്പോൾ വീട്ടിൽ പകലും ഇരുട്ട് വീണപ്പോൾ, സങ്കടത്തോടെ നിന്റെ തറവാട്ടിലേക്ക് വന്നു. അപ്പുറത്തെവിടെയോ ഉത്സാഹത്തിലായിരുന്നു നിന്റെ ഏട്ടൻ. വെറുതെ എന്തോ മറിച്ചു നോ ക്കി വായിച്ചിരുന്ന എന്റെ കണ്ണുകൾ പൊത്തിയി ട്ട് കണികണ്ടാലും എന്ന് നീ പറഞ്ഞു. പകച്ചു നോക്കിയപ്പോൾ ഞാൻ കണ്ടത് കൊന്നപ്പൂങ്കുല വാരിചാർത്തി പുഞ്ചിരിയോടെ നീയെന്റെ മു ന്നിൽ നിൽക്കുന്നു. 'ഈ ചെറിയ ലോലഗാത്രി യായ പെണ്ണിനിത്രയും കുറുമ്പോ'എന്ന് ഞാൻ

SGOU



SREENARAYANAGURU OPEN UNIVERSITY

അത്ഭുതപ്പെട്ടു. കണിയില്ലാതായ എന്നെ പരിഹസിക്കയാണോ എന്ന് ഞാൻ ചോദിച്ചപ്പോൾ, എന്റെ സങ്കടത്തിന്റെ ആഴം മനസ്സിലാക്കി പെട്ടെന്ന് നിന്റെ കൺനിറഞ്ഞു, 'അയ്യോ മാപ്പെന്ന്' എന്റെ കൈകളിൽ പിടിച്ചുപറഞ്ഞു. നീയെന്ന വിഷുക്കണിയെ കണ്ടും എന്റെ കൈകളിൽ ചേർത്ത കൈനീട്ടം മേടിച്ചും ജീവിതം അതിനു മുൻപ് കാണാത്ത ഭാഗ്യം ഞാൻ നേടി.

## വരികൾ

'തേനാളും കനിയൊന്നും തിരിഞ്ഞു

..........................................................................

പുഞ്ചനെല്പാടത്തിലും'

## അർഥ വിശദീകരണം

| | | |
|---|---|---|
| തേനാളും | = | തേനുള്ളത് |
| കനി | = | ഫലം |
| തിരിഞ്ഞു നോക്കിടാതെ | = | പരിശോധന നടത്താതെ |
| പുളിങ്ങ | = | പുളിയുള്ള ഫലം |
| കാമിച്ചു | = | പ്രണയിച്ചു |
| യത്നം | = | പ്രയത്നം |
| മമ | = | എന്റെ |

## ആശയ വിശദീകരണം

മധുരഫലങ്ങൾ ചുറ്റിനുമുണ്ടായിട്ടും ഞാനാകുന്ന പുളിങ്ങയെ നീ എങ്ങനെ ആഗ്രഹിച്ചു? ദുഃഖത്തിന്റെയും മൗഢ്യത്തിന്റെയും വർഷങ്ങൾ പിന്നെത്രയോ കടന്നു പോയി. ഒരിക്കലും പിരിയാതെ, എന്നേക്കുമായി നിന്റെ കൈപിടിച്ചപ്പോൾ എന്റെ വീട്ടിൽ എന്നും നിന്റെ ചിരിയിൽ വിഷുക്കണി വിടർന്നു. അകത്തും തൊടിയിലും തുളസിത്തറയിലും തൊഴുത്തിലും നീ ദീപനാളമായ് തിളങ്ങി. എന്റെ പ്രയത്നങ്ങൾ പുഞ്ചപ്പാടത്തു സമൃദ്ധിയായി.

അവളുടെ സ്പർശം അദ്ദേഹത്തിന് കൈനീട്ടമായി മാറി. അവരുടെ ദാമ്പത്യത്തിലേക്കുള്ള തുടക്കമായി മാറി ആ ദിവസം. 'തേനുള്ള ഫലമാണോ എന്ന് തിരിഞ്ഞു നോക്കാതെ ഞാനാകും പുളിങ്ങയെ എന്തിനാണ് നീ പ്രണയിച്ചത്' എന്ന് കവി ചോദിക്കുകയാണ്. കാലം വീണ്ടും കടന്നു പോയി. ബാഹ്യമായ മാധുര്യത്തിനപ്പുറം ആത്മബന്ധത്തിന്റെ പുളിപ്പായിരുന്നു സ്നേഹത്തിനു ആധാരമായി കവി കണ്ടെത്തുന്ന ഉത്തരം.

## വരികൾ

'കീഴടക്കുന്നൂപോലും മനുജൻ

..........................................................................

മണവും മമതയും ഇത്തിരി കൊന്നപ്പൂവും'

## അർഥ വിശദീകരണം

| | | |
|---|---|---|
| മനുജൻ | = | മനുഷ്യൻ |
| യന്ത്രവത്കൃതം | = | യന്ത്രങ്ങളാൽ നിർമ്മിതമായ (നിറഞ്ഞ) |
| ധൂസരം | = | മഞ്ഞ കലർന്ന വെളുപ്പ് നിറം |
| മമത | = | സ്നേഹം, കരുണ |

## ആശയ വിശദീകരണം

മനുഷ്യൻ പ്രകൃതിയെ സ്നേഹിച്ച് കീഴടക്കുന്നു, എന്നാൽ കീഴടങ്ങുന്നുമില്ല. സ്നേഹത്താൽ വശീകരിച്ചു സഖിയാക്കി പരിപാലിക്കുന്നു. അങ്ങനെ ഭാര്യയോടൊത്ത് ഒരു വീട്ടിൽ സുഖമായി കഴിയുന്ന ഒരു അനുഭൂതിയാണ് അതു നൽകുന്നത്. ഒന്നേയിനി മോഹമുള്ളു, കണിവെള്ളരിക്ക പോലെ നിന്റെ മടിത്തട്ടിൽ തങ്ങുന്ന കുട്ടി - ഏത് ധൂസരസങ്കല്പത്തിൽ വളർന്നാലും, ഏത് യന്ത്രവത്കൃതലോകത്തിൽ ജീവിച്ചാലും അവന്റെ മനസ്സിൽ ഈ ഗ്രാമത്തിന്റെ വെളിച്ചവും മണവും മമതയും ഇത്തിരി കൊന്നപ്പൂവും ഉണ്ടാകട്ടെ.

## കാവ്യാവലോകനം

വർഷകാലം കവിക്ക് ദുഃഖവും മഞ്ഞുകാലം മൗഢ്യവുമായിരുന്നു. എന്നാൽ സഖിയുടെ സാന്നിധ്യം കവിയെ സന്തോഷവാനാക്കി. തന്റെ പ്രവൃത്തികൾ പതിരായിപ്പോകാത്തത് സഖിയുടെ സാന്നിധ്യം കൊണ്ടാണെന്ന് കവി കരുതുന്നു. പ്രകൃതിയെയും ദാമ്പത്യത്തെയും കവി ഒരുപോലെയാണ് കാണുന്നത്. രണ്ടിലും കീഴടക്കലിനോ കീഴടങ്ങലിനോ സ്ഥാനമില്ല എന്ന് കവി പറയുന്നു. നല്ല കൃഷിയിൽ നിന്നു നല്ല വി

SGOU

ഉവ് ലഭിക്കുന്നതുപോലെ നല്ല ദാമ്പത്യത്തിലൂടെ കൈവരുന്നത് നല്ല സന്താനങ്ങളാണ് എന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് കവിത അവസാനിക്കുന്നത്. കവി അവസാനം എഴുതിച്ചേർത്തു.

"ഏതു ധൂസരസങ്കല്പങ്ങളിൽ വളർന്നാലും,
ഏതു യന്ത്രവൽകൃതലോകത്തിൽ പുലർന്നാലും,
മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിന്റെ വെളിച്ചവും
മണവും മമതയും- ഇത്തിരി കൊന്നപ്പൂവും"

ഏതുസങ്കല്പത്തിൽ വളർന്നാലും മനസ്സിൽ ഗ്രാമത്തിന്റെ മണവും മമതയും സൂക്ഷിക്കണമെന്ന് കവി പറയുന്നു.

വിശാലമായ പ്രപഞ്ചവീക്ഷണം ഉൾക്കൊള്ളുന്ന കവിതയാണ് വൈലോപ്പിള്ളിയുടെ വിഷുക്കണി. കാർഷികസംസ്കൃതിയിൽ ഊന്നിയ കേരളജീവിതത്തെ കവിത കാട്ടിത്തരുന്നു. പ്രകൃതിയെ കീഴടക്കുന്നതിനു പകരം അനുനയിപ്പിക്കാനാണ് കവി ഉപദേശിക്കുന്നത്. ദാമ്പത്യത്തോടുള്ള കവിയുടെ സമീപനവും അതു തന്നെയാണെന്ന് കവിതയുടെ ആന്തരികാർഥം വ്യക്തമാകുന്നു. പ്രകൃതി എന്നത് കവിക്ക് ബാഹ്യരൂപം മാത്രമല്ല. തന്റെ ചലനങ്ങളെ, ഉൺമയെ സ്വാധീനിക്കുന്ന സകലതിനുമുള്ള ഉറവിടമാണത്. കൂടാതെ, കഥാഗാനങ്ങളുടെ സ്വാധീനം വിഷുക്കണിയിൽ പ്രകടമാണ്. കവിതക്കുള്ളിൽ ആത്മാംശമുള്ള മറ്റൊരു കഥ പറയുകയാണ് കവി.

## Recap

- കവിയാകട്ടെ പുതുവേട്ടാളൻ കുഞ്ഞെന്നപോൽ വേനലിനെ ഇഷ്ടപ്പെടുന്നു
- പിതാവിന്റെ മരണത്തോടെ വരണ്ടുപോയ തന്റെ കുട്ടിക്കാലം
- വേനലിനെയും ചൂടിനെയും വകവെയ്ക്കാതെ മാഞ്ചോട്ടിലും കുളക്കരയിലും പാടത്തും പറമ്പിലും ഓടിനടന്ന കുട്ടിക്കാലം
- അന്നത്തെ മണ്ണിന്റെയും കച്ചിയുടെയും നാട്ടുമാങ്ങകളുടെയും ചക്കിന്റെയും സുഗന്ധം കവിയിൽ വിഷുക്കാല ഓർമ്മയായി വരുന്നു
- വിഷുവും വിഷുക്കണിയും വിഷുക്കൈനീട്ടവും
- സ്വർഗ്ഗവാതിൽപക്ഷിയോടൊപ്പം ചേർന്ന് മേടമാസത്തിന്റെ മടിയിൽപിറന്ന താൻ ആർത്തുവിളിച്ചുല്ലസിക്കുമെന്നു കവി പറയുമ്പോൾ വേനലിനോട് കവിക്കുള്ള അഭിനിവേശമാണത് വ്യക്തമാക്കുന്നത്
- തവളകൾ മഴയെ പുകഴ്ത്തുമ്പോൾ, താൻ വിഷുപ്പക്ഷിയോട് ചേർന്ന് വേനലിനെ പ്രകീർത്തിക്കുന്നു
- വേനലിന്റെ മക്കളായ ഫലമൂലാദികളും പക്ഷികളും പൂക്കളും എല്ലാം കവിയുടെ രചനകളിൽ ധാരാളമായി എപ്പോളും കടന്നു വരുന്നവയാണ്
- കവിയുടെ ബാല്യകൗമാര ഗ്രാമീണസ്മൃതികളിൽ ഇവയെല്ലാം തങ്ങി നിൽക്കുന്നു
- വെളിച്ചത്തിന്റെയും വേനലിന്റെയും ഓമനമകളാണ് മേടമാസം എന്ന് കവി പറയുന്നു
- 'വെളിച്ചത്തിന്നോമനമകളെ കണിക്കൊന്നപ്പൂവണിപൊന്മേടമേ'-എന്നാണ് കവി മേടമാസത്തെ വിളിക്കുന്നത്
- അച്ഛൻ മരിച്ചതോടെ തന്റെ ജീവിതത്തിൽ പകൽ മാറി ഇരുട്ടായെന്നും തനിക്ക് കണി ഇല്ലാതായെന്നും കവി ഖേദിക്കുന്നുണ്ട്
- എങ്കിലും പ്രകൃതിയോട് ഇടകലർന്നുള്ള ജീവിതവും പ്രയത്നങ്ങളും കവിയുടെ ജീവിതത്തിൽ വീണ്ടും വെളിച്ചം കൊണ്ട് വരുന്നു. തറവാട്ടിൽ ചെന്ന കവിക്ക് അവിടുത്തെ പെൺകുട്ടി വിഷുക്കണിയായി മാറുകയാണ്


SREENARAYANAGURU OPEN UNIVERSITY

- വിഷുക്കണിയിലെ കാർഷികസംസ്കൃതി
- കേരളീയത-മാമ്പഴക്കാലം-വിഷുക്കാല ഓർമ്മ
- കഥാകവിതകൾ
- ഗൃഹാതുരത, വേനലിനോടുള്ള പ്രിയം
- ദാമ്പത്യസങ്കല്പവും പ്രകൃതിദർശനവും
- വർണ്ണനകളുടെ സാംഗത്യവും പരസ്പരബന്ധവും സ്ഥാപിച്ചിട്ടുണ്ട്
- പ്രകൃതിയും സ്ത്രീയും പരസ്പരബന്ധിതമായ ബിംബങ്ങളാണ്
- വൈകാരികതയും മാനസികാന്തരീക്ഷവും

## Objective Type Questions

1. മാമ്പഴം എന്ന കവിത രചിച്ചതാര്?
2. എന്തു കാരണത്താലാണ് കവി വിഷുക്കാലത്ത് സഖിയുടെ വീട്ടിൽ വന്നത്?
3. മിണ്ടാതെ വന്നു കവിയുടെ കണ്ണുപൊത്തിയതാര്?
4. വിഷുക്കണി കണ്ടും കൈനീട്ടം മേടിച്ചും കവി എന്ത് ഭാഗ്യത്തെയാണ് നേടിയത്
5. ഏതു ധൂസരസങ്കല്പത്തിൽ വളർന്നാലും മനസ്സിൽ എന്തുണ്ടാകണം എന്നാണ് കവി പറയുന്നത്?
6. മഴയ്ക്ക് വേണ്ടി കാത്തിരിക്കുന്നത് ആരാണ്?
7. കവിക്ക് ഏത് കാലത്തിനോടാണ് പ്രിയം?
8. കൊന്നപ്പൂ വാരിച്ചുറ്റി കവിയുടെ മുമ്പിൽ നിന്നതാര്?
9. വൈലോപ്പിള്ളിക്ക് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച കൃതി ഏത്?

## Answers

1. വൈലോപ്പിള്ളി
2. അദ്ദേഹത്തിന്റെ അച്ഛൻ മരിച്ചതുകൊണ്ട്
3. സഖി
4. സഖിയെ
5. വെളിച്ചവും മമതയും മണവും ഇത്തിരി കൊന്നപ്പൂവും
6. മണ്ഡൂകം (തവള)
7. വേനൽക്കാലത്തിനോട്
8. സഖി
9. കയ്പവല്ലരി

SGOU

## Assignments

1. വിഷുക്കാലത്തെക്കുറിച്ചുള്ള കവിതകൾ വായിച്ച് കുറിപ്പുകൾ ശേഖരിക്കുക.
2. വൈലോപ്പിള്ളിക്കവിതകളുടെ സവിശേഷതകൾ ഉപന്യസിക്കുക.
3. കേരളത്തിന്റെ കാർഷികസമൃദ്ധി വിഷുക്കണി എന്ന കവിതയിൽ നിന്ന് കണ്ടെത്തുക.

## Reference


1. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം
2. എൻ. കൃഷ്ണപിള്ള , കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം
3. എസ്. രാജശേഖരൻ, കവിത: വിതയും കൊയ്ത്തും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.


## Suggested Reading


1. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. എം. ലീലാവതി, വർണ്ണരാജി, എൻ. ബി. എസ്., കോട്ടയം.
3. കെ.എം. ജോർജ്, ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം


SGOU

# യൂണിറ്റ് - 2
# എനിക്ക് മരണമില്ല

**വയലാർ രാമവർമ്മ**

## Learning Outcomes

- വയലാർ രാമവർമ്മയുടെ കാവ്യജീവിതം പരിചയപ്പെടുന്നു
- വയലാറിന്റെ കവിതകളുടെ സവിശേഷതകൾ ഗ്രഹിക്കുന്നു
- മലയാള കവിതാചരിത്രത്തിൽ വയലാറിന്റെ ഇടം കണ്ടെത്തുന്നു
- എനിക്കു മരണമില്ല - എന്ന കവിതയിലൂടെ ശാസ്ത്രദർശനത്തെയും പ്രകൃതിദർശനത്തെയും മുൻനിർത്തിയുള്ള ആലോചനകൾക്ക് വഴി തുറക്കുന്നു

## Prerequisites

"സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും"-

എന്ന് തന്റെ കാവ്യജീവിതതത്വശാസ്ത്രം ആവുന്നത്ര ഉച്ചത്തിൽ വിളിച്ചുപറഞ്ഞ വയലാർ രാമവർമ്മയെ 'തൂലിക പടവാളാക്കിയ കവി'യെന്ന് കാവ്യാസ്വാദകരും നിരൂപകരും വിശേഷിപ്പിച്ചു. കാല്പനികതയിലൂടെ ഇടയ്ക്കിടെ സഞ്ചരിച്ചിട്ടുണ്ടെങ്കിലും മനുഷ്യകഥാനുഗായികളുടെ പാട്ടുകാരനാണ് വയലാർ രാമവർമ്മ, കവിതയിലായാലും ചലച്ചിത്രഗാനരചനാരംഗത്തായാലും. മനുഷ്യാവസ്ഥകളെപ്പറ്റി അവന്റെ ദുരിതങ്ങളെക്കുറിച്ച് ഈശ്വരനോട് പോലും ചോദ്യങ്ങൾ ചോദിക്കുന്ന, അടിമയായ ഭാരതപൗരൻ ഉണരാൻ ആഹ്വാനം ചെയ്യുന്ന, അപ്പച്ചനോടോ അമ്മച്ചിയോടോ പാപ്പിക്ക് സ്നേഹമെന്ന് ചോദിച്ച് അതൊക്കെ അപ്പച്ചന്റെ ഒരു തമാശയല്ലേ എന്നെഴുതി മലയാളിയെ ചിരിപ്പിച്ച, വയലാർ തന്നെയാണ് താടകയെ ദ്രാവിഡ രാജകുമാരിയാക്കി അതുവരെയുള്ള ചരിത്രത്തെയും പുരാണബോധത്തെയും പൊളിച്ചു കളഞ്ഞത്.

മലയാളത്തിലെ പ്രശസ്ത കവിയും ചലച്ചിത്ര ഗാനരചയിതാവുമായിരുന്നു വയലാർ രാമവർമ്മ (1928-1975). കവി എന്നതിലുപരി, സിനിമാഗാനരചയിതാവ് എന്ന നിലയിലാണ് കൂടുതൽ പ്രസിദ്ധനായത്. പച്ചമനുഷ്യന്റെ സുഖവും ദുഃഖവും ഒപ്പിയെടുത്ത ആയിരത്തിൽ പരം ഗാനങ്ങൾ അദ്ദേഹം രചിച്ചു. കവിതയെ സമൂഹപരിവർത്തനത്തിനുള്ള ഉപാധിയായാണ് അദ്ദേഹം കണ്ടത്. സംസ്കൃതഭാഷയും സാഹിത്യവും നിറഞ്ഞുനിന്ന ഒരു ഗൃഹാന്തരീക്ഷത്തിലാണ് അദ്ദേഹം പിറന്നുവീണത്. കാവ്യസംസ്കാരത്തെ ആധുനിക വിദ്യാഭ്യാസത്തിന്റെ സന്തതിയായ ശാസ്ത്രബോധവുമായി വയലാർ കൂട്ടിയിണക്കി. മനുഷ്യന്റ സർഗവൈഭവത്തിലും കഴിവിലും അപാരമായ വിശ്വാസമായിരുന്നു കവിക്ക്. വിശ്വവിജയത്തിന് തന്റെ കുതിരയെ വിട്ടയ്ക്കുന്ന കവി ഗോളങ്ങളെയെടുത്ത് അമ്മാനമാടുന്ന വിദ്യുല്ലതികകൾ കൊളുത്തുകയും കെടുത്തുകയും ചെയ്യുന്ന വിശ്വമാനവനെ സ്വപ്നം കാണുന്നുണ്ട്.

SGOU

1956-ൽ 'കൂടപ്പിറപ്പ്' എന്ന സിനിമയ്ക്കു വേണ്ടി ഗാനങ്ങളെഴുതി തന്റെ സിനിമാജീവിതം തുടങ്ങിയ വയലാർ 250 -ലേറെ ചിത്രങ്ങൾക്കു വേണ്ടി 1300 ൽപരം ഗാനങ്ങൾ എഴുതി. കൂടാതെ ഇരുപത്തഞ്ചോളം നാടകങ്ങളിലായി നൂറ്റമ്പതോളം നാടകഗാനങ്ങളും അദ്ദേഹം എഴുതി. ജി. ദേവരാജൻ മാസ്റ്ററുമായി അദ്ദേഹം സൃഷ്ടിച്ച കൂട്ടുകെട്ട് ഒരു വലിയ റെക്കോർഡാണ് മലയാളസിനിമാഗാനലോകത്ത് സൃഷ്ടിച്ചത്. 1961-ൽ സർഗസംഗീതം എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. 1974-ൽ 'നെല്ല്', 'അതിഥി' എന്നീ ചിത്രങ്ങളിലൂടെ മികച്ച ചലച്ചിത്രഗാനരചയിതാവിനുള്ള രാഷ്ട്രപതിയുടെ സുവർണ്ണപ്പതക്കവും നേടി.

കവി, ഗാനരചയിതാവ്, ഗദ്യകാരൻ, പ്രഭാഷകൻ എന്നിങ്ങനെ നാലു തലങ്ങളിൽ വ്യാപരിച്ചിരുന്ന സർഗവൈഭവുമായിരുന്നു വയലാറിന്റേത്. ഭാരതീയ പാരമ്പര്യവും ആധുനിക വിപ്ലവചിന്തയും സമഞ്ജസമായി സമ്മേളിച്ചിരുന്ന വയലാർകവിതകൾ ജനകീയവും അനശ്വരവുമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുണ്ടായ യുദ്ധം, ദാരിദ്ര്യം, തൊഴിലില്ലായ്മ, തുടങ്ങിയ സാമൂഹ്യദുരവസ്ഥകൾ ഉണർത്തിയ ദേശീയബോധവും പുരോഗമന ചിന്തകളും യുവജനങ്ങളെ ദുരചാരങ്ങൾക്കെതിരെ പോരാടുവാനും അവകാശങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തുവാനും പ്രേരിപ്പിച്ചു. കാല്പനികതയുടെ അംശങ്ങൾ നിലനിർത്തിക്കൊണ്ട്, റൊമാന്റിസിസം കലർത്തി, ലിറിക്കൽ രചനകൾ ധാരാളം സാഹിത്യലോകത്തുണ്ടായി.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മൂർദ്ധന്യദശയിലാണ് വയലാർ കവിതകൾ രചിച്ചു തുടങ്ങിയത്. സ്വാതന്ത്ര്യം ലഭിക്കുന്നതിന്റെ തൊട്ട് മുൻപും പിൻപുമായി എഴുതിയ കവിതകൾ ചേർത്താണ് ആദ്യ കവിതാസമാഹാരമായ പാദമുദ്രകൾ ഇറക്കിയത്. പി. ഭാസ്കരൻ, ഒ. എൻ. വി, വി. ടി കുമാരൻ, പുനലൂർ രാജൻ തുടങ്ങിയവർ  സമകാലികരായിരുന്നു. ശുദ്ധ കവിതയുടെ മേഖലയിൽ നിന്ന് സിനിമാലോകത്തെ കൃത്രിമത്വങ്ങളിലേക്കും ആർഭാടത്തിലേക്കും കടന്നു ചെന്നപ്പോൾ വയലാറിന്റെ സർഗചൈതന്യവും വിപ്ലവവീര്യവും ചോർന്നുപോയി എന്നൊരു വിമർശനം പൊതുവേ പറയാറുണ്ടെങ്കിലും,

'തുടരുക സഖാക്കളെ
കാലിൽ കിലുങ്ങുന്ന തുടലുകൾ നോക്കുക
നിങ്ങൾ തുടരുക
തുടരുകീ മോചനയുദ്ധം'

ഇങ്ങനെ കവിതയിലൂടെ ആഹ്വാനം ചെയ്യുന്ന കവി എവിടെയായാലും തന്റെ പക്ഷം എതാണെന്ന് വ്യക്തമാക്കുന്നതായി കാണാം. ക്രാന്തദർശികളും കാലത്തിന് മുൻപേ നടക്കുന്നവരുമാണ് കവികൾ. അവർ മനുഷ്യകഥാനുഗായികളായി തീരുന്നതാണ് അവരുടെ സർഗാത്മകചൈതന്യത്തിലെ കാമ്പും കാതലും! അപൂർവ്വമായേ അത്തരം കാവ്യതേജസ്സുകൾ മാനവഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയിട്ടുള്ളൂ. വയലാർഗാനങ്ങളുടെ ഈരടികളും ശീലുകളും കേൾക്കാതെ മലയാളി ഒരു ദിവസവും പിന്നിടുന്നില്ല. മലയാള ചലച്ചിത്രരംഗത്ത് വയലാർ, ഒ. എൻ. വി., പി. ഭാസ്കരൻ തുടങ്ങിവർ മനുഷ്യമനസ്സിനെ പിടിച്ചിരുത്തുന്ന ഗാനങ്ങൾ രചിച്ചിട്ടുണ്ട്. തന്റെ കവിതകളിലൂടെ വയലാർ മനുഷ്യമനസ്സിനെ എല്ലാ ഭാവതലങ്ങളിലേക്കും കൂട്ടിക്കൊണ്ടു പോകുന്നുണ്ട്. ദാർശനികതലത്തിലേക്ക് ഇറങ്ങിച്ചെന്ന് രചിച്ചിട്ടുള്ള കവിതകൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നവയാണ്. അവ മനുഷ്യജീവിതത്തിന് ഒരു പുതിയ ദർശനം പ്രദാനം ചെയ്യുന്നു. തന്റെ ഈശ്വരപശ്ചാത്തലത്തിൽ ജാതിമത ചിന്തകൾ ഭൂമിയെ ഒരു ഭ്രാന്താലയമാക്കുന്നു എന്ന് ചൂണ്ടി കാണിക്കാൻ അദ്ദേഹം മടിച്ചില്ല.

SGOU

രൂപശില്പത്തിന്റെ ലക്ഷ്യം ഒരിക്കലും രൂപശില്പമല്ല. അതിന്റെ തികവ് നാം നിർണ്ണയിക്കുന്നത് ആവിഷ്കൃതദർശനത്തിന് പരാമാവധി ദീപ്തി നല്കുന്നതിനുള്ള കഴിവിനെ ആധാരമാക്കിയാണ്. വയലാർ രാമവർമ്മയുടെ കവിതകൾക്ക് എപ്പോഴും ദീപശിഖയുടെ സ്വാഭാവമരുളുന്നത് ഈ ദർശനദീപ്തിയാകുന്നു. ശുഭപ്രതീക്ഷാനിർഭരമായ ഒരു ദർശനമാണത്. വയലാറിന്റെ വീരേതിഹാസത്തിന്റെ സന്താനമെന്ന നിലയ്ക്ക് കവി രചിച്ച എല്ലാ കവിതകളും വായനക്കാരിൽ നിശ്ചയദാർഢ്യവും ശുഭപ്രതീക്ഷയും പകരുന്നു. മയങ്ങാനല്ല ഉണർന്നുത്തേജിതരാകാനാണ് അവ നമ്മെ പ്രേരിപ്പിക്കുന്നത്. മറക്കാനല്ല ഓർക്കാനാണ്-ചരിത്രത്തോടുള്ള കടമകൾ ഒരുക്കാനാണ്-ആ കവിതകൾ ആഹ്വാനം ചെയ്യുന്നത്. 'വയലാർ രാമവർമ്മയുടെ കവിതകൾ വായിച്ചു പാകപ്പെടുന്ന മനസ്സുകൾ തങ്ങളുടെ ആദർശസ്വപ്നങ്ങൾക്കനുസരണമായി ഈ ലോകത്തെ ഉടച്ചുവാർക്കാനുള്ള വെമ്പലിനാൽ ധന്യമാകുകതന്നെ ചെയ്യും' (എം. കെ. സാനു). വാചാലമായ കവിതകളുടെ കവിയായിരുന്നു വയലാർ. പാദമുദ്രകൾ എന്ന ആദ്യകവിതാസമാഹാരത്തിൽ ഗാന്ധിസത്തിന്റെ സ്വാധീനം തെളിഞ്ഞുകാണാമെങ്കിലും പിന്നീട് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ശക്തനായ ആവിഷ്കർത്താവായി അദ്ദേഹം മാറി. ഈ മാറ്റം പിന്നീടുവന്ന എല്ലാ കാവ്യസമാഹാരങ്ങളിലും പ്രകടമാണ്. ഇസങ്ങളിൽ അഭിരമിക്കുമ്പോഴും ആർഷസംസ്കാരത്തിന്റെ സമൃദ്ധിയിൽ അഭിമാനിക്കുന്ന കവിയെയാണ് നാം എല്ലായിടത്തും കാണുന്നത്. ബിംബകല്പനകളിലാണ് വയലാറിന്റെ ഈ പൗരാണികാഭിമുഖ്യം തിളങ്ങിനിൽക്കുന്നത്.

ചങ്ങമ്പുഴയ്ക്ക് ശേഷം ജനകീയനായി മാറിയ കവിയാണ് വയലാർ. എല്ലാ തലമുറയെയും അദ്ദേഹത്തിന്റെ കവിതകൾ സ്വാധീനിച്ചു. 'എനിക്ക് മരണമില്ല' എന്ന കവിത വയലാറിന്റെ ജീവിതം തന്നെയാണ്. വയലാർ മരിച്ചിട്ട് അൻപതോളം വർഷങ്ങളായിട്ടും ഇന്നും അദ്ദേഹത്തിന്റെ വരികൾ കേൾക്കാതെ ഒരു ദിനവും കടന്നുപോകുന്നില്ല. ചരിത്രത്തിലും വർത്തമാനത്തിലും അനശ്വരനായി നിലകൊള്ളുന്ന കവിയുടെ എനിക്ക് മരണമില്ല എന്ന കവിതയുടെ വ്യംഗ്യവും അത് തന്നെയാണ്. മനുഷ്യൻ അജയ്യനും ലോകത്തെ നിയന്ത്രിക്കുന്നവനും ആണെന്ന് അത് ബോധ്യപ്പെടുത്തുന്നു. നരന് നരനശുദ്ധിയായിരുന്ന, ഭ്രാന്താലയമെന്നു കേൾവികേട്ട കേരളത്തിന്റെ ദുരവസ്ഥയെ നാനാജാതിമതസ്ഥർക്കും നാകം തീർക്കുന്ന ഒന്നായി മാറ്റിയതിൽ വയലാറിന് വലിയ പങ്കുണ്ട്. നവോത്ഥാന പ്രസ്ഥാനങ്ങളോട് ചേർന്ന് ശാസ്ത്ര, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ ആശയങ്ങൾ കൈമാറ്റം ചെയ്യുന്നതിന് അദ്ദേഹത്തിന്റെ ഗാനങ്ങളും, കവിതകളും നല്ല പങ്ക് വഹിച്ചിട്ടുണ്ട്. മനുഷ്യൻ എന്ന വാക്ക് ഏറ്റവും അധികം പ്രയോഗിച്ച കവിയാണ് വയലാർ രാമവർമ്മ എന്ന് പറയുന്നതിൽ തെറ്റില്ല.

**പ്രധാനകൃതികൾ**

കൊന്തയും പൂണൂലും, നാടിന്റെ നാദം, എനിക്കു മരണമില്ല, മുളങ്കാട്, ഒരു ജൂഡാസ് ജനിക്കുന്നു, എന്റെ മാറ്റൊലിക്കവിതകൾ, സർഗ്ഗസംഗീതം, എന്നീ കാവ്യസമാഹാരങ്ങളും ആയിഷ എന്ന ഖണ്ഡകാവ്യവും അദ്ദേഹം രചിച്ചു. രക്തം കലർന്ന മണ്ണ്, വെട്ടും തിരുത്തും എന്നിവ വയലാറിന്റെ കഥാസമാഹാരങ്ങളാണ്. പുരുഷാന്തരങ്ങളിലൂടെ എന്ന യാത്രവിവരണഗ്രന്ഥവും ശ്രദ്ധേയമാണ്. വയലാറിനെ അനശ്വരനാക്കുന്നത് അദ്ദേഹത്തിന്റെ സിനിമാ-നാടകഗാനങ്ങളാണ്.

## Keywords

കാല്പനികതയുടെ അവസാന ഘട്ടം - വിപ്ലവവീര്യം - മനുഷ്യവീരചരിതം - ശാസ്ത്രാഭിമുഖ്യം - വിപ്ലവഗീതങ്ങൾ - ആധുനിക മനുഷ്യൻ - മനുഷ്യകേന്ദ്രീകൃതമായ പ്രപഞ്ചവീക്ഷണം - ശാസ്ത്ര സാങ്കേതിക വളർച്ച - മാനവരാശിയുടെ പുരോഗതി - മനുഷ്യന്റെ അജയ്യത.

## Discussion

എനിക്ക് മരണമില്ല എന്ന കവിതയിൽ വയലാർ ശാസ്ത്രത്തിന്റെ പുരോഗതിയെയും മനുഷ്യന്റെ വീരചരിത്രത്തെയും മുറുകെ പിടിക്കുന്നു. ശാസ്ത്രത്തിന്റെ വളർച്ചയിൽ അഭിമാനിക്കുന്ന കവിയെ നമുക്ക് കവിതയിൽ കാണാം. ചില സന്ദർഭങ്ങളിൽ അതിരു കടന്ന പ്രഖ്യാപനങ്ങളായി കവിത മാറുന്നുണ്ട്. പ്രപഞ്ചത്തിന്റെ കേന്ദ്രത്തിലേയ്ക്ക് മനുഷ്യനെ സ്ഥാപിക്കുന്ന കവിതയാണിത്. ഹ്യുമനിസമാണ് കവിയെ മുന്നോട്ടു നയിക്കുന്ന വീക്ഷണം. സൗരയൂഥത്തിന്റെ നാഥനായ സൂര്യനെക്കുറിച്ചും, മനുഷ്യൻ എത്തിപ്പിടിച്ചുകൊണ്ടിരിക്കുന്ന ചക്രവാളത്തെക്കുറിച്ചും സർവ്വോപരി തന്നെക്കുറിച്ചുതന്നെയുമാണ് കവി ഈ കവിതയിലൂടെ നമ്മോട് സംവദിക്കുന്നത്.

### വരികൾ

'കുതിരപ്പുറത്തു ഞാൻ പാഞ്ഞുപോകുമ്പോൾ

..................................................................................

കാണും ചൈതന്യം സനാതനം'.

### അർഥ വിശദീകരണം

| | | |
|---|---|---|
| കുളമ്പടി | = | കുതിരയുടെ കാലൊച്ച |
| താരം | = | നക്ഷത്രം |
| അശ്വം | = | കുതിര |
| ചൈതന്യം | = | പ്രകാശം |
| സനാതനം | = | നിത്യം, ശാശ്വതം, പാരമ്പരാഗതം |

### ആശയ വിശദീകരണം

കുതിരപ്പുറത്തു ചാട്ടവാറുമേന്തി ഞാൻ പാഞ്ഞു പോകുമ്പോൾ കയ്യിലേന്തിയ ചാട്ടവാർ കുതിരയുടെ വേഗത്തിനും താളക്രമത്തിനുമൊത്തു തുള്ളിത്തുള്ളി ഇളകുമ്പോൾ കുതിര കുളമ്പടിയുടെ ശക്തിയിൽ ഈ ലോകമാകെയും നടുങ്ങുമ്പോൾ - നീലാകാശത്തെ നക്ഷത്രമേ, നിന്റെ വിളറിയ മുഖമൊന്നു കാണട്ടെ ഞാൻ. നിന്റെ നാട്ടിലെ തുളസിക്കൊടിതോപ്പിൽ നിന്നും നീ നുള്ളി കൂട്ടുന്ന പിഞ്ചുവെറ്റിലകളും ചൊവ്വയിൽ ഉണ്ടാകുന്ന ചുവന്ന അടയ്ക്കയും ആകാശത്തിന്റെ ചെങ്കനൽ ചൂളയിൽ നീറ്റിയെടുത്ത ചുണ്ണാമ്പും ചന്ദ്രനാകുന്ന വെള്ളി കിണ്ണത്തിൽ നീട്ടിക്കൊണ്ട് നീ നൃത്തം വെയ്ക്കുമ്പോൾ ഞാനെന്നും അത് സ്വീകരിക്കാറുണ്ട്. എന്നിട്ട് തിരക്കിട്ട് പോകുന്നപോക്കിൽ ചക്രവാളത്തിലേയ്ക്ക് നീട്ടിത്തുപ്പാറുമുണ്ട്. ഞാൻ നിന്റെ അടുത്തേയ്ക്ക് എത്തുന്ന ആ നല്ല നാളിനായി കാത്തിരുന്നോളൂ. വിശ്രമമില്ലാതെ പാഞ്ഞുപോകുന്ന എന്റെയീ കുതിര കാലമാണെന്നറിയുക, സ്നേഹമാകുന്ന തീജ്വാലയാണതിന്റെ ചൈതന്യം.

കുതിരപ്പുറത്തു ഞാൻ പാഞ്ഞു പോകുമ്പോൾ, കൈയിൽ കുതറിത്തുള്ളി ചാട്ടവാറിളകുമ്പോൾ, നടുങ്ങി പോകുന്ന കുളമ്പടിയിൽ നിമിഷങ്ങൾ പായുമ്പോൾ, കവി ആകാശത്ത് വിളറിയ താരങ്ങളുടെ മുഖം കാണുന്നു. ഞാൻ നിന്റെ അടുത്ത് ഉറപ്പായും എത്തുമെന്ന് കവി നക്ഷത്രങ്ങളോട് പറയുന്നു. ആ നല്ല നാളിനായി നീ കാത്തിരിക്കൂ എന്നും കവി കൂട്ടിച്ചേർക്കുകയാണ്. ശാസ്ത്രത്തിന്റെ പുരോഗതിയിൽ വിശ്വസിക്കുന്ന കവിയെയാണ് നമുക്ക് ഈ വരികളിൽ കാണാൻ കഴിയുന്നത്. ശാസ്ത്രത്തിന്റെ വളർച്ചയിൽ കവി സന്തോഷവാനാണ്. ലോകത്തെ കീഴടക്കാനുള്ള ആവേശം കവിയുടെ വാക്കുകളിലുണ്ട്. കാലമാണ് വിശ്രമമില്ലാതെ പായുന്ന എന്റെ കുതിര, സ്നേഹജ്വാലയാണ് എന്നിൽ കാണുന്ന ചൈതന്യം എന്ന് കവി പറയുന്നു. പുരോഗതിയും പരസ്പരസ്നേഹവും കവി ചേർത്തുവെയ്ക്കുന്ന വാക്കുകളാണ്. മനുഷ്യവർഗത്തിന്റെ പുരോഗതിയിൽ അഭിമാനിക്കുന്ന കവി തുടർന്ന് പ്രപഞ്ചത്തിന്റെ കേന്ദ്രമായി മനുഷ്യനെ സ്ഥാപിക്കുന്നു. മനുഷ്യന്റെ



SREENARAYANAGURU OPEN UNIVERSITY

ബുദ്ധിശക്തിയെ പ്രകീർത്തിക്കുന്നു.

## വരികൾ

'പ്രപഞ്ചം മുഴുവനും പണ്ടുപണ്ടൊരുകാലം

..........................................................................................

മുണ്ടായിട്ടില്ലെന്നു ഞാൻ പ്രഖ്യാപിച്ചു.'

## അർഥ വിശദീകരണം

| | | |
|---|---|---|
| പണ്ട് | = | പഴയകാലം |
| ഗാനം | = | പാട്ട് |
| ചെണ്ട് | = | പൂങ്കുല |

## ആശയ വിശദീകരണം

ഈ പ്രപഞ്ചം മുഴുവൻ പണ്ട് പ്രളയത്തിൽ മുങ്ങിത്താണിരുന്നപ്പോൾ അന്തരീക്ഷത്തിന്റെ ആത്മാവിൽ നിന്നും ഊർജകണികകളെടുത്ത ജീവന്റെ ആദ്യചലനമായ അമീബയായി ഞാൻ വന്നു പിന്നീടുള്ള യുഗങ്ങളിൽ പരിണമിച്ചു ഈ പ്രപഞ്ചത്തെ തന്നെ കയ്യിലെടുത്തമ്മാന മാടുന്ന രൂപത്തിലേയ്ക്ക് ഞാൻ എത്തി. ഞാനാണ് അജയ്യനായ ആ മനുഷ്യൻ. ഞാനിന്നീ പ്രപഞ്ചം മുഴുവനും കാൽക്കീഴിലാക്കി രാവും പകലുമെന്നില്ലാതെ ചലിക്കുന്നു. മത്സ്യം, പന്നി, നരസിംഹമെന്നിങ്ങനെ പല പല രൂപങ്ങളിൽ ഞാൻ അവതാരമെടുത്ത കഥ നീ കേട്ടിട്ടില്ലേ? 'ഈശ്വരൻ'-എന്നൊക്കെ എനിക്ക് പേരുണ്ടായി ട്ടുണ്ട്. അത് കേൾക്കുമ്പോൾ എനിക്ക് ചിരിക്കാൻ തോന്നും. പണ്ട് ഞാൻ കുരുക്ഷേത്രഭൂമിയിൽ നിന്നുകൊണ്ട് അത് നിഷേധിച്ചതാണ്. എന്നിൽ നിന്നും വ്യത്യസ്തമായിട്ട് ഈ പ്രപഞ്ചത്തിലൊ ന്നുമുണ്ടായിട്ടില്ലെന്നു അന്ന് ഞാൻ പ്രഖ്യാപിച്ചു.

മനുഷ്യനെ പ്രപഞ്ചത്തിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കുന്ന കവിയെ നമുക്ക് ഈ വരികളിൽ കാണാം. 'പ്രപഞ്ചത്തെ കയ്യിൽ അമ്മാനമാടുന്ന അത്ഭുത സർഗാത്മകശക്തിയെ കണ്ടിട്ടില്ലേ' എന്നാണ് മനുഷ്യനെക്കുറിച്ച് കവി ചോദിക്കുന്നത്. മനുഷ്യനെക്കുറിച്ച് പറയുമ്പോൾ കവി അഭിമാനം കൊണ്ട് വാചാലനാകുകയാണ്. 'ഞാൻ അജയ്യനായ മനുഷ്യൻ ചലിക്കുന്നു, എന്റെ സന്ദേശം വിജയിക്കുന്നു' എന്ന് കവി പറയുന്നത് ശ്രദ്ധേയമാണ്. മനുഷ്യന്റെ ബുദ്ധിശക്തിയിലും ശാസ്ത്രപുരോഗതിയിലും വിശ്വസിക്കുന്ന കവിയാണ് വയലാർ. മനുഷ്യനു വേണ്ടി വിജയ ഗാനം രചിക്കുകയാണ് അദ്ദേഹം. ഏഷ്യയിൽ, ആഫ്രിക്കയിൽ, യൂറോപ്പിൽ എവിടെയും മനുഷ്യാധ്വാനത്തിന്റെ ശാശ്വതവസന്തം വിടർന്നാലും എന്ന് കവി ആശംസിക്കുകയാണ്.

## വരികൾ

'കാൽവരിക്കുന്നിൻമോളിൽ, മെക്കയിൽ,

..........................................................................................

മണിഞ്ഞുകൊണ്ട് ഈ യുഗങ്ങളിലൂടെ'

## അർഥ വിശദീകരണം

| | | |
|---|---|---|
| കഞ്ചുകം | = | പടച്ചട്ട |
| തുറങ്കുകൾ | = | തടവുകൾ, ജയിലുകൾ |
| അന്വഹം | = | ദിനം തോറും |
| താരകം | = | നക്ഷത്രം |
| നർത്തനം | = | നൃത്തം |

## ആശയ വിശദീകരണം

ക്രിസ്തുവായ്, നബിയായ്, സംസ്കാരത്തിന് കാഹളം മുഴങ്ങിയിടത്തിലൊക്കെ ഞാൻ സംസാരിച്ചു. ഫ്രോയ്സറിലും ഷേക്സ്പിയറിലും ഡാർവിൻ, മാർക്സ് തുടങ്ങി പലരിലുംകൂടി ഞാൻ സംസാരിച്ചു. മനുഷ്യൻ എന്ന അജയ്യതയിൽ നിന്നും ഞാൻ ഈ പ്രപഞ്ചത്തിന്റെ ഭാസുരസങ്കല്പങ്ങൾ എപ്രകാരമെന്നു പറഞ്ഞു. ഇന്നേവരെ ഈ ഭൂമിയിലുണ്ടായ സംസ്കാരങ്ങൾ മാത്രമല്ല ഇനിയുണ്ടാകാനിരിക്കുന്ന സംസ്കാരവും എന്നിലുണ്ട്. ഈ ലോകത്തിന്റെ ഓരോ പ്രവർത്തിമേഖലകളിലും ജീവിതങ്ങൾക്ക് നോവുമ്പോൾ എന്റെ ആത്മാവിനും വേദനിക്കുന്നു. മനുഷ്യപ്രയത്നം വിജയഗാഥ മുഴക്കുന്നിടത്ത് എന്റെ ചുണ്ടുകൾ ഗാനമാലപിക്കുന്നു. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക അങ്ങനെ ഏത് ഭൂഖണ്ഡത്തിലായാലും അധ്വാനത്തിന്റെ വസന്തങ്ങൾ എവിടെ വിടർന്നാലും എന്റെ ചേതനയിൽ വാടാമല്ലിപ്പൂക്കൾ വിരിയുന്നു. 'എനിക്ക് മരണമില്ല', ഒരു തുറുങ്കിലും ഇട്ടെന്നെ അടയ്ക്കാനാവില്ല. പാറുന്ന കൊടിയിൽ അധ്വാനത്തിന്റെ മുദ്രയായും കണ്ണുകളിലെ പൂത്തുവിടരുന്ന സ്വപ്നമായും കരളുകളിൽ സംഗീതമായും ഞാൻ സഞ്ചരിക്കുകയാണ്. ശാസ്ത്രത്തിന്റെ

SGOU

കുപ്പായമിട്ടു കൊണ്ട് ഞാൻ യുഗയുഗാന്തരങ്ങളിലൂടെ സഞ്ചരിക്കുന്നു.

## വരികൾ

'മനുഷ്യൻ - സൗന്ദര്യത്തെ സത്യത്തെ,

..........................................................................................

കാണും ചൈതന്യം സനാതനം.'

## അർഥ വിശദീകരണം

| | | |
|---|---|---|
| പാഞ്ഞുപോകുമ്പോൾ | = | വേഗത്തിൽ പോകുമ്പോൾ |
| ചൈതന്യം | = | പ്രകാശം |
| അമ്പിളിത്താമ്പാളം | = | ചന്ദ്രൻ |
| ഭാസുര സങ്കല്പങ്ങൾ | = | നന്മയാർന്ന ഭാവനകൾ |
| സനാതനം | = | എന്നും നിലനിൽക്കുന്നത് |
| അണ്ഡകടാഹം | = | പ്രപഞ്ചം |

## ആശയ വിശദീകരണം

സമൂഹത്തെയും സംസ്കാരത്തെയും സൗന്ദര്യത്തെയും ഉണർത്തി ജീവിപ്പിക്കുന്ന സമൂഹമനുഷ്യനാണ് ഞാൻ. ഞാൻ കണ്ണടയ്ക്കുമ്പോൾ രാത്രിയും കണ്ണ് തുറക്കുമ്പോൾ പകലും ഇടതടവില്ലാതെ വന്നു കൊണ്ടിരിക്കുന്നു. ചക്രവാളത്തിന്റെ മതിൽക്കെട്ടിന്മേൽ കയ്യും കുത്തി നിൽക്കും ഞാനീ പ്രപഞ്ചത്തിന്റെ ഭ്രമണം നിയന്ത്രിക്കാൻ. ഗോളങ്ങളെയെടുത്ത് ഞാനമ്മാനമാടുമ്പോൾ, മിന്നലുകളെ തെളിച്ചും കെടുത്തിയും രസിക്കുമ്പോൾ മേഘങ്ങൾ നിറഞ്ഞ നീലാകാശ മണ്ഡലങ്ങളിൽ, താരകേ നിന്നെക്കൊണ്ട് ഞാൻ നൃത്തം ചെയ്യിക്കും.

ലളിതകോമളമായ പദാവലിയും വൃത്തസംഗീതവും വയലാറിന്റെ കവിതകൾക്ക് ജനകീയത നൽകി. പ്രമേങ്ങൾക്കനുസൃതമായ ഒരു ശൈലി ഉള്ള കവിയായിരുന്നു വയലാർ. അതുകൊണ്ടു തന്നെ കാലത്തെ അതിജീവിക്കുന്ന കവിതകളും ചലച്ചിത്രഗാനങ്ങളും രചിക്കുന്നതിനും തനിക്ക് പറയാനുള്ളത് ലോകത്തോട് വിളിച്ചു പറയുന്നതിനും കവിയ്ക്ക് സാധിച്ചു. ആ കർമ്മശേഷിയുടെ ഉദാത്തഫലമാണ് എനിക്ക് മരണമില്ല എന്ന കവിത.

ശേഷം വീണ്ടും കവി പറയുകയാണ് കുതിരപ്പുറത്ത് ഞാൻ പാഞ്ഞു പോകുമ്പോൾ, എന്റെ ചാട്ടവാറടിയുടെ ശബ്ദം കേൾക്കുമ്പോൾ ഈ പ്രപഞ്ചം ഒന്നടങ്കം ഭയപ്പെടുകയാണ്. കാലമാണ് വിശ്രമമില്ലാതെ പായുന്ന എന്റെ കുതിര, സ്നേഹമാണ് എന്നിൽ കാണുന്ന ചൈതന്യം. പ്രപഞ്ചത്തിന്റെ അധിപനായി മാറുന്ന മനുഷ്യന്റെ സ്വരമാണ് കവിതയിൽ കേൾക്കുന്നത്. ചാട്ടവാറടി ഒച്ചയിൽ പ്രപഞ്ചത്തെ ഒന്നടങ്കം ഭയപ്പെടുത്തുകയും, ആകാശഗോളത്തെ അമ്മാനമാടുകയും ചെയ്യുമെന്ന് പറയുന്ന കവി, കവിത അവസാനിപ്പിക്കുന്നത് സ്നേഹമാണ് തന്നിലെ ചൈതന്യം എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ്.

## കാവ്യാവലോകനം

പ്രപഞ്ചത്തെ കീഴടക്കാനുള്ള വ്യഗ്രത കവിതയിലുണ്ട്. അതേസമയം കവി സ്നേഹത്തെക്കുറിച്ചും വാചാലനാകുന്നു. അധികാരത്തിന്റെയും സ്നേഹത്തിന്റെയും വിരുദ്ധമുഖങ്ങളെ കവി ചേർത്തുനിർത്തുമ്പോൾ ആശയം പരസ്പര വിരുദ്ധമാകുന്നുണ്ട്. പരിസ്ഥിതിദർശനങ്ങളുടെ കാഴ്ചപ്പാടിൽ നിന്നു കൊണ്ടും പോസ്റ്റ്ഹ്യൂമനിസ്റ്റ് ആശയങ്ങളുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ടും വായിക്കുമ്പോൾ ഈ കവിത പ്രശ്നവൽകരിക്കപ്പെടുന്നു.

'ഇപ്രപഞ്ചത്തെ കയ്യിലമ്മാനമാടിക്കൊണ്ടോ
രത്ഭുത സർഗാത്മകശക്തിയെ കണ്ടിട്ടില്ലേ?
ഞാനാണ,തജയ്യനാം'മനുഷ്യൻ'-ചലിക്കുന്നു'

ഞാനഹർന്നിശമെന്റെ സന്ദേശം ജയിക്കുന്നു- എന്നുള്ള കവിയുടെ വരികൾ അതിനു തെളിവാണ്. മാനവസങ്കല്പത്തിന്റെ പൂർണ്ണരൂപം ഈ കവിതയിൽ അനുവാചകർക്ക് കാണാവുന്നതാണ്.

'എന്നിൽ നിന്നതീതമായ്
വ്യതിരിക്തമായ് മന്നി-
ലൊന്നുമുണ്ടായിട്ടില്ലെ -
ന്നന്നു ഞാൻ പ്രഖ്യാപിച്ചു.'

ആകാശഗോളങ്ങളെ വരുതിക്ക് നിർത്തുവാൻ തക്ക ശക്തി മനുഷ്യനുണ്ടാകുമെന്നു അദ്ദേഹം

SGOU

വിശ്വസിച്ചു. ആ വിശ്വാസം കവി ഇങ്ങനെ രേഖപ്പെടുത്തുന്നു.

മനുഷ്യൻ - സൗന്ദര്യത്തെ, സത്യത്തെ
.........................................................................
നീരവനീലാകാശ മേഖലകളിൽ, നാളെ
താരകേ! നിന്നെക്കൊണ്ടു
നർത്തനം ചെയ്യിക്കും ഞാൻ.

'അജയ്യമാണ്' മനുഷ്യശക്തി എന്ന് കവിതയിൽ അദ്ദേഹം ഘോഷിക്കുന്നു. മസ്തിഷ്കവും, കരങ്ങളും, ജിഹ്വയും മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നു. മനനം, വചസ്സ്, കർമ്മം -ഇത് മൂന്നും ചേരുമ്പോളാണ് മനുഷ്യൻ എന്ന മഹത്വമായി മാറുന്നത്. എനിക്ക് മരണമില്ല എന്ന കവിതയിലൂടെ ഈ ത്രികരണസത്തയെ ആണ് 'ഞാൻ' എന്ന് കവി എടുത്തു പറയുന്നത്. സൗന്ദര്യം, സത്യം, സംസ്കാരം എന്നിവ ചേർന്ന സമൂഹമനുഷ്യനാണ് പുതിയ ദൈവം എന്ന് കവി പാടുന്നു.

## Recap

- ആധുനിക മനുഷ്യന്റെ ശബ്ദമാണ് വയലാർ രാമവർമ്മ
- വിപ്ലവ കവിയാണ് വയലാർ രാമവർമ്മ
- വിപ്ലവകാവ്യങ്ങൾ, നാടകഗാനങ്ങൾ, ചലച്ചിത്രഗാനങ്ങൾ- വയലാറിന്റെ കാവ്യജീവിതം
- എനിക്കു മരണമില്ല-ശാസ്ത്രപുരോഗതിയിൽ അഭിരമിക്കുന്ന കവിത
- ശാസ്ത്രത്തിന്റെ വിജയവും മനുഷ്യരുടെ വിജയവും
- മനുഷ്യകേന്ദ്രീകൃതമായ പ്രകൃതിവീക്ഷണം
- വീക്ഷണത്തിലെ ഉപരിപ്ലവതയും വൈരുദ്ധ്യവും

## Objective Type Questions

1. വയലാർ അദ്ദേഹത്തിന്റെ അച്ഛന്റെ മരണത്തെക്കുറിച്ച് എഴുതിയതെന്ന് കരുതപ്പെടുന്ന കവിത?
2. കവിയിൽ ജ്വലിക്കുന്ന ചൈതന്യം എന്താണ്?
3. ജീവന്റെ ഒന്നാമത്തെ സ്പന്ദനം എന്തായിരുന്നു?
4. നീലാകാശത്ത് താരകങ്ങളെക്കൊണ്ട് എന്ത് ചെയ്യിപ്പിക്കും എന്നാണ് കവി പറയുന്നത്?
5. ഗോളങ്ങൾ എടുത്ത് കവി എന്താണ് ചെയ്യുന്നത്?
6. കവിയുടെ വിശ്രമമില്ലാതെ പായുന്ന കുതിര എന്താണ്?
7. ചക്രവാളത്തിന്റെ മതിൽകെട്ടിനുള്ളിൽ കൈതൊട്ടു നിൽക്കുന്നത് എന്തിനാണ്?
8. കേസരി എ. ബാലകൃഷ്ണപിള്ളയുടെ മരണത്തിൽ വേദനിച്ച് വയലാർ എഴുതിയ കവിത?
9. 'എന്റെ മാറ്റൊലിക്കവിതകൾ' ആരുടെ കൃതിയാണ്?
10. 'കൊന്തയും പൂണൂലും' ആരുടെ കൃതിയാണ്?

SGOU

## Answers

1. 'ആത്മാവിൽ ഒരു ചിത'
2. സ്നേഹം
3. അമീബ
4. നൃത്തം
5. പന്തുകളിയ്ക്കും
6. കാലം
7. ഭ്രമണം നിയന്ത്രിക്കാൻ
8. മാടവനപറമ്പിലെ ചിത
9. വയലാർ രാമവർമ്മ
10. വയലാർ രാമവർമ്മ

## Assignments

1. ശാസ്ത്രവളർച്ച മനുഷ്യപുരോഗതിക്ക് നല്ലതാണെന്നു സ്ഥാപിക്കുന്ന രീതിയിലുള്ള കൃതികൾ കണ്ടെത്തി ഉപന്യസിക്കുക.
2. ''ചക്രവാളത്തിൻ മതിൽക്കെട്ടിൽ കൈയും കുത്തി നിൽക്കും ഞാൻ പ്രപഞ്ചത്തിൻ ഭ്രമണം നിയന്ത്രിക്കാൻ''-ഈ വരികൾ വ്യക്തമാക്കുന്ന ശാസ്ത്രപുരോഗതിയെപ്പറ്റി ചർച്ച ചെയ്യുക.
3. ആധുനിക കവിതകളുടെ സവിശേഷതകൾ കണ്ടെത്തുക.
4. വയലാറിന്റെ സിനിമാഗാനങ്ങൾ പരിചയപ്പെടുത്തുക.
5. ശാസ്ത്രദർശനം വയലാർ കവിതകളിൽ - ഉപന്യസിക്കുക.

## Reference


1. എരുമേലി പരമേശ്വരൻപിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം
2. എൻ. അജയകുമാർ, ആധുനികത മലയാളകവിതയിൽ, കറന്റ് ബുക്സ്, കോട്ടയം.
3. എസ്. രാജശേഖരൻ, കവിത: വിതയും കൊയ്ത്തും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.


## Suggested Reading


1. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. എം. ലീലാവതി, വർണ്ണരാജി, എൻ. ബി. എസ്., കോട്ടയം.
3. കെ.എം. ജോർജ്, ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം


SGOU

# യൂണിറ്റ് - 3
# കാടെവിടെ മക്കളെ

**അയ്യപ്പപ്പണിക്കർ**

## Learning Outcomes

- അയ്യപ്പപ്പണിക്കരുടെ കാവ്യജീവിതം പരിചയപ്പെടുന്നു
- അയ്യപ്പപ്പണിക്കർ എന്ന കവിയെയും അദ്ദേഹത്തിന്റെ കാലഘട്ടത്തെക്കുറിച്ചും മനസ്സിലാക്കുന്നു
- മലയാളകവിതയിൽ അയ്യപ്പപ്പണിക്കരുടെ 'കാടെവിടെ മക്കളെ' എന്ന കവിതയുടെ ഇടം കണ്ടെത്തുന്നു
- പരിസ്ഥിതിദർശനത്തെക്കുറിച്ചുള്ള ആലോചനകളിലേക്ക് കടന്നു ചെല്ലാൻ പ്രേരിപ്പിക്കുന്നു

## Prerequisites

'നീ തന്നെ ജീവിതം സന്ധ്യേ
നീ തന്നെ മരണവും സന്ധ്യേ
നീ തന്നെയിരുളുന്നു
നീ തന്നെ മറയുന്നു
നീ തന്നെ നീ തന്നെ സന്ധ്യേ'.

ചൊല്ലിത്തീരുന്നതിനു മുൻപ് ആസ്വാദകനെ കവിതയുടെ ഭാഗമാക്കി മാറ്റുന്ന ചാരുത യാർന്ന സാഹിത്യത്തിന് ഉദാഹരണങ്ങളാണ് അയ്യപ്പപ്പണിക്കരുടെ കവിതകൾ. സമകാലിക ജീവിതാവസ്ഥകളുടെ സംഘർഷവും സമസ്യകളും കൊത്തിയുടച്ചു കൊടുക്കുകയാണ് അദ്ദേഹം ചെയ്തത്. കവിയും സാഹിത്യസൈദ്ധാന്തികനുമായിരുന്ന അയ്യപ്പപ്പണിക്കർ (1930-2006) പോസ്റ്റ് മോഡേണിസം' എന്ന വാക്ക്, ലോകസാഹിത്യത്തിൽ ഉപയോഗിക്കുന്നതു മുമ്പുതന്നെ മലയാളത്തിൽ കൊണ്ടുവന്ന, ആധുനികതയുടെ വക്താവായിരുന്നു. മലയാള കവിതയെ ലോകശ്രദ്ധയിലേക്ക് നയിക്കുന്നതിൽ അദ്ദേഹം നിർണ്ണായകമായ പങ്ക് വഹിച്ചു. ഒട്ടേറെ വിശ്വസാഹിത്യ സമ്മേളനങ്ങളിൽ മലയാളത്തെ പ്രതിനിധീകരിച്ച അദ്ദേഹം പ്രഗത്ഭനായ അധ്യാപകൻ, വിമർശകൻ, ഭാഷാപണ്ഡിതൻ എന്നീ നിലകളിലും ശ്രദ്ധേയനായിരുന്നു. കേരള സർവകലാശാലയുടെ ഇംഗ്ലീഷ് അധ്യാപകനുമായിരുന്നു ഡോ. കെ.അയ്യപ്പപ്പണിക്കർ. നിരന്തരമായ നവീകരണത്തിലൂടെ അദ്ദേഹം മലയാളകവിതയെ ലോകശ്രദ്ധയിലേക്കു നയിച്ചു. നാടകം, ചിത്രരചന, സിനിമ തുടങ്ങിയ മാധ്യമങ്ങളിലും സാന്നിധ്യമറിയിച്ചിരുന്നു. മലയാളകവിതയെ ആധുനികതയിലേക്കും ഉത്തരാധുനിക കവിതയിലേക്കും കൈപിടിച്ചു നടത്തിയത് അയ്യപ്പപ്പണിക്കരാണെന്നു പറയാം. 1960-ൽ ദേശബന്ധു വാരികയിൽ പ്രസിദ്ധീകരിച്ച അയ്യപ്പപ്പണിക്കരുടെ 'കുരുക്ഷേത്രം' എന്ന കവിതയാണ് മലയാള ആധുനികകവിതയുടെ ആധാരശില. സർവ്വേന്ദ്രിയസ്പർശിത്വമാണ് കാവ്യാനുഭൂതിയുടെ കാതൽ എന്നെഴുതിയ അയ്യപ്പപ്പണിക്കരുടെ ഓരോ കവിതയും പിന്നീട് മലയാള കവിതയ്ക്ക് നവീനഭാവുകത്വത്തിലേക്കുള്ള മുന്നേറ്റങ്ങളായി.

SGOU

'ആധുനിക മലയാളകവിതയുടെ പിതാവ്' എന്നറിയപ്പെടുന്ന അയ്യപ്പപ്പണിക്കർ അക്കാലത്തു ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ട കവിയാണ്. അദ്ദേഹത്തിന്റെ രചനകളിലെ പ്രമേയങ്ങൾ പലതും വിവാദവിഷയങ്ങളായിരുന്നു. പാരമ്പര്യവാദികൾക്ക് ഇഷ്ടപ്പെടാത്ത ആധുനികതയുടെ ശൈലികൾ, ആക്ഷേപഹാസ്യരീതികൾ ഒക്കെ കവിയുടെ രചനകളിൽ ഉണ്ടായിരുന്നു. നൂതനാശയങ്ങൾ പാരമ്പര്യവിരുദ്ധമാണെന്ന വാദം ആയിരുന്നു അവർ ഉയർത്തിയത്. എന്നാൽ കവിയാകട്ടെ, പാരമ്പര്യത്തിന്റെ പഴകിയ വഴികൾ വിട്ട് സഞ്ചരിക്കുമ്പോളും പാരമ്പര്യത്തിന്റെ മേന്മകൾ തന്റെ രചനകളിൽ ബിംബകല്പനകളായി ഉൾപ്പെടുത്തിയിരുന്നു. സമകാലിക ചിന്തകൾ, ആഗോളവൽകരണം, പാരിസ്ഥിതിക അവബോധം, കാമ്പുള്ള പാരമ്പര്യദർശനങ്ങൾ എന്നിവ കവി  രചനകളിലൂടെ വ്യക്തമാക്കിയിരുന്നു മാറുന്ന ലോകത്തു എല്ലാ സൗകര്യങ്ങളോടും കൂടിയ ജീവിതം മനുഷ്യന്റെ അവകാശമാണ്. യന്ത്രവൽകരണം, നഗരവികസനം, ആധുനിക ജീവിതശൈലികൾ, എല്ലാം തന്നെ ആവശ്യമാണ്. എന്നാൽ അതോടൊപ്പം പ്രകൃതിയാണ് എല്ലാം എന്ന തിരിച്ചറിവ് മനുഷ്യനിൽ ഉണ്ടാകേണ്ടത് അത്യാവശ്യവുമാണ്. ഇത്തരം ഒരു ഘട്ടത്തിലാണ് പാരിസ്ഥിതിക അവബോധം ഉണർന്നു വന്നത്. വളരെ ലളിതമായി കൈകാര്യം ചെയ്യാവുന്ന ഒന്നാണ് പരിസ്ഥിതിവിഷയങ്ങൾ എന്നത് ഒരു തെറ്റിദ്ധാരണയാണ്. വളരെ ചിന്തയും ആസൂത്രണവും ആവശ്യമുള്ള ഒരു മേഖലയാണത്. വൈലോപ്പിള്ളിയും, ഇടശ്ശേരിയും, സുഗതകുമാരിയും ചങ്ങമ്പുഴയുമൊക്കെ, പരിസ്ഥിതി കവികളായിരുന്നു.

'നാടെവിടെ മക്കളെ, കാടെവിടെ മക്കളെ' എന്ന് കവി പാടുമ്പോൾ സമൂഹത്തോടുള്ള ചോദ്യങ്ങളാണ് അതിൽ നിറയെ മുഴങ്ങുന്നത്. മനുഷ്യനും പ്രകൃതിക്കും ജീവജാലങ്ങൾക്കും ഏൽക്കുന്ന ആഘാതങ്ങൾ, അവ നേരിടുന്ന പ്രതിസന്ധികൾ എന്നിവയൊക്കെ കവി ഈ കവിതയിൽ ആവിഷ്കരിക്കുന്നു. തന്റെ പാരിസ്ഥിതിക അവബോധത്തിന്റെ പ്രധാന വശങ്ങൾ വ്യക്തമാക്കുന്ന കവിതയിലൂടെ, മനുഷ്യന്റെ ഇന്നത്തെ ചൂഷണചിന്തയും അതുമൂലം പ്രകൃതിയിലും സമൂഹത്തിലും ഉണ്ടാകുന്ന ആകുലതകളും കാടെവിടെ മക്കളെ എന്ന കവിതയിലൂടെ വ്യക്തമാക്കുന്നു. പ്രകൃതിയെ നിലവിട്ട് ചൂഷണം ചെയ്യുന്നതും, പരിസ്ഥിതി നശിപ്പിച്ചു നഗരവൽകരണം നടത്തുന്നതും, സൗകര്യങ്ങൾക്ക് വേണ്ടി പരിസ്ഥിതിയെ മലിനപ്പെടുത്തുന്നതും വിദൂരവ്യാപകമായ നാശനഷ്ടങ്ങൾക്ക് ഇടയാക്കും എന്ന മുന്നറിയിപ്പ് കവിയുടെ കാടെവിടെ മക്കളെ എന്ന കവിതയിൽ ഉയരുന്നു. കേവലസൗന്ദര്യത്തിനപ്പുറം സ്വാഭാവികത നഷ്ടപ്പെട്ട പ്രകൃതിയെ കവി വരച്ചു കാട്ടുകയാണ് ഈ കവിതയിലൂടെ. ഒട്ടേറെ ചോദ്യങ്ങളിലൂടെ കവി പ്രകൃതിയുടെ നഷ്ടം വിളിച്ചു പറയുന്നു. ഭൂമിയുടെ സുരക്ഷ, പ്രകൃതിയുടെ നേരെ ഉള്ള ആക്രമം കുറയ്ക്കൽ എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് രൂപപ്പെട്ട, സൈലന്റ് വാലി കൂട്ടായ്മയുടെ ഒരു യോഗത്തിലാണ് ഈ കവിത ആദ്യമായി അവതരിപ്പിക്കപ്പെട്ടത്. മനുഷ്യനും പ്രകൃതിയും കാർഷികജീവിതവും മാലിന്യനിർമ്മാർജ്ജനവും കാടുസംരക്ഷണവും ഒക്കെ കവിതയിൽ പ്രതിപാദിക്കപ്പെടുന്നു. കേവലസൗന്ദര്യത്തിനപ്പുറം പരിസ്ഥിതിയെക്കുറിച്ചുള്ള ആകുലതകളാണ് കവി മുഴക്കുന്നത്. 'അയ്യപ്പപ്പണിക്കരുടെ കൃതികൾ' എന്ന സമാഹാരത്തിലാണ് ഈ കവിത ഉൾപ്പെടുത്തിയിട്ടുള്ളത്.

SGOU

**പ്രധാന കൃതികൾ**

അയ്യപ്പപ്പണിക്കരുടെ കൃതികൾ (നാലു ഭാഗം), അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ (രണ്ടു ഭാഗം), കവിതകൾ (വിവർത്തനം), സൗത്ത് ബൗണ്ട് (ഇംഗ്ലീഷ് കവിതകൾ), ഇൻ ദ് സേക്രഡ് നേവൽ ഓഫ് ഔർ ഡ്രീം (ഇംഗ്ലീഷ്), പുരൂരവസ്-(അയ്യപ്പപ്പണിക്കരുടെ തികച്ചും വ്യത്യസ്തമായ ഒരു കാല്പനിക കവിതയാണിത്. ആ കവിതയിൽ അഞ്ചു പ്രധാനഭാഗങ്ങൾ ഉണ്ട്. ജ്വാല, ലത, ഗീതം, മൺകുടീരം, പ്രാർഥന)

## Keywords

പ്രകൃതിസംരക്ഷണം - മാലിന്യ നിർമ്മാർജ്ജനം - കാർഷിക ജീവിതം - ഗ്രാമവിശുദ്ധി - നഗരവൽകരണം.

## Discussion

പരിസ്ഥിതി നശീകരണത്തിനെതിരേ ശബ്ദമുയർത്തുകയാണ് കാടെവിടെ മക്കളെ എന്ന കവിതയിലൂടെ കവി അയ്യപ്പപ്പണിക്കർ. വ്യവസായവത്ക്കരണവും നഗരവത്കരണവും ചേർന്ന് നിർമ്മിച്ച പുതിയ ലോകസങ്കൽപ്പത്തിന് മുന്നിൽ കവി നിരവധി ചോദ്യങ്ങൾ ഉയർത്തുന്നു. ആധുനികലോകത്തിൽ പരുങ്ങലിലാക്കുന്ന പരിസ്ഥിതിയുടെ നില കവി കാട്ടിത്തരുന്നു. വനനശീകരണത്തിനെതിരെ ശബ്ദമുയർത്തുകയാണ് കവി. മനുഷ്യനെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ച വീക്ഷണത്തിൽ നിന്ന് പ്രകൃതിയെ സകലചിന്തയുടെയും അടിസ്ഥാനമായി കാണുന്ന പരിസ്ഥിതി ദർശനത്തിലേയ്ക്ക് അയ്യപ്പപ്പണിക്കരുടെ കവിത കടന്നു ചെല്ലുന്നു.

### വരികൾ

'കാടെവിടെ മക്കളേ? മേടെവിടെ മക്കളേ?

..............................................

പ്ലാവുകൾ മാവുകളുമെവിടെന്റെ മക്കളേ?'

### ആശയ വിശദീകരണം

കാടും മേടും കാട്ടുപുൽത്തകിടിയുടെ വേരുകളുമൊക്കെ എവിടെയാണ്? കാട്ടു പൂഞ്ചോലയുടെ കുളിരും, കാറ്റു വീശുന്ന പൂങ്കാവും നഷ്ടമായിരിക്കുന്നു. കാർഷിക വ്യവസ്ഥിതി അപ്പാടെ തകിടം മറിഞ്ഞിരിക്കുന്നു. കുയിലുകൾ കൂകിതിമിർത്തിരുന്ന പുഞ്ചപ്പാടങ്ങൾ ഇന്നില്ല. കൃഷി ഇന്ന് ഇല്ല. കൂറ്റൻ കോൺക്രീറ്റു കെട്ടിടങ്ങൾ നിറഞ്ഞിട്ട് പാടങ്ങളൊക്കെ അപ്രത്യക്ഷമായി. അങ്ങനെ വളരെ വിപരീതമായിട്ട് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഈ കാലത്തു ആ മാറ്റങ്ങളെ ഗൗനിക്കേണ്ടതാണ്. പച്ചപ്പ് കാണാനില്ല, പച്ചപ്പനന്തത്ത പാടാനില്ല, പ്ലാവുകളും മാവുകളും ഉപകരണങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. പ്രകൃതിയെയും സഹജീവികളെയും പരിഗണിക്കുന്ന തരം മനുഷ്യരെയും കാണാനില്ല.

### വരികൾ

''പായൽച്ചുരുൾ ചുറ്റി ദാഹനീർ തേടാത്ത

.........................................................................

രോക്സിജൻ വീശുന്ന നാടെവിടെ മക്കളേ?"

### ആശയ വിശദീകരണം

കായലുകളും തോടുകളും പായൽ നിറഞ്ഞു മലിനമായിരിക്കുന്നു. ജലാശയങ്ങൾ വറ്റി വരണ്ടിരിക്കുന്നു. ചാകര വരുമ്പോൾ ഉത്സവമായി കൊണ്ടാടിയിരുന്നു പണ്ട് കടൽത്തീരങ്ങൾ. ഇന്ന് അതൊക്കെ അന്യം നിന്നിരിക്കുന്നു. കാർഷിക ഗവേഷണശാലകളിൽ കശപിശകൾ അല്ലാതെ തെങ്ങുകളുടെ കാറ്റുവീഴ്ച നിൽക്കാനുള്ള മാർഗങ്ങൾ ഒന്നും ഇല്ല. നിരന്തര പരീക്ഷണങ്ങളിലൂടെ കൃത്രിമവിളകൾ നിർമ്മിച്ചെടുക്കുന്നു. തനത് വിളകൾ സംരക്ഷിക്കുന്നതല്ല, വിളവെടു

ക്കുന്നതാണ് ലക്ഷ്യം എന്ന് വന്നിരിക്കുന്നു. കേരളത്തിന്റെ ചിഹ്നമായ കേരവൃക്ഷത്തിന് പരിചരണം ലഭിക്കുന്നില്ല. തനിമ നിലനിർത്തുന്നതിന് പകരം കൃത്രിമവിളകൾ പ്രോത്സാഹിപ്പിക്കുന്ന വൈരുധ്യമാണ് ഇന്ന് നടക്കുന്നത്. മലിനീകരണത്തിന്റെ അളവിന് ഒരു കുറവുമില്ല. ജലമലിനീകരണം മാത്രമല്ല, ഫാക്ടറികളിലെ പുകയേറ്റ് വായുവും മലിനമാകുന്നു. ശുദ്ധവായു ലഭിച്ചിരുന്ന നാടെവിടെയാണ്?

### വരികൾ

'ശാസ്ത്രഗതി കൈവിരൽത്തുമ്പാൽ

.....................................................................................

പൂരം പൊലിക്കുന്ന നാടെവിടെ മക്കളേ?'

### ആശയ വിശദീകരണം

ശാസ്ത്രഗതി വിരൽത്തുമ്പാൽ നിയന്ത്രിച്ചിരുന്ന തീർഥാടകർ ഉള്ള നാടിന്നെവിടെയാണ്? വാമൊഴിയായി അറിവുകൾ നിലനിന്നിരുന്ന ആ കാലം ഇന്ന് പോയിരിക്കുന്നു. തലമുറകൾക്ക് നേർവഴികൾ ചൂണ്ടിക്കാണിച്ചിരുന്ന അറിവുകളുമായി തീർഥാടനം നടത്തിയ ആ മനുഷ്യരുടെ നാട് ഇന്നെവിടെ പോയി? അറിവ് നേടുന്തോറും പ്രകൃതിയിൽ നിന്നും അകന്നു പോകുന്ന മനുഷ്യരാണ് ഇന്നുള്ളത്. ആട്ടവും പാട്ടും നിറഞ്ഞ, വൈവിധ്യങ്ങൾ നിറഞ്ഞ ജീവിതമായിരുന്നു നേരത്തെ ഉണ്ടായിരുന്നത്. വിവിധതരം ഭക്ഷണരീതികൾ, സംസ്കാരങ്ങൾ, പാട്ടുകൾ, നൃത്തങ്ങൾ, ഒപ്പനകൾ ഒക്കെ എവിടെ പോയി? പാരമ്പര്യങ്ങളിൽ നിന്നകന്നു ഭക്ഷണം, വേഷം, ഭാഷ, കല എന്നിവയിലെല്ലാം പുതുമ തേടി നടക്കുന്ന ഒരവസ്ഥ ആണ് ഇന്നുള്ളത്. കിളികളും മരങ്ങളും പൂക്കളും പറവകളും നിറഞ്ഞ തന്റെ നാടെവിടെ എന്നാണ് കവി അന്വേഷിക്കുന്നത്. എല്ലാ വിഭവങ്ങളും ഉണ്ടായിരുന്ന ആ സുവർണ്ണ കാലത്തെ കവി ഓർമ്മിക്കുന്നു. പങ്കുവെയ്ക്കലിന്റെ സന്തോഷം നിറഞ്ഞ ആ കാലം അന്യമായിരിക്കുന്നു.

### വരികൾ

'അരുമകളെ, യടിമകളെയാനകളെ, മാനുകളെ

.....................................................................................

ചുടുരക്തകബനി നാടെവിടെന്റെ മക്കളേ?'

### ആശയ വിശദീകരണം

കേരളത്തിന് വന്ന സാംസ്കാരിക അപചയം കവി തന്റെ വരികളിലൂടെ വിവരിക്കുന്നു. വർത്തമാനകാലത്ത് കൊലപാതകങ്ങൾ പുത്തരിയല്ല. ബന്ധങ്ങൾ വകവെയ്ക്കാതെ ആരും ആരെയും കൊല്ലുന്നു, അങ്ങനെ അരുംകൊലകളുടെ നാടായി മാറിയിരിക്കുന്നു. കാലം മാറിയിരിക്കുന്നു. അരുമകളെ കൊലചെയ്യാത്ത തന്റെ നാടെവിടെ എന്ന് കവി വിലപിക്കുന്നു. സഹജീവികൾ വെറും ഇരകൾ മാത്രമാണിന്ന്. മനുഷ്യന്റെ ഭൂമി എന്ന സ്വാർഥതയാണെവിടെയും! പ്രകൃതിയും മനുഷ്യനും തമ്മിലുണ്ടായിരുന്ന ആ ഇണക്കം ഇന്നില്ല. ഇന്ന് പ്രകൃതി മനുഷ്യന് അരുംകൊല നടത്താനുള്ള ഇര മാത്രമാണ്. മനുഷ്യനെക്കുറിച്ചും മനുഷ്യത്വത്തെക്കുറിച്ചും ഒക്കെ പഠിപ്പിച്ചിരുന്ന നേതാക്കളുണ്ടായിരുന്നു പണ്ട്. വീരയോദ്ധാക്കളുടെ രക്തംപുരണ്ട ചുവന്ന കബനീനദിയൊഴുകിയ നാടാണിത്.

### വരികൾ

'വിഷവാതമൂതാത്ത വിഷവാണി കേൾക്കാത്ത

.....................................................................................

കള്ളപ്പറയില്ലാത്ത നാടെവിടെ മക്കളേ?'

### ആശയ വിശദീകരണം

ഇന്ന് സർവം വിഷമയമാണ്. വായുവും വെള്ളവും കേൾക്കുന്ന വാക്കും വിഷമയമാണിന്ന്. ഈ പരിസരത്തിൽ മനുഷ്യജീവിതം എത്ര ദുസ്സഹമാണ്! നാടും നഗരവും വിഷമയമായ ഇന്ന് അറിവിന് വേണ്ടി വിദ്യാലയങ്ങളിൽ പോകുന്ന കുട്ടികൾ ഞെട്ടിത്തളരുന്നു. എല്ലാവർക്കും ഭക്ഷണത്തോടൊപ്പം അറിവും ലഭിക്കുന്ന ഒരു നല്ല നാളെ ഉണ്ടാകും എന്നാകും കവി സങ്കൽപ്പിക്കുന്നത്. ഇന്ന് പഠനം ഒരു ജോലി പോലെ ആണ്. അതിന്റെ കഠിനതയിൽ കുട്ടികൾ തളർന്നു പോകുന്നു. എല്ലാ നന്മകളും നിറഞ്ഞ ഉല്ലാസം തുളുമ്പുന്ന ഒരു മാവേലിക്കാലം ആകും കവി ഇവിടെ സങ്കൽപ്പിക്കുന്നത്. സർവത്ര മായം കലർന്ന ഒരു ജീവിതമാണ് ഈ കാലത്തിലേത്.

SGOU

## വരികൾ

'പാലിൽ പഴത്തിൽ മതത്തിൽ മരുന്നിലും

.................................................................................

രെന്റെ നാടെന്റെ നാടെവിടെന്റെ മക്കളേ?'

## ആശയ വിശദീകരണം

നാട് - നഗര വ്യത്യാസമില്ലാതെ എല്ലായിടത്തും വിഷം പടർന്നിരിക്കുന്നു. സർവത്ര വിഷംകലർന്ന വസ്തുക്കൾ എന്നത് പോലെ തന്നെ സർവത്ര മായം കലർന്ന ഒരു ജീവിതമാണിന്നു കാണുന്നത്. പാലിലും പഴത്തിലും മതത്തിലും മായയിലും ബ്രഹ്മത്തിലും വരെ ഇന്ന് വിഷം കലർന്നിരിക്കുന്നു. ആചാരങ്ങളിലും വിശ്വാസങ്ങളിലും പ്രവൃത്തികളിലും ചിന്തകളിലും മായം കലർന്നിരിക്കുന്നു. പരമ്പരാഗതകലകളെ മാറ്റി നിർത്തി വിദേശകലകൾ വന്നിരിക്കുന്നു. വിനോദസഞ്ചാരികൾക്ക് വേണ്ടി പാരമ്പര്യകലകളെ തട്ടിക്കൂട്ടി പ്രദർശിപ്പിക്കുന്നു. അങ്ങനെ കേരളീയർക്കും കേരളീയകലകൾക്കും ഒരേപോലെ മാറ്റം വന്നിരിക്കുന്നു. ആർഭാടങ്ങളും വിനോദങ്ങളും നിറഞ്ഞ ജീവിതത്തിനുവേണ്ടി കേരളീയർ ഇന്ന് പരക്കംപായുന്നു. വിദേശകറൻസിയുടെ കുത്തൊഴുക്കിൽ തനിമയും ലാളിത്യവും മറന്ന ഒരു ജനതയായി കേരളീയർ മാറിയിരിക്കുന്നു. പണം കേരളീയരുടെ പുറംമോടികളിൽ മാത്രമല്ല അഭിരുചികളിലും വലിയ മാറ്റം വരുത്തിയിട്ടുണ്ട്. ആർഭാടങ്ങളിൽ അഭിരമിക്കാത്ത ഒരു കേരളം ഇനി സ്വപ്നം കാണാൻ കഴിയുമോ?

## വരികൾ

'യന്ത്രം കറക്കുന്ന തന്ത്രം ചവയ്ക്കുന്ന

.................................................................................

നാടെവിടെന്റെ മക്കളേ?'

## ആശയ വിശദീകരണം

കുടിലത നിറഞ്ഞ ഭരണ സംവിധാനങ്ങളിൽ, സ്വജനപക്ഷപാതവും, അഴിമതിയും നിറഞ്ഞിരിക്കുന്നു. കുടിലും കുളങ്ങളും ചുട്ടെരിക്കാത്ത, പാവങ്ങളെ സംരക്ഷിക്കുന്ന ഒരു ഭരണം ഇനിയെന്ന് വരും? ഉപജാപകവൃത്തികൾ ചെയ്യാത്ത, തന്ത്രങ്ങൾ മെനയാത്ത, മന്ത്രങ്ങൾ ഉരുക്കഴിക്കുന്ന മന്ത്രിമാർ ഉരുളാത്ത, പാവങ്ങളുടെ മാനം കെടുത്താത്ത, കുലടയുടെ വേദാന്തം പറയാത്ത, തളർന്ന മനുഷ്യന്റെ തല വെട്ടി വിൽക്കാത്ത, കുതറുന്ന, മനുഷ്യന്റെ കുടൽമാല കീറാത്ത, കുടിലതകളും കുന്നായ്മയും കുശുകുശുപ്പുമില്ലാത്ത, കൂടോത്രമില്ലാത്ത, കനാലുകൾ കരയാത്ത കണ്ണുനീരുറയാത്ത എന്റെ നാടെവിടെ? തൊഴിലിനൊത്ത ഉടമയും, ഉയിരിനൊത്ത ഉടലും, അവസ്ഥയ്ക്കനുസരിച്ചുള്ള ഓണവും ഉണ്ടുണരേണ്ട എന്റെ നാടെവിടെ?

## കാവ്യാവലോകനം

വളരെ വ്യത്യസ്തമായ ഒരു കാവ്യശൈലി പരക്കെ പ്രചരിച്ചിരുന്ന ഒരു കാലഘട്ടത്തിൽ ആത്മപരത ഉൾക്കൊണ്ടുകൊണ്ട് തീവ്രമായ അനുഭവങ്ങളെ ഉചിതമായ രീതിയിൽ കവിതകളായി മാറ്റിയ വ്യക്തിയാണ് അയ്യപ്പപ്പണിക്കർ. കാല്പനികതയുടെ അതിർവരമ്പുകൾ ഭേദിച്ചുകൊണ്ട് ആധുനികതയുടെ ശബ്ദം കവിതാലോകത്ത് മുഴക്കിയ അയ്യപ്പപ്പണിക്കർ തന്റെ കവിതയിലൂടെ പ്രകൃതിയുടെ പ്രാധാന്യം എത്രത്തോളമാണെന്ന് വ്യക്തമാക്കുന്നു. നിസ്സാരമെന്നു തോന്നാവുന്ന ഒരുപിടി ചോദ്യങ്ങൾ മാത്രമാണ് കവിതയിൽ. പക്ഷെ ആലോചിക്കുന്തോറും അതിവിദൂരമല്ലാത്ത അനിശ്ചിത ഭാവിയിലേക്കുള്ള ഒരു ചൂണ്ടുപലകയായി ആ ചോദ്യങ്ങൾ മാറുന്നു. മനുഷ്യനും പ്രകൃതിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ആർത്തിയും സ്വാർഥതയും നിറഞ്ഞ പ്രവർത്തികൾ മൂലം പരിസ്ഥിതിയുടെ സ്വാഭാവികത ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. കേരളീയജനത അപ്പാടെ കെട്ടിലും മട്ടിലും മാറിയിരിക്കുന്നു. മൂല്യബോധം നഷ്ടപ്പെട്ട, സഹജീവി കാരുണ്യമില്ലാത്ത, വാക്കുകൾക്കോ ജീവനോ വിലകല്പിക്കാത്ത വെറും ആർഭാടഭ്രമക്കാരായി അവർ മാറിയിരിക്കുന്നു. സുഖലോലുപതയ്ക്ക് വേണ്ടി എന്ത് ഉപജാപകവൃത്തിയും ചെയ്യാൻ മടിയില്ലാത്ത ഭരണകൂടവും, അരുമകളെപ്പോലും കൊല്ലാൻ മടിക്കാത്ത ജനതയും ചേർന്ന് നാടും കാടും നശിപ്പിച്ചു നഗരങ്ങൾ പണിയുന്നു. കള്ളവും ചതിയുമില്ലാത്ത എല്ലാ നന്മകളും നിറഞ്ഞ ഒരു മാവേലിക്കാലം ഇനി എന്ന് വരാനാണെന്നു കവി സന്ദേഹിക്കുന്നു. അത്യാധുനികതയുടെ പിടിയിലമർന്ന ഇന്നത്തെ കാലത്ത് വളരെ ആപ്തമായ ഒരു കവിതയാണിത്. പരിഷ്കാരഭ്രാന്ത് മൂത്ത ജനത ഭൂമിയെ മറ



SGOU

ന്നു മുന്നോട്ട് കുതിക്കുമ്പോൾ പ്രകൃതിയുടെ സംരക്ഷണം എത്രത്തോളം അനിവാര്യമാണെന്ന് നിരന്തരം ഓർമ്മപ്പെടുത്തുന്ന, ഒരു കവിത. ഇന്ന് നവമാധ്യമങ്ങളിലൂടെ നമുക്കു വായിക്കാൻ കഴിയുന്ന ചൊൽക്കവിതകളിൽ ഇത്രയേറെ പുതിയകവികളെ സ്വാധീനിച്ച ഒരു കവിത വേറെ ഇല്ല. ഇന്നു പുറത്തു വന്നു കൊണ്ടിരിക്കുന്ന മിക്ക പരിസ്ഥിതിസംബന്ധിയായ കവിതകളും ഈ കവിതയുടെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള പ്രതിധ്വനി മാത്രം.

## Recap

- മനുഷ്യനും പ്രകൃതിക്കും ജീവജാലങ്ങൾക്കും ഏൽക്കുന്ന ആഘാതങ്ങൾ, അവ നേരിടുന്ന പ്രതിസന്ധികൾ എന്നിവയൊക്കെ കവി ഈ കവിതയിൽ ആവിഷ്കരിക്കുന്നു
- പ്രകൃതിയെ നിലവിട്ട് ചൂഷണം ചെയ്യുന്നതും, പരിസ്ഥിതി നശിപ്പിച്ചു നഗരവൽകരണം നടത്തുന്നതും, സൗകര്യങ്ങൾക്ക് വേണ്ടി പരിസ്ഥിതിയെ മലിനപ്പെടുത്തുന്നതും വിദൂരവ്യാപകമായ നാശനഷ്ടങ്ങൾക്ക് ഇടയാക്കും എന്ന മുന്നറിയിപ്പ് കവിയുടെ കാടെവിടെ മക്കളെ എന്ന കവിതയിൽ ഉയരുന്നു
- കേവലസൗന്ദര്യത്തിനപ്പുറം സ്വാഭാവികത നഷ്ടപ്പെട്ട പ്രകൃതിയെ കവി വരച്ചു കാട്ടുകയാണ് ഈ കവിതയിലൂടെ. ഒട്ടേറെ ചോദ്യങ്ങളിലൂടെ കവി പ്രകൃതിയുടെ നഷ്ടം വിളിച്ചു പറയുന്നു
- ഭൂമിയുടെ സുരക്ഷ, പ്രകൃതിയുടെ നേരെ ഉള്ള ആക്രമം കുറയ്ക്കൽ എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് രൂപപ്പെട്ട, സൈലന്റ് വാലി കൂട്ടായ്മയുടെ ഒരു യോഗത്തിലാണ് ഈ കവിത ആദ്യമായി അവതരിപ്പിക്കപ്പെട്ടത്
- മനുഷ്യനും പ്രകൃതിയും കാർഷികജീവിതവും മാലിന്യനിർമ്മാർജ്ജനവും കാടുസംരക്ഷണവും ഒക്കെ കവിതയിൽ പ്രതിപാദിക്കപ്പെടുന്നു. കേവലസൗന്ദര്യത്തിനപ്പുറം പരിസ്ഥിതിയെക്കുറിച്ചുള്ള ആകുലതകളാണ് കവി മുഴക്കുന്നത്
- കാടും മേടും കാട്ടുപൂഞ്ചോലയുടെ കുളിരും, കാറ്റു വീശുന്ന പൂങ്കാവും നഷ്ടമായിരിക്കുന്നു. കാർഷിക വ്യവസ്ഥിതി അപ്പാടെ തകിടം മറിഞ്ഞിരിക്കുന്നു. കുയിലുകൾ കൂകി തിമിർത്തിരുന്ന പുഞ്ചപ്പാടങ്ങൾ കൂറ്റൻ കോൺക്രീറ്റു കെട്ടിടങ്ങൾ നിറഞ്ഞിട്ട് അപ്രത്യക്ഷമായി.
- പ്രകൃതിയെയും സഹജീവികളെയും പരിഗണിക്കുന്ന തരം മനുഷ്യരെയും കാണാനില്ല. കായലുകളും തോടുകളും പായൽ നിറഞ്ഞു മലിനമായിരിക്കുന്നു. ജലാശയങ്ങൾ വറ്റി വരണ്ടിരിക്കുന്നു
- കാർഷിക ഗവേഷണശാലകളിൽ തെങ്ങുകളുടെ കാറ്റുവീഴ്ച നിൽക്കാനുള്ള മാർഗങ്ങൾ ഒന്നും ഇല്ല. നിരന്തര പരീക്ഷണങ്ങളിലൂടെ കൃത്രിമവിളകൾ നിർമിച്ചെടുക്കുന്നു. തനത് വിളകൾ സംരക്ഷിക്കുന്നതല്ല, വിളവെടുക്കുന്നതാണ് ലക്ഷ്യം എന്ന് വന്നിരിക്കുന്നു
- മലിനീകരണത്തിന്റെ അളവിന് ഒരു കുറവുമില്ല. ജലമലിനീകരണം മാത്രമല്ല, ഫാക്ടറികളിലെ പുകയേറ്റ് വായുവും മലിനമാകുന്നു. ശുദ്ധവായു ലഭിച്ചിരുന്ന നാടെവിടെയാണ്?

SGOU

## Objective Type Questions

1. വേസ്റ്റ് ലാൻഡ് (Waste Land) എന്ന കൃതി രചിച്ചത് ആര്?
2. ഇംഗ്ലീഷ് സാഹിത്യത്തിൽ ആധുനികതയുടെ തുടക്കം കുറിച്ച കൃതി ഏത്?
3. കുരുക്ഷേത്രം എന്ന കവിത രചിച്ചത് ആര്?
4. എന്ത് പാറിക്കളിക്കുന്ന പ്ലാവുകളെയും മാവുകളെയുമാണ് കവി അന്വേഷിക്കുന്നത്?
5. കാട്ടുപൂഞ്ചോലയുടെ എന്താണ് കവി അന്വേഷിക്കുന്നത്?
6. വയനാട്ടിലെ ഏതു പുഴയെയാണ് കവി അന്വേഷിക്കുന്നത്?
7. എന്ത് പുലർന്ന പൂങ്കാവാണ് കവി അന്വേഷിക്കുന്നത്?
8. പാലിൽ, പഴത്തിൽ, മതത്തിൽ, മരുന്നിലും എന്ത് കലർത്താത്ത നാടാണ് കവി അന്വേഷിക്കുന്നത്?
9. എന്ത് മഹോത്സവത്തിൽ അലയടിച്ചാർക്കുന്ന കടൽത്തീരത്തെക്കുറിച്ചാണ് കവി പറയുന്നത്?
10. മൃത്യുപൂജ എന്ന കവിത എഴുതിയത് ആര്?

## Answers

1. ടി. എസ്. എലിയറ്റ്
2. വേസ്റ്റ് ലാൻഡ്
3. അയ്യപ്പപ്പണിക്കർ
4. പച്ചപ്പനന്തത്ത
5. കുളിർ
6. കബനി നദി
7. കാറ്റ്
8. മായം
9. ചാകര
10. അയ്യപ്പപ്പണിക്കർ

## Assignments

1. മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള അഭേദ്യമായ ബന്ധം വ്യക്തമാക്കുന്ന കവിതകൾ കണ്ടെത്തി ഉപന്യസിക്കുക.
2. ആധുനിക കവിതകളുടെ സവിശേഷതകൾ ഉപന്യസിക്കുക.
3. അയ്യപ്പപ്പണിക്കരുടെ കാവ്യജീവിതം പരിചയപ്പെടുത്തുക.
4. പരിസ്ഥിതിദർശനവും ആധുനിക കവിതകളും ഉപന്യസിക്കുക.
5. പരിസ്ഥിതിദർശനവും അയ്യപ്പപ്പണിക്കരും – 'കാടെവിടെ മക്കളേ' എന്ന കവിതയെ മുൻനിർത്തി ഉപന്യസിക്കുക.
6. 'കാടെവിടെ മക്കളേ'എന്ന കവിതയിൽ അവതരിപ്പിക്കപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തുക.

SGOU

## Reference


1. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം
2. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി. ബുക്ക്സ്, കോട്ടയം
3. എൻ. അജയകുമാർ, ആധുനികത മലയാള കവിതയിൽ, കറന്റ് ബുക്സ്, കോട്ടയം.


## Suggested Reading


1. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. എം. ലീലാവതി, വർണ്ണരാജി, എൻ. ബി. എസ്., കോട്ടയം.
3. കെ.എം. ജോർജ്, ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം


SGOU



SREENARAYANAGURU OPEN UNIVERSITY

# യൂണിറ്റ് - 4
# ആൾമറ

റഫീക്ക് അഹമ്മദ്

## Learning Outcomes

- റഫീക്ക് അഹമ്മദിന്റെ കാവ്യജീവിതം പരിചയപ്പെടുന്നു
- റഫീക്ക് അഹമ്മദിന്റെ കവിതകളിൽ ആൾമറ എന്ന കവിതയുടെ സ്ഥാനം ഗ്രഹിക്കുന്നു
- മലയാളകവിതയിലെ ഉത്തരാധുനിക പ്രവണതകളുടെ സവിശേഷതകൾ ആൾമറയെ മുൻനിർത്തി പഠിക്കുന്നു

## Prerequisites

"ഉമ്മുക്കുലുസു മരിച്ചന്നു രാത്രി തൊട്ടിന്നോളമാമഴ തോർന്നതില്ല"

വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിതയ്ക്ക് ശേഷം മലയാളികളുടെ കണ്ണു നനയിച്ച കവിതയാണ് റഫീക്ക് അഹമ്മദിന്റെ തോരാമഴ. ഉമ്മുക്കുലുസുവിന്റെ മരണം മലയാളികളുടെ മനസ്സിൽ തോരാത്ത വേദനയാണ് പകർന്നു നല്കിയത്. മകൾ നഷ്ടപ്പെട്ട അമ്മയുടെ തോരാത്ത കണ്ണീരിനെ അത്രമേൽ ഹൃദയസ്പർശിയായി കവി ആവിഷ്കരിച്ചിട്ടുണ്ട്. രണ്ടാമത്തെ മാമ്പഴം എന്നാണ് തോരാമഴയെ ചില നിരൂപകർ വിശേഷിപ്പിച്ചത്. ധ്വനി വിശേഷങ്ങളുടെ വിളനിലമായ തോരാമഴയെപ്പോലെ ശ്രദ്ധേയമായ മറ്റൊരു കവിതയാണ് ആൾമറ. റഫീക്ക് അഹമ്മദിന് 2006 -ലെ കേരള സാഹിത്യഅക്കാദമി അവാർഡ് നേടിക്കൊടുത്ത കവിതാസമാഹാരം കൂടിയാണ് 'ആൾമറ'.

'കവിതയെഴുത്ത് രഹസ്യമാണ് തനിക്ക്' എന്ന വിശ്വാസത്തോടെ എഴുത്തിന്റെ ലോകത്ത് വിഹരിക്കുന്ന ഉത്തരാധുനിക കവിയാണ് റഫീക്ക് അഹമ്മദ് (1961). ആത്മഭാഷണത്തിന്റെ സാമൂഹികതലങ്ങളിലേക്കുള്ള വികാസമാണ് തന്റെ കവിതയെന്ന് കവി തന്നെ പറയാറുണ്ട്. പാരമ്പര്യത്തിന്റെ വഴിയിലാണോയെന്ന് സന്ദേഹം തോന്നിക്കും മട്ടിലുള്ള ആഖ്യാനതലങ്ങളെയും പ്രമേയതലങ്ങളെയും സ്പർശിക്കുമ്പോൾ തന്നെ പുതിയകാലത്തിന്റെ ഭാവുകത്വശീലങ്ങളെ തന്റേതായ രീതിയിൽ നെയ്തെടുക്കുവാനും ഈ കവിക്ക് കഴിയുന്നുണ്ട്. ഡോ. എം. ലീലാവതി റഫീക്കിന്റെ കവിതകളെ അടയാളപ്പെടുത്തുന്നത് ഇങ്ങനെ: "കഴിഞ്ഞ മൂന്നു ദശകങ്ങളിൽ രചന തുടങ്ങിയ കവികളിൽ ഓരോ പത്തിലും പത്തായം നിറയ്ക്കാൻ, കുറച്ചു വാക്കുകൾ വിതച്ചു നൂറുമേനി കൊയ്യാൻ കഴിഞ്ഞ കവിയാണ് റഫീക്ക് അഹമ്മദ്" എന്നാണ്.

എഴുത്തിന്റെ ശൈശവദശയിൽ പോലും പദങ്ങളെ വിളക്കിയെടുക്കുന്നതിലും ധ്വനിപ്പിക്കുന്നതിലും സമർഥനായിരുന്നു റഫീക്ക് അഹമ്മദ്. ബിംബങ്ങളുടെ നൈരന്തര്യമാണ് റഫീക്ക് അഹമ്മദിന്റെ കവിതകൾക്ക് പൂർണ്ണമായ സംവേദനക്ഷമതയും പുതിയകാലത്തി

SGOU

ന്റെ കരസ്പർശവും നൽകുന്നത്. വ്യത്യസ്തമായ ബിംബകല്പനകളിലൂടെ പ്രമേയങ്ങളെ ആന്തരികവൽകരിച്ചു കൊണ്ടുള്ള പ്രയാണത്തിലൂടെ അദ്ദേഹത്തിന്റെ കവിതകൾ സഹൃദയന്റെ ഉള്ളിൽ ആഴത്തിൽ പതിയുന്നു. അത്തരത്തിൽ ബിംബകല്പനയിലൂടെ വലിയൊരു ലോകത്തെ തുറന്നുവെയ്ക്കുന്ന, ഒരു കവിതയാണ് 'ആൾമറ'. പാറയിൽ പണിഞ്ഞത്, സ്വപ്നവാങ്മൂലം, തോരാമഴ, ഗ്രാമവൃക്ഷത്തിലെ വവ്വാൽ എന്നിവയാണ് മറ്റു കൃതികൾ.

സമകാലിക പ്രസക്തി ഏറെയുള്ള കവിതയാണ് ആൾമറ. ഭൂതകാലബാല്യത്തെയും വർത്തമാനകാലയൗവ്വനത്തേയും ഇണക്കിച്ചേർത്തുകൊണ്ട് ഒരു താരതമ്യവിചിന്തനത്തിലേക്ക് വഴിതെളിക്കുന്നുണ്ട് ഈ കവിത. മാറുന്ന കാലത്തിനൊപ്പം നിരന്തരമായ പരിവർത്തനങ്ങൾക്ക് വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാമൂഹികസാഹചര്യങ്ങളെയും മനുഷ്യാവസ്ഥകളെയും വർത്തമാനകാല യഥാർഥ്യങ്ങളെയും കവി ചർച്ച ചെയ്യുന്നു. കാലഹരണപ്പെട്ടു പോയ പഴയ മൂല്യങ്ങളെയും ബന്ധതലങ്ങളെയും ചില ബിംബങ്ങളിലൂടെ അയവിറക്കിക്കൊണ്ട്, വീണ്ടെടുക്കാൻ പറ്റാത്ത ബാല്യത്തിന്റെ ആർദ്രമായ ഓർമ്മകളെ ഒരു നെടുവീർപ്പ് കൊണ്ട് താലോലിക്കുന്നതായി കവിതയിലുടനീളം കാണാം.

വൈകാരിക ഭാവങ്ങൾക്കൊണ്ടും സംഗീതാത്മകതകൊണ്ടും ആവിഷ്കാര മികവുകൊണ്ടും ജനഹൃദയങ്ങളിൽ ഇടം പിടിച്ച കവിതകളാണ് അദ്ദേഹത്തിന്റെ തൂലികയിൽ പിറന്നത്. കവി, ഗാനരചയിതാവ് എന്ന നിലകളിൽ പ്രസിദ്ധൻ. സ്വപ്നവാങ്മൂലമാണ് (1996) ആദ്യ കവിതാസമാഹാരം. പാറയിൽ പണിഞ്ഞത്, ആൾമറ (2004), ചീട്ടുകളിക്കാർ, ശിവകാമി, ഗ്രാമവൃക്ഷത്തിലെ വവ്വാൽ, റഫീക്ക് അഹമ്മദിന്റെ കവിതകൾ, തോരാമഴ, അമ്മത്തൊട്ടിൽ എന്നിവ പ്രധാനപ്പെട്ട കവിതാസമാഹാരങ്ങളാണ്. ആൾമറയ്ക്ക് 2006ലെ കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. വൈലോപ്പിള്ളി അവാർഡ്, ഇടപ്പള്ളി അവാർഡ്, പ്രഥമ ഒളപ്പമണ്ണ സ്മാരക പുരസ്കാരം, കുഞ്ചുപിള്ള അവാർഡ്, കനകശ്രീ അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്.

**പ്രധാനകൃതികൾ**

ഉമ്മുക്കുലുസു, സ്വപ്നവാങ്മൂലം, തോരാമഴ, ഗ്രാമവൃക്ഷത്തിലെ വവ്വാൽ

SGOU

## Keywords

ഉത്തരാധുനിക കവിത-ബിംബങ്ങൾ-സ്വത്വദുഃഖം-ബാല്യത്തിന്റെ വീണ്ടെടുപ്പ്

## Discussion

ഒളിച്ചുകളിക്ക് ഇടയിൽ കണ്ടു പിടിക്കാൻ മറന്നുപോയ മറ്റൊരാളെ അന്വേഷിക്കുകയാണ് ആൾമറയിൽ കവി. ബാല്യത്തിൽ നിന്ന് കൗമാരയൗവ്വനങ്ങളിലേക്ക് പ്രവേശിച്ചപ്പോൾ നമുക്ക് നഷ്ടമായ നിഷ്കളങ്കതയും കുട്ടിത്തവുമകാം അയാൾ അന്വേഷിക്കുന്നത്. ഒളിച്ചു കളിക്കാനുള്ള ഇടങ്ങൾ നഷ്ട്ടപ്പെട്ടു. ലോകം ക്യാമറകണ്ണുകൾക്ക് മുൻപിൽ ചെറുതായി മാറി. തമ്മിൽ കണ്ടാൽ പോലും മനസിലാകാത്ത മനുഷ്യരായി മാറി. എങ്കിലും ഒറ്റയ്ക്കിരിക്കുന്ന രാവിൽ ചിലപ്പോൾ പണ്ട് നമ്മൾ കണ്ടെത്താൻ മറന്നുപോയ അയാൾ നിത്യകൗമാരക്കാരനായി കവിക്ക് അടുത്തേക്ക് കടന്നു വരുന്നു.

## വരികൾ

'പണ്ട്, നമ്മളൊളിച്ചുകളിച്ചൊരു കാലം

..............................................

താഴെ ലോകം തീരെ ചെറുതായ്തീർന്നു'

## ആശയ വിശദീകരണം

കിണറിനു ചുറ്റും പണിഞ്ഞു വെക്കുന്ന ആൾമറ, കുട്ടിക്കാലത്ത് ഒളിച്ചു കളിക്കുമ്പോൾ കവിയും കൂട്ടുകാരും ഒളിക്കാൻ വേണ്ടി തെരഞ്ഞെടുത്തിരുന്ന ഇടമായിരുന്നു. ആൾമറ മാത്രമല്ല, കോണിച്ചുവട്, വാഴത്തണൽ, ഞാവൽചുമല്, പനയിരുൾ മറവ് അങ്ങനെ ഒരുപാട് ഒളിയിടങ്ങളുടെ ഭൂമികയായിരുന്നു കവിയുടെ കുട്ടിക്കാലം. ഈ ഒളിയിടങ്ങളെയൊക്കെയും കവിതയിൽ ബിംബവത്കരിച്ചിരിക്കുന്നതായി കാണാം. ഇത്രയൊക്കെയും വിശാലമായ ഒളിയിടങ്ങൾ ഉണ്ടായിട്ടും 'ചില നേരങ്ങളിൽ എന്നെ കണ്ടുപിടിക്കാറുണ്ട്' എന്ന് കവി തന്റെ നിഷ്കളങ്കമായ ബാല്യത്തിലെ തോൽവിയുടെ ഏടുകളെ ഓർത്തെടുക്കാൻ ശ്രമിച്ചു കൊണ്ടാണ് കവിത തുടങ്ങുന്നത്. സാധാരണ ഒളിച്ചു കളിക്കുമ്പോൾ പലപ്പോഴും അവസാനത്തെ ആളെ കണ്ടെത്താൻ ശ്രമിക്കാറില്ല.

ഏറെക്കുറെ ആൾക്കാരെ കണ്ടെത്തിക്കഴിഞ്ഞാൽ അവരെ വെച്ച് വീണ്ടും കളി ആരംഭിക്കുന്ന പ്രവണത ഒളിച്ചു കളിയിൽ നടക്കാറുണ്ട്. ഇത്തരത്തിൽ കവിയും കൂട്ടുകാരും കളിയുടെ ലഹരിയിൽ കണ്ടുപിടിക്കാൻ മറന്നു പോയ ഒരാളുണ്ടായിരുന്നു എന്ന നെടുവീർപ്പിലൂടെയാണ് കവിത ചലിക്കുന്നത്. ആരാലും കണ്ടുപിടിക്കപ്പെടാത്ത ആ ആൾ ആരാണെന്നതിന് കവി വ്യക്തമായ വിവരണം നൽകുന്നില്ല. കവിയടക്കം ഓരോ കുട്ടിയുടെയും ഉള്ളിന്റെ ഉള്ളിലുള്ള നിഷ്കളങ്കമായ കുട്ടിത്തത്തിന്റെ അവസാനത്തെ ശേഷിപ്പിനെയായിരിക്കാം ഒരു പക്ഷെ ആ ആളിലൂടെ പ്രതിനിധീകരിക്കുന്നത്. പിന്നീട് കൗമാരത്തിന്റെയും യൗവ്വനത്തിന്റെയും കുത്തൊഴുക്കിൽ ബാല്യത്തിന്റേതായ സകലകളികളും ചേഷ്ടകളും കുസൃതികളും ആഘോഷങ്ങളും അസ്തമിച്ചു. അതോടെ ജീവിതത്തിലെ യഥാർഥ്യങ്ങൾക്ക് മുന്നിൽ ഒളിച്ചു നടക്കുന്നവരായി നമ്മൾ മാറിയെന്ന് കവി തിരിച്ചറിയുന്നുണ്ട്. 'പല പല കെടുകാര്യങ്ങളിലാണ്' പിന്നീടവർ ഒളിക്കുന്നത്.

പലപ്പോഴും ഉത്തരവാദിത്വങ്ങളിൽ നിന്നും തന്റെ ചോദനകൾക്ക് തടസ്സം നിൽക്കുന്നതുമായ ഇടങ്ങളിൽ നിന്നും ഒളിച്ചോടാൻ ശ്രമിക്കുന്ന, സ്വാതന്ത്ര്യത്തിന്റെ, സ്വകാര്യതയുടെ വിശാലമായ ലോകത്തെ തേടുന്ന ചോരത്തിളപ്പിന്റെ യൗവ്വനം ഇവിടെ ചിത്രീകരിക്കപ്പെടുന്നു. ആഴക്കടലിൽ, മേഘച്ചിറകിൽ തുടങ്ങി പുതിയ ഒളിയിടങ്ങളിലേക്ക് ഒളിച്ചോടാൻ നമ്മൾ ശ്രമിക്കാറുണ്ടെന്ന് കവി സമ്മതിക്കുന്നു. ആഴക്കടലും മേഘച്ചിറകും വ്യക്തമായ പരിണാമചിത്രങ്ങളെ മുന്നോട്ടു വെക്കുന്നുണ്ട്. പണ്ട് പനയിരുൾ മറവും ഞാവൽച്ചുമലും വാഴത്തണലുമൊക്കെ ആയിരുന്നു ഒളിയിടങ്ങൾ എങ്കിൽ ഇപ്പോൾ ആശ്രയം മേഘച്ചിറകുകളും ആഴക്കടലും മാത്രമാണ്. പണ്ടുണ്ടായിരുന്ന ഒളിയിടങ്ങളൊക്കെയും അപ്രത്യക്ഷമായിരിക്കുകയാണ്. പരിഷ്കാരങ്ങളുടെ പുതിയ ലോകത്ത് ആ ഒളിയിടങ്ങളൊക്കെയും വെട്ടിമാറ്റപ്പെട്ടു. ആൾമറയും കോണിച്ചുവടും എല്ലാം ഇല്ലാണ്ടായി. ഗൃഹാതുരത്വത്തിന്റെ അവസാനശേഷിപ്പുകൾക്കും നാശം സംഭവിച്ചു.

പഴമയുടെ മൂല്യങ്ങളും സംസ്കാരങ്ങളും മനുഷ്യന്റെ നന്മയിലും സമാധാനത്തിലും അധിഷ്ഠിതമായിരുന്നു. വ്യക്തിയുടെ സ്വകാര്യതയ്ക്ക് അവിടെ സംരക്ഷണമുണ്ടായിരുന്നു. സദാസമയവും വീക്ഷിച്ചു കൊണ്ട് വ്യക്തിയുടെ സ്വകാര്യതയെ ചോർത്തിയെടുക്കുന്ന ഉപാധികളൊന്നും പണ്ടുണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ആ സ്ഥാനത്തേക്കാണ് സിസിടിവി ക്യാമറ പോലുള്ള ടെക്നോളജിയുടെ നൂതനമായ ഉപകരണങ്ങളും മറ്റും ഇടം പിടിച്ചിരിക്കുന്നത്. ലോകത്തിന്റെ ഏത് കോണിൽ പോയൊളിച്ചാലും നിമിഷങ്ങൾക്കകം കണ്ടെത്തപ്പെടുന്ന ഒരു ഇടത്തിലേക്കാണ് കവിയുടെ ബാല്യാനന്തര ജീവിതം കടന്നു ചെല്ലുന്നത്. 'എവിടെപ്പോയൊളിച്ചെന്നാലും കണ്ടുപിടിക്കും ചാരക്കണ്ണിന് താഴെ ലോകം തീരെ ചെറുതായ്തീരുന്നു' എന്ന് കവി പറയുന്നുണ്ട്. ടെക്നോളജി അടക്കി വാഴുന്ന ഒരു ലോകത്താണ് ഇന്ന് നമ്മൾ ജീവിക്കുന്നത്, പലയിടത്തും സിസിടിവി ക്യാമറകളുടെ വലിയ കൂട്ടങ്ങളാണ്. സദാസമയവും അതു മനുഷ്യനെ നിരീക്ഷിച്ചു

കൊണ്ടിരിക്കുകയും മനുഷ്യൻ എന്ത് ചെയ്യുന്നു, എവിടെപ്പോകുന്നു എന്ന് പകർത്തിവെക്കുകയും ചെയ്യുന്നു.

വ്യക്തിയുടെ സ്വകാര്യതയെ പൂർണ്ണമായും അപഹരിക്കുന്ന ഒരു ചാരക്കണ്ണായി സിസിടിവി ക്യാമറകൾ മാറുന്നുണ്ട്. ഇങ്ങനെയുള്ള ചാരക്കണ്ണുകൾക്ക് താഴെ ലോകം തീരെ ചെറുതായിപ്പോകുന്നു എന്ന് കവി കണ്ടെത്തുന്നുണ്ട്. ഇത്തരത്തിലുള്ള ചാരക്കണ്ണുകളാൽ, മനുഷ്യൻ നിയന്ത്രിക്കപ്പെടുകയും അവന്റെ സ്വാതന്ത്ര്യവും സ്വകാര്യതയും ഹനിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു അവസ്ഥയിൽ ലോകം ചെറുതായിപ്പോകുന്നു എന്ന പറച്ചിലിനെ തള്ളിക്കളയാനാവില്ല.

### വരികൾ

'വഴികൾ ചെന്നു കുലുക്കിയുണർത്തി

.......................................................

സ്ഫടികക്കുടുസുകൾ ഭാഷ വിചാരം.'

### ആശയ വിശദീകരണം

ഇന്നത്തെ അവസ്ഥാന്തരങ്ങളെ കവി വ്യക്തമായി ചിത്രീകരിക്കുകയാണിവിടെ. പണ്ടത്തെ ഇടവഴികളും ഇരുട്ടുവഴികളും കോണിച്ചുവടുകളും എല്ലാം അപ്രത്യക്ഷമായി. സ്ട്രീറ്റ് ലൈറ്റുകളും വെളിച്ചക്കീറുകളും കൊണ്ട് ഓരോ മറവും വെളിവായി എന്ന് കവി പരിതപിക്കുന്നു. മനുഷ്യന് ഒളിക്കാൻ മാത്രം ബഹ്യമായ ഇടങ്ങളൊക്കെയും പൂർണ്ണമായും ഇല്ലാണ്ടായി. ഓരോ നിമിഷവും തന്നെ ഏതോ ഒരാൾ വീക്ഷിച്ചു കൊണ്ടിരിക്കുന്നു എന്ന ചിന്തയിൽ, തന്റെ അബോധമണ്ഡലം കല്പിക്കുന്ന, യുക്തിക്കു നിരക്കാത്ത ഒന്നും അയാൾക്ക് പ്രവർത്തിക്കാനാവുന്നില്ല. ഇതിനെ നല്ലൊരു വശമായി എടുക്കാമെങ്കിലും ഓരോ വ്യക്തിയുടെയും സ്വകാര്യത സംരക്ഷിക്കപ്പെടുന്നത് മഹത്തായ കാര്യം തന്നെയാണ്. "വെളിച്ചം ദുഃഖമാണുണ്ണി.. തമസല്ലോ സുഖപ്രദം." എന്ന അക്കിത്തതിന്റെ വരികളെ "വെട്ടം വീഴ്ത്തി നടുക്കി ഓരോ മറവും വെളിവായ് " എന്ന് പരിതപിക്കുന്ന കവിമനസോടു ചേർത്തു വായിക്കാവുന്നതാണ്. ഉപയോഗിച്ചിരിക്കുന്ന ബിംബങ്ങളുടെ ആന്തരികാർഥത്തിലും ബാഹ്യാർഥത്തിലുമായി രണ്ട് കാലഘട്ടങ്ങളിലെ മാറ്റങ്ങളുടെ അടയാളങ്ങളെ കവിതയിൽ പകർത്തിവെക്കാൻ കവി ശ്രമിക്കുന്നുവെന്ന് കാണാം.

### വരികൾ

'തമ്മിൽ കാണുന്നില്ല നമ്മൾ

.......................................................

കാണുന്നില്ല, അത്രയടുത്തു ചരിക്കുമ്പോഴും'

### ആശയ വിശദീകരണം

ഈ വരികളിലൂടെ ഇന്നത്തെ സങ്കീർണ്ണമായ ബന്ധതലങ്ങളെയാണ് കവി നിർവചിക്കാൻ ശ്രമിക്കുന്നത്. ടെക്നോളജിയുടേതായ നൂതനകണ്ടുപിടിത്തങ്ങളുടെ ഉപയോഗം വിദൂരത്തുള്ള മനുഷ്യരെപ്പോലും പരസ്പരം അടുപ്പിക്കാനുള്ള വഴിതുറന്നു തരുന്നുണ്ട്. എന്നാൽ മനുഷ്യൻ മനുഷ്യനെ പരസ്പരം കാണുന്നില്ല എന്നതാണ് വാസ്തവം. പരസ്പരം കാണാതെ സൈബർ ഇടങ്ങളിലെ പ്രതീതി യഥാർഥ്യത്തിന്റെ ഒരു ലോകത്താണ് ഉത്തരാധുനികമനുഷ്യൻ ജീവിക്കുന്നത്. പരസ്പരം ചാറ്റ് ചെയ്ത് ആശയവിനിമയം ചെയ്യുമ്പോഴും അപ്പുറത്തിരിക്കുന്ന ആൾ മിഥ്യയാണോ യാഥാർഥ്യമാണോ എന്ന് സന്ദേഹിക്കും മട്ടിലുള്ള ബന്ധങ്ങളാണ് സൈബർ ഇടങ്ങളിലൂടെ സാധ്യമാക്കപ്പെടുന്നത്. വ്യക്തികേന്ദ്രീകൃതമായ മൊബൈൽഫോണുകളിലേക്കും മറ്റും മാത്രമായി മനുഷ്യൻ ചുരുങ്ങിപ്പോകുന്നു. "എത്രയതാര്യം നമ്മുടെ വാസസ്ഫടികകുടുസുകൾ, ഭാഷ വിചാരം" എന്ന വരികളിലൂടെ കൃത്യമായ സാമൂഹ്യരാഷ്ട്രീയം അവതരിപ്പിക്കുന്നുണ്ട് കവി. അതാര്യമാക്കപ്പെട്ട സ്ഫടികകുടുസുകൾ ഒരു വൈരുദ്ധ്യാത്മകമായ ബിംബമായാണ് ഇവിടെ വർത്തിക്കുന്നത്. സ്ഫടികം ഒരു സുതാര്യവസ്തുവാണ്. പ്രകാശത്തെ നന്നായി കടത്തി വിടുന്നവ. എന്നാൽ കവിതയിൽ സ്ഫടികത്തെ അതാര്യവസ്തുവായി ചിത്രീകരിച്ചിരിക്കുന്നു. അതായത് അത്രയടുത്തായി വിഹരിക്കുമ്പോഴും നമ്മുടെ സ്ഫടികകുടുസുകൾ, ഭാഷ, വിചാരം ഇവയൊക്കെയും അതാര്യമാക്കപ്പെടുന്നുവെന്ന് സമകാലിക സമൂഹയഥാർഥ്യങ്ങളെ കവി വരച്ചു കാട്ടുന്നു. മനുഷ്യൻ മനുഷ്യനെ കാണുന്നില്ല, തിരിച്ചറിയുന്നില്ല, മനസ്സിലാക്കുന്നില്ല. പരസ്പരം ഭാഷ നഷ്ടപ്പെട്ടവരായി മനുഷ്യൻ ജീവിക്കുന്നു.

SGOU



SREENARAYANAGURU OPEN UNIVERSITY

ഒരാളുടെ വികാരവിചാരങ്ങൾ, വേദനകൾ മറ്റൊരാളിലേക്ക് സംവേദനം ചെയ്യപ്പെടാൻ മാത്രം മനസാക്ഷി മരവിച്ച, അതാര്യമാക്കപ്പെട്ട സ്ഫടികക്കുടുസുകളായി മാറിയിരിക്കുന്നു മനുഷ്യമനസുകളും, ഭാഷയും വിചാരങ്ങളുമൊക്കെ. സ്വാർഥരായ മനുഷ്യൻ തന്റെ വ്യക്തിതാല്പര്യങ്ങളിലും ലോകത്തും മാത്രമായി ജീവിക്കുന്നു. അയൽവീട്ടിൽ മരണം നടന്നാൽ പോലും അത് ഒരു 'ഫോർവേഡ്' മെസ്സേജിലൂടെ അറിയുന്ന ഒരു സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്. പഴയ സാംസ്കാരികമൂല്യങ്ങളും സാമൂഹ്യബന്ധങ്ങളും കാലഹരണപ്പെട്ടു. ആൾമറകൾ ഇല്ലാതായത് പോലെ ഞാവൽച്ചുമലും പനയിരുൾമറവും ഇല്ലാതായത് പോലെ മാനുഷികമൂല്യങ്ങളും ബന്ധങ്ങളിലെ ഊഷ്മളതയും വൈകാരികതയും എല്ലാം ഇല്ലാണ്ടായി. നവമാധ്യമങ്ങളിലും മറ്റും കൊട്ടിഘോഷിക്കുന്ന സ്റ്റാറ്റസ് അപ്‌ലോഡുകളുടെ ബാഹ്യമായ സ്നേഹപ്രകടനങ്ങൾക്കപ്പുറം സ്നേഹബന്ധങ്ങളുടെയുമൊക്കെ ആത്മാവ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയാണ് വർത്തമാനകാലം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്. ചില്ലുകൂട്ടിൽ വെറും പ്രദർശനത്തിനു വേണ്ടി മാത്രം വെച്ച മധുരപലഹാരമായി ബന്ധങ്ങൾ മാറിയിരിക്കുന്നു. പരസ്പരം പങ്കുവെക്കലുകളുടെ പ്രക്രിയയ്ക്ക് കോട്ടം സംഭവിച്ചിരിക്കുന്നു. അതാര്യമാക്കപ്പെട്ട സ്ഫടികത്തിന് ഒരു പ്രകാശത്തെയും സ്വീകരിക്കാനോ പ്രതിബിംബങ്ങളെ പ്രതിഫലിപ്പിക്കാനോ കഴിയില്ല. അത്തരത്തിൽ മനുഷ്യരുടെ മനസ്സും ബന്ധങ്ങളുടെ നിർവചനങ്ങളും തിരുത്തപ്പെട്ടു കൊണ്ടിരിക്കുകയാണ്. 'അതാര്യമാക്കപ്പെട്ട സ്ഫടികം' എന്ന ബിംബം ഉത്തരാധുനിക കാലത്തെ വൈരുധ്യങ്ങളെ വ്യക്തമായി അവതരിപ്പിക്കുന്നു.

### വരികൾ

'എങ്കിലുമിടറിയ ചില രാവുകളിൽ

........................................................

നിത്യകിശോരകനായി'

### ആശയ വിശദീകരണം

അവസാനത്തെ ഈ വരികളിൽ ഒളിച്ചു കളിക്കുമ്പോൾ കണ്ടെത്താൻ മറന്ന അയാളെക്കുറിച്ച് കവി വീണ്ടും വാചാലനാവുന്നുണ്ട്. 'ഇടറിയ ചില രാവുകളിൽ ഉള്ളിൽ പനയും പടർവള്ളികളും നെയ്തോരിരുട്ടിൽ ആൾമറയില്ലാ കിണറിൽ നിന്നും ഉയർന്നു വരാറുണ്ടയാൾ' എന്ന് ദുരൂഹത കലർന്ന അവതരണത്തിലൂടെയാണ് കവിത അവസാനിക്കുന്നത്. 'നഷ്ടവസന്തത്തെ ഓർത്തെടുക്കുമ്പോഴാണ് രാവുകൾ 'ഇടറിയതാവുന്നത്'. ആ രാവിൽ വെച്ച് ആൾമറയില്ലാത്ത കിണറിൽ നിന്നും നമ്മൾ കണ്ടു പിടിക്കാൻ മറന്ന ആ ആൾ ഉയർന്നു വരാറുണ്ട് എന്ന് പറയുമ്പോൾ തന്റെ ആദിസത്തയെ അല്ലെങ്കിൽ കളങ്കപ്പെടാത്ത ഒരു നിഷ്കളങ്കതയെ മാറിയകാലത്തിന്റെ ആൾമറയില്ലാ കിണറിൽ നിന്നും വീണ്ടെടുക്കാൻ ശ്രമിക്കുന്ന കവിമനസിനെയാണ് ദർശിക്കാൻ ആവുന്നത്. 'നിത്യകിശോരകൻ' എന്നാണ് കവി അയാളെ വിശേഷിപ്പിക്കുന്നത്. ഇപ്പൊഴും ബാലനായി ഇരിക്കുന്ന, കുട്ടിത്തതിന്റെ നിഷ്കളങ്കതയും ആർദ്രതയും ഒട്ടും ചോർന്നു പോവാത്ത ഒരാളെ നമുക്കിവിടെ ദർശിക്കാം. ഒളിച്ചു കളിയിൽ ഒരിക്കലും കണ്ടെത്തപ്പെടാത്ത ആൾ ആണ് വിജയിക്കാറുള്ളത്. ഇവിടെ ഈ നിത്യകിശോരകൻ നിത്യവിജയൻ കൂടിയാണ്. ഒരു കാലത്തിനും ഒരു ഋതുഭേദങ്ങൾക്കും കണ്ടെത്താനോ അപഹരിക്കാനോ കഴിയാത്ത എന്നെന്നും നിത്യകിശോരകനായി തുടരുന്ന ആ ആളെ നമുക്ക് നമ്മുടെ തന്നെ ഉള്ളിലും കാണാം. ഒരു കണ്ണുകൾക്കും കീഴ്പ്പെട്ടു പോകാത്ത അങ്ങനെയുള്ള ആളെ നമുക്ക് ചുറ്റിലും കാണാം. ആൾമറയില്ലെങ്കിലും അയാൾക്ക് ആ ഓർമ്മകളെ അത്രയും തീവ്രതയോടെ അനുഭവിക്കാൻ ആവുന്നുണ്ട്. പലപ്പോഴും, അയാളെപ്പോലെതന്നെ മുഴുവൻനേരവും ജീവിച്ചു കൊണ്ടിരിക്കാൻ നമ്മൾ ആഗ്രഹിക്കാറുണ്ട്. ഓർമ്മകളുടെ വേലിയേറ്റങ്ങളിൽ കവി അയാളെ കണ്ടെത്തുന്നതോടെ കവിത അവസാനിക്കുന്നു.

### കാവ്യാവലോകനം

പാരമ്പര്യത്തിന്റെ വഴിയിലാണോ എന്ന് സന്ദേഹം തോന്നിക്കും മട്ടിലുള്ള ആഖ്യാനതലങ്ങളെയും പ്രമേയതലങ്ങളെയും സ്പർശിക്കുമ്പോൾ തന്നെ പുതിയകാലത്തിന്റെ ഭാവുകത്വശീലുകളെ തന്റേതായ രീതിയിൽ നെയ്തെടുക്കുവാനും കവിക്ക് കഴിയുന്നുണ്ട്. വ്യത്യസ്തമായ ബിംബകല്പനകളിലൂടെ പ്രമേയങ്ങളെ ആന്തരികവൽകരിച്ചു കൊണ്ടുള്ള പ്രയാണത്തിലൂടെ അദ്ദേ

SGOU

ഹത്തിന്റെ കവിതകൾ സഹൃദയന്റെ ഉള്ളിൽ ആഴത്തിൽ പതിയുന്നു. അത്തരത്തിൽ ബിംബ കല്പനയിലൂടെ വലിയൊരു ലോകത്തെ തുറന്നു വെക്കുന്ന, ഒരു കവിതയാണ് 'ആൾമറ'.

മാറുന്ന കാലത്തിനൊപ്പം നിരന്തരമായ പരിവർത്തനങ്ങൾക്ക് വിധേയമാക്കപ്പെട്ടു കൊണ്ടിരിക്കുന്ന സാമൂഹികസാഹചര്യങ്ങളെയും മനുഷ്യാവസ്ഥകളെയും വർത്തമാനകാല യഥാർഥ്യങ്ങളെയും കവി ചർച്ച ചെയ്യുന്നു. കാലഹരണപ്പെട്ടു പോയ പഴയ മൂല്യങ്ങളെയും ബന്ധതലങ്ങളെയും ചില ബിംബങ്ങളിലൂടെ അയവിറക്കിക്കൊണ്ട്, വീണ്ടെടുക്കാൻ പറ്റാത്ത ബാല്യത്തിന്റെ ആർദ്രമായ ഓർമ്മകളെ ഒരു നെടുവീർപ്പ് കൊണ്ട് താലോലിക്കുന്നതായി കവിതയിലുടനീളം അനുഭവപ്പെടുന്നുണ്ട്. തീർത്തും സംക്ഷിപ്തരൂപത്തിൽ കാവ്യമിതത്വതോടെയാണ് ഈ കവിത ചലിക്കുന്നത്. പഴയ കാലത്തിന്റെ ഊഷ്മളതയെയും പുതിയ കാലത്തിന്റെ സങ്കീർണതകളെയും അടയാളപ്പെടുത്താൻ ഔചിത്യപൂർണ്ണമായ ബിംബങ്ങളെയും ആവിഷ്കാരരീതികളെയുമാണ് കവി തിരഞ്ഞെടുത്തിരിക്കുന്നത്. സമകാലികപ്രസക്തി ഏറെ അർഹിക്കുന്ന ഈ കവിത സഹൃദയമനസ്സിലെ വികാരങ്ങളുടെയും യാഥാർഥ്യയുക്തിബോധങ്ങളുടെയും തലങ്ങളെ ഒരേ സമയം ഉണർത്തുന്നു.

പരത്തിപ്പറയുമ്പോൾ കവിതയുടെ ആത്മാവ് നഷ്ടപ്പെടുന്നു. എന്നാൽ ഒരു വാക്കിലൂടെ അനേകം അർഥതലങ്ങളെ ധ്വനിപ്പിച്ചു കൊണ്ട് കവിതയുടെ ആത്മാവിനെ അതിന്റെ പൂർണ്ണതയിൽ ഉണർത്തുകയാണ് റഫീക്ക് അഹമ്മദ് ശ്രമിക്കുന്നത്. തീർത്തും സംക്ഷിപ്തരൂപത്തിൽ ബിംബാത്മകമായി കാവ്യമിതത്വതോടെയാണ് ഈ കവിത ചലിക്കുന്നത്. അത്തരത്തിൽ റഫീക്ക് അഹമ്മദിന്റ കവിതകൾ ധ്വന്യാത്മകതയുടെ അനന്തകോടിയിൽ വിഹരിക്കുന്നു. ആൾമറ എന്ന കവിത മാത്രമല്ല റഫീക്ക് അഹമ്മദിന്റെ പല കവിതകളും ഇത്തരത്തിൽ ധ്വനിപ്പിക്കലുകളുടെയും ബിംബങ്ങളുടെയും വിളനിലമായി മാറുന്നുണ്ട്. ഉമ്മുക്കുലുസു, ശിവകാമി, വെളുപ്പ് പോലുള്ള കവിതകൾ റഫീക്ക് അഹമ്മദ് എന്ന കവിയുടെ വ്യത്യസ്തതയെ അടയാളപ്പെടുത്തുന്ന കവിതകളാണ്.

## Recap

- കിണറിനു ചുറ്റും പണിഞ്ഞു വെക്കുന്ന ആൾമറ, കോണിച്ചുവട്, വാഴത്തണൽ
- തന്റെ ചോദനകൾക്ക് തടസ്സം നിൽക്കുന്നതുമായ ഇടങ്ങളിൽ നിന്നും ഒളിച്ചോടാൻ ശ്രമിക്കുന്ന, സ്വാതന്ത്ര്യത്തിന്റെ, സ്വകാര്യതയുടെ വിശാലമായ ലോകത്തെ തേടുന്ന ചോരത്തിളപ്പിന്റെ യൗവ്വനം
- പരിഷ്കാരങ്ങളുടെ പുതിയ ലോകത്ത് ഒളിയിടങ്ങളൊക്കെയും വെട്ടിമാറ്റപ്പെട്ടു
- ഗൃഹാതുരത്വത്തിന്റെ അവസാനശേഷിപ്പുകൾക്കും നാശം സംഭവിച്ചു
- പഴമയുടെ മൂല്യങ്ങളും സംസ്കാരങ്ങളും മനുഷ്യന്റെ നന്മയിലും സമാധാനത്തിലും അധിഷ്ഠിതമായിരുന്നു. വ്യക്തിയുടെ സ്വകാര്യതയ്ക്ക് അവിടെ സംരക്ഷണമുണ്ടായിരുന്നു
- 'എവിടെപ്പോയൊളിച്ചെന്നാലും കണ്ടുപിടിക്കും ചാരക്കണ്ണ്
- 'വഴികൾ ചെന്ന് കുലുക്കിയുണർത്തി, വെട്ടം വീഴ്ത്തി, ഓരോ മറവും വെളിവായ്, വിറകൊള്ളുകയായ് ഇപ്പോൾ' എന്നിങ്ങനെ ഇന്നത്തെ അവസ്ഥാന്തരങ്ങളെ കവി വ്യക്തമായി ചിത്രീകരിക്കുന്നുണ്ട്.
- പണ്ടത്തെ ഇടവഴികളും ഇരുട്ട് വഴികളും കോണിച്ചുവടുകളും എല്ലാം അപ്രത്യക്ഷമായി.
- 'വെളിച്ചം ദുഃഖമാണുണ്ണി. തമസല്ലോ സുഖപ്രദം.'എന്ന അക്കിത്തതിന്റെ വരികളെ 'വെട്ടം വീഴ്ത്തി നടുക്കി ഓരോ മറവും വെളിവായ്'എന്ന് പരിതപിക്കുന്ന കവിമന

SGOU

സോട് ചേർത്തു വായിക്കാവുന്നതാണ്.

- ഉപയോഗിച്ചിരിക്കുന്ന ബിംബങ്ങളുടെ ആന്തരികർഥത്തിലും ബാഹ്യാർഥത്തിലുമായി രണ്ട് കാലഘട്ടങ്ങളിലെ മാറ്റങ്ങളുടെ അടയാളങ്ങളെ കവിതയിൽ പകർത്തിവെക്കാൻ കവി ശ്രമിക്കുന്നുവെന്ന് കാണാം.
- 'തമ്മിൽ കാണുന്നില്ല, അത്രയടുത്തു ചരിക്കുമ്പോഴും' എന്നാണ് ഇന്നത്തെ സങ്കീർണ്ണ മായ ബന്ധതലങ്ങളെ കവി നിർവചിക്കാൻ ശ്രമിക്കുന്നത്.
- നവമാധ്യമങ്ങളിലും മറ്റും കൊട്ടിഘോഷിക്കുന്ന സ്റ്റാറ്റസ് അപ്‌ലോഡുകളുടെ ബഹ്യ മായ സ്നേഹപ്രകടനങ്ങൾക്കപ്പുറം സ്നേഹവും ബന്ധങ്ങളുടെയുമൊക്കെ ആത്മാവ് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു അവസ്ഥയാണ് വർത്തമാനകാലം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്.
- ചില്ലുകൂട്ടിൽ വെറും പ്രദർശനത്തിനു വേണ്ടി മാത്രം വെച്ച മധുരപലഹാരമായി ബന്ധ ങ്ങൾ മാറിയിരിക്കുന്നു. പരസ്പരം പങ്കുവെക്കലുകളുടെ പ്രക്രിയയ്ക്ക് കോട്ടം സംഭവി ച്ചിരിക്കുന്നു.
- അതാര്യമാക്കപ്പെട്ട സ്ഫടികത്തിന് ഒരു പ്രകാശത്തെയും സ്വീകരിക്കാനോ പ്രതിബിംബ ങ്ങളെ പ്രതിഫലിപ്പിക്കാനോ കഴിയില്ല.
- തീർത്തും സംക്ഷിപ്തരൂപത്തിൽ ബിംബാത്മകമായി കാവ്യമിതത്വതോടെയാണ് ഈ കവിത ചലിക്കുന്നത്.

## Objective Type Questions

1. ഗ്രാമവൃക്ഷത്തിലെ വവ്വാൽ ആരുടെ കൃതിയാണ്?
2. തോരാമഴ എന്ന കൃതി രചിച്ചത് ആര്?
3. 2006 - ലെ കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച റഫീക്ക് അഹമ്മദിന്റെ കൃതി?
4. എന്തുകൊണ്ടാണ് നമ്മളൊരാളെ കണ്ടു പിടിക്കാൻ മറന്നത്?
5. പല പല കെടുകാര്യങ്ങളിൽ നമ്മളെന്ത് ചെയ്തു?
6. എങ്ങനെയാണ് നമ്മൾ വഴികളെ നടുക്കിയത്?
7. നമ്മൾ എവിടെ ഒളിച്ചാലും കണ്ടു പിടിക്കുന്നതെന്താണ്?
8. നമ്മുടെ വാസസ്ഥലവും ഭാഷയും വിചാരവും എന്തായി തീർന്നു?
9. എവിടെ നിന്നാണ് അയാൾ ഉയർന്നു വരുന്നത്?
10. കണ്ടു പിടിക്കാൻ പണ്ടു മറന്നവൻ എങ്ങനെയാണ് കടന്നു വരുന്നത്?

SGOU

## Answers

1. റഫീക്ക് അഹമ്മദ്
2. റഫീക്ക് അഹമ്മദ്
3. ആൽമറ
4. കളിയുടെ ലഹരിയിൽ
5. ഒളിച്ചു നടന്നു
6. വെട്ടം വീഴ്ത്തി നടുക്കി
7. ചാരക്കണ്ണുകൾ
8. അതാര്യമായ സ്ഫടികക്കുടുസുകൾ
9. ആൽമറയില്ലാ കിണറ്റിൽ നിന്ന്
10. നിത്യകിശോരകനായി

## Assignments

1. 'ആൽമറ' എന്ന കവിതയിലെ ആശയങ്ങളെയും സമകാലിക സംഭവങ്ങളെയും മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.
2. റഫീക്ക് അഹമ്മദിന്റെ കാവ്യജീവിതത്തെ പരിചയപ്പെടുത്തുക.
3. ഉത്തരാധുനിക കവിതകളുടെ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.
4. ആൽമറയും വ്യക്തിയുടെ വിഹ്വലതകളും - ഉപന്യസിക്കുക.

## Reference


1. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം
2. എൻ. അജയകുമാർ, ആധുനികത മലയാളകവിതയിൽ, കറന്റ് ബുക്സ്, കോട്ടയം.
3. എസ്. രാജശേഖരൻ, കവിത: വിതയും കൊയ്ത്തും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.


## Suggested Reading


1. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. കെ.എം. ജോർജ്, ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം


SGOU

# യൂണിറ്റ് – 5
# ഇൻസ്റ്റലേഷൻ

**വീരാൻകുട്ടി**

## Learning Outcomes

- ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ ഗ്രഹിക്കുന്നു.
- വീരാൻകുട്ടിയുടെ കാവ്യലോകത്തെ പരിചയപ്പെടുന്നു
- മലയാളകവിതയിൽ വീരാൻകുട്ടിയുടെ ഇൻസ്റ്റലേഷൻ എന്ന കവിതയുടെ ഇടം കണ്ടെത്തുന്നു

## Prerequisites

"ഭൂമിക്കടിയിൽ
വേരുകൾ കൊണ്ടു
കെട്ടിപ്പിടിക്കുന്നു
ഇലകൾ തമ്മിൽ
തൊടുമെന്ന് പേടിച്ച്
നാം അകറ്റി നട്ട മരങ്ങൾ"

പുതിയ കാലത്തെ പ്രണയിതാക്കൾ പല തവണ വായിച്ചും സ്റ്റാറ്റസ് വെച്ചും പോസ്റ്റ് ചെയ്തും ആഘോഷിച്ച വരികളാണിവ. നവമാധ്യമങ്ങളിൽ വൻ സ്വീകാര്യതയോടെ ഈ വരികളിലൊക്കെയും കാണുന്ന പ്രത്യേകത തന്നെയാണ് വീരാൻകുട്ടി എന്ന കവിയെ വ്യത്യസ്തനാക്കുന്നത് എന്ന് കാണാം. കവിതയിൽ ഏറ്റവും അനുയോജ്യമായ പദങ്ങളെ മാത്രം വിളക്കിയെടുത്ത് സുതാര്യവും ലാളിത്യവും വരുത്തി ഓരോ അനുഭൂതികളെയും അനുഭവങ്ങളെയും അത്രമേൽ സൂക്ഷ്മമായി അവതരിപ്പിക്കുന്നതിൽ കവിക്കുള്ള പാടവം അസാമാന്യമാണ്. പ്രണയം പോലുള്ള മൃദുലവികാരങ്ങളെ തീവ്രമായി ആവിഷ്കരിക്കുമ്പോഴും ജീവിതത്തിന്റെ ഇരുട്ടിൽ കഴിയുന്ന ഭൂമിയിലെ സർവജീവന്റെയും കണ്ണീരൊപ്പുന്ന കരങ്ങളായി വീരാൻകുട്ടിയുടെ കവിതകൾ മാറുന്നുണ്ട്.

അത്തരത്തിൽ സഹജീവികളോട് താദാത്മ്യം പുലർത്തിപ്പോരുന്ന ഒരു കുഞ്ഞുകവിതയാണ് ഇൻസ്റ്റലേഷൻ. മലയാളകവിതയിൽ ഭാവുകത്വത്തിന്റെ തനതുവഴി സൃഷ്ടിച്ചെടുത്ത കവിയാണ് വീരാൻകുട്ടി. പുതുകവിതയുടെ ആത്മഭാവങ്ങളെ പൂർണ്ണമായും ഒപ്പിയെടുക്കാൻ വീരാൻകുട്ടിക്ക് കഴിയുന്നുണ്ട്. കാലചലനങ്ങളിൽ നിന്നും ഒപ്പിയെടുത്ത ജീവിതചിത്രങ്ങളാണ് വീരാൻ കുട്ടിയുടെ കാഴ്ചകളിൽ തെളിയുന്നത്. ഭൂമിയുടെ നിലവിളിയും ആകാശത്തിന്റെ കണ്ണീരും നിരാലംബരുടെ വ്യഥകളും അരികുവത്കരിക്കപ്പെട്ടവരുടെ നിസ്സഹായതയും പെണ്ണിന്റെ ദുരന്തവുമൊക്കെ വീരാൻകുട്ടിയെന്ന കവിയെ അസ്വസ്ഥപ്പെടുത്തുന്നു. അതുകൊണ്ടു തന്നെ അവർക്കൊക്കെയും വേണ്ടിയുള്ള ശബ്ദങ്ങളായി വീരാൻകുട്ടിയുടെ കവിതകൾ പിറവികൊള്ളുന്നു. മലയാളകവിതയിൽ സ്വന്തമായി ഒരു ശൈലി

SGOU

രൂപപ്പെടുത്തിയ എഴുത്തുകാരനാണ് വീരാൻകുട്ടി. സൂഫി മിസ്റ്റിക് പാരമ്പര്യം ആവോളം ഈ കവിയെ സ്വാധീനിച്ചിട്ടുണ്ട്; അതേസമയം സമകാലികമായ ഒരു ജാഗ്രത കവിതയിൽ നിലനിർത്താനും അദ്ദേഹത്തിനായി. അനാവശ്യമായ യാന്ത്രികത കുത്തിനിറച്ച തന്റെ സമ കാലിക കവിതകളിൽ നിന്നും അകന്ന് വൈകാരികതയ്ക്ക് പ്രാധാന്യം നൽകുന്ന കവിത കളാണ് വീരാൻകുട്ടി കൂടുതലും എഴുതിയത്.

'കവിത അതെഴുതുന്ന ആളിന്റെ ജൈവസ്വരൂപമായി പിണഞ്ഞു കിടക്കുന്നതിനാൽ പുറമേ എത്ര വ്യത്യസ്തമാകാൻ ശ്രമിച്ചാലും അകമേ ഒരേ കവിതയുടെ തുടർച്ചതന്നെയാ വും അവ. എങ്കിലും ഒരേ മട്ട് മുഷിയാൻ തുടങ്ങുമ്പോഴുള്ള ചില പുതുക്കലുകൾ എന്റെ യും സ്വപ്നമാണ്. ചെറുകവിതാരൂപത്തിലേക്കുള്ള മാറ്റമെല്ലാം ഒരു ശ്രമത്തിന്റെ ഫലമായി സംഭവിച്ചത്. അതിന്റെ വിജയപരാജയങ്ങൾ വായനക്കാർ നിശ്ചയിക്കട്ടെ' എന്നാണ് തന്റെ കവിതകളെക്കുറിച്ച് വീരാൻകുട്ടി പറയുന്നത്. പ്രത്യയശാസ്ത്ര നാട്യങ്ങളില്ലാതെ പ്രകൃതി യും മണ്ണും ജൈവികതയും ഉൾച്ചേർന്ന ചെറുതും വലുതുമായ സൃഷ്ടികളാൽ കവിതക്ക് നവഭാവുകത്വവും ജൈവരാഷ്ട്രീയവും സമ്മാനിക്കുന്നുണ്ട് അദ്ദേഹം. ചെറിയ രൂപത്തിൽ ഗഹനമായ ആശയങ്ങൾക്ക് ഗദ്യശൈലിയിൽ കവി അക്ഷരാവിഷ്കാരം നൽകുമ്പോൾ, താളവും ലയവും പ്രാസവും പോലും അറിയാതെ സംഭവിക്കുന്നതായി വായനക്കാരന് അനുഭവപ്പെടും. അതുതന്നെയാണ് വീരാൻകുട്ടിയെ വേറിട്ടു നിർത്തുന്നതിന്റെ പ്രധാന ഘടകവും.

എന്താണ് കവിത എന്നതിന് പലർക്കും പല തരത്തിലാവും ഉത്തരങ്ങൾ. അക്ഷരം കൊ ണ്ട് പറയാവുന്ന ലോകത്തെ ഏറ്റവും ലാവണ്യപരമായ അനുഭവത്തിന് കവിതയെന്നും പ്രണയമെന്നും പേരിടാൻ വീരാൻകുട്ടിക്ക് യാതൊരു വൈമനസ്യവുമില്ല. ഭൂമിയുടെയും പ്രകൃതിയുടെയും ജൈവിക സംരക്ഷണത്തിന്റെ രാഷ്ട്രീയം കവിതകളിൽ ഉയർത്തിക്കൊ ണ്ടുവരുന്ന ഒരു ചെറിയ കവിതയാണ് 'അരുതേ'.

'അരുതേ
എന്നു തൊട്ടാവാടി
കൈ കൂപ്പി
നിശ്ശബ്ദം യാചിച്ചത്
ഈ ഭൂമിക്കു വേണ്ടിയായിരുന്നു എന്ന്
ഓർത്തിരുന്നുവോ
പിഴുതുകളയുമ്പോൾ'

തീരെ ചെറിയ പ്രവൃത്തികൾ മൂലം പ്രകൃതിയെ നമ്മളറിയാതെ എത്രമേൽ പരിക്കേൽ പ്പിക്കുന്നു എന്നതിലേക്കുള്ള സർഗാത്മകമായ ഒരു ഉണർത്തലായി മാറുന്നു ഇത്തരം കവിതകൾ. പ്രണയം കൂടൊഴിയുന്ന വരണ്ട മനസ്സുകളിൽ പ്രണയത്തിന്റെ ദിവ്യമന്ത്രങ്ങൾ കൊണ്ട് ഹർഷോന്മാദം സൃഷ്ടിച്ചെടുക്കാനും ഈ കവിക്ക് ഏറെയൊന്നും ക്ലേശപ്പെടേണ്ടി വരുന്നില്ല. ഈയൊരു കാവ്യശൈലിയിൽ ലാളിത്യവും അസാമാന്യ ഉൾക്കാഴ്ചയും സർ ഗാത്മകത കൊണ്ട് അടയാളപ്പെട്ടു കിടക്കുന്ന കവിതയുടെ പുതുവഴിയിൽത്തന്നെയാണ് വീരാൻകുട്ടി തന്റെ കാവ്യസഞ്ചാരത്തെ വേറിട്ടതാക്കുന്നത്. അതു കൊണ്ടായിരിക്കാം വീ രാൻകുട്ടിക്കവിതകൾക്ക് മലയാളത്തിനുമപ്പുറം ഇംഗ്ലീഷ്, ജർമ്മൻ, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നട, മറാഠി ഭാഷകളിലേക്കെല്ലാം മൊഴിമാറ്റമുണ്ടായത്.

SGOU

തൊണ്ണൂറുകളിൽ തന്നെ മലയാളകവിത ഒരു നവഭാവുകത്വത്തിന് വിധേയമായിതുടങ്ങിയിരുന്നു. കവിതയുടെ ഘടന, ഭാവം ഇവയെപ്പറ്റിയുണ്ടായിരുന്ന പാരമ്പര്യധാരണകളെ പുതുകവിത ആട്ടിമറിച്ചു. കവിതയുടെ ദൈർഘ്യം കുറഞ്ഞ് കുറുങ്കവിതകളായി മാറി, വൃത്തങ്ങളുടെ അഭാവം, തെളിച്ചമുള്ള ഗദ്യത്തിന്റെ വിവിധ മാതൃകകൾ, അതിവർണ്ണനകളുടെയും അലങ്കാരങ്ങളുടെയും അഭാവം, പരിസ്ഥിതി -ദളിത്-സ്ത്രീ രാഷ്ട്രീയം പറയുന്ന പ്രമേയങ്ങൾ ഇവയൊക്കെ പുതുകവിതയുടെ പ്രത്യേകതകളാണ്. ഉത്തരാധുനികത എന്ന സങ്കല്പത്തിലൂന്നിക്കൊണ്ട് ഒരുപാട് പുതുകവികൾ തങ്ങളുടേതായ ഭാവുകത്വവഴികൾ സൃഷ്ടിച്ചെടുത്തു. മനുഷ്യൻ എന്ന സാമാന്യ പരികല്പനയായിരുന്നു ആധുനികത മുന്നോട്ടുവെച്ചിരുന്നത്. പാർശ്വവത്കരിക്കപ്പെട്ട സ്വത്വങ്ങളെ അവർ പരിഗണിച്ചില്ല. എന്നാൽ ജാതി - മത -ലിംഗ പരിഗണയില്ലാത്ത സാർവദേശീയനായ മനുഷ്യനെ പുതുകവിത അംഗീകരിക്കുന്നില്ല. ഉത്തരാധുനിക ജീവിതപരിസരത്തോടും അതിന്റെ ചൂഷണാത്മക നയങ്ങളോടുമുള്ള സംഘർഷാത്മകതയാണ് ഉത്തരാധുനിക കവിതകൾ പലതും ആവിഷ്കരിച്ചത്. പ്രാന്തവത്കൃതസ്വത്വങ്ങളെ അവ അടയാളപ്പെടുത്തുന്നു. ചെറുരൂപത്തിൽ അഴമുള്ള ആശയം ഗദ്യവത്കരിച്ചു കൊണ്ട് കവിതയെഴുതിയ വീരാൻകുട്ടി പരിസ്ഥിതി, സ്ത്രീ - ദളിത് - വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ശബ്ദമായി തന്റെ കവിതകളെ മാധ്യമമാക്കിയിട്ടുണ്ട്. ടി. പി രാജീവൻ, പി. പി രാമചന്ദ്രൻ, എം. ആർ. രേണുകുമാർ തുടങ്ങി ഒട്ടേറെ കവികൾ വീരാൻകുട്ടിയുടെ സമാന്തരരായി ഉത്തരാധുനിക കവിതയെ മുന്നോട്ട് നയിക്കുന്നുണ്ട്.

സ്വാർഥമനുഷ്യരാൽ ചൂഷണം ചെയ്യപ്പെടുന്നവർക്കായുള്ള, അവരുടെ നിലനിൽപ്പിനായുള്ള കവിയുടെ അപേക്ഷയാണ് ഈ കവിത. പ്രകൃതി, അധ:സ്ഥിതരും പാവപ്പെട്ടവരുമായ മനുഷ്യർ, പെണ്ണ് ഈ മൂന്ന് വിഭാഗങ്ങൾ നിരന്തരം ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കാലത്തെയാണ് ഉത്തരാധുനികത അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ, ഇവയ്ക്കൊക്കെയും സാക്ഷിയാകേണ്ടിവന്ന ഒരു കവിയുടെ വേദനയിൽ നിന്നും ഉറവയെടുത്ത മറുവാക്കുകളാണ് ഈ കവിത. മനുഷ്യരോടുള്ള അപേക്ഷ എന്നതിലപ്പുറം ദൈവത്തോടുള്ള പ്രാർഥനയായും കവിത മാറുന്നുണ്ട്. ഒരു ഇക്കോ, ദളിത്, ഫെമിനിസ്റ്റ് വായനയ്ക്കുള്ള സൂചനകൾ കവിത മുന്നോട്ട് വെക്കുന്നുണ്ട്. പുതിയ കാലത്തെ അഭിസംബോധന ചെയ്യുന്ന ഈ കവിതയുടെ ഇൻസ്റ്റലേഷൻ എന്ന തലക്കെട്ട് കവിതയെ പൂർണ്ണമാക്കുന്നുവെന്ന് പറയാം. സർവതും, പുതിയ രൂപകല്പനയിലും ഭാവങ്ങളിലുമായി ഓരോ കാലത്തും അപ്ഡേറ്റ് ചെയ്യപ്പെട്ട്, ഇൻസ്റ്റാൾ ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു കാലത്ത് നല്ല നാളെയുടെ കരുതലിനുവേണ്ടി കവിയുടേതായ ഒരു മോഡൽ ഇൻസ്റ്റലേഷൻ ചെയ്യുന്നതിനുള്ള ആഹ്വാനമായി ഈ കവിത മാറുന്നു. ശക്തമായ പരിസ്ഥിതിരാഷ്ട്രീയം മുന്നോട്ട് വെക്കുന്ന കവിതയാണ് ഇൻസ്റ്റലേഷൻ.

**ഉത്തരാധുനിക കവിത**

ആധുനികതയുടെ നിഷേധമായല്ല പരിവർത്തനമായാണ് ഉത്തരാധുനികത മലയാള കവിതയിൽ കടന്നുവരുന്നത്. സാങ്കേതികവിദ്യയിലുണ്ടായ കുതിച്ചുചാട്ടം, നവമാധ്യമങ്ങളുടെ രൂപപ്പെടൽ, മാധ്യമങ്ങളുടെയും ഇന്റർനെറ്റിന്റെയും സ്വാധീനം, ഇലക്ട്രോണിക് സംസ്കാരം നിർമ്മിച്ച നവയുഗം, അറിവിന്റെ കുത്തകവൽകരണം എന്നിങ്ങനെ പുതിയ കാലത്തിന്റെ പുതിയ അനുഭവങ്ങൾ ഉത്തരാധുനികത എന്ന സവിശേഷ കാലഘട്ടം രൂപം കൊള്ളാൻ കാരണമായി. വൈവിധ്യമാണ് ഉത്തരാധുനികതയുടെ സവിശേഷത. അതുവരെ കേൾക്കാതെ പോയ ശബ്ദങ്ങളെ അത് വീണ്ടെടുക്കുന്നു. അത് ചരിത്രത്തെയും പാരമ്പര്യ

SGOU

ത്തെയും പുനർവായിക്കുന്നു. ഏകാത്മകമായ യുക്തികളെ അത് ശിഥിലമാക്കി. സാഹിത്യത്തിലെ കർതൃത്വപദവി ചോദ്യം ചെയ്യപ്പെട്ടു. നവമാധ്യമ സംസ്കാരം പുതിയ എഴുത്തിടവും എഴുത്തുകാരെയും നിർമ്മിച്ചു. ഫ്ളെക്സിബിലിറ്റി (flexibility) യാണ് ഉത്തരാധുനിക കവിതകളുടെ മറ്റൊരു സ്വഭാവം. യന്ത്രചേതനയ്ക്കും മനുഷ്യചേതനയ്ക്കും ഇടയിലെ സംഘർഷങ്ങൾ ഉത്തരാധുനികത നമുക്ക് കാട്ടിത്തരുന്നു. വാമൊഴിഭേദങ്ങൾ, പ്രാദേശികത, രാഷ്ട്രീയം, പുതിയശൈലികളും പദങ്ങളും രൂപപ്പെടൽ എന്നിവ ഉത്തരാധുനിക കവിതകളുടെ സവിശേഷതയാണ്. പലപ്പോഴും കാഴ്ചയുടെ വിരുന്നായി കവിത മാറുന്നുണ്ട്. സാവിത്രി രാജീവൻ, വി. എം. ഗിരിജ, അനിത തമ്പി, കെ. ആർ. ടോണി, വീരാൻകുട്ടി, എസ്. ജോസഫ്, മോഹനകൃഷ്ണൻ കാലടി, മനോജ് കുറൂർ, പി. എൻ. ഗോപീകൃഷ്ണൻ, പി. പി. രാമചന്ദ്രൻ, പി. രാമൻ തുടങ്ങിയവർ ഉത്തരാധുനികതയുടെ ആദ്യനിരയിലെ പ്രധാനപ്പെട്ട കവികളാണ്.

**പ്രധാന കൃതികൾ**

ജലഭൂപടം, മാന്ത്രികൻ, ഓട്ടോഗ്രാഫ്, തൊട്ടുതൊട്ടു നടക്കുമ്പോൾ, മൺവീറ്, ഓൾവെയ്സ് ഇൻ ബ്ലൂം, ഉണ്ടനും നൂലനും, നാലുമണിപ്പൂവ്, കുഞ്ഞൻപുലി കുഞ്ഞൻമുയലായ കഥ

## Keywords

ഉത്തരാധുനിക കവിത - ലളിതമായ ഭാഷ, ഭാരമില്ലാത്ത കവിത-പുതിയ കാലത്തിന്റെ അനുഭവങ്ങൾ-പരിസ്ഥിതി ദർശനം-പോസ്റ്റ് ഹ്യൂമനിസം

## Discussion

പ്രപഞ്ചത്തിന്റെ ഒരു ഇൻസ്റ്റലേഷൻ കവിതയിൽ നിർമ്മിക്കുകയാണ് കവി. അതിൽ എന്തൊക്കെ ചേർക്കണമെന്നും എവിടെയൊക്കെ ചേർക്കണമെന്നും എന്തുകൊണ്ട് ചേർക്കണമെന്നും കവി പറയുന്നു. പോസ്റ്റ് ഹ്യൂമനിസത്തിലേക്ക് കടന്ന ആലോചനകൾ നമുക്ക് ഈ കവിതയിൽ കാണാം. പരിസ്ഥിതിദർശനം അക്കൂട്ടത്തിൽ എടുത്തുപറയേണ്ടതാണ്. മനുഷ്യകേന്ദ്രീകൃതമായ അനുഭവത്തിൽനിന്ന് പ്രപഞ്ചകേന്ദ്രീകൃതമായ വീക്ഷണത്തിലേക്ക് വായനക്കാരെ കവി കൊണ്ടുപോകുന്നു.

### വരികൾ

"ഇരുട്ടിനെ അവിടെത്തന്നെ

..............................................

കരിയോലപ്പുര"

### അർഥ വിശദീകരണം

| | | |
|---|---|---|
| ഇരുട്ട് | = | വെളിച്ചമില്ലാത്ത അവസ്ഥ |
| മാറിയുടുക്കാൻ ഇല്ലാത്തവർ | = | ആവശ്യത്തിന് വസ്ത്രം ഇല്ലാത്തവർ |
| തുണി | = | വസ്ത്രം |

### ആശയ വിശദീകരണം

ഇരുട്ടിനെ അവിടെത്തന്നെ നിർത്തിയേക്കണേ എന്ന് കവി പറയുകയാണ്. കാരണം മാറിയുടുക്കാൻ തുണിയില്ലാത്തവരുടെ മറുതുണിയാണത്. വീടില്ലാത്തവരുടെ കറുത്ത ഓലപ്പുരയാണ് അത്

നിരാലംബരും പാവപ്പെട്ടവരുമായ മനുഷ്യരെപ്പറ്റിയുള്ള വ്യഥകളോടെയാണ് കവിത തുടങ്ങുന്നത്. അംബരചുംബികളായ വീടുകൾക്കുള്ളിൽ സുഖമായി കഴിയുന്നവരും ഓരോ ദിനവും ഓ

SGOU

രോ വസ്ത്രം മാറി മാറി ധരിച്ചു ആഘോഷമാക്കുന്നവരും ജീവിക്കുന്ന ഒരു ലോകത്ത് തന്നെ കയറിക്കിടക്കാൻ ഒരു കൂര ഇല്ലാതെ, മാറ്റിയുടുക്കാൻ ഒരു തുണിക്കഷ്ണം പോലും ഇല്ലാതെ കഷ്ടപ്പെടുന്ന എത്രയോ പാവപ്പെട്ട മനുഷ്യരുണ്ട്. അവർക്ക് ഏക ആശ്രയം പ്രകൃതിയാണ്. അവർക്ക് മുന്നിൽ ഇരുട്ടിനെ ഒരു അനുഗ്രഹമായാണ്, കവി പ്രതിഷ്ഠിച്ചിരിക്കുന്നത്. മാറിയുടുക്കാൻ ഇല്ലാത്തവരുടെ മറുതുണിയും വീടില്ലാത്തവരുടെ കരിയോലപ്പുരയുമായ ഇരുട്ടിനെ അവിടെത്തന്നെ വെച്ചേക്കണേ എന്ന അപേക്ഷ, ഏറ്റവും ഒടുവിലത്തെ അഭയംതേടലോ രക്ഷ തേടലോ ആയി മാറുന്നു. അവരുടെ നിലനിൽപ്പിന് ഹേതുവായി നിൽക്കുന്ന അവസാനത്തെ ശേഷിപ്പിനെയെങ്കിലും വെറുതെ വിടണേ, അവരെയും ജീവിക്കാൻ വിടണേ എന്ന കേണപേക്ഷ ഈ വരികളിൽ നിറഞ്ഞുനിൽക്കുന്നു. അരികുവത്കരിക്കപ്പെട്ട ജനതയുടെ നിസ്സഹായത കവിയെ എന്നും അസ്വസ്ഥപ്പെടുത്തിയിട്ടേ ഉള്ളു. അധ:സ്ഥിതരെന്നു മുദ്രകുത്തപ്പെട്ട ആദിവാസി ജനവിഭാഗങ്ങൾക്കു നേരെയുള്ള മനുഷ്യന്റെ കൈകടത്തലുകൾ നടന്നുകൊണ്ടിരിക്കുന്ന ഒരു കാലത്തെ ഈ വരികൾ അടയാളപ്പെടുത്തുന്നുണ്ട്. അവരുടെ ആവാസവും ഭൂമിയും കയ്യേറിക്കൊണ്ട് അവരുടെ നിലനിൽപ്പിനെത്തന്നെ ഇല്ലാതാക്കികൊണ്ടിരിക്കുന്നവരോടുള്ള കവിയുടെ അപേക്ഷയും പ്രാർഥനയുമാണ് ഈ വരികൾ. അടുത്ത വരികളിലും ഈ അപേക്ഷയുടെ തുടർച്ചയെ അവതരിപ്പിക്കുമ്പോൾ കവിയെപ്പോലെത്തന്നെ വായനക്കാരനും അതുമായി ആഴത്തിൽ താദാത്മ്യപ്പെടുന്നു.

## വരികൾ

'ഭൂമിയെ അവിടെത്തന്നെ വെച്ചേക്കണേ

..................................................

അതിൽ മാത്രം തണിയുന്ന പൊള്ളിച്ചകളുണ്ടേ'

## ആശയ വിശദീകരണം

ഭൂമിയെ അവിടെത്തന്നെ വെച്ചേക്കണേ എന്ന് കവി പറയുന്നു. തിന്നാൻ ഒന്നുമില്ലാതാകുമ്പോൾ തിന്നാനുള്ള മണ്ണാണത്. കാറ്റിനെ തരംപോലെ അയച്ചുവിട്ടേക്കണം. അതുകൊണ്ട് മാത്രം തണുക്കുന്ന പൊള്ളലുകൾ ഉണ്ടെന്ന് കവി പറയുന്നു. കാറ്റിനെ പിടിച്ചു കെട്ടി, മണ്ണിനെ ഇല്ലാതാക്കി ലോകത്തെ നിശ്ചലമാക്കാൻ ശ്രമിക്കുന്ന കാലത്തോടായാണ് കവി സംസാരിക്കുന്നത്. നാളേക്ക് വേണ്ടിയുള്ള വിഭവങ്ങളുടെ കാത്തു വെക്കൽ എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് ഈ വരികൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

മണ്ണിന്റെ മക്കൾക്ക് ആശ്രയം മണ്ണ് മാത്രമാണ്. അവരുടെ നിലനിൽപ് അവിടെയാണ്. കാടുകൾ നശിപ്പിക്കുമ്പോൾ കൃഷിയിടങ്ങളിൽ നശിപ്പിക്കുമ്പോൾ ജീവൻതന്നെ നഷ്ടപ്പെട്ടു പോയേക്കാവുന്ന, നിലനിൽപ് അപകടത്തിലാവുന്ന ഒരു ജനതയുണ്ട്. ആ ജനതയ്ക്കുവേണ്ടിയാണ് ഈ വരികളിലൂടെ കവി ശബ്ദിക്കുന്നത്. 'തിന്നാനൊന്നുമില്ലാതാകുമ്പോൾ തിന്നാനുള്ള മണ്ണാണതിൽ' എന്നതിൽ ഒരു മുന്നറിയിപ്പിന്റെ സൂചന കൂടി കവി ഒളിപ്പിച്ചുവെക്കുന്നുണ്ട്. ഇന്ന് ഭൂമിയെ നിരന്തരം ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്ന മനുഷ്യൻ നാളെ, അനുഭവിക്കാനിരിക്കുന്നതേയുള്ളൂ എന്ന പ്രവചനം ഈ വരികളിലുണ്ട്. ശ്വാസവായു കിട്ടാതെ, വിശപ്പുമാറ്റാൻ ഒന്നുമില്ലാതെ കഷ്ടപ്പെടേണ്ടിവന്നേക്കാവുന്ന ഒരു കാലത്ത് തീർച്ചയായും മനുഷ്യൻ മണ്ണിലേക്ക് മടങ്ങാൻ ആഗ്രഹിക്കും. അല്ലെങ്കിലും ഭൂമിതന്നെയാണ് അവന്റെ നിലനിൽപ്. ആ ഭൂമിയെ അവിടെത്തന്നെ വെച്ചേക്കണേ എന്ന് കവി വിനയപൂർവം അപേക്ഷിക്കുന്നു.

"കാറ്റിനെ തരംപോലെ അയച്ചുവിട്ടേക്കണം
അതിൽ മാത്രം തണിയുന്ന പൊള്ളിച്ചകളുണ്ട്"

ദൈവത്തോടുള്ള പ്രാർഥനയാണ് ഈ വരികളിൽ മുഴങ്ങുന്നത്. പൊള്ളലുകൾക്ക് ആശ്വാസമാകുന്ന കാറ്റുകളുണ്ട്. തണുപ്പിക്കുന്ന കാറ്റിന്റെ രൂപത്തിൽ ചില മനുഷ്യരോ വാക്കുകളോ പ്രത്യക്ഷപ്പെടാറുണ്ട്. അവ കൊണ്ടുമാത്രം തണുക്കുന്ന പൊള്ളിച്ചകളെപ്പറ്റിയും കവി ഉണർത്തുന്നുണ്ട്. അടുത്ത വരികളിലും ഇതേ ചിന്തകളാണ് പ്രതിഫലിക്കുന്നത്.

## വരികൾ

'സൂര്യൻ അവിടെ തന്നെ നിൽക്കട്ടെ

..................................................

ആവശ്യമുള്ള പാവങ്ങൾ കാണും'.



SGOU

## അർഥ വിശദീകരണം

ഏറിയും കുറഞ്ഞു = കൂടിയും കുറഞ്ഞു
വെളിവാകട്ടെ = തെളിയട്ടെ

## ആശയവിശദീകരണം

സൂര്യൻ അവിടെത്തന്നെ നിൽക്കട്ടെ എന്ന് പറയുമ്പോൾ താളം തെറ്റാത്ത ഒരു പ്രകൃതിക്കുവേണ്ടി ആഗ്രഹിക്കുകയും തേടുകയും ചെയ്യുന്ന കവിയെ കാണാം. ചന്ദ്രൻ ഏറിയും കുറഞ്ഞും അതിന്റെ മുഖം വെളിവാക്കട്ടെ, അതുകൊണ്ടൊക്കെ ആവശ്യമുള്ള പാവങ്ങൾ കാണും എന്നും പറയുന്നിടത്ത് സന്തുലിതാവസ്ഥയുടെ ആവശ്യകതയെയാണ് വിളിച്ചോതുന്നത്. പ്രകൃതിക്കും മനുഷ്യനും കൃത്യമായ സന്തുലിതാവസ്ഥ ആവശ്യമാണ്. ഇല്ലെങ്കിൽ താളം തെറ്റുകയും നിലനിൽപ്പിനെ അപകടകരമായി ബാധിക്കുകയും ചെയ്യും. പരസ്പരം ഉൾക്കൊണ്ടുകൊണ്ടുള്ള മുന്നോട്ടുപോകലാണ് ഉചിതം. അമിതമായാൽ അമൃതും വിഷം എന്ന് പറയുന്നതു പോലെ കുറഞ്ഞു പോയാൽ അതും അപകടകരമാണ്. അതിനാൽ സന്തുലിതാവസ്ഥയിലുള്ള താളമാണ് ആവശ്യം.

## വരികൾ

'ചേരിയിലെ കടലാസു വീടുകളെക്കൂടി

.............................................................

നെറുകയിൽ വീഴ്ത്താനാണ്'.

## ആശയവിശദീകരണം

ഈ വരികളിൽ ഒരു വിതുമ്പലുണ്ട്. ആർത്തലച്ചു പെയ്ത മഴയിൽ ഒലിച്ചു പോയ ഒരു പറ്റം പാവങ്ങളെ ഓർത്തുള്ള വിതുമ്പൽ. മഴ അനുഗ്രഹമാണെന്ന് പറയുമ്പോഴും വീടില്ലാത്തവർക്കും കടലാസുവീടുകളുള്ളവർക്കും മഴ ദുരന്തം തന്നെയാണെന്ന് സമ്മതിക്കേണ്ടി വരുന്നു. ചേരികളിൽ കഴിയുന്ന പാവപ്പെട്ട മനുഷ്യരെ ആശങ്കയോടെയാണ് ഓർക്കുന്നത്. ഒരു മഴയത്തും ചോർന്നുപോവാത്ത, ഒലിച്ചു പോവാത്ത, കെട്ടുറപ്പുള്ള വീടോ കൂരയോ അവർക്കില്ല, എപ്പോൾ വേണമെങ്കിലും ഒലിച്ചു പോയേക്കാവുന്ന കടലാസു വീടുകളിലാണ് അവർ ജീവിക്കുന്നത്. അതുകൊണ്ട് തന്നെ മഴയെ കെട്ടഴിച്ചു വിടുമ്പോൾ, ഈ പാവപ്പെട്ടവരെയും കൂടി പരിഗണിക്കണേ എന്ന് കവി പ്രാർഥിക്കുന്നു. കയറിക്കിടക്കാൻ കൂരയില്ലാത്തവരോട് മഴ മനോഹരമാണെന്ന് പറയരുതെന്ന ട്രെൻഡിങ് ഡയലോഗ് ഇവിടെ ഓർത്ത് വെക്കാവുന്നതാണ്. കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിലുണ്ടായ മഴക്കെടുതി മൂലം ഏറ്റവും കൂടുതൽ ദുരിതമനുഭവിച്ചത് ചേരികളിലും കോളനികളിലും മറ്റും ജീവിക്കുന്ന പാവപ്പെട്ട മനുഷ്യരായിരുന്നു. മഹാപ്രളയത്തിൽ പെട്ട്, മഴക്കെടുതിയിൽ പെട്ട് ജീവൻ നഷ്ടപ്പെട്ടവരും അഭയം നഷ്ടപ്പെട്ടവരുമായ എത്രയോ സഹജീവികളുടെയും മുഴുവൻ ദുഃഖവും ഒറ്റയ്ക്കു പേറുന്ന കവിയുടെ സർഗാത്മകമനസ് ഈ വരികളിലൊക്കെയും പ്രകടമാണ്.

"ഇടിത്തീ
ആകാശത്തിൽ
തൂങ്ങിയ മട്ടിൽ ഇരിക്കട്ടെ
പെൺകുഞ്ഞുങ്ങളുടെ പിറകേ
പായുന്നവന്റെ നെറുകയിൽ വീഴ്ത്താനാണ്."

തികഞ്ഞ ഈർഷ്യയാണ് ഈ വരികളിൽ നിറഞ്ഞു നിൽക്കുന്നത്. സ്ത്രീകൾ അനുഭവിക്കുന്ന അടിച്ചമർത്തലുകളും ദുരിതങ്ങളും കവിയെ എന്നും മുറിപ്പെടുത്തിയിരുന്നു. കാമത്തിന്റെ കഴുകൻ കണ്ണുകളുമായി, കൊച്ചുകുഞ്ഞുങ്ങളെപ്പോലും കുരുതിക്ക് കൊടുക്കുന്ന ക്രൂരതയോട് കവിക്ക് അടങ്ങാത്ത ഈർഷ്യയും കോപവുമാണ്. അവരുടെ നെറുകയിൽ ഇടിത്തീ വീഴട്ടെ എന്ന് കവി ആശിക്കുന്നു. കാരണം പറഞ്ഞു നന്നാക്കേണ്ട കാലമൊക്കെ അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിയും ഇത് തുടർന്നാൽ ഇനിയും എത്രയോ പെൺകുഞ്ഞുങ്ങൾ പിച്ചി ചീന്തി എറിയപ്പെടും എന്ന പേടി കവിയെ പിന്തുടരുന്നുണ്ട്. അതുകൊണ്ട് തന്നെയായിരിക്കാം മനുഷ്യനെ സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഈ കവി ഒരു വിഭാഗത്തിന്റെ നാശത്തിനെ തേടിക്കൊണ്ടിരിക്കുന്നത്. നിസ്സഹായരായ ദുർബല വിഭാഗത്തിന് വേണ്ടിയുള്ള ആത്മാർഥമായ നിലവിളിയാകുന്നുണ്ട് ഈ കവിത.

SGOU

**വരികൾ**

'അവശേഷിക്കുന്ന കുന്നുകളെ

.......................................................................

അദൃശ്യമാക്കുക'

### ആശയവിശദീകരണം

ഭൂമിയിലെ ഏറ്റവും വലിയ ജലസ്രോതസ്സാണ് കുന്ന്. മനുഷ്യൻ സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടി കുന്നുകളെ ഒന്നടങ്കം നിരത്തി വെളുപ്പിക്കുന്നു. ഓരോ വേനലിലും ജലക്ഷാമത്തിന്റെ ദുരനുഭവങ്ങൾ നേരിടേണ്ടി വന്നാലും ബോധവാന്മാരാവാത്ത മനുഷ്യർ, ദിനംപ്രതി കുന്നുകളെയൊക്കെയും കാർന്നു തിന്നുന്നു. കുന്നിടിയ്ക്കൽ വ്യാപകമാവുമ്പോൾ നശിച്ചു കൊണ്ടിരിക്കുന്നത് ഭൂമിയുടെ സന്തുലിതാവസ്ഥയാണെന്നും താളംതെറ്റുന്ന പ്രകൃതി, മനുഷ്യരടക്കം സർവജീവജാലങ്ങൾക്കും നിലനിൽപിന് തന്നെ ഭീഷണിയാണെന്നും മനുഷ്യൻ തിരിച്ചറിയുന്നില്ല. അറിഞ്ഞവർ തന്നെ, യഥാർഥ വസ്തുതകൾക്ക് ഒട്ടും വിലകൽപ്പിക്കാതെ സ്വാർഥതാല്പര്യങ്ങൾക്കു പിറകെ പോവുന്നു.

ഇനിയും മനുഷ്യനെ പറഞ്ഞു പഠിപ്പിക്കുന്നത് നിഷ്ഫലമാണെന്ന് തിരിച്ചറിയുന്ന കവി, ഒടുവിൽ, അവശേഷിക്കുന്ന കല്ലുകളെ ഉരുക്കിൽ വാർത്തു വെക്കാൻ കൽപ്പിക്കുന്നു. അങ്ങനെ അവശേഷിക്കുന്ന കുന്നുകളെയെങ്കിലും സംരക്ഷിക്കാമല്ലോ എന്ന പ്രത്യാശയാണ് കവിയെ നയിക്കുന്നത്. യന്ത്രപ്പല്ലുകൾക്ക് തൊടാൻ പറ്റാത്ത വിധത്തിൽ കുന്നുകളെ ഉരുക്കിൽ വാർത്തു വെയ്ക്കപ്പെടാൻ കവി തേടുന്നു. ജെസിബിയെയാണ് ഇവിടെ യന്ത്രപ്പല്ലുകളായി ചിത്രീകരിച്ചിരിക്കുന്നത്. ജലാശയങ്ങളെ അദൃശ്യമാക്കി വെക്കണമെന്ന് അപേക്ഷിക്കുന്നുണ്ട് കവി. ഇനിയും മണ്ണിട്ട് നികത്താനും മണൽവാരി നശിപ്പിക്കാനും മാത്രം ജലാശയങ്ങളെ മനുഷ്യന് വിട്ടു കൊടുക്കരുതെന്ന് കവി ആഗ്രഹിക്കുന്നു. പരിസ്ഥിതിയെ നശിപ്പിക്കുന്നവരോടുള്ള തന്റെ ശക്തമായ പ്രതിഷേധവും രേഖപ്പെടുത്തുക കൂടിയാണ് കവി ഈ വരികളിൽ ചെയ്യുന്നന്നത്.

**വരികൾ**

'മനുഷ്യനെ ചെറുതാക്കി

...................................................

ഇടമുണ്ടെങ്കിൽ മാത്രം'

### ആശയവിശദീകരണം

ലോകമൊരു തറവാട് തനിക്കീ ചെടികളും പുൽകളും എന്ന ദർശനത്തിൽ നിന്നും മണ്ണിലേക്കും പുഴുവിനും ശേഷം ഇടമുണ്ടെങ്കിൽ മാത്രം നിലനിർത്തേണ്ടുന്ന മനുഷ്യനെപ്പറ്റി പറഞ്ഞു വെക്കുന്ന ഒരു ദർശനത്തിലേക്കുള്ള മാറ്റം കാലത്തിന്റെ അടയാളപ്പെടുത്തലാണ്. ഈ ഭൂമിയിലും അതിലെ വിഭവങ്ങളും മനുഷ്യനു മാത്രമുള്ളതെന്നാണ് മനുഷ്യന്റെ വിചാരം. ദുർബലമായ പ്രകൃതിയെ മനുഷ്യൻ ചൂഷണം ചെയ്ത് തന്റെ സുഖലോലുപതാതാല്പര്യത്തെ തൃപ്തിപ്പെടുത്തുന്നു. ആ മനുഷ്യന് ഇനി ഒട്ടും ഇടമില്ലാതിരിക്കുന്നതാണ് നല്ലതെന്ന് കവി തിരിച്ചറിയുന്നു. മനുഷ്യനെ ചെറുതാക്കി വെക്കുന്നതാണ് പ്രകൃതിയുടെ വീണ്ടെടുപ്പിനും നിലനിൽപിനുമുള്ള പ്രധാന പരിഹാരമെന്ന് കവി ആഹ്വാനം ചെയ്യുന്നു. പ്രകൃതിയെ മാത്രമല്ല അധഃസ്ഥിതരുടെയും പാവപ്പെട്ട മനുഷ്യരുടെയും സ്ത്രീകളുടെയും നിലനിൽപിന് അഹങ്കാരിയും ദുരാഗ്രഹിയുമായ മനുഷ്യൻ ഇല്ലാതിരിക്കുക എന്നതാണ് ഏറ്റവും നല്ല പോംവഴിയെന്ന് കവി ചൂണ്ടിക്കാട്ടുന്നുണ്ട്. ഇങ്ങനെ ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ദുർബലവിഭാഗങ്ങൾക്കു വേണ്ടിയുള്ള ഒറ്റപ്പെട്ട ശബ്ദമായി ഈ കവിത വർണ്ണിക്കുന്നു.

### കാവ്യാവലോകനം

ഒരു എക്കോ - ദളിത് - ഫെമിനിസ്റ്റ് വായനയ്ക്കുള്ള ടെക്സ്റ്റായി ഈ കവിത മാറുന്നുണ്ട്. ബഹുസാംസ്കാരികതയുടെ മേഖലയിലാണ് ഉത്തരാധുനിക കവിത നിലനിൽക്കുന്നത്. കവിതയിൽ നിലനിന്നിരുന്ന കേന്ദ്രീകൃത സംസ്കൃതിയും സൗന്ദര്യബോധവും നീക്കിതുടച്ചു അനേകം ജാതികളും വിഭാഗങ്ങളും ദേശങ്ങളും അവയുടെ സംസ്കൃതിയുമൊക്കെ ഉത്തരാധുനിക കവിതകളിൽ ഇടം പിടിച്ചു. വീരൻകുട്ടിയുടെ ഈ കവിതയിൽ വ്യത്യസ്തങ്ങളായ സ്വ

SGOU

ത്വങ്ങളെ പരാമർശിക്കുന്നുണ്ട്. സ്ത്രീ, ദളിത്, പരിസ്ഥിതി തുടങ്ങി അരികുവത്കരിക്കപ്പെടുന്നവരും ചൂഷണം ചെയ്യപ്പെടുന്നതുമായ ദുർബല വിഭാഗങ്ങൾക്ക് വേണ്ടിയാണ് ഈ കവിത ശബ്ദിക്കുന്നത്. നല്ല നാളേക്കു വേണ്ടിയുള്ള ആഹ്വാനങ്ങളും അപേക്ഷകളുമാണ് കവി നടത്തുന്നത്. ചെറുതും വലുതുമായ അമ്പത്തിയാറ് കവിതകളാണ് ധ്യാനത്തിന്റെയും മൗനത്തിന്റെയും വിനീതത്വത്തിന്റെയും അനുഭവങ്ങളാകുന്ന മിണ്ടാപ്രാണി എന്ന കവിതാസമാഹാരത്തിലുള്ളത്.

സ്മാരകം, കിളിപ്പാട്ട്, ഒടുക്കം, ചൂണ്ട, മാവോ, അപരിചിതം, ഇൻസ്റ്റലേഷൻ, ഉടുപ്പ്, തിരയൽ തുടങ്ങി പേരുപോലെതന്നെ വ്യത്യസ്തത പുലർത്തുന്നവയാണ് മിണ്ടാപ്രാണിയിലെ കവിതകൾ. ഈ കവിതകളിലെല്ലാം നിഴലിക്കുന്നത് വന്യമായ നിശബ്ദതയാണ്. എങ്കിലും അവ നിശബ്ദഭാഷയിലൂടെ സംസാരിക്കാൻ ശ്രമിക്കുന്നുണ്ട്. 'നമുക്കിടയിലെ മരം' എന്ന കവിതയിൽ ഊമയാണെന്നു കരുതിയ മരം പ്രിയപ്പെട്ട ആരോടൊ പൂക്കൾക്കൊണ്ട് സംസാരിക്കുന്നു. 'അരുതേ' എന്ന കവിതയിലാകട്ടെ, പിഴുതെടുക്കപ്പെടുമ്പോൾ തൊട്ടാവാടി കൈകൂപ്പി അരുതേ എന്ന് നിശബ്ദം യാചിക്കുന്നതു കേൾക്കാം. ഇങ്ങനെ മിണ്ടാപ്രാണിയിലെ എല്ലാപ്രാണികളും മൂകമായി സംസാരിക്കുന്നു. ഇവരുടെയെല്ലാം നിശബ്ദമായ വാക്കുകൾ ഹൃദയമുള്ളവരെ വേദനിപ്പിക്കാൻ കഴിവുള്ളതാണ്. ബിംബങ്ങൾകൊണ്ട് കവിത രചിക്കുന്ന കവിയെയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. കുമാരനാശാനും വള്ളത്തോളും മാത്രമല്ല പ്രാസവും വൃത്തവുമില്ലാതെഴുതിയ അവരുടെ പിൻതലമുറകളും കാലക്രമത്തിൽ അംഗീകരിക്കപ്പെട്ടു. ഓരോ തലമുറയും കൊണ്ടുവന്ന പുതുമകളോട് മുൻതലമുറക്കാർ മുഖം തിരിച്ചെങ്കിലും പിൻതലമുറയാൽ ഒഴുക്ക് നിലയ്ക്കാതെ കവിതയുടെ ഭാഷ പലമാറ്റങ്ങളിലൂടെയും മുന്നോട്ടു തന്നെ കടന്നു പോയി.

ഇൻസ്റ്റലേഷൻ - ഇരുട്ട്, മണ്ണ്, കാറ്റ്, സൂര്യൻ, മഴ, ഇടി, കുന്ന് എന്നിങ്ങനെയുള്ള അജൈവ വസ്തുക്കളിലൂടെ സമകാലിക ജീവിതത്തിന്റെ കഠിനയാഥാർഥ്യങ്ങളെ അനാവരണം ചെയ്യുന്ന കവിതയാണ്. ഇരുട്ട്, കൂരയായും, ഉടുതുണിയില്ലാത്തവന്റെ മറയായും തീരുമ്പോൾ ഭൂമിയിലെ മണ്ണ് ദരിദ്രന്റെ അന്നമാകുന്നു. കാറ്റ് പൊള്ളിയവന്റെ നീറ്റലാറ്റുന്ന മരുന്നാകുന്നു. ഇങ്ങനെ അജൈവപ്രപഞ്ചം ജൈവസാന്നിധ്യമായും നിലനിൽപ്പിന്റെ ആധാരശിലകളായും കവിതയിൽ മാറുന്നത് കാണാം. കവിതയിൽ ഭാഷയുടെ പ്രൗഢിയെ സംബന്ധിച്ച് കെട്ടിപ്പൊക്കിയ ധാരണകൾ ഇന്ന് ഏതാണ്ട് ഇടിഞ്ഞു വീണിരിക്കുന്നു. അല്ലെങ്കിൽ അത്തരം ധാരണകളെ ഗൗനിക്കാതെ പ്രാദേശികഭാഷയോ ന്യൂജെൻ പ്രയോഗങ്ങളോ ഒക്കെ കവിതയിൽ തല നിവർത്തി കടന്നുവരുന്നു. ഭാഷാഭേദങ്ങളുടെ, പ്രാദേശിക ഭാഷകളുടെ ഉപയോഗമായല്ല മറിച്ച്, മാനകഭാഷയുടെ തന്നെ ലാളിത്യമായാണ് വീരാൻകുട്ടിയുടെ കവിതകളിലെ ഭാഷ തെളിയുന്നത്. പ്രമേയത്തിൽ, കാവ്യബിംബങ്ങളുടെ തെരഞ്ഞെടുപ്പിൽ, പലപ്പോഴും രൂപത്തിൽ ഒക്കെ പ്രകടമാകുന്ന സവിശേഷസ്വഭാവമാണ് ഈ ലാളിത്യം. തീരെ ചെറിയ ഒച്ചകളെക്കുറിച്ചും ചെറുചലനങ്ങളെക്കുറിച്ചും ചെറുവസ്തുക്കളെക്കുറിച്ചും പറയുന്ന വീരാൻകുട്ടിക്കവിതകൾ ചെറുതുകൾക്കൊപ്പം നിൽക്കുന്ന രാഷ്ട്രീയ നിലപാടുകൾ കൂടിയായിത്തീരുന്നുണ്ട്.

ദൈവങ്ങളെക്കുറിച്ചും വലിയ മനുഷ്യരെക്കുറിച്ചും വലിയ സംഭവങ്ങളെക്കുറിച്ചും വലിയ വസ്തുക്കളെക്കുറിച്ചും പറഞ്ഞു തുടങ്ങിയ മലയാള കവിതയുടെ നടപ്പുവഴിയിൽ സാധാരണമായ ഭാഷയും സാധാരണപ്രമേയങ്ങളും കാലക്രമത്തിൽ കടന്നു വരുന്നുണ്ടെങ്കിലും വരേണ്യമായ ഒരു ഭാവുകത്വശീലത്തിന്റെ അവശേഷിപ്പുകൾ പലതരത്തിൽ ഇന്നും നിലനിൽക്കുന്നുണ്ട്. അത്തരമൊരു കവിതാലോകത്ത് ഏറെക്കുറെ ചെറുതുകളെക്കുറിച്ച് മാത്രം പറഞ്ഞു കൊണ്ട് ഒരു കവി സ്വീകാര്യനായിത്തീരുന്നു എന്നത് പ്രധാനമാണ്. പൊതുവേ കവിതകളുടെ ജനപ്രിയത കുറഞ്ഞിട്ടുണ്ട് എന്ന വിലയിരുത്തൽ നിലനിൽക്കുമ്പോഴും ക്യാമ്പസുകളിലും ഓൺലൈൻ ഫ്ളാറ്റ്ഫോമുകളിലും വീരാൻകുട്ടിക്കവിതകൾ പറന്നു നടക്കുന്നു. അപ്പൂപ്പൻതാടി, തൊട്ടാവാടി, സൂചി, നൂല്, ചെറുവിരൽ, നഖം, രോമം, ചിലന്തിവല, മെഴുകുതിരി, പാത്രത്തിലെ വെള്ളം, അരിമണി, ഉറുമ്പ്, ഇല, മണ്ണിര എന്നിങ്ങനെ നിസ്സാരമായി കണക്കാക്കപ്പെടുന്ന എത്ര


SREENARAYANAGURU OPEN UNIVERSITY

യെത്ര വസ്തുക്കളെയാണ് വീരാൻകുട്ടി തന്റെ കവിതകൾക്കുള്ള അസംസ്കൃതവസ്തുക്കളാക്കുന്നത് എന്നത് വായനക്കാരെ അത്ഭുതപ്പെടുത്തും. ചെറുവസ്തുക്കളെ എഴുത്തിനുപയോഗിക്കുന്നു എന്ന് പറയുമ്പോൾ പല തരത്തിലുള്ള ചെറുതുകളാണ് അവ. ഭാരം കുറഞ്ഞവ, ഒച്ച കുറഞ്ഞവ, കനം കുറഞ്ഞവ, ദുർബ്ബലമായവ. അങ്ങനെ ചെറുതിന്റെ തന്നെ പലവകഭേദങ്ങളെ നാം വീരാൻകുട്ടിയുടെ കവിതകളിൽ കാണുന്നു. ചെറുതായിരിക്കുക എന്നാൽ പ്രയോജനരഹിതമായിരിക്കുക എന്നല്ല. ചെറുതിന്റെ പ്രയോജനം മനസ്സിലാക്കപ്പെടുന്നില്ല എന്നാണ്,അഥവാ ചെറുതുകൾ അദൃശ്യമാക്കപ്പെടുന്നു എന്നാണ്

'ഈ ചെറുവിരലെന്തിനെന്നു തോന്നാം
അതുകൊണ്ടെന്തു പ്രയോജനം?
എങ്കിലും അതിനും കാണും
ചെറിയ ചില പ്രയോജനങ്ങൾ
ഇല്ലാതാകുമ്പോൾ മാത്രം അറിയാനാവുന്നത്'

എന്ന് 'ചെറുതിന്റെ പ്രയോജനം എന്ന കവിതയിൽ വീരാൻകുട്ടി എഴുതുന്നത്. ഇതുകൊണ്ടാണ് അറിവില്ലായ്മയുടെ ഭാരക്കുറവിൽ പറക്കുന്ന അപ്പൂപ്പൻ താടിയുടെ ശ്രമം - എളിയതെങ്കിലും അത് ധീരമാണ്. വീണുപോകുന്നിടത്ത് അതൊരു സ്മാരകമായി ഉയരുമെന്നും മരമായി തണൽ വിരിക്കുമെന്നും വീരാൻകുട്ടി എഴുതുമ്പോൾ ചെറുതെങ്കിലും അർഥപൂർണ്ണമായ ഒരു ജീവിതത്തിന്റെ ചിത്രം നമുക്ക് കിട്ടുന്നു.

'ഉണ്ണുന്നവർ
ഓർമ്മിക്കുമ്പോലെയാവില്ല
അരിമണി
ഓർക്കുന്നത് മെതിക്കുമ്പോൾ ഏറ്റ ചവിട്ടിനെ'

എന്ന് 'അനുഭവം' എന്ന കവിതയിലെഴുതുന്ന വീരാൻകുട്ടി മറ്റനേകം കവിതകളിൽ ചവിട്ടേക്കുന്നവന്റെയും ചവിട്ടേൽക്കുന്നവളുടെയും പക്ഷത്ത് നിൽക്കുന്നു. അരികുവൽക്കരിക്കപ്പെടുക എന്നത് ഒരു തെരഞ്ഞെടുപ്പോ സഹനമെന്നത് സന്തോഷമോ, പിൻമാറലെന്നത് നിസ്സംഗതയോ അല്ലെന്ന് കവി വ്യക്തമാക്കുന്നു. സ്ത്രീയനുഭവിക്കുന്ന വിവേചനങ്ങളെ, അവളുടെ സ്വാതന്ത്ര്യകാംക്ഷകളെ സൂക്ഷ്മമായി പകർത്തിവെച്ചിട്ടുള്ള കവി കൂടിയാണ് വീരാൻകുട്ടി. 'പുകയില്ലാത്ത അടുപ്പുകളുടെ ഉപമ' എന്ന കവിതയിൽ സ്ത്രീജീവിതത്തെ കവി മൂന്ന് അടുപ്പു കല്ലുകളോട് ഉപമിക്കുന്നു. അമ്മയും ഭാര്യയും മകളുമായി, അവൾ ചെയ്യുന്ന വിവിധവേഷങ്ങളാണ് മൂന്ന് അടുപ്പുകല്ലുകൾ. പുകയില്ലാത്ത അടുപ്പുകൾക്കാണ് കൂടുതൽ സ്വീകാര്യത എന്ന് പറയുന്ന കവിത സങ്കടങ്ങൾ ഒതുക്കി വെച്ച് സ്വയം സഹിച്ച് കടന്നു പോകുന്ന സ്ത്രീജീവിതങ്ങൾക്ക് കിട്ടുന്ന സ്വീകാര്യതയിലേക്ക് കൂടി വിരൽ ചൂണ്ടുന്നു. വീരാൻകുട്ടിയുടെ കവിതകളിലാകെ നിറഞ്ഞു നിൽക്കുന്ന സാന്നിധ്യമാണ്, പ്രകൃതി. അതിലെ ചെറിയ ഒച്ചകളെയും മണത്തെയും ചെറുചലനങ്ങളെയുമെല്ലാം അദ്ദേഹം തന്റെ കവിതകളിലേക്ക് ഒപ്പിയെടുക്കുന്നു. ഒരു ധ്യാനത്തിന്റെ ഏകാഗ്രതയും സൂക്ഷ്മതയും പരിസ്ഥിതിയെക്കുറിച്ചെഴുതുമ്പോൾ അദ്ദേഹത്തിന്റെ കവിതകൾക്ക് കൈവരുന്നു.

'അരുതേ എന്നു തൊട്ടാവാടി
കൈകൂപ്പിനിശ്ശബ്ദം യാചിച്ചത്
ഈ ഭൂമിക്ക് വേണ്ടിയായിരുന്നു എന്ന്
ഓർത്തിരുന്നുവോ പിഴുതുകളയുമ്പോൾ'

എന്ന് 'തൊട്ടാവാടി' എന്ന കവിതയിലെഴുതിയത് വായിക്കുമ്പോൾ തൊട്ടാവാടിയുടെ കൂമ്പുന്ന ഇലകളെ ഇങ്ങനെ വായിച്ചിട്ടേ ഇല്ലല്ലോ എന്ന് നാം അത്ഭുതപ്പെടുന്നു. പുതിയ ലോകത്തിന്റെ വേഗങ്ങളെയും ടെക്നോളജി നടത്തുന്ന ഇടപെടലുകളെയും വീരാൻകുട്ടി തന്റെ കവിതകളിൽ ആവിഷ്കരിച്ചിട്ടുണ്ട്.

അതിർത്തികളെക്കുറിച്ച് നാം വെച്ച ഒച്ചകൾക്കെല്ലാം മീതെയായി മുൾവേലി പൂത്തിരിക്കുന്നത് അദ്ദേഹം കാണിച്ചുതരുന്നു. ഇലകൾ തമ്മിൽ തൊടുമെന്ന് പേടിച്ച് നാം അകറ്റി നട്ട മരങ്ങൾ മണ്ണിനടിയിൽ വേരുകൾ കൊണ്ട് കെട്ടിപ്പിടിക്കുന്നത് നാം കാണുന്നു. പുഴയെന്നും കടലെന്നും വിഭജിച്ചും പേരിട്ടും അച്ഛനുമമ്മയും നടത്തുന്ന യുദ്ധത്തെ വെള്ളമെന്ന് പറഞ്ഞ് തീർപ്പാക്കുന്ന മകളെപ്പോലെ മനുഷ്യർക്കിടയിലെ വിഭജനങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുകയും ഏകതയെ ഉറപ്പിക്കുകയും ചെയ്യുന്നുണ്ട് വീരാൻകുട്ടിക്കവിതകൾ. നാവടക്കം എന്ന കവിതയിൽ രാഷ്ട്രീയ

നിലപാടുകളില്ലാതെ, നിശ്ശബ്ദതയും നിഷ്പക്ഷതയും പാലിക്കുന്നതിനെക്കുറിച്ചാണ് വീരാൻകുട്ടി പറയുന്നത്. അദ്ദേഹത്തിന്റെ കവിതകൾ നിലപാടുകളില്ലാത്ത നിശ്ശബ്ദതകളല്ല. ഉരഗമെങ്കിലും അത് പത്തിവിടർത്തുന്നു. കവിത സ്വാഭാവികമായി വായനക്കാരനെ സ്വാധീനിക്കുകയാണിവിടെ, ഭാഷയുടെ തെളിമയും ഈ കവിതകളുടെ എടുത്തു പറയേണ്ട പ്രത്യേകതയാണ്. പ്രകൃതിയും മനുഷ്യനും ദൈവവും എല്ലാം ഇവിടെ കവിതയിൽ സമാധാനത്തോടെ സ്നേഹത്തോടെ കഴിയുന്നു.

വീരാൻകുട്ടിയുടെ കവിതകളിലെ വാക്കുകളായ വാക്കുകൾ മുഴുവൻ പ്രാർഥനകളായി മരങ്ങളെ നനക്കുന്ന ജലകണികകൾ തന്നെയാണെന്ന് അദ്ദേഹത്തിന്റെ കവിതകൾ വായിക്കുമ്പോൾ നമുക്ക് ബോധ്യമാകും. ആത്മീയതയും പ്രണയവും പരിസ്ഥിതിയുമെല്ലാം അതിന്റെ സൂക്ഷ്മതയിൽ അദ്ദേഹത്തിന്റെ കവിതയിൽ പ്രതിപാദിക്കപ്പെടുന്നു. സ്വാഭാവികമായിട്ടും കവിതയുടെ ഭാഷയെ പുതുക്കുന്നതിന്റെ ഭാഗമായിട്ടാവണം ചെറിയ കവിതകളുടെ കടന്നുവരവ്. ആധുനിക കവിതകൾ കൂടുതലും നീളം കൂടിയവയായിരുന്നു. ആരോ ഭൂമിയോടു ചെയ്തിട്ടുള്ള തെറ്റിന്റെ ഫലമാണ് ഇതൊക്കെയെന്നും കവിയ്ക്കതിൽ പ്രത്യേകിച്ച് പങ്കില്ല എന്ന മട്ടിലുള്ള എഴുത്തായിരുന്നു ആധുനിക കവികളുടേത്. എന്നാൽ ഭൂമിയില്ലാതായാൽ മനുഷ്യർക്കു നിലനിൽക്കാനാവില്ല എന്ന തിരിച്ചറിവിൽ പുതിയകവികൾ ആത്മവിമർശനത്തോടെ കവിത എഴുതുന്നു. ഭൂമിയിലെ മനുഷ്യനല്ലാത്ത ജീവജാലങ്ങളെയും കവിതയിൽ പരിഗണിക്കുന്നു.

പ്രകൃതിക്കുവേണ്ടി വാദിക്കുന്നതിനപ്പുറം പ്രകൃതിയെ എഴുത്തിലേക്കു പറിച്ചു നടുന്നു. പിന്നെ സാഹിത്യത്തിനും കലകൾക്കും സ്വാധീനം ചെലുത്താൻ കഴിയുന്നത്ര നിഷ്കളങ്കമല്ല ഇന്നത്തെ സമൂഹം. കാരണം മനുഷ്യൻ ജീവിക്കുന്നത് അവരുടെ ബലം കൊണ്ടല്ല. ചില കരുതലുകൾക്കിടയിലാണു നാം നിലനിൽക്കുന്നത്. നമ്മൾ സാധാരണമനുഷ്യരാണ്.

## Recap

- അഭയം നഷ്ടമായ മനുഷ്യരുടെ ജീവിതത്തെ ആശങ്കയോടെയാണ് കവി നോക്കിക്കാണുന്നത്
- സ്ത്രീ, ദളിത്, പരിസ്ഥിതി തുടങ്ങിയ ദുർബലവിഭാഗങ്ങൾ നിരന്തരം ചൂഷണങ്ങൾക്കും അക്രമങ്ങൾക്കും ഇരയാവുന്നു. ഇത് കവിയെ സങ്കടപ്പെടുത്തുന്നുണ്ട്
- നിലനിൽപ്പിനെ ഖണ്ഡിക്കുന്ന എല്ലാ ശക്തികളോടും കവി പ്രതിഷേധിക്കുന്നു
- ഭൂമിയോടും മണ്ണിനോടും ആകാശത്തോടും അരികുവത്കരിക്കപ്പെട്ട എല്ലാ മനുഷ്യരോടും കവി താദാത്മ്യം പുലർത്തുന്നു
- പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടരുതെന്ന് കവി ആഗ്രഹിക്കുന്നു
- പ്രകൃതിദുരന്തങ്ങൾക്ക് ഇരയായപ്പെട്ടവരുടെ മുഴുവൻ ദുഖവും ഒറ്റയ്ക്ക് പേറുന്ന കവിയുടെ സർഗാത്മകമനസ് വരികളിൽ പ്രകടമാണ്
- പ്രകൃതിയെ പരിഗണിക്കാതെ തന്റെ സ്വാർഥതാല്പര്യങ്ങൾക്ക് പിറകെ പോവുന്ന മനുഷ്യനെ കവി ഈർഷ്യയോടെയാണ് നോക്കിക്കാണുന്നത്
- ഇൻസ്റ്റലേഷൻ – പ്രപഞ്ചത്തിലെ ഇരുട്ട്, മണ്ണ്, കാറ്റ്, സൂര്യൻ, മഴ, ഇടി, കുന്ന് എന്നിങ്ങനെയുള്ള അജൈവവസ്തുക്കളിലൂടെ സമകാലിക ജീവിതത്തിന്റെ കഠിനയാഥാർഥ്യങ്ങളെ അനാവരണം ചെയ്യുന്ന കവിതയാണ്
- ഇരുട്ട്, കൂരയായും, ഉടുതുണിയില്ലാത്തവന്റെ മറയായും തീരുമ്പോൾ ഭൂമിയിലെ മണ്ണ് ദരിദ്രന്റെ അന്നമാകുന്നു
- ഇങ്ങനെ അജൈവവപ്രപഞ്ചം ജൈവസാന്നിധ്യമായും നിലനിൽപ്പിന്റെ ആധാരശിലകളായും കവിതയിൽ മാറുന്നു

SGOU

- കുന്നുകളെ കാർന്നു തിന്നാൻ വരുന്ന യന്ത്രപ്പല്ലുകളെ ഉരുക്കി വയ്ക്കുകയും നശീകരണ കാരണമായ മനുഷ്യനെ ചെറുതാക്കി മണ്ണിരക്കും പഴുവിനും താഴെയാക്കുകയും ചെയ്യുമ്പോഴാണ് പ്രപഞ്ചത്തോടുള്ള നീതി നടപ്പാക്കാൻ കഴിയുന്നത്
- സർവതും, പുതിയ രൂപകല്പനയിലും ഭാവങ്ങളിലുമായി ഓരോ കാലത്തും അപ്ഡേറ്റ് ചെയ്യപ്പെട്ട് ഇൻസ്റ്റാൾ ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു കാലത്ത് നല്ല നാളെയുടെ കരുതലിനു വേണ്ടി ഒരു മോഡൽ ഇൻസ്റ്റലേഷൻ ചെയ്യുന്നതിനുള്ള ആഹ്വാനമായി കവിത
- മണ്ണിന്റെ മക്കൾക്ക് ആശ്രയം മണ്ണ് മാത്രമാണ്. അവരുടെ നിലനിൽപ് അവിടെയാണ്. കാടുകൾ നശിപ്പിക്കുമ്പോൾ കൃഷിയിടങ്ങളിൽ നശിപ്പിക്കുമ്പോൾ ജീവൻതന്നെ നഷ്ടപ്പെട്ടു പോയേക്കാവുന്ന, നിലനിൽപ് അപകടത്തിലാവുന്ന ഒരു ജനതയുണ്ട്. ആ ജനതയ്ക്കു വേണ്ടിയാണ്  ഈ വരികളിലൂടെ കവി ശബ്ദിക്കുന്നത്
- 'തിന്നാൻ ഒന്നുമില്ലാതാകുമ്പോൾ തിന്നാനുള്ള മണ്ണാണതിൽ' എന്നതിൽ ഒരു മുന്നറിയിപ്പിന്റെ സൂചന കൂടി കവി കടത്തിവെക്കുന്നുണ്ട്. ഇന്ന് ഭൂമിയെ നിരന്തരം ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്ന മനുഷ്യൻ നാളെ, അനുഭവിക്കാനിരിക്കുന്നതേയുള്ളൂ എന്ന പ്രവചനം ഈ വരികളിലുണ്ട്
- ശ്വാസവായു കിട്ടാതെ, വിശപ്പുമാറ്റാൻ ഒന്നും ഇല്ലാതെ കഷ്ടപ്പെടേണ്ടിവന്നേക്കാവുന്ന ഒരു കാലത്ത് ഭൂമി തന്നെയാണ് തന്റെ നിലനിൽപ്പെന്നറിയുമ്പോൾ മനുഷ്യൻ തിരിച്ചു വരും എന്ന് കവി പ്രത്യാശിക്കുന്നു
- തണുപ്പിക്കുന്ന കാറ്റിന്റെ രൂപത്തിൽ വരുന്ന ചില മനുഷ്യരോ വാക്കുകളോ കൊണ്ടുമാത്രം തണുക്കുന്ന പൊള്ളിച്ചകളെപ്പറ്റിയും കവി ഉണർത്തുന്നു
- സൂര്യൻ അവിടെത്തന്നെ നിൽക്കട്ടെ എന്ന് പറയുമ്പോൾ താളം തെറ്റാത്ത ഒരു പ്രകൃതിക്കുവേണ്ടി ആഗ്രഹിക്കുകയും തേടുകയും ചെയ്യുന്ന കവിയെ കാണാം
- ചന്ദ്രൻ ഏറിയും കുറഞ്ഞും അതിന്റെ മുഖം വെളിവാക്കട്ടെ, അതുകൊണ്ടൊക്കെ ആവശ്യമുള്ള പാവങ്ങൾ കാണും എന്നും പറയുന്നിടത്ത് സന്തുലിതാവസ്ഥയുടെ ആവശ്യകതയെയാണ് വിളിച്ചോതുന്നത്. പ്രകൃതിക്കും മനുഷ്യനും കൃത്യമായ സന്തുലിതാവസ്ഥ ആവശ്യമാണ്. ഇല്ലെങ്കിൽ താളം തെറ്റുകയും നിലനിൽപ്പിനെ അപകടകരമായി ബാധിക്കുകയും ചെയ്യുമെന്ന് കവി ഓർമ്മിപ്പിക്കുന്നു
- പരസ്പരം ഉൾക്കൊണ്ടുകൊണ്ടുള്ള സന്തുലിതാവസ്ഥയിലുള്ള താളമാണ് ആവശ്യം
- മഴ അനുഗ്രഹമാണെന്ന് പറയുമ്പോഴും വീടില്ലാത്തവർക്കും കടലാസുവീടുകളുള്ളവർക്കും മഴ ദുരന്തം തന്നെയാണെന്ന്   സമ്മതിക്കേണ്ടി വരുന്നു
- മനുഷ്യനെ ചെറുതാക്കി വെക്കുന്നതാണ് പ്രകൃതിയുടെ വീണ്ടെടുപ്പിനും നിലനിൽപിനുമുള്ള പ്രധാനപരിഹാരമെന്ന് കവി ആഹ്വാനം ചെയ്യുന്നു

SGOU

## Objective Type Questions

1. വീരാൻകുട്ടിയുടെ ആദ്യത്തെ കവിതാസമാഹാരം ഏത്?
2. 'നിശബ്ദതയുടെ റിപ്പബ്ലിക്' ആരുടെ കവിതാസമാഹാരമാണ്?
3. 'ആട്ടോ ഗ്രാഫ്' ആരുടെ കവിതാ സമാഹാരമാണ്?
4. 'തൊട്ടു തൊട്ടു നടക്കുമ്പോൾ' ആരുടെ കവിതാസമാഹാരമാണ്?
5. 'എന്തിനെയാണ് അവിടെ തന്നെ നിർത്തണേ' എന്ന് കവി പറയുന്നത്?
6. മാറിയുടുക്കാൻ ഇല്ലാത്തവർക്ക് ഇരുട്ട് എന്താണ്?
7. വീടില്ലാത്തവർക്ക് ഇരുട്ട് എന്താണ്?
8. മഴയെകെട്ടഴിച്ചു വിടുമ്പോൾ എന്തിനെയാണ് ഓർക്കേണ്ടത്?
9. ഇടിത്തീ എന്തിനാണ്?
10. മനുഷ്യനു കവിതയിൽ എവിടെയാണ് ഇടം?

## Answers

1. ജലഭൂപടം
2. വീരാൻകുട്ടി
3. വീരാൻകുട്ടി
4. വീരാൻകുട്ടി
5. ഇരുട്ടിനെ
6. മറുതുണി
7. കരിയോലപ്പുര
8. ചേരിയിലെ കടലാസുവീടുകളെ
9. പെൺകുഞ്ഞുങ്ങളുടെ പിറകേപായുന്ന അവന്റെ നെറുകയിൽ വീഴ്ത്താൻ
10. പ്രകൃതിക്കും, മണ്ണിനും ശേഷം ഇടമുണ്ടെങ്കിൽ മാത്രം മനുഷ്യന്

## Assignments

1. ഉത്തരാധുനികകവിതകളുടെ സവിശേഷതകൾ വിവരിക്കുക
2. വീരാൻകുട്ടിയുടെ കാവ്യജീവിതം പരിചയപ്പെടുത്തുക
3. ഇൻസ്റ്റലേഷനിലെ നവലോകം - ഉപന്യസിക്കുക
4. ഉത്തരാധുനിക കവിതയും പരിസ്ഥിതിദർശനവും ഉപന്യസിക്കുക.
5. പോസ്റ്റ് ഹ്യുമനിസവും ഉത്തരാധുനികതയും - ഇൻസ്റ്റലേഷൻ എന്ന കവിതയെ മുൻനിർത്തി ഉപന്യസിക്കുക.

SGOU

## Reference


1. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം
2. എൻ. അജയകുമാർ, ആധുനികത മലയാള കവിതയിൽ, കറന്റ് ബുക്സ്, കോട്ടയം.
3. എസ്. രാജശേഖരൻ, കവിത: വിതയും കൊയ്ത്തും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.


## Suggested Reading


1. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. കെ.എം. ജോർജ്, ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം


SGOU

BLOCK - 02

# കഥ

| | | |
|---|---|---|
| യൂണിറ്റ് - 1 | ജന്മദിനം | വൈക്കം മുഹമ്മദ് ബഷീർ |
| യൂണിറ്റ് - 2 | കോലാട് | മാധവിക്കുട്ടി |
| യൂണിറ്റ് - 3 | പാപത്തറ | സാറാ ജോസഫ് |
| യൂണിറ്റ് - 4 | ദൽഹി 1981 | എം. മുകുന്ദൻ |
| യൂണിറ്റ് - 5 | റെയിൽ പാളത്തിൽ ഇരുന്ന് ഒരു കുടുംബം ധ്യാനിക്കുന്നു | യു. കെ. കുമാരൻ |

SGOU

# യൂണിറ്റ് - 1
# ജന്മദിനം

**വൈക്കം മുഹമ്മദ് ബഷീർ**

## Learning Outcomes

- നവോത്ഥാനകാല ചെറുകഥയുടെ സവിശേഷതകൾ ഗ്രഹിക്കുന്നു
- 'അനുഭവങ്ങളുടെ വൻകര'യെന്ന് എം. എൻ. വിജയൻ വിശേഷിപ്പിച്ച ബഷീറിന്റെ സാഹിത്യലോകം തിരിച്ചറിയുന്നു
- വിശപ്പ് എന്ന ശക്തമായ വികാരത്തെ പ്രമേയമാക്കി ബഷീർ രചിച്ച ജന്മദിനം അനുഭവവേദ്യമാക്കുന്നു
- ബഷീറിന്റെ കൃതികളിലെ മാനവികദർശനം ഗ്രഹിക്കുന്നു

## Prerequisites

സമകാലിക പ്രശ്നങ്ങളോടും അസമത്വങ്ങളോടും എതിരെ ശക്തമായി പ്രതികരിച്ച നവോത്ഥാന കഥാകാരന്മാരിൽ പ്രധാനിയായിരുന്നു ബഷീർ. 'വിശപ്പ് എന്നത് തന്റെ ജന്മദിനത്തിന്റെ അന്ന് ഭീകരമായി അനുഭവിക്കേണ്ടി വന്ന സാഹചര്യമാണ് ബഷീർ തന്റെ ജന്മദിനം' എന്ന കഥയിലൂടെ കാട്ടിത്തരുന്നത്. വിശപ്പും ദാരിദ്ര്യവും വളരെ സാധാരണമായി അനുഭവിച്ച ഒരു കാലഘട്ടത്തെ ഈ കഥ ഓർമ്മപ്പെടുത്തുന്നു. ഇന്നും നമുക്കു ചുറ്റും ദാരിദ്ര്യവും വിശപ്പും അനുഭവിക്കുന്ന പാർശ്വവത്ക്കരിക്കപ്പെട്ട നിരവധി ആളുകളുണ്ടെന്നുള്ള അറിവ് നമ്മെ വേദനിപ്പിക്കുന്നു. വിശപ്പുകൊണ്ട് ഭക്ഷണം മോഷ്ടിച്ചതിന് ആളുകൾ കൂട്ടം കൂടി അടിച്ചു കൊന്ന മധു എന്ന ആദിവാസി യുവാവിനെ ഓർക്കുക. പത്രങ്ങളിലും നവമാധ്യമങ്ങളിലുമെല്ലാം വളരെ ശ്രദ്ധിക്കപ്പെട്ട ചിത്രവും വാർത്തയുമായിരുന്നു അത്. മനുഷ്യനിലുള്ള ഏറ്റവും ശക്തമായ വികാരമാണ് വിശപ്പ്. അത് സഹിക്കാൻ കഴിയാതെ നാം എന്തും ചെയ്യും, ജീവജാലങ്ങളുടെ അടിസ്ഥാനാവശ്യം ഭക്ഷണമാണ്. ആ ഭക്ഷണത്തിന്റെയും വിശപ്പിന്റെയും പ്രാധാന്യം കാട്ടിത്തരുന്ന ബഷീറിന്റെ കഥയാണ് ജന്മദിനം. ആഡംബരത്തിന്റെയും ധൂർത്തിന്റെയും ഇടയിൽ ജീവിക്കുന്ന ഇന്നത്തെ മനുഷ്യർ മനസ്സിലാക്കേണ്ട ഒരു കഥയാണിത്. മലയാളത്തിലെ കഥയുടെ സുൽത്താനായ ബഷീറിന്റെ ഒരു നേരനുഭവമായിരുന്നു 'ജന്മദിനം' എന്നയീകഥ. "കണ്ണും തലയും ഇരുട്ടിച്ചുപോയി! വല്ലാത്ത വിഷമം. അസ്ഥികൾ വേവുന്നു! ദാഹം! വിശപ്പ്! ആർത്തി! ലോകം വിഴുങ്ങാനുള്ള ആർത്തി!" -വിശപ്പ് എന്ന ദയനീയാവസ്ഥയുടെ ഭീകരമുഖം വരച്ചു കാട്ടുകയാണ് ജന്മദിനം എന്ന കഥയിലൂടെ വൈക്കം മുഹമ്മദ് ബഷീർ. ഇത്തരത്തിലുള്ള സവിശേഷ പ്രമേയങ്ങൾ കൊണ്ടും അവയുടെ ലളിതാവതരണരീതികൊണ്ടും മലയാളിയുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന സാഹിത്യകാരനാണ് ബഷീർ.

SGOU

**വൈക്കം മുഹമ്മദ് ബഷീർ**

നവോത്ഥാനകാല എഴുത്തുകാരിൽ നിന്ന് തീർത്തും വ്യത്യസ്തമായ സ്വരം കേൾപ്പിക്കുകയും ഭാഷയിലും ആവിഷ്കാരരീതിയിലും സ്വകീയമായ പാതവെട്ടി തെളിയിക്കുകയും ചെയ്ത സാഹിത്യകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. മറ്റൊരർത്ഥത്തിൽ, മിനുക്കുപണികളോ അതിഭാവുകത്വമോ കലരാത്ത മാനവികതയെ ഇന്ധനമായി സ്വീകരിച്ചുകൊണ്ട് സാഹിത്യത്തെ നവീകരിച്ചു എന്നതാണ് ബഷീറിന്റെ പ്രസക്തി. ആഴവും തെളിച്ചവുമേറിയ അനുഭവമണ്ഡലമാണ് അതിനദ്ദേഹത്തെ സജ്ജനാക്കിയത്. ബഷീർ സാഹിത്യത്തെ 'അനുഭവങ്ങളുടെ വൻകര' എന്നാണ് എം.എൻ. വിജയൻ 'മരുഭൂമികൾ പൂക്കുമ്പോൾ' എന്ന തന്റെ കൃതിയിൽ വിശേഷിപ്പിച്ചിരിക്കുന്നത്. 'അനുഭവങ്ങളിൽ രാഷ്ട്രീയമുരുക്കിയൊഴിച്ചാണ്' ബഷീർ എഴുതിയതെന്ന കെ. പി. അപ്പന്റെ പ്രസ്താവന ഇതോടൊപ്പം ചേർത്തു വായിക്കാവുന്നതാണ്. മലയാളി വായനക്കാരന് തീർത്തും അപരിചിതമായ അനുഭവത്തിന്റെ വൻകരകൾ തന്നെ ബഷീർ തന്റെ രചനകളിലൂടെ ആവിഷ്കരിച്ചു. ജീവിതാനുഭവങ്ങളാണ് തന്റെ എഴുത്തിന് ആധാരമെന്ന് ബഷീർ തന്നെ പലവുരു വ്യക്തമാക്കിട്ടുണ്ട്. അനുഭവങ്ങളിൽ നിന്നു ഉരുത്തിരിയുന്ന സമൂഹത്തിന്റെ ചിത്രീകരണവും മാനവികതയ്ക്കു പ്രാധാന്യം നല്കുന്ന രാഷ്ട്രീയദർശനത്തിന്റെ ഉൾച്ചേരലും ബഷീർരചനകളെ വ്യത്യസ്തമാക്കുന്നു. ലോകമഹായുദ്ധങ്ങളും അതുമൂലമുണ്ടായ വിശ്വാസത്തകർച്ചകളും ജന്മം നൽകിയ എക്സിസ്റ്റൻഷ്യൽ ക്രൈസിസ് അഥവാ അസ്തിത്വവ്യഥ യൂറോപ്പിന്റെ സാഹിത്യസംസ്കാരത്തിൽ 1940 കളിൽ രൂപംകൊണ്ടു. 1945 - ലാണ് ജന്മദിനം എഴുതുന്നത്. അതിന്റെ സ്വാധീനഫലമായി വ്യക്തിശൂന്യതയുടെ ഭാവതലം ഇതിൽ കാണാൻ കഴിയും.

സമകാലികരായ കേശവദേവ്, പൊൻകുന്നം വർക്കി, തകഴി എന്നിവരിൽ നിന്ന് ബഷീറിനെ വ്യത്യസ്തനാക്കുന്നത് അദ്ദേഹം കൃത്യതയോടെ ഉന്നയിച്ച ലിംഗ - സാംസ്കാരികാതിർത്തികളെ ഭേദിച്ച സഹവർത്തിത്വത്തിന്റെ രാഷ്ട്രീയധാരയാണ്. അത് തീർത്തും പ്രായോഗികമാണ്. അതിൽ കൂട്ടിച്ചേർക്കലുകളില്ല, അതിന് വേരുറപ്പുണ്ട്, സ്വതന്ത്രമായൊരു ചിന്തപദ്ധതിയെതന്നെ വികസിപ്പിക്കാനുള്ള കരുത്തുമുണ്ട്. ഹാസ്യത്തിന്റെ നേർത്ത വിരൽസ്പർശം അതിനെയാർദ്രമാക്കുന്നു, ബഷീറിൽ നൈസർഗികമായി പരുവപ്പെട്ട സൂഫിമനോഭാവത്തിന്റെ മിസ്റ്റിക്തലം അതിനെ ലളിതവൽകരിക്കുകയും അതോടൊപ്പം നിഗൂഢമാക്കുകയും ചെയ്യുന്നു. തന്റെ രചനയെ വായനക്കാരന്റെ അനുഭവമാക്കി തീർക്കുവാനുള്ള വൈഭവം, ഹാസ്യാത്മകമായ അവതരണം, സ്വതസിദ്ധമായ സംഭാഷണരീതി എന്നിവയിലൂടെ ജീവിതത്തെ വ്യാഖ്യാനിക്കുവാനും അതിന്റെ നിഗൂഢ അറകൾ തുറക്കുവാനുമാണ് ബഷീർ ശ്രമിച്ചത്. ഒപ്പം, ആഢ്യഭാഷയേയും അക്കാദമിക് ഭാഷയേയും നിരാകരിക്കുകയും സാധാരണക്കാരന്റെ ഭാഷയിൽ അസാമാന്യമായി രചന നിർവഹിക്കുകയുമാണ് അദ്ദേഹം ചെയ്തത്. ഇത്തരം വ്യതിരിക്തതകളാണ് ബഷീറിനെ ജനകീയ എഴുത്തുകാരനാക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ച അടിസ്ഥാനഘടകങ്ങൾ. ഭാഷയ്ക്കുള്ളിൽ ഭാഷ സൃഷ്ടിച്ച്, ഭാഷയുടെ വ്യാകരണം തിരുത്തി എതൊരു മലയാളി വായനക്കാരന്റെയും ഹൃദയത്തിൽ ആഴ്ന്നിറങ്ങിയ എഴുത്തുകാരനാണ് ബഷീർ. ജയിൽപ്പുള്ളികൾ, ഭിക്ഷക്കാർ, വേശ്യകൾ, പട്ടിണിപ്പാവങ്ങൾ, ഹിജഡകൾ, സന്ന്യാസിമാർ, രാഷ്ട്രീയക്കാർ, സ്വവർഗാനുരാഗികൾ, കള്ളന്മാർ തുടങ്ങി ജീവിതത്തിന്റെ ഭിന്നമേഖലകളിൽ വ്യാപരിക്കുന്ന മനുഷ്യരുടെ അനുഭവലോകം തന്റെ രചനകളിലൂടെ ബഷീർ ആവിഷ്കരിക്കുകയുണ്ടായി. വിശപ്പു പ്രമേയമായ രണ്ടുകഥകൾ ബഷീർ രചിച്ചിട്ടുണ്ട് - ജന്മദിനവും വിശപ്പും.

SGOU



SREENARAYANAGURU OPEN UNIVERSITY

**കഥാസംഗ്രഹം**

1945 ൽ പ്രസിദ്ധീകരിച്ച ജന്മദിനം എന്ന കഥാസമാഹാരത്തിലേതാണീ കഥ. പ്രസ്തുത സമാഹാരത്തിലെ ഐഷുകുട്ടി, ഒരു ചിത്രത്തിന്റെ കഥ മുതലായ കഥകളോടൊപ്പം പ്ലോട്ടിലും ക്രാഫ്റ്റിലും പ്രകടമായ പ്രത്യേകതകളുള്ള കഥകളിൽ ഉൾപ്പെട്ട ഒന്നാണിത്. സുകുമാർ അഴീക്കോടിന്റെ വാക്കുകൾ കടമെടുത്തുപറഞ്ഞാൽ, 'സമാഹാരത്തിലെ പലതിൽ ഒന്നല്ലാത്ത, ഏറ്റവും മുന്തിയ കഥ'. കയ്യിൽ കാശില്ലാത്ത ഒരെഴുത്തുകാരൻ, തന്റെ പിറന്നാൾ ദിനത്തിൽ വിശപ്പകറ്റാനായി പ്രയോഗിച്ച ഉപായങ്ങളൊന്നും ഫലിക്കാതെ വന്നപ്പോൾ ഒരടുക്കളയിൽ കയറി ചോറ് കട്ടുതിന്നുന്നതാണ് കഥയുടെ പ്രമേയം. ഉത്തമപുരുഷ ഏകവചനത്തിൽ വിശപ്പെന്ന യാഥാർഥ്യത്തെ ഹൃദയസ്പർശിയായ ജീവിതാനുഭവമായി ചിത്രീകരിക്കുന്ന ചെറുകഥയാണ് ജന്മദിനം. വിശപ്പ് വ്യക്തിയുടെ ഒറ്റപ്പെട്ട പ്രശ്നമല്ലെന്നും അക്കാലഘട്ടത്തിലെ മൂർത്തമായ സാമൂഹിക യാഥാർഥ്യമാണെന്നുമുള്ള വസ്തുതയാണ് വിശപ്പ് പ്രമേയമായിട്ടുള്ള ജന്മദിനം അടക്കമുള്ള കഥകളിലൂടെ ബഷീർ സമർഥിക്കുന്നത്. ജന്മദിനദിവസം മുഴുപ്പട്ടിണി കിടക്കേണ്ടിവരുന്നു, രാജ്യദ്രോഹത്തിന് പോലീസ് പിടിച്ച് കൊണ്ടുപോയി ചോദ്യം ചെയ്തിട്ട് തിരിച്ച് ലോഡ്ജിലെത്തുന്നു പണക്കാരായ മാതാപിതാക്കളുടെ മക്കൾ ആഹ്ലാദിക്കുന്നത് കണ്ട് നെടുവീർപ്പിട്ട് അതിലൊരുത്തന്റെ ഭക്ഷണം കട്ടു തിന്നുന്ന ഒരാളുടെ കഥയാണ് ഇത്.

**പ്രധാന കൃതികൾ**

പ്രേമലേഖനം, ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു!, ജന്മദിനം, ഓർമ്മക്കുറിപ്പ്, അനർഘനിമിഷം, വിഡ്ഢികളുടെ സ്വർഗ്ഗം, പാവപ്പെട്ടവരുടെ വേശ്യ, വിശ്വവിഖ്യാതമായ മൂക്ക്, വിശപ്പ്, ഒരു ഭഗവത്ഗീതയും കുറെ മുലകളും, ആനപ്പൂട, ചിരിക്കുന്ന മരപ്പാവ, ഭൂമിയുടെ അവകാശികൾ, ശിങ്കിടിമുങ്കൻ, നീലവെളിച്ചം, ഓർമ്മയുടെ അറകൾ(ആത്മകഥ).

SGOU

## Key Theme

ജന്മദിനം - വിശപ്പ് - സാമൂഹ്യയാഥാർഥ്യം - ഭീകരമുഖം - മാനവികത - വിശപ്പിന്റെ രാഷ്ട്രീയം- അസ്തിത്വദുഃഖം

## Discussion

### കഥാസാരം

ബഷീർ തന്നെ എഴുതുന്ന രൂപത്തിൽ രചിക്കപ്പെട്ട ഈ കൃതി അദ്ദേഹത്തിന്റെ ഒരു ജന്മദിനത്തെ അനുസ്മരിക്കുന്നു. പുറമെനിന്നു കാണുന്നതിൽ നിന്ന് വ്യത്യസ്തമായി മുഴുപട്ടിണിയിലാകുന്ന ബഷീറിനെയാണ് ജന്മദിനത്തിൽ നാം കാണുന്നത്. മനുഷ്യന്റെ അടിസ്ഥാനപ്രശ്നം വിശപ്പാണെന്ന ആശയം മുന്നോട്ട് വക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഒടുവിൽ തന്റെ ജന്മദിനത്തിൽ അയൽപക്കത്തെ ഭക്ഷണം കട്ടെടുക്കുന്നതിലേക്ക് ബഷീർ എത്തുന്നു. ഇത്തരത്തിൽ വിശപ്പ് എന്ന വികാരത്തെ ചിത്രീകരിക്കുന്നതിൽ ബഷീർ വിജയിച്ചിരിക്കുന്നു. ഡയറിക്കുറിപ്പിന്റെ രൂപത്തിൽ ബഷീർ എഴുതിത്തുടങ്ങുകയാണ്. കഥയെന്നോ അനുഭവമെന്നോ വിളിക്കാം. ജീവചരിത്രമെന്നോ ആത്മകഥയെന്നോ പറയാം. മറ്റെല്ലാ കഥകളിലുമെന്നപോലെ സ്വന്തം ജീവിതത്തിലെ ഒരേടാണ് അദ്ദേഹം എഴുതുന്നത്.

മഹത്വവത്കരിക്കാനോ ആദർശവത്കരിക്കാനോ അല്ല ശ്രമം. ഒരു ദിവസം നടന്ന സംഭവങ്ങൾ ഒന്നൊന്നായി വിവരിക്കുക മാത്രം. കായലോരത്തെ ഏകാന്തമായ വിളക്കുകാലിൽ

ചാരിയിരുന്ന് എഴുതുകയാണു ബഷീർ. മുറിയിലെ വിളക്കിൽ എണ്ണയില്ല. എഴുതുവാൻ വളരെയേറെയുണ്ടുതാനും. പെയ്യുവാൻ പോകുന്ന കാർമേഘങ്ങൾ പോലെ ആ ദിവസത്തെ സംഭവങ്ങളെല്ലാം അന്തരംഗം പൊട്ടുമാറു തിങ്ങിവിങ്ങി നിൽക്കുന്നു. അസാധാരണായി ഒന്നുമില്ല. ജന്മദിനമാണെന്നു മാത്രം. സ്വദേശത്തുനിന്നു വളരെയകലെയാണു താമസം. അന്യനാട്ടിൽ. കയ്യിൽ കാശില്ല. കടം കിട്ടാൻ വഴിയില്ല. ഉടുത്തിരിക്കുന്നതും മറ്റും പലേ സുഹൃത്തുക്കളുടേത്. ഒന്നും സ്വന്തമെന്നു പറയാനില്ല. ഒരു ചായ കുടിക്കാൻ പോലും ഗതിയില്ലാത്ത, ഒരു തുള്ളി വെള്ളം കുടിക്കാൻ പോലും മാർഗമില്ലാത്ത ജന്മദിനത്തിന്റെ തനിയാവർത്തനങ്ങൾ. പതിവു കടയിൽ ചെന്നു. കൊടുത്തുതീർക്കാനുള്ള പൈസ കൊടുക്കാതെ ചായയില്ലെന്നു തീർത്തു പറഞ്ഞു. പത്തുമണി. ചുണ്ടുണങ്ങി. വായിൽ വെള്ളമില്ല. നല്ല ഉച്ചസമയത്തെ ചൂട്. ക്ഷീണത്തിന്റെ മഹാഭാരം. മണി 11. സമ്പന്നനായ ഒരു സുഹൃത്ത് രണ്ടുദിവസം മുന്നേ ഉച്ചയൂണിനു ക്ഷണിച്ചിരുന്നു. ഇറങ്ങിനടന്നു സുഹൃത്തിന്റെ കടയിലേക്ക്. അയാളവിടെയില്ല. മാളികവീടിന്റെ തകരവാതിൽ അടച്ചിരിക്കുന്നു. മുട്ടിവിളിച്ചു. അയാൾ അത്യാവശ്യമായി എവിടെയോ പോയിരിക്കുന്നു. സന്ധ്യ കഴിഞ്ഞേ വരൂ.

പൊള്ളുന്ന മണലിലൂടെ തിരിഞ്ഞുനടന്നു. രാവിലെ മുതൽ ഒന്നും കഴിക്കാതെ വിവശനായി ഇരിക്കുന്ന എഴുത്തുകാരന് അടുത്ത വീട്ടിലെ വേലക്കാരൻ പയ്യൻ മനസ്സലിഞ്ഞു രണ്ടണ കൊടുത്തു. പത്രാധിപരും കച്ചവടക്കാരനുമായ സുഹൃത്തു വന്നു. ഒരണ വേണം. പയ്യന്റെ കയ്യിൽ നിന്നു കടം വാങ്ങിച്ച തുകയിൽ ഒരണ സഖാവിനു കൊടുത്തു. ഒരണയ്ക്ക് ദോശയും ചായയും ബീഡിയും വാങ്ങിപ്പിച്ചു. നാലു മണി. ആറു മണി. ഏഴു മണി. സമ്പന്നനായ സുഹൃത്തിന് പണം ചോദിച്ച് കുറുപ്പെഴുതി കൊടുത്തു. ചെയിഞ്ചസ് ഒന്നുമില്ല ...എല്ലാവരും കേൾക്കെ സുഹൃത്തു പറഞ്ഞു. ഒമ്പതുമണി. വിശന്ന വയറോടെ പായ് വിരിച്ചു കിടന്നു. ഉറക്കം വരുന്നില്ല. കണ്ണുകൾ അടയുന്നില്ല. തലയ്ക്കു നല്ല വിങ്ങലും. ജന്മദിനമാണ്. ആ ദിവസമെങ്കിലും ആരോടും കടം ചോദിക്കരുതെന്ന് ആഗ്രഹിച്ചിരുന്നു. ചോദിച്ചു; കിട്ടിയില്ലെന്നു മാത്രം. വിശക്കാതെയിരിക്കണമെന്ന് ആഗ്രഹിച്ചു. അദ്ദേഹം ലോകത്തിലെ നിസ്സഹായരെക്കുറിച്ച് ഓർത്തു. അക്കൂട്ടത്തിൽ ഒരാൾ കൂടി.

അടുത്ത മുറിയിലെ അയൽക്കാരന്റെ അടുക്കളയിൽ നിന്നു കടുകു വറക്കുന്ന ശബ്ദം. വായിൽ ഉമിനീർ നിറഞ്ഞു. വെന്തുമലർന്ന ചോറിന്റെ വാസന ! അടുക്കളയിൽ നിന്ന് അരിവെപ്പുകാരൻ വൃദ്ധൻ കുടവുമായി പുറത്തേക്കിറങ്ങി. പത്തുമിനിറ്റെടുക്കും വെള്ളം പിടിക്കാൻ. ജന്മദിനക്കാരൻ കള്ളനെപ്പോലെ പതുങ്ങി അടുക്കളവാതിൽ തുറന്ന് അകത്തേക്ക്. വലിച്ചുവാരി കുപ്പുകുപ്പെന്നു വിഴുങ്ങി. നിറഞ്ഞ വയറോടെ വിയർത്തുകുളിച്ചു പുറത്തിറങ്ങി. പുറത്തെ പൈപ്പിൽനിന്നു വെള്ളവും കുടിച്ചു. ഒരു ബീഡി കത്തിച്ചുവലിച്ചിട്ടു കിടന്നുറങ്ങി. ചോറു കട്ടതു വൃദ്ധൻ അറിയല്ലേ. അയാൾ വീട്ടുടമയോടു പറയല്ലേ....ജന്മദിനം. സുഖമായി ഉറങ്ങാം. അങ്ങനെ മയങ്ങിപ്പോകുമ്പോൾ വാതിലിൽ മുട്ടിവിളിക്കുന്നു. മോഷണത്തിന്റെ വിവരം ചോദിക്കാൻ....കള്ളനെ കയ്യോടെ പിടിക്കാൻ. വാതിൽ തുറന്നു. ഇരുട്ടിന്റെ ഹൃദയത്തിൽ നിന്നെന്നോണം അയൽക്കാരൻ, അയാൾ സിനിമയ്ക്കു പോയിട്ടു വരികയാണ്. വരുന്ന വഴി ഊണു കഴിച്ചു. ആയതിനാൽ എന്റെ ഊണു താങ്കൾ എടുത്തോളൂ. എന്നിട്ട് ഗുഡ്നൈറ്റും പറഞ്ഞു.... ഗുഡ്നൈറ്റ്.......ഒരു ജന്മദിനം ശുഭരാത്രിയിലേക്ക്...

## പാഠവിശകലനം

പ്രഭാതത്തിലാരംഭിച്ച് രാത്രിയിലവസാനിക്കുന്ന തികച്ചും ജൈവികമായൊരു സംഘട്ടനത്തെ ആവിഷ്കരിക്കുന്നൊരു കഥയാണിതെന്ന് ഒറ്റവായനയിൽ തോന്നാം. എന്തുകൊണ്ടെന്നാൽ വിശപ്പ് എന്നൊരു ജൈവികചോദനയിലാണത് തുടങ്ങുന്നതും ഒടുങ്ങുന്നതും. എന്നാൽ കഥയിൽ കടന്നുവരുന്ന ഈ വിശപ്പ് കേവലമൊരുപാധി മാത്രമാണ്. കാരണം വിശപ്പിനെ ഉപയോഗിച്ച് എഴുത്തുകാരന്റെ ദാരിദ്ര്യത്തെ കഥ പ്രകടമായി അടയാളപ്പെടുത്തുന്നില്ല. വിഷയം കഥാകാരൻ പങ്കുവെയ്ക്കുന്ന അദൃശ്യമായ വിശപ്പാണ്. അത് ഒരേ സമയം എഴുത്തുകാരന്റെ വ്യക്തിജീവിതത്തിന്റെ ഭൗതികദാരിദ്ര്യത്തെ അഭിമുഖീകരിക്കുന്നുണ്ടെങ്കിലും, നിലനിൽക്കുന്നത് അതിനെ നിഷേധിച്ചുകൊ



SGOU

ണ്ടാണ്. അതിന്റെ സ്വഭാവം ഏകശിലാബദ്ധമല്ല. ആത്മാവിന്റെ/സ്വത്വത്തിന്റെ വിശപ്പിനെയാണ് അത് അഭിമുഖീകരിക്കുന്നത്. ഭയാനകമായൊരു രൂപകമായി വിശപ്പിന് മാറാൻ കഴിയുന്നത് അതുകൊണ്ടാണ്.

കട്ടുതിന്നത് കാരണം വിശപ്പിന് ശമനം കിട്ടിയ എഴുത്തുകാരന്റെ സ്തോഭജനകമായ നാളെയെക്കുറിച്ച് ആശങ്കപ്പെടാൻ നമുക്ക് പഴുതു കിട്ടുന്നതിന്റെ കാരണവും മറ്റൊന്നല്ല. വിശപ്പ് അവസാനിച്ചിട്ടില്ല, ഇടവേളകളുടെ നൈരന്തര്യത്തിൽ അത് ആരംഭിക്കുന്നു. ഭാവിയെ കുറിച്ചുള്ള അവസാനമില്ലാത്ത ചോദ്യമായി രൂപംമാറുന്നു. അതുവഴി സ്വഭാവികമായൊരന്ത്യം കൈവരിക്കാൻ കഥയ്ക്കു കഴിയാതെ വരുന്നു. വെല്ലുവിളികളോ ആക്രോശങ്ങളോ കൂടാതെ ഒരു സാമൂഹിക യാഥാർഥ്യത്തെ അവതരിപ്പിച്ച് അതിൽ സൗമ്യനായി വ്യാകുലപ്പെടാൻ വായനക്കാരനെ അനുവദിക്കുന്നതാണ് കഥയുടെ രീതി. വിശപ്പിനെയോ ദാരിദ്ര്യത്തെയോ പ്രതി നടത്തുന്ന ഉദ്ഘോഷങ്ങളില്ലാതെ വിശപ്പിന്റെ അലട്ടലിനെ ഭീകരതയെ വസ്തുനിഷ്ഠമായി സന്നിവേശിപ്പിക്കാൻ അതിനാവുന്നു.

എഴുത്തുകാരനെ കടന്നുപോകുന്ന ഭൂരിഭാഗം മനുഷ്യരും അയാളിലെ വിശപ്പിന്റെ വേവിനെ ഉൾക്കൊണ്ടിട്ടില്ല. ഒരു വേള അവരറിഞ്ഞിരുന്നെങ്കിൽ തന്നെ വിശ്വസിക്കുമായിരുന്നോ എന്ന സംശയം പോലും വായനക്കാരന് വരാം. അത്രമേൽ സ്വാഭാവികമായാണ് എഴുത്തുകാരനുമായി ബന്ധപ്പെട്ട ഓരോരുത്തരും കഥയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ജന്മദിനാശംസയർപ്പിച്ച മാത്യുവും വിപ്ലവകാരിയായ സുഹൃത്തും ചെരുപ്പ് വിൽക്കാൻ വന്ന കുട്ടിയും അയാളുമായി ഇടപെടുന്നത് അത്ര സ്വഭാവികമായിട്ടാണ്. ഇവരെ മുഴുവൻ പ്രതിരോധിക്കുന്നത് അയാളിലെ ആത്മാഭിമാനത്തിന്റെ കട്ടികുറഞ്ഞൊരു മറയാണ്. ഈ മറ ശരീരം വിൽക്കാൻ വന്ന പെണ്ണിനോടും ചായ തനിച്ചു വരുത്തിച്ചു കുടിച്ച സുഹൃത്തിനോടും അയാൾ യഥേഷ്ടം കാണിക്കുന്നുണ്ട്. ഈ മറയുടെ സുരക്ഷിതത്വത്തിൽ മാത്രമാണ് അയാളിലെ വിശപ്പ് പോലും നിർവീര്യമാകുന്നത്. ആത്മാഭിമാനം സമ്മാനിക്കുന്ന വിഷമാവസ്ഥയിലാണ് ആത്മഹത്യയെക്കുറിച്ചുള്ള ചിന്തയിലേക്ക് എഴുത്തുകാരൻ വളരുന്നത്. വിശപ്പാണ് ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്ന ഘടകം എന്ന് തോന്നാമെങ്കിലും അതിന്റെ അടിത്തറ താൻ അനാവൃതനായേക്കുമോയെന്ന നാഗരികന്റെ കേവലഭയമാണ്.

ലോകമഹായുദ്ധങ്ങളും അതുമൂലമുണ്ടായ വിശ്വാസത്തകർച്ചകളും ജന്മംനൽകിയ എക്സിസ്റ്റൻഷ്യൽ ക്രൈസിസ് അഥവാ അസ്തിത്വവ്യഥ യൂറോപ്പിന്റെ സാഹിത്യസാംസ്കാരിക മേഖലയുടെ ലാവണ്യദർശനങ്ങളെ ആക്രമിച്ചുതുടങ്ങിയത് 1940 കളിലാണ്. കാഫ്ക, കാമു, സാർത്ര് എന്നീ പാശ്ചാത്യ രചയിതാക്കളുടെ കൃതികളിൽ ഇതിന്റെ സ്വാധീനം കാണാം. അവരാവിഷ്ക്കരിച്ച വ്യക്തിശൂന്യതയുടേതായ (identity crisis) ഭാവതലമാണ് 1945 - ൽ എഴുതപ്പെട്ട ജന്മദിനത്തിൽ നിറഞ്ഞുനിൽക്കുന്നത്. സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയുടെ സാംസ്കാരികമുഖമാണ് ജന്മദിനം ആവിഷ്കരിക്കുന്നത്. വിശപ്പ് ഒരു രാഷ്ട്രീയപ്രശ്നമായിത്തന്നെ വ്യവഹരിക്കപ്പെട്ട സാമൂഹിക പരിസരത്തുനിന്നാണ് ജന്മദിനം ഉടലെടുക്കുന്നത്. ഇത്തരം രൂക്ഷമായ ജീവിതപ്രതിസന്ധികളെ മനുഷ്യന്റെ ദാർശനിക പരിസരവുമായി ബഷീർ ചേർത്തുകെട്ടുന്നത് അങ്ങേയറ്റം സരളമായാണ്. എത്രാമത്തെ പിറന്നാളാണ് താൻ ആഘോഷിക്കുന്നതെന്ന് തിട്ടമില്ലാത്ത എഴുത്തുകാരൻ തന്നെയാണ് അതിന്റെ ഏറ്റവും മികച്ച ഉദാഹരണം. ഇതിനെ ഓർമ്മിപ്പിക്കുന്നൊരു സന്ദർഭം കാമുവിന്റെ 'ഔട്ട്സൈഡർ' എന്ന പ്രശസ്തമായ നോവലിലുണ്ട്. അമ്മ മരിച്ച ദിവസമേതായിരുന്നെന്ന് സംശയിക്കുന്ന കഥാനായകൻ. ഭൗതികയുക്തികൾക്ക് വിലയില്ലാതാകുന്ന സന്ദർഭങ്ങളായാണ് രണ്ടുപേരും അസ്തമിച്ച വേദനകളെ സമീപിക്കുന്നത്. ജന്മദിനത്തിലാകട്ടെ വ്യക്തിബോധത്തെ തന്നെ അട്ടിമറിക്കുന്ന തരത്തിൽ വിശപ്പ് സഞ്ചരിക്കുന്നു എന്നു സാന്ദർഭികമായി കൂടി രേഖപ്പെടുത്തുന്നു.

ഭീമമായ അസ്തിത്വദുഃഖങ്ങളിലേക്ക് ജീവിതത്തെ കൊണ്ടെത്തിക്കുന്ന വാതിലായാണ് വിശപ്പ് എന്ന ബിംബത്തെ ബഷീർ സ്വീകരിച്ചത്. ഭക്ഷണത്തിനുവേണ്ടി മാത്രമാണോ എഴുത്തുകാരൻ വിശന്നിരുന്നത് എന്ന ചോദ്യം വായനക്കാരനിൽ അടിപാകിയെടുക്കാനാണ് ജന്മദിനം പരിശ്രമിക്കുന്നത്. തീർച്ചയായും മനുഷ്യസമൂഹ

SGOU

ത്തിന്റെ എക്കാലത്തെയും അടിസ്ഥാനപ്രശ്നം വിശപ്പാണ്. അസ്തിത്വത്തിന്റെ ആധാരമായികൂടി അത് വ്യവഹരിക്കപ്പെടുന്നു. ഈ ആശയത്തെ ശക്തമായി അടയാളപ്പെടുത്തുന്നു എന്നതാണ് ജന്മദിനത്തിന്റെ പ്രത്യേകത. ജന്മദിനത്തിനണിയാൻ പ്രത്യേകം കരുതിവച്ച തൂവെള്ള ഖദർ വസ്ത്രങ്ങളണിഞ്ഞ്, വേവുന്ന ഹൃദയവും കത്തിക്കാളുന്ന വയറുമായി കുടുസ്സായ ലോഡ്ജ് മുറിയിലെ ചാരുകസാലയിൽ കഥാനായകൻ കിടക്കുന്നു. അയാളെ അലോസരപ്പെടുത്തുന്ന ഒരേയൊരു വികാരം വിശപ്പാണ്. അതിന്റെ തീവ്രമായ അലട്ടലിലാണ് 'ഈ നിലയിലുള്ള ജന്മദിനത്തിന്റെ അനേകം പുനരാവർത്തനങ്ങൾ ഉണ്ടാവട്ടെ എന്നു മാത്യു ആശംസിച്ചപ്പോൾ എന്റെ ഹൃദയത്തിന്റെ അകക്കാമ്പു ലേശം വേദനിച്ചു.' എന്ന് എഴുത്തുകാരൻ പറയുന്നത്.

ഒരു ചായയ്ക്കുള്ള വകപോലും കണ്ടെത്താനാകാതെ തളർന്നുകിടക്കുമ്പോൾ 'ജോഡിക്ക് മൂന്നണയേയുള്ളൂ, എന്ന പ്രലോഭനവുമായി മെതിയടി വില്ക്കാൻ രണ്ടു പൈതങ്ങൾ കയറി വരുന്നു. അവരെ നോക്കി' നഗ്നനായ ഞാനും എന്റേതാണോ? എന്നു ചിന്തിച്ചുപോകുന്ന അസ്തിത്വവ്യഥയിൽ വിശപ്പ് ബഷീറിനെ എത്തിക്കുന്നുണ്ട്. അസ്തിത്വത്തിന്റെ, സ്വത്വപ്രതിസന്ധിയുടെ ഈ അന്തർധാരയാണ് ജന്മദിനത്തെ പൂർണ്ണമാക്കുന്നത്. അപ്രതീക്ഷിതമായി ഉച്ചയൂണിനു ക്ഷണിച്ച ഹമീദിന്റെ വീട്ടിൽ പതിനൊന്നരയ്ക്കു തന്നെ എത്തിച്ചേരുന്ന കഥാനായകൻ അവിടുന്ന് മടങ്ങുമ്പോൾ സ്വത്വാന്വേഷണം നടത്തുകയും തന്റെ അസ്തിത്വം തിരിച്ചറിയാൻ കഴിയാതെ പ്രതിസന്ധിയിലാവുകയും ചെയ്യുന്നുണ്ട്. വിശപ്പിന്റെ പതർച്ച അയാളെ എത്തിക്കുന്നത് അസ്തിത്വശൂന്യതയിലേക്കാണ്. കഥ ഇവിടെ കേവലമനുഷ്യന്റെ നില വിട്ട് സാമൂഹിക വിതാനങ്ങളിലേക്കുയരുന്നു. കൊച്ചു കൊച്ചു വാക്യങ്ങളിലൂടെ അനുഭവങ്ങളെ തീവ്രമായി ആവിഷ്കരിക്കുന്നു. സംസാരഭാഷയുടെ സാർവത്രികമായ ഉപയോഗം ഈ കഥയിലുടനീളം കാണാവുന്നതാണ്. ഇത്തരം ഭാഷാശൈലി പിൻപറ്റുന്ന കഥാപാത്രങ്ങളെ സൃഷ്ടിച്ചുകൊണ്ട് അവരിലൂടെ രാഷ്ട്രീയവും സാമുദായികവും സന്മാർഗികവുമായ ആക്ഷേപഹാസ്യം നിർമ്മിക്കാനും കഥാകൃത്തിനാകുന്നുണ്ട്.

ഭൂമി മനുഷ്യന്റെ മാത്രം വാസയിടമല്ലെന്നും മണ്ണിനെയും പാറകളെയും ജലപ്രവാഹങ്ങളെയും മറ്റുചരാചരങ്ങളെയും ഉൾകൊള്ളുന്ന സഹജാവമേഖലയാണെന്നുമുള്ള ബഷീർ രചനകളിലെ ദാർശനികബോധം ജന്മദിനവും പിന്തുടരുന്നുണ്ട്.

'ആകാശചുംബികളായ കൂറ്റൻ മണിമേടകൾ നിറഞ്ഞ മഹാനഗരം. അതിന്റെ നടുക്കു ശിരസ്സുയർത്തി നിൽക്കുന്ന ഒരു മനുഷ്യൻ. ഇരുമ്പുചങ്ങലകളാലയാളെ വരിഞ്ഞുമുറുക്കി ഭൂമിയോട് ചേർത്തു ബന്ധിച്ചിരിക്കയാണ്.' എങ്കിലും അയാളുടെ നോട്ടം ബന്ധനത്തിലോ, ഭൂമിയിലോ അല്ല. വിദൂരതയിൽ, ഉയരെ സൗരയൂഥങ്ങൾക്കപ്പുറത്ത്, അന്തമില്ലാത്ത ദൂരത്തിൽ കതിരുകൾ ചിതറുന്ന മഹാതേജഃ പുഞ്ജത്തിൽ എന്നെഴുത്തുകാരൻ കുറിക്കുന്നത് ഈ ബോധത്തിലാണ്. ബഷീർ രചനകളിൽ എടുത്തു പറയേണ്ട സവിശേഷതയാണ് ഓർമ്മയെ അവതരിപ്പിക്കുന്ന രീതി. ഓർമ്മയനുഭവങ്ങൾ കഥ എന്ന മാധ്യമത്തിൽ ആഖ്യാനതന്ത്രമായി ഉപയോഗിക്കുന്നു. ഇത്തരമൊരു രീതി ജന്മദിനം എന്ന കഥയിലും കാണാം. ആത്മഭാഷണത്തിലൂടെ ഗൗരവമേറിയ ആശയങ്ങൾ നിരന്തരം സമൂഹവുമായി പങ്കുവച്ചാണ് ഓർമ്മയെ അദ്ദേഹം സമാഹരിക്കുന്നത്. ഓർമ്മകളുടെ സംഭരണിയായാണ് ബഷീർ ഭൂതകാലത്തെ പോലും വിലയിരുത്തുന്നത്. വിശപ്പ് എന്ന സാർവലൗകിക വികാരത്തെയാണ് പ്രതിനിധീകരിക്കുന്നതെങ്കിൽ കൂടി ജന്മദിനത്തിന്റ ഉള്ളടക്കത്തിൽ അസ്തിത്വപ്രതിസന്ധികളുടേയും മനുഷ്യൻ അനുഭവിക്കുന്ന സകല ദാർശനികവ്യഥകളുടേയും ചൂരുണ്ട്. വിശപ്പ് മുഖാന്തരമുണ്ടാകുന്ന വ്യതിരിക്തമായ ഉദാത്തതയിലേക്ക് അതിന് മനുഷ്യനെ ആയാസരഹിതമായി നയിക്കാൻ കഴിയുന്നതതുകൊണ്ടാണ്.

SGOU

## Recap

- നവോഥാനകാലത്തെ ചെറുകഥാസാഹിത്യം പരിചയപ്പെടുന്നു
- മലയാള ചെറുകഥയുടെ സുവർണ്ണഘട്ടമായ നവോഥാനഘട്ടത്തെ അറിയുന്നു
- 'അനുഭവങ്ങളുടെ വൻകര' എന്ന് വിശേഷിപ്പിച്ച ബഷീർസാഹിത്യത്തെ അടുത്തറിയുന്നു
- വിരഹവും പ്രണയവും ഭ്രാന്തും അനുഭവവേദ്യമാക്കിയതുപോലെ വിശപ്പും നമ്മളുടെ ഉള്ളിലേക്ക് അനുഭവിപ്പിച്ചു തന്ന കഥയാണ് 'ജന്മദിനം'
- മനുഷ്യരുടെ പൊള്ളയായ ദുരഭിമാനവും പൊങ്ങച്ചവും തുറന്നുകാട്ടുന്ന കഥയായ ജന്മദിനം, മനുഷ്യരുടെ നിസ്സാരതയും കാട്ടിത്തരുന്നു
- ആത്മപരിഹാസരീതിയിൽ മനുഷ്യന്റെ സ്വഭാവവൈകൃതങ്ങളെയും അഹങ്കാരത്തെയും തുറന്നുകാട്ടുന്നു
- സ്വന്തം ജന്മദിനത്തിന്റെയന്ന് പട്ടിണി കിടക്കേണ്ടിവന്ന ഹതഭാഗ്യനായ എഴുത്തുകാരൻ സ്വയം പരിഹാസ്യനാകുന്നു
- എഴുത്തുകാരനെന്ന നിലയിൽ പ്രശസ്തി ഉള്ള ഘട്ടത്തിലാണ് ഈ സംഭവം നടക്കുന്നത്. ആ ജന്മദിവസത്തെ സംഭവങ്ങളെല്ലാം അന്തരംഗം പൊട്ടുമാറ് തിങ്ങി വിങ്ങി അദ്ദേഹം ഓർക്കുന്നു. ഒരു നിമിഷം വായനക്കാരനെയും ഈ വേദന അനുഭവിപ്പിക്കുന്നു
- നവോഥാന എഴുത്തുകാരിൽ നിന്ന് തീർത്തും വ്യത്യസ്തമായ സ്വരം കേൾപ്പിച്ച എഴുത്തുകാരനാണ് ബഷീർ
- മാനവികതയെ സ്വീകരിച്ച് കൊണ്ട് സാഹിത്യത്തെ നവീകരിച്ചു
- അനുഭവങ്ങളിൽ രാഷ്ട്രീയമുരുക്കിയൊഴിച്ചാണ് ബഷീർ എഴുതിയതെന്ന കെ.പി. അപ്പന്റെ പ്രസ്താവന ചേർത്തു വായിക്കേണ്ടുന്ന ഒന്നാണ്
- സൂഫി മനോഭാവത്തിന്റെ മിസ്റ്റിക് തലം ഹാസ്യത്തെ ലളിതവും നിഗൂഢവുമാക്കുന്നു
- ജീവിതത്തിന്റെ ഭിന്നമേഖലകളിൽ വ്യാപരിക്കുന്ന മനുഷ്യരുടെ അനുഭവലോകം ആവിഷ്കരിച്ചു
- കയ്യിൽ കാശില്ലാത്ത ഒരെഴുത്തുകാരൻ, തന്റെ പിറന്നാൾ ദിനത്തിൽ വിശപ്പകറ്റാനായി പ്രയോഗിച്ച ഉപായങ്ങളൊന്നും ഫലിക്കാതെ വന്നപ്പോൾ ഒരടുക്കളയിൽ കയറി ചോറ് കട്ടുതിന്നുന്നതാണ് കഥയുടെ പ്രമേയം
- ഉത്തമപുരുഷ ഏകവചനത്തിൽ കഥ അവതരിപ്പിക്കുന്നു
- വ്യക്തിബോധത്തെ അട്ടിമറിക്കുന്ന തരത്തിൽ വിശപ്പ് സഞ്ചരിക്കുന്നു
- അസ്തിത്വദുഃഖത്തിന്റെ ഭാഗമായി വിശപ്പെന്ന ബിംബത്തെ ഉപയോഗപ്പെടുത്തിയിരിക്കുന്നു. അസ്തിത്വവ്യഥയും വ്യക്തിശൂന്യതയും കഥയിൽ ദർശിക്കാം
- മനുഷ്യസമൂഹത്തിന്റെ എക്കാലത്തെയും അടിസ്ഥാനപ്രശ്നം വിശപ്പാണ്. വിശപ്പെന്ന സാർവലൗകിക വികാരത്തെ കഥ പ്രതിനിധീകരിക്കുന്നുവെങ്കിൽ കൂടിയും മറ്റ് ദാർശനികതയിലേക്കും കഥ വിരൽ ചൂണ്ടുന്നു

SGOU

## Objective Type Questions

1. "ഈ നിലയിലുള്ള ജന്മദിനത്തിന്റെ അനേകം പുനരാവർത്തനങ്ങൾ ഉണ്ടാവട്ടെ" എന്ന് ആശംസിച്ചത് ആര്?
2. ജന്മദിനം എന്ന കഥ രചിച്ച വർഷം?
3. അസ്തിത്വദുഃഖങ്ങളിലേക്ക് ജീവിതത്തെ കൊണ്ടെത്തിക്കുന്ന വാതിലായി ബഷീർ സ്വീകരിച്ച ബിംബമേത്?
4. എത്രാമത്തെ പിറന്നാളാണ് താൻ ആഘോഷിക്കുന്നതെന്ന് തിട്ടമില്ലാത്ത എഴുത്തുകാരനെ ഓർമ്മിപ്പിക്കുന്ന സന്ദർഭം ആൽബർട്ട് കാമ്യുവിന്റെ ഏതു നോവലിലാണുള്ളത്?
5. ഏതൊക്കെ പാശ്ചാത്യ രചയിതാക്കൾ അവതരിപ്പിച്ച വ്യക്തിശൂന്യതയുടെ ഭാവതലം ജന്മദിനത്തിൽ കാണാൻ കഴിയും?
6. 'പലതിൽ ഒന്നല്ലാത്ത ഏറ്റവും മുന്തിയ കഥ'എന്ന് ജന്മദിനത്തെ വിലയിരുത്തിയ നിരൂപകനാര്?
7. 'അനുഭവങ്ങളിൽ രാഷ്ട്രീയമുരുക്കിയൊഴിച്ചാണ്' ബഷീർ എഴുതിയതെന്ന പ്രസ്താവന ആരുടേതാണ്?
8. 'അനുഭവങ്ങളുടെ വൻകര' എന്ന ബഷീറിന്റെ സാഹിത്യത്തെ വിശേഷിപ്പിച്ചതാര്?
9. വിശപ്പ് പ്രമേയമാക്കി ബഷീർ എഴുതിയ രണ്ടു കഥകൾ ഏതെല്ലാം?
10. വിശപ്പു സഹിക്കാൻ കഴിയാതെ കഥാകാരൻ അവസാനം ചെയ്തതെന്ത്?
11. എം.എൻ. വിജയൻ ബഷീറിനെപ്പറ്റി എഴുതിയ പുസ്തകമേത്?
12. ബഷീറിന്റെ അവസ്ഥ മനസിലാക്കി രണ്ടണ ചായ കുടിക്കാൻ കൊടുത്തതാര്?
13. ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്നതാരെ?
14. ബഷീറിന്റെ ആത്മകഥയുടെ പേരെന്ത്?

## Answers

1. ബി. എ. വിദ്യാർഥി മാത്യു
2. 1945
3. വിശപ്പ്
4. ഔട്ട്സൈഡർ
5. കാഫ്ക, കാമു, സാർത്ര്
6. സുകുമാർ അഴീക്കോട്
7. കെ. പി. അപ്പൻ
8. എം. എൻ. വിജയൻ
9. വിശപ്പ്, ജന്മദിനം
10. അയൽവീട്ടിലെ ഭക്ഷണം മോഷ്ടിച്ചു കഴിക്കുന്നു
11. മരുഭൂമികൾ പൂക്കുമ്പോൾ
12. അയലത്തെ വേലക്കാരൻ പയ്യൻ
13. വൈക്കം മുഹമ്മദ് ബഷീർ
14. ഓർമ്മയുടെ അറകൾ

SGOU

## Assignments

1. ബഷീർ സൃഷ്ടിച്ച ഭാഷയുടെ സവിശേഷതകൾ ജന്മദിനമെന്ന കഥയെ മുൻനിർത്തി വിശകലനം ചെയ്യുക.
2. ബഷീർ ഓർമ്മയനുഭവങ്ങളെ കഥയുടെ ആവിഷ്കാരത്തിനുള്ള ഉപാധിയായി എങ്ങനെ സ്വീകരിച്ചിരിക്കുന്നുവെന്ന് വിലയിരുത്തുക
3. ജന്മദിനമെന്ന കഥയെ മുൻനിർത്തി കഥയുടെ ആഖ്യാനസവിശേഷതകൾ വിലയിരുത്തുക?
4. വിശപ്പ് മുഖ്യപ്രമേയമായി വരുന്ന കഥകളെക്കുറിച്ച് ഉപന്യസിക്കുക.

## Reference


1. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, എൻ. ബി. എസ്. കോട്ടയം.
2. ഡോ. എം. എം. ബഷീർ, മലയാള ചെറുകഥാസാഹിത്യ ചരിത്രം, കറന്റ് ബുക്സ്, തൃശ്ശൂർ.
3. വി. രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ്, ഡി. സി. ബുക്സ്, കോട്ടയം.


## Suggested Reading


1. പി. കെ. പാറക്കടവ്, വൈക്കം മുഹമ്മദ് ബഷീർ ദാർശനികനായ സാഹിത്യകാരൻ, ജി.ഡി.ബുക്സ്
2. ബഷീർ, ബഷീർ സമ്പൂർണ്ണ കൃതികൾ, ഡി. സി. ബുക്സ്, കോട്ടയം
3. എം. എൻ. വിജയൻ, മരുഭൂമികൾ പൂക്കുമ്പോൾ, കറന്റ് ബുക്സ്, തൃശ്ശൂർ


SGOU

# യൂണിറ്റ് - 2
# കോലാട്

**മാധവിക്കുട്ടി**

## Learning Outcomes

- ആത്മനൊമ്പരങ്ങളും ഗൃഹാതുരമായ ഓർമ്മകളും സൂക്ഷ്മമായി അവതരിപ്പിക്കുന്നു.
- കോലാട് ഒരു സ്ത്രീപക്ഷരചനയായി അപഗ്രഥിക്കുന്നു
- മാധവിക്കുട്ടിയുടെ ആഖ്യാനരീതികൾ പരിചയപ്പെടുന്നു
- മാധവിക്കുട്ടിയുടെ സാഹിത്യലോകത്തെക്കുറിച്ച് അറിവ് നേടുന്നു

## Prerequisites

ചെറുകഥയുടെ ആധുനികകാലഘട്ടത്തിൽ കാല്പനികപ്രവണതകൾ ഉപയോഗിച്ച് രചനകൾ നടത്തിയ എഴുത്തുകാരിയാണ് മാധവിക്കുട്ടി. എം. ടി. വാസുദേവൻ നായർ, ടി. പത്മനാഭൻ എന്നീ സമകാലികർക്കൊപ്പം ഒറ്റപ്പെടുന്നവരുടെ ആത്മനൊമ്പരങ്ങളും പ്രണയവും വിരഹവും വായനക്കാരുടെ മനസ്സിലേക്ക് മാധവിക്കുട്ടി ആഴത്തിൽ കൊണ്ടെത്തിച്ചു സ്ത്രീകളുടെ വിഹ്വലതകളും അസ്തിത്വവ്യഥകളും ആത്മനൊമ്പരങ്ങളും ലൈംഗികതയും ഒരു മറയുമില്ലാതെ തുറന്നെഴുതി. കപടസദാചാരങ്ങളുടെ പൊളിച്ചെഴുത്ത് ആയിരുന്നു മാധവിക്കുട്ടിയെ സമകാലികരിൽ നിന്നും വ്യത്യസ്തയാക്കുന്നത്. കോലാട് എന്ന കഥ അവതരിപ്പിക്കുന്നതിനു മൂന്നുപാധിയായി വീട്ടമ്മയെന്ന നിലയിൽ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളും കഷ്ടതകളും ചൂണ്ടിക്കാട്ടാം. കൊറോണക്കാലത്ത് ഒ.ടി.ടി.പ്ലാറ്റ്ഫോമിൽ റിലീസായ 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' എന്ന സിനിമയെ ക്കുറിച്ച് പറഞ്ഞു തുടങ്ങാം . തേഞ്ഞുതീരുന്ന വീട്ടുപകരണം പോലെ ഓരോ അടുക്കളയിലും കിടന്നു നരകിക്കുന്ന സ്ത്രീയെ, അതിൽ അവതരിപ്പിച്ചിരിക്കുന്നു. മാധവിക്കുട്ടിയുടെ നെയ്പ്പായസം എന്ന കഥയിൽ ഇതുപോലെ പേരില്ലാത്ത ഒരു സ്ത്രീയെ, പെട്ടെന്ന് ഇല്ലാതായി പോകുന്ന ഒരു വീട്ടമ്മയെ കാണാം. കോലാട് എന്ന ഈ കഥയിലും അതു പോലെ ഒരു സ്ത്രീയെ കാണാം. വീട്ടമ്മ ഗുരുതരമായ രോഗം ബാധിച്ച് ആശുപത്രിയിൽ കിടക്കുമ്പോൾ വീട്ടിൽ പരിപ്പ് കരിയുന്നു എന്ന വേവലാതി അർധബോധത്തിൽ പ്രകടിപ്പിക്കുന്ന സ്ത്രീയുടെ ഉപബോധതലത്തിലെ വേവലാതിയായി കഥ അവതരിപ്പിക്കുന്നു.

**മാധവിക്കുട്ടി (കമലാ സുരയ്യ)**

ഒരു ഇന്ത്യൻ ഇംഗ്ലീഷ് - മലയാളം സാഹിത്യകാരിയായിരുന്നു കമലാ സുരയ്യ. മലയാളത്തിലും ഇംഗ്ലീഷിലുമായി കവിത, ചെറുകഥ, ജീവചരിത്രം എന്നിങ്ങനെ നിരവധി സാഹിത്യസൃഷ്ടികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളരചനകളിൽ മാധവിക്കുട്ടി എന്ന പേരിലും ഇംഗ്ലീഷ് രചനകളിൽ കമലാദാസ് എന്ന പേരിലുമാണ് അവർ രചനകൾ നടത്തിയിരുന്നത്. 1999-ൽ ഇസ്ലാംമതം സ്വീകരിച്ചതിന് ശേഷം സുരയ്യ എന്ന നാമം സ്വീകരിച്ചു. ഇംഗ്ലീഷിൽ കവിത എഴുതുന്ന ഇന്ത്യക്കാരിൽ പ്രമുഖയായിരുന്നു. പക്ഷേ കേരളത്തിൽ മാധവിക്കുട്ടി എന്ന തൂലികാനാമത്തിൽ എഴുതിയ ചെറുകഥകളിലൂടെയും ജീവചരിത്രത്തിലൂടെയുമാണ് അവർ

SGOU

പ്രശസ്തിയാർജിച്ചത്. 1984 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു. അനാഥരായ അമ്മമാരെയും സ്ത്രീകളെയും സംരക്ഷിക്കുവാനും മനുഷ്യത്വപ്രവർത്തനങ്ങൾക്കുമായി ലോക്സേവാ ചാരിറ്റബിൾ ട്രസ്റ്റ് എന്ന സംഘടന ആരംഭിച്ചു. നാലപ്പാട്ടെ തറവാട് കേരള സാഹിത്യ അക്കാദമിക്കായി മാധവിക്കുട്ടി ഇഷ്ടദാനം കൊടുത്തു. സ്ത്രീകളുടെ ലൈംഗിക അവകാശങ്ങളെയും അഭിലാഷങ്ങളെയും കുറിച്ച് സത്യസന്ധതയോടെയും ധൈര്യത്തോടെയും എഴുതാൻ തുനിഞ്ഞ ഇന്ത്യയിലെ ആദ്യത്തെ എഴുത്തുകാരികളിൽ മാധവിക്കുട്ടി ഉൾപ്പെടുന്നു.

നാലപ്പാട്ട് തറവാട്ടിൽ ജനിച്ചു. അമ്മ കവയിത്രിയായ ബാലാമണിയമ്മ, അച്ഛൻ മാതൃഭൂമി ദിനപത്രത്തിന്റെ മുൻ മാനേജിങ് എഡിറ്ററായിരുന്ന വി. എം. നായർ, പ്രസിദ്ധകവി നാലപ്പാട്ട് നാരായണമേനോൻ വലിയമ്മാവനായിരുന്നു. കമലയുടെ ബാല്യകാലം പുന്നയൂർക്കുളത്തും കൽക്കട്ടയിലുമായാണ് കഴിഞ്ഞത്. മാധവിക്കുട്ടിയുടെ കൃതികൾക്ക് പലരും ചലച്ചിത്രഭാഷ്യം രചിച്ചിട്ടുണ്ട്. ദൂരദർശന് വേണ്ടി ലെനിൻ രാജേന്ദ്രന്റെ സംവിധാനത്തിൽ ബാല്യകാലസ്മരണകളും ശ്യാമപ്രസാദിന്റെ സംവിധാനത്തിൽ വേനലിന്റെ ഒഴിവും ടെലിസീരിയലുകളായി ഇറങ്ങിയിട്ടുണ്ട്. 2018 ൽ ആമി എന്ന പേരിൽ കമലിന്റെ സംവിധാനത്തിൽ മാധവിക്കുട്ടിയുടെ ജീവിതം അവതരിപ്പിക്കുന്ന ഒരു മലയാളചലച്ചിത്രം പുറത്തിറങ്ങി. നഷ്ടപ്പെട്ട നീലാംബരി എന്ന കഥയാണ് ലെനിൻ രാജേന്ദ്രൻ മഴ എന്ന സിനിമയാക്കിയത്. പുരസ്കാരങ്ങൾ: 1997 - വയലാർ അവാർഡ് (നീർമാതളം പൂത്ത കാലം), 2002 - എഴുത്തച്ഛൻ പുരസ്കാരം, സാഹിത്യ അക്കാദമി പുരസ്കാരം (തണുപ്പ്), ഏഷ്യൻ വേൾഡ് പ്രൈസ്, ഏഷ്യൻ പൊയട്രി പ്രൈസ്, കെന്റ് അവാർഡ്, കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം, ആശാൻ വേൾഡ് പ്രൈസ്.

**പ്രധാന കൃതികൾ**

നോവൽ - കടൽമയൂരം, മനോമി, കവാടം, ചെറുകഥ - പക്ഷിയുടെ മണം, നെയ്പ്പായസം, ചുവന്ന പാവാട, രുഗ്മിണി, കോലാട്. നോവലൈറ്റ് - ചന്ദനമരങ്ങൾ, നീർമാതളം പൂത്ത കാലം, നഷ്ടപ്പെട്ട നീലാംബരി, ബാല്യകാലസ്മരണകൾ. ആത്മകഥ - എന്റെ കഥ.

## Key Words

കുടുംബം - വ്യവസ്ഥകൾ - സാഹിത്യരചനകൾ - സ്ത്രീയനുഭവങ്ങൾ - അവഗണന - അസ്തിത്വദുഃഖം - ഹൃദയസ്പർശിയായ കഥകൾ - സ്ത്രീ വിഹ്വലതകൾ - മാറ്റി നിർത്തപ്പെടൽ

SGOU

## Discussion

‘കോലാട്’ എന്ന കഥയിൽ കുടുംബത്തിനുവേണ്ടി സ്വന്തം സന്തോഷവും സുഖങ്ങളും ത്യജിച്ച് വേവലാതികളോടെ ജീവിക്കുന്ന 43 കാരിയാണ് കേന്ദ്രകഥാപാത്രം. പഠിപ്പും പരിഷ്കാരവുമില്ലാതെ, കുടുംബത്തിനുവേണ്ടി, പകലന്തിയോളം ജോലി ചെയ്ത് ജീവിക്കുന്ന സ്ത്രീയുടെ അവസ്ഥ പറയുന്ന കഥയാണ് മാധവിക്കുട്ടിയുടെ കോലാട്. മക്കൾക്ക് അവരുടെ രൂപം പോലും കുറച്ചിലുണ്ടാക്കുന്നു. അവളുടെ നാൽപത്തിമൂന്നാമത്തെ വയസ്സിൽ മൂത്തമകൻ പറഞ്ഞത് ‘അമ്മേ നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മ വരിക’ എന്നാണ്. ഭർത്താവിനും കുട്ടികൾക്കുംവേണ്ടി അവൾ രാപകൽ ജോലി ചെയ്യുന്നു. ആരും അവളെ സഹായിക്കുന്നില്ല. വലിയ പഠിപ്പോ പരിഷ്കാരമോ അവൾക്കില്ല. മൂത്തമകൻ പരിഹസിക്കുമ്പോൾ എല്ലാവരും ചിരിച്ചെങ്കിലും അത് അവളുടെ ഉള്ളിൽ വേദനയായി നിറയുന്നു. ഇളയമകൻ അവൾക്ക് ഒരു ദിവസം ഒരു നെല്ലിക്ക കൊണ്ട് കൊടുക്കുന്നു. അത് അവളിൽ വലിയ സന്തോഷമുണ്ടാക്കി. കഥാപാത്രത്തിന് പേര് പോലുമില്ല. അവൾ പ്രതിനിധാനം ചെയ്യുന്നത് സർവംസഹയായ വീട്ടമ്മമാരെ ആയിരുന്നു. ഓരോ ദിവസവും തേഞ്ഞുതീരുന്ന വീട്ടുപകരണം പോലെയായിരുന്നു അവളുടെ ജീവിതം. ആരും അവളെ പരിഗണിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യുന്നില്ല. സ്കൂളിൽ ഡ്രാമക്കു താനും കൂടെ വരാം എന്ന് പറഞ്ഞപ്പോൾ അമ്മ വരണ്ട എന്ന് മകൻ പറയുന്നു. ഞാൻ സിൽക്കിന്റെ കല്യാണസാരി ഉടുത്തുവരാമെന്ന് പറയുമ്പോൾ എന്നാലും വരണ്ട എന്ന് മകൻ പറയുന്നു. അത് അവളെ തകർക്കുന്നു. വായനക്കാരുടെ ഉള്ളിലും ഒരു വിങ്ങൽ വന്നുനിറയുന്നു.

ആരോഗ്യം നോക്കാതെ പണിയെടുത്ത അവൾക്ക് മഞ്ഞക്കാമല എന്ന രോഗം വരുന്നു. ഒടുവിൽ അസുഖമായി ആസ്പത്രിയിലായി. ഗുരുതരാവസ്ഥയിൽ ഹോസ്പിറ്റൽ കിടക്കുമ്പോഴും വീട്ടിൽ പരിപ്പ് കരിയുന്നു എന്ന വേവലാതി അവൾ പ്രകടിപ്പിക്കുന്നു. അവൾ ആകുന്ന വീട്ടിലെ യന്ത്രത്തിന് കേടുവരുന്നു. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്ന സ്വന്തം ആത്മാംശം നഷ്ടപ്പെടുത്തി ജീവിക്കുന്ന സ്ത്രീസമൂഹത്തിന്റെ പ്രതിനിധിയാണ് അവൾ. നമ്മുടെ ഉള്ളിലും ഒരു വിങ്ങലായി കോലാട് എന്ന കഥ നിലനിൽക്കുന്നു. അവൾക്ക് നാൽപ്പത്തിമൂന്ന് വയസ്സുള്ളപ്പോൾ, അവളുടെ കുസൃതിക്കാരനായ മൂത്തമകൻ അവൾ ആടിനെ ഓർമ്മിപ്പിക്കുന്നു എന്നു പറഞ്ഞപ്പോൾ അവൾ അവന്റെ ചിരിയിൽ പങ്കുചേർന്നു. എന്നാൽ അന്ന് ബാക്കിയുള്ളവർ പുറത്ത് പോയപ്പോൾ അവൾ കണ്ണാടി എടുത്ത് സങ്കടത്തോടെ സ്വന്തം മുഖം നോക്കി. അവളുടെ മെലിഞ്ഞ കവിളുകൾ പൂർണ്ണമാക്കാനുള്ള വഴികൾ ആലോചിച്ചു; അത് അവളുടെ ജീവിതവും ഉറപ്പിച്ചേക്കാം എന്ന ചിന്ത. അവൾക്ക് യൗവനവും സമൃദ്ധമായ ശരീരവും ഉള്ളപ്പോൾ, അവൾ ഒരിക്കലും തറയിൽ വിരിച്ച ഒരു പായയിൽ ഒറ്റയ്ക്ക് ഉറങ്ങിയിരുന്നില്ല. പക്ഷേ, അത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ട് കണ്ണാടിയിൽ കൂടുതൽ നേരം നോക്കാൻ അവൾ വിസമ്മതിച്ചു. അവളുടെ അടുക്കളയിൽ പാൽ തിളച്ചു തുടങ്ങിയിരുന്നു.

പ്രഭാതം മുതൽ പ്രദോഷം വരെ അനന്തമായി അധ്വാനിച്ചുകൊണ്ട് അവൾ തന്റെ കുടുംബത്തെ പരിപാലിച്ചു. അവളുടെ ശരീരം വിളറിയതും മെലിഞ്ഞതും ചില സ്ഥലങ്ങളിൽ ദുർബലമായി കാണപ്പെട്ടു. പക്ഷേ അവൾ ഒരിക്കലും പരാതിപ്പെട്ടില്ല, ക്ഷീണം കൊണ്ട് തളർന്നില്ല. അതുകാരണം, അവൾ കുളിമുറിയിൽ നിന്ന് അടുക്കളയിലേക്കും പുറകിലേക്കും - ബക്കറ്റ് വെള്ളം ചുമക്കുമ്പോൾ - അവളുടെ ഭർത്താവോ അവളുടെ മുതിർന്ന മക്കളോ സഹായിക്കാൻ ഒരിക്കലും മെനക്കെട്ടില്ല. അവൾ വിദ്യാസമ്പന്നയോ പരിഷ്കൃതയോ ആയിരുന്നില്ല. ഇടയ്ക്കിടെ, വീട് വൃത്തിയാക്കുന്നതിലും തുടച്ചുനീക്കുന്നതിലും ഭക്ഷണം പാകം ചെയ്യുന്നതിലും വസ്ത്രങ്ങൾ കഴുകുന്നതിലും ഇസ്തിരിയിടുന്നതിലും അവളുടെ പ്രശസ്തമായ കഴിവുകളെ അവർ ഉറക്കെ പുകഴ്ത്തും. അവരുടെ സ്തുതി കേൾക്കുമ്പോഴെല്ലാം അവൾ പുഞ്ചിരിക്കും - ചീഞ്ഞഴുകുന്ന പല്ലുകൾ തുറന്നുകാട്ടി. ഒരിക്കൽ അവളുടെ ഇളയമകൻ സ്കൂളിൽ നിന്ന് മടങ്ങിയെത്തിയപ്പോൾ അവൾക്ക് ഒരു നെല്ലിക്ക നൽകി. അന്ന് അവളു

ടെ ഇരുണ്ട അടുക്കളയിൽ നിന്നുകൊണ്ട് അവൾ സന്തോഷാശ്രു പൊഴിച്ചു. കാലം ചെല്ലുന്തോറും അവന്റെ കണ്ണിലും അവളൊരു നാണക്കേടായി മാറി. സ്കൂൾ നാടകത്തിന് കൂടെ വരാമെന്ന് പറഞ്ഞപ്പോൾ അവൻ പറഞ്ഞു: അമ്മ വരണ്ടാ തനിക്ക് നാണക്കേടാണ്, ലജ്ജയുണ്ടാക്കുമെന്നു പറയുന്നു.

രണ്ട് നേർത്ത കാലുകൾ ആ ചെറിയ വീട്ടിൽ നിരന്തരം ചലിച്ചു; ഒരിക്കലും വിശ്രമിക്കുന്നില്ല. ഒടുവിൽ ആ യന്ത്രവും തകരാറിലായി. അവൾക്ക് പനി പിടിച്ചു വയറു വേദനിക്കാൻ തുടങ്ങി. ഇഞ്ചിക്കോ രസത്തിനോ ആ വേദന ശമിപ്പിക്കാനായില്ല. പത്താം ദിവസം ഡോക്ടർ അവളുടെ ഭർത്താവിനോട് പറഞ്ഞു: 'ദയവായി അവളെ ഉടൻ ആശുപത്രിയിലേക്ക് മാറ്റൂ. അവൾക്ക് കടുത്ത മഞ്ഞപ്പിത്തമാണ്.' സ്കൂൾ പുസ്തകങ്ങൾ വായിച്ചുകൊണ്ടിരുന്ന കുട്ടികൾ പരിഭ്രാന്തരായി. ഒരു സഹായി അവളെ ആശുപത്രിയിലെ ഒരു ഗർണിയിലേക്ക് ഉയർത്തിയപ്പോൾ, അവൾ കണ്ണുതുറന്ന് കരഞ്ഞു: 'അയ്യോ! പയറുവർഗ്ഗങ്ങൾ സ്റ്റൗവിൽ കത്തുന്നതായി ഞാൻ കരുതുന്നു.' വായനക്കാരുടെ മനസ്സിൽ ചെറിയ നൊമ്പരവും അസ്വസ്ഥതയും ഉളവാക്കുന്ന കഥകൾ മാധവിക്കുട്ടി നിരവധി എഴുതിയിട്ടുണ്ട് അതുപോലെ ഹൃദയദ്രവീകരണം ഉളവാക്കിയ ഒരു കഥയാണ് കോലാട് എന്ന് പറയാം. മാതൃത്വത്തിന്റെ നിസ്വാർഥ സേവനത്തിന് ദൃഷ്ടാന്തമാണ് ഈ കഥയിലെ കേന്ദ്രകഥാപാത്രം. സ്ത്രീകളുടെ മാനസിക വ്യവഹാരങ്ങളുടെ സൂക്ഷ്മമായ ആവിഷ്കാരങ്ങൾ ആയിരുന്നു മാധവിക്കുട്ടിയുടെ കഥകൾ. കോലാട് എന്ന ഈ കഥയിൽ സ്വന്തം മക്കളാൽ പോലും പരിഹസിക്കപ്പെടുന്ന ഒരു അമ്മയെയാണ് കാട്ടിത്തരുന്നത്. ഒരു പരിഭവമോ പരാതിയോ ഇല്ലാതെ അവൾ എല്ലാം സഹിക്കുന്നു. അമ്മ ഒരു കോലാടിനെപോലെ ഉണ്ടെന്ന് പറയുന്ന ഒരു മകൻ, എന്റെ സ്കൂളിൽ അമ്മ വരണ്ട എന്ന് പറയുന്ന മറ്റൊരു മകൻ ഇതെല്ലാം അവളിൽ വലിയ സങ്കടം ഉണ്ടാക്കുന്നു. അവൾക്ക് ഗുരുതരമായ അസുഖം വരുമ്പോഴും വീടിനെക്കുറിച്ചുള്ള വേവലാതിയാണ് നമുക്ക് കാണാൻ കഴിയുക. ഇതുപോലെ നിരവധി ജീവിതങ്ങൾ നമ്മുടെ വീട്ടിലും ചുറ്റുപാടുകളിലും നമുക്ക് കാണാൻ കഴിയും. ഒരു നനുത്ത വിങ്ങലായി ആ ഓർമ്മകൾ മാധവികുട്ടി നമ്മുടെ മനസ്സിലേക്ക് കൊണ്ടെത്തിക്കുന്നു 'കോലാട് ' എന്നയീ ചെറുകഥയിലൂടെ.

## Recap

- മലയാളത്തിൽ അക്ഷരങ്ങൾ കൊണ്ട് വിപ്ലവം സൃഷ്ടിച്ച എഴുത്തുകാരിയായിരുന്നു മാധവിക്കുട്ടി
- സ്ത്രീയുടെ മനസ്സിന്റെ വൈകാരികമായ തലങ്ങളെല്ലാം തന്നെ വളരെ സൂക്ഷ്മമായി തുറന്നെഴുതിയ ശക്തയായ എഴുത്തുകാരിയായിരുന്നു മാധവിക്കുട്ടി
- മലയാളത്തിലെ ഏറ്റവും ശ്രദ്ധേയമായ സ്ത്രീപക്ഷരചനയായി കോലാടിനെ വിലയിരുത്താം
- മാതൃത്വത്തിനും സ്ത്രീത്വത്തിനും ഒരു വിലയും നൽകാത്ത പുരുഷകേന്ദ്രീകൃതമായ കേരളസമൂഹത്തിന്റെ ഒരു വെളിപ്പെടുത്തൽ കൂടിയാണ് കോലാട് എന്ന കഥ
- നിഷ്കളങ്കമായ പ്രണയത്തെയും നിസ്വാർഥമായ സ്നേഹത്തെയും അടയാളപ്പെടുത്തുന്നതായിരുന്നു മാധവിക്കുട്ടിയുടെ ജീവിതവും കഥകളും
- സംഭവബഹുലമായിരുന്നു മാധവിക്കുട്ടിയുടെ ജീവിതം
- മാധവിക്കുട്ടിയുടെ ഭാവനയിൽ വിരിഞ്ഞ കഥകൾ പലതും അവരുടെ സ്വകാര്യജീവിതാനുഭവങ്ങളാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്

SGOU

## Objective Type Questions

1. മാധവിക്കുട്ടിയുടെ ആത്മകഥയുടെ പേരെന്ത്?
2. അവസാനകാലത്ത് മാധവിക്കുട്ടി സ്വീകരിച്ച പേര് എന്ത്?
3. കഥയിലെ കേന്ദ്രകഥാപാത്രം ആരെപ്പോലെ ഇരിക്കുന്നു എന്നാണ് മകൻ പറഞ്ഞത്?
4. കഥയിലെ വീട്ടമ്മ ആശുപത്രിയിൽ കിടന്നപ്പോൾ വേവലാതിപ്പെട്ടത് എന്തോർത്താണ്?
5. സ്കൂളിൽ ഡ്രാമായ്ക്ക് പോകാൻ നേരം ഇളയമകൻ പറഞ്ഞത് എന്ത്?
6. കഥയിലെ വീട്ടമ്മയ്ക്ക് ബാധിച്ച ഗുരുതരമായ രോഗം എന്താണ്?
7. മാധവിക്കുട്ടിയുടെ തറവാടിന്റെ പേരെന്താണ്?
8. മാധവിക്കുട്ടിയുടെ ജീവിതം ആവിഷ്കരിക്കുന്ന ചലച്ചിത്രമേത്?
9. മഴ എന്ന ചലച്ചിത്രത്തിനടിസ്ഥാനമായ മാധവിക്കുട്ടിയുടെ കഥയേത്?
10. ആമി എന്ന ചലച്ചിത്രത്തിലെ കേന്ദ്രകഥാപാത്രമായി അഭിനയിച്ചതാര്?

## Answers

1. എന്റെ കഥ
2. കമലാ സുരയ്യ
3. കോലാടിനെപ്പോലെ
4. പരിപ്പ് കരിയുന്നു എന്ന് വേവലാതിപ്പെടുന്നു
5. അമ്മ സ്കൂളിൽ വരണ്ട എന്ന് പറയുന്നു
6. മഞ്ഞക്കാമില എന്ന രോഗം
7. നാലപ്പാട്ട് തറവാട്
8. ആമി
9. നഷ്ടപ്പെട്ട നീലാംബരി
10. മഞ്ജുവാര്യർ

## Assignments

1. മലയാള ചെറുകഥയിലെ ആധുനിക, കാല്പനികഘട്ടങ്ങളുടെ സവിശേഷതകൾ ചർച്ച ചെയ്യുക.
2. മാധവിക്കുട്ടിയുടെ സ്ത്രീപക്ഷരചനകളുടെ സവിശേഷതകൾ 'കോലാട്' എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

## Reference


1. ഡോ. കെ. എസ്. രവികുമാർ, കഥയും ഭാവുകത്വപരിണാമവും, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. ഡോ. എം. എം. ബഷീർ, മലയാള ചെറുകഥാസാഹിത്യ ചരിത്രം, കറന്റ് ബുക്സ്, തൃശ്ശൂർ.


SGOU

## Suggested Reading

1. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
2. ഡോ. വത്സലൻ വാതുശ്ശേരി, കഥയുടെ ന്യൂക്ലിയസ്, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.

SGOU

# യൂണിറ്റ് - 3
# പാപത്തറ

**സാറാ ജോസഫ്**

## Learning Outcomes

- നവോത്ഥാനകാലം മുതൽ വർത്തമാനകാലം വരെയുള്ള സ്ത്രീപക്ഷ രചനകളെക്കുറിച്ച് മനസ്സിലാക്കുന്നു
- സാറാജോസഫിന്റെ സ്ത്രീപക്ഷരചനകളെയും സ്ത്രീ മുന്നേറ്റപ്രവർത്തനങ്ങളെയും കുറിച്ച് അറിയുന്നു
- 'പാപത്തറ' എന്ന ചെറുകഥയിലൂടെ സ്ത്രീകൾ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളെ തിരിച്ചറിയുന്നു
- സ്ത്രീപക്ഷ രചനകളുടെ രാഷ്ട്രീയം ഗ്രഹിക്കുന്നു

## Prerequisites

മലയാളസാഹിത്യത്തിൽ ആധുനികതയുടെ കാലഘട്ടത്തിലെ പ്രധാന സാഹിത്യ പ്രവണതകളിലൊന്നാണ് പെണ്ണെഴുത്ത്. സ്ത്രീ നേരിടുന്ന പ്രശ്നങ്ങൾ സമകാലിക എഴുത്തുകാർ കൃതികളിലൂടെ സൂചിപ്പിക്കുന്നു. സ്ത്രീധനപീഡനം മൂലം ആത്മഹത്യ ചെയ്ത വിസ്മയയുടെ കഥയും ഭർത്താവ് പാമ്പിനെ കൊണ്ട് കൊത്തിച്ചു കൊലപ്പെടുത്തിയ ഉത്തരയുടെ കഥയും ഈ സാക്ഷരകേരളത്തിൽ അടുത്ത കാലത്ത് സംഭവിച്ചതാണ്. പെൺകുഞ്ഞുങ്ങളെ പ്രസവിക്കുന്നത് വലിയ പാപമാണെന്നു കരുതുന്ന പാലക്കാട്ടെ ഒരു ഗ്രാമത്തിലെ കഥയാണ് 'പാപത്തറ', ഗർഭത്തിലെ കുഞ്ഞ് പെണ്ണാണെന്നറിഞ്ഞാൽ ഭ്രൂണഹത്യ നടത്തുന്നു. പെൺകുഞ്ഞിനെ ഗർഭത്തിൽ പേറുന്ന പെണ്ണിനെ ആ നാടു മുഴുവൻ വെറുക്കുന്നു. സ്വന്തം ചോരയിൽ പിറന്ന കുഞ്ഞ് പെണ്ണാണെന്നറിഞ്ഞാൽ 'പാപത്തറ'യിലെ ശിലയിൽ കുഞ്ഞിനെ എറിഞ്ഞു കൊല്ലുന്ന കംസന്മാരെ ആ ഗ്രാമത്തിൽ കാണാം. എല്ലാവർക്കും പരിചിതമായ ശ്രീകൃഷ്ണചരിതത്തിലെ കംസന്റെ കഥ സ്മരിക്കുന്നു. സ്വന്തം സഹോദരിയുടെ കുഞ്ഞിനെ കൊല്ലാൻ വേണ്ടി നാട്ടിലെ നിരവധി കുഞ്ഞുങ്ങളെ കംസൻ കൊല്ലുന്നു. ഒപ്പം സഹോദരിയുടെ ഏഴു കുഞ്ഞുങ്ങളെയും പാറയിലടിച്ചു കൊല്ലുന്നു. ഏറ്റവും നീചമായ ആ പ്രവർത്തിയുടെ ആവർത്തനം (ഓർമ്മപ്പെടുത്തൽ) പോലെ ഈ ഗ്രാമത്തിലെ പുരുഷൻമാർ അവരുടെ ഭാര്യമാർ പെൺകുഞ്ഞുങ്ങളെ പ്രസവിക്കുമ്പോൾ ആ കുഞ്ഞുങ്ങളെ പാപത്തറയിൽ എറിഞ്ഞു കൊല്ലുന്നു. പെൺഭ്രൂണഹത്യ, ലിംഗനിർണ്ണയം, സ്ത്രീധനസമ്പ്രദായം എന്നിവ സജീവമായി നമ്മുടെ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളാണ്. ഇന്ത്യാരാജ്യം പല കാര്യങ്ങളിലും ഏറെ പുരോഗമിച്ചിട്ടുണ്ടെങ്കിലും സ്ത്രീകൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ബഹുദൂരം മുന്നിലാണ്. ഇത്തരം പ്രശ്നങ്ങളാണ് സാറാജോസഫ് തന്റെ രചനകളിൽ സംവദിക്കുന്നത്.

### സാറാ ജോസഫ്

സാറാജോസഫ് ഒരുസാഹിത്യകാരി എന്നതിലുപരി കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ സംഘാടകയും പ്രവർത്തകയുമാണ് [1946]. "സ്ത്രീക്ക് നാവുണ്ടാവുന്നതും

SGOU

അവൾ സ്വന്തം ഭാഷ അന്വേഷിക്കുന്നതും സംസ്കാരത്തിലെയും ചരിത്രത്തിലെയും സ്വന്തം സ്ഥാനം നിർണ്ണയിക്കുന്നതും പ്രധാനപ്പെട്ട സംഗതികളാണ് എന്നു പ്രഖ്യാപിച്ച എഴുത്തുകാരിയാണ് സാറാജോസഫ്. പ്രകൃതിയോടും കീഴാളവർഗത്തോടും സമൂഹം പുലർത്തുന്ന ചൂഷണമനോഭാവം അതിന്റെ പുരുഷാധിപത്യ സ്വഭാവം കൊണ്ടാണെന്ന് തന്റെ രചനകളിലൂടെ സാറാജോസഫ് വെളിപ്പെടുത്തുന്നു.

കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ മുൻനിര പ്രവർത്തകയായ സാറാജോസഫ് സ്ത്രീകൾക്കായുള്ള മാനുഷി എന്ന സംഘടനയുടെ സ്ഥാപകയാണ്. അവരുടെ കഥകൾ മലയാളത്തിലെ ഫെമിനിസ്റ്റ് കഥാസാഹിത്യത്തിന്റെ മാതൃകകളായി തീരുന്ന തെങ്ങനെയെന്ന് സച്ചിദാനന്ദൻ പാപത്തറ എന്ന കഥാസമാഹരത്തിന്റെ അവതാരികയിൽ രേഖപ്പെടുത്തുന്നുണ്ട്. പാപത്തറയുടെ അവതാരികയിലാണ് ഫെമിനിസം എന്ന വാക്കിനു തത്തുല്യമായി 'പെണ്ണെഴുത്ത്' എന്ന വാക്ക് മലയാളത്തിൽ സച്ചിദാനന്ദൻ ആദ്യമായി ഉപയോഗിച്ചത്. സാറാ ജോസഫിന്റെ രചനകൾ കഥാലോകത്ത് പുതിയൊരു സംവേദനതലം സൃഷ്ടിച്ചവയാണ്. ലിംഗപരമായ മേധാവിത്വത്തിൻ കീഴിൽ സ്വന്തം ശരീരത്തിന്മേലുള്ള നിർണ്ണയവകാശം പോലും എടുത്തുകളയപ്പെടുന്ന പെണ്ണിന്റെ ലോകത്തെക്കുറിച്ച് ഭയലേശമില്ലാതെ എഴുതി. ഇതിനു പുറമെ അധീശവർഗ്ഗമൂല്യങ്ങളോട് സമരം ചെയ്യുക, മൂല്യങ്ങളെയും ജീവിതത്തെയും പൊളിച്ചെഴുതുക എന്ന വീക്ഷണം മുന്നോട്ട് വച്ചു. സ്ത്രീയുടെ സ്വത്വസംഘർഷങ്ങളും അതിനു കാരണമായി നിലകൊള്ളുന്ന പുരുഷമേധാവിത്വ സമൂഹത്തോടും സ്ഥാപനങ്ങളോടും വ്യവസ്ഥകളോടും വിപ്ലവാത്മകമായി പ്രതിരോധിക്കുന്നു.

**കഥാസംഗ്രഹം**

പെണ്ണ് പൂക്കുന്ന നാട്ടിലേയ്ക്ക് പറത്തിവിടാൻ ഭ്രൂണത്തിന് അടയിരിക്കുന്ന അമ്മമാരുടെ കഥയാണ് പാപത്തറ. ഉഷ്ണത്തിര തള്ളുന്നൊരു പാലക്കാടൻ കാറ്റിൽ മഞ്ഞരളിക്കാടുകൾ മുടിയഴിച്ചിട്ടാടിയപ്പോൾ അടിവയറ്റിൽ ഒരു സ്വപ്നം പോലുടഞ്ഞു തകർന്ന്, ലക്ഷ്മിക്കുട്ടിക്ക് പേറ്റുനോവ് ആരംഭിക്കുന്നു. ഇങ്ങനെയാണ് കഥ തുടങ്ങുന്നത്. പെൺകുഞ്ഞുങ്ങൾ പിറക്കുന്നത് ശാപമാണെന്ന് കരുതുന്ന ഒരു വിഭാഗത്തിന്റെ ചെയ്തികൾ വരച്ചിടുകയാണ് എഴുത്തുകാരി. പെണ്ണിനെ പെറുന്ന കൊടിച്ചി എന്ന വിശേഷണം നൽകിയ ലക്ഷ്മിക്കുട്ടി പ്രസവവേദന സമയത്ത് എല്ലാ ഈശ്വരൻമാരെയും വിളിച്ച് ഒരു ലിംഗമാറ്റത്തിന് വേണ്ടി പ്രാർഥിക്കുന്നു. തുടർന്നുണ്ടാവുന്ന കയ്പ്പേറിയ അനുഭവങ്ങൾ വാങ്മയചിത്രങ്ങളിലൂടെ വായനക്കാരിലെത്തിക്കുന്നു.

**സമകാലികർ**

എം. മുകുന്ദൻ, സേതു, എൻ. എസ്. മാധവൻ, ഗ്രേസി, അക്ബർ കക്കട്ടിൽ, ചന്ദ്രമതി, അഷിത, വി.ആർ. സുധീഷ്.

SGOU

**പ്രധാന കൃതികൾ**

അകലെ അരികെ (1979 ) ആലാഹയുടെ പെൺമക്കൾ (1999), കാടിതു കണ്ടായോകാന്താ (2001), മനസ്സിലെ തീ മാത്രം ( 1977) പുതുരാമായണം (2006), ഗണിതം തെറ്റിയ കണക്കുകൾ (1992), കാടിന്റെ സംഗീതം (1979), നൻമതിൻമകളുടെ വൃക്ഷം (1989) പാപത്തറ (1990), നിലാവ് അറിയുന്നു (1994), ഒടുവിലത്തെ സൂര്യകാന്തി (1998) പ്രകാശിനിയുടെ മക്കൾ, അശോക, വന ദുർഗ്ഗ.

പ്രധാന നോവലുകൾ; ആലാഹയുടെ പെൺമക്കൾ, മാറ്റാത്തി, ഊരുകാവൽ, ഒതപ്പ്, ആളോഹരി ആനന്ദം, ബുധിനി. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർ ഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നീ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2021 - ലെ ഓടക്കുഴൽ അവാർഡ് 'ബുധിനി' എന്ന നോവലിനു ലഭിച്ചു. മാനുഷി എന്ന ഫെമിനിസ്റ്റ് - ആക്ടിവിസ്റ്റ് സംഘടനയുടെ വക്താവ്.

## Key Words

ലിംഗനീതി - പെൺഭ്രൂണഹത്യ - സ്ത്രീധനമരണങ്ങൾ - അതിജീവന പ്രതിസന്ധി - മനുഷ്യ ത്വരാഹിത്യം - വൈകാരിക അനുഭവങ്ങൾ - വൈകാരിക അനുഭവങ്ങൾ - ചരിത്രപരവും രാഷ്ട്രീ യാധിഷ്ഠിതവുമായ അന്തർധാരകൾ

## Discussion

1987-ൽ സാറാ ജോസഫ് രചിച്ച മലയാളത്തി ലെ ഏറ്റവും ശ്രദ്ധേയമായ സ്ത്രീപക്ഷ രച നയാണ് പാപത്തറ. നിരന്തരം പീഡനങ്ങളും അവഗണനകളും അനുഭവിക്കുന്ന സ്ത്രീകളു ടെ പക്ഷത്തു നിന്നു കൊണ്ട് അതിന്റെ ഭീകര തയും നിർദ്ദയത്വവും ആവിഷ്കരിക്കുന്നു ഈ കഥ. പെൺകുഞ്ഞ് വളർന്നു വലുതാകുന്തോ റും ഏറിവരുന്ന ചെലവുകളും സ്ത്രീധനത്തി നുള്ള വലിയചെലവുകളും ഭയന്ന മാതാപിതാ ക്കൾ പെൺകുഞ്ഞുങ്ങളെ കൊന്നുകളയാൻ കൂട്ടു നിന്നു. ഇതോടൊപ്പം കേരളത്തിലും സ് ത്രീധനമരണങ്ങൾ തുടർച്ചയായി റിപ്പോർട്ട്ചെ യ്യപ്പെട്ടു. ഈസാഹചര്യത്തിലാണ് 'പാപത്തറ' എന്ന കഥ ജന്മമെടുത്തതെന്ന് സാറാ ജോസ ഫ് തന്നെ വ്യക്തമാക്കുന്നുണ്ട്. പുരോഗമന-ന വോഥാനങ്ങളുടെ ഈ കാലത്തും അജ്ഞതയു ടെ നാരായവേരിന് ബലം കൂട്ടുക തന്നെയാണു ചെയ്യുന്നത്. പരമ്പരാഗത വിശ്വാസങ്ങളുടെ ഉൾ പ്പിരിവുകൾക്ക് കാലോചിതമായ മാറ്റങ്ങളുണ്ടാ വാത്തിടത്തോളം കാലം പുരോഗമനത്തിന് പുറംമോടിയെ മാറ്റിമറിക്കാൻ കഴിഞ്ഞേക്കുമെ ങ്കിലും നവോഥാനം ഒരു ചോദ്യചിഹ്നം തന്നെ യായി അവശേഷിക്കും. ലിംഗനീതിയുടെ കാ ര്യത്തിൽ (അന്നും ഇന്നും) നീക്കിനിർത്തുന്നത് സ്ത്രീകളെ തന്നെയായിരുന്നു. ഇതിന്റെ തെളി വുകൾ വർഗീകരണത്തിന്റെ പുതിയ പാഠഭേദം ചമയ്ക്കാനൊരുങ്ങാതെ അതിനെ കൂടുതൽ ചവിട്ടിത്താഴ്ത്താനുള്ള വഴികൾ കണ്ടെത്താനാ ണ് ശ്രമിച്ചത്. കണ്ടെത്തിക്കൊണ്ടിരിക്കുന്നതും അതുതന്നെയാണ്. ആ കണ്ടെത്തലുകളുടെ പ്രകൃതിജന്യമായ പ്രാചീനതകളിലൊന്നാണ് മഞ്ഞഅരളിക്കായകൾ. കരിച്ചുകളയാൻ കടമെ ടുത്ത ഒന്നല്ലത്. കരുതി വച്ചിരുന്ന ഒന്നാണത്. പെൺകുഞ്ഞുങ്ങളോടുള്ള ഇഷ്ടക്കേടിന് വൻ പരിഹാരമാകുന്ന ഒറ്റമൂലി! പെൺപിറവികൾ ക്ക് വിശ്വാസങ്ങളുടെ വിറ്റുവരവിലോ പറ്റുപടി യിലോ ഒരു സ്ഥാനവുമില്ലാതിരുന്നൊരു കാല മുണ്ടായിരുന്നു ഇവിടെ. കുഞ്ഞായിരുന്നവൾ അമ്മയായി മാറിയപ്പോൾ അവൾക്കുള്ള ദുഷ് പ്പേര് പെണ്ണിനെപ്പെറുന്നവൾ എന്നായിരുന്നു. ആ പദവി അവൾക്കു നൽകിയ സമൂഹം ജീവൻ ബാക്കി വയ്ക്കുന്ന ദയ മാത്രമാണ് കാട്ടിയിരു ന്നത്. ഇത്തരമൊരു കാലഘട്ടത്തിന്റെ യഥാർഥ കഥയാണ് സാറാ ജോസഫിന്റെ 'പാപത്തറ'

SGOU

നിഴലിനുപോലും നിരത്തിലിറങ്ങാൻ അനുവാദമില്ലാത്ത തരത്തിലുള്ള കെട്ടുപാടുകൾ പൂട്ടിയൊതുക്കി വച്ച പെൺജീവിതങ്ങൾ. അവരുടെ പേരുകൾ സ്വാതന്ത്ര്യബോധത്തിന്റെ കല്ലുകളിൽ കൊത്തി വയ്ക്കപ്പെട്ടേ മതിയാകൂ എന്ന ഏകപക്ഷീയ നിലപാടുകളുടെ പ്രകടമായ പ്രതിദ്ധ്വനികളായിരുന്നു സാറാ ജോസഫിന്റെ രചനകളുടെ ഒരു വശം. പാലക്കാടൻകാറ്റിന്റെ ഗതിവേഗങ്ങളിൽ മഞ്ഞരളി പൂക്കുന്ന കാലത്തിന്റെ ഗന്ധത്തിൽ അലിഞ്ഞു ചേർന്നിരുന്ന് ചേതനയറ്റ പെൺകുരുന്നുകളുടെ ശ്വാസനിശ്വാസങ്ങളും കൂടിയാണ് എന്ന് ചിന്തിക്കുന്നത് തന്നെ പ്രയാസമുള്ളൊരു സംഗതിയാണ്. ഉഷ്ണത്തിരതള്ളുന്നൊരു പാലക്കാടൻകാറ്റിൽ. മഞ്ഞരളിക്കാടുകൾ മുടിയഴിച്ചിട്ടാടിയപ്പോൾ, അടിവയറ്റിൽ ഒരു സ്വപ്നം പോലുടഞ്ഞു തകർന്ന്, ലക്ഷ്മിക്കുട്ടിക്ക് പേറ്റുനോവ് ആരംഭിക്കുന്നു. 'കുറുമ്പ ഭഗവതീ...' മെടയാനിട്ട ഓലമടലുകൾക്കു നടുവിലിരുന്ന് നെഞ്ചത്ത് കൈയമർത്തി ലക്ഷ്മിക്കുട്ടി അമ്പരന്ന് വിളിച്ചു പോവുമ്പോൾ, കൊടിയ വേനലിലും പച്ചത്തഴപ്പു മുറ്റിയ മഞ്ഞരളിക്കാടുകൾക്കു മീതെ മീനമാസത്തിലെ സന്ധ്യ ചോരത്തുള്ളികളായി ഇറ്റു വീഴുന്നു. 'പാപത്തറ'യുടെ ഊഷ്മാവിൽ തിളയ്ക്കുന്ന ഒരു ഭയത്തിന്റെ കൊടിയേറ്റമാണ് മുകളിൽ സൂചിപ്പിച്ചത്. ഇത് എന്തിനെക്കുറിച്ചുള്ള ഭയമാണ് എന്നതിലല്ല കാര്യം, ഈ ഭയം എങ്ങനെ ഉടലെടുക്കുന്നു എന്നും; ആ ഉടലെടുപ്പിന്റെ പാർശ്വവ്യത്താന്തങ്ങളെക്കുറിച്ചന്വേഷിക്കുന്നതിലുമാണ് കാര്യം. അത്തരമൊരു ചിന്തയിലൂടെ നോക്കിക്കാണുമ്പോൾ 'പാപത്തറ' എന്ന കഥയ്ക്ക് സ്വാഭാവികമായ ഒരു മിഴിവും ഉദ്വേഗവും സംജാതമാകും.

പെൺകുഞ്ഞു പിറക്കുന്നതേ പാപം എന്നു വിശ്വസിക്കുന്ന ഒരു വിഭാഗം, അവിടെ പെൺകുഞ്ഞിനു ജന്മം നൽകേണ്ടി വരുന്ന പാവങ്ങൾ. അന്ധവിശ്വാസങ്ങളുടെ ഹോമകുണ്ഡങ്ങളിൽ പെട്ടുപോകുന്ന ജന്മങ്ങൾ, ലക്ഷ്മിക്കുട്ടിയിൽ പിറക്കുന്നത് ആൺകുഞ്ഞാവാൻ വേണ്ടി ആഭിചാരക്രിയകൾ വരെ നടത്തുന്നവളാണ് കൊച്ചുനാരായണന്റെ അമ്മ. കാരണം; അവർ പെറ്റതിൽ ഒരാൺതരിയുണ്ടായിരുന്നു. അവർ പെൺകുഞ്ഞിന് ജന്മം നൽകിയിട്ടുണ്ടോയെന്ന് കഥ പറയുന്നില്ല. ജന്മദോഷത്തിന്റെ ഫലമായി തനിക്ക് പെൺകുഞ്ഞു മാത്രമേ പിറക്കൂ എന്ന് വിശ്വസിക്കുന്നവളാണ് ലക്ഷ്മിക്കുട്ടി. അതുകൊണ്ടു തന്നെ അതിന്റെ പിറന്നശേഷമുള്ള അവസ്ഥയാണ് അവളുടെ ഏറ്റവും വലിയ ആധി. ശരിയേത് തെറ്റേത് എന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് സാധാരണമനുഷ്യനെ കൊണ്ടു ചെന്നെത്തിക്കാനുള്ള വിശ്വാസങ്ങളുടെ ശക്തി അപാരമാണ്. അവിടെ ചിലകാര്യങ്ങളെക്കുറിച്ച് കേട്ടറിവുകളിലൂടെ മാത്രമുള്ള വെളിച്ചം കുറഞ്ഞ വിവരങ്ങൾ സാധാരണക്കാരെ വല്ലാതെ ഉലച്ചുകളയും. പ്രത്യേകിച്ചും സ്ത്രീകളെ. 'പാപത്തറ'യിലെ ലക്ഷ്മിക്കുട്ടിയും ഏറ്റവും കൂടുതൽ പരീക്ഷിക്കപ്പെടുന്നത് അങ്ങനെയാണ്. പെൺശരീരങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത് കിട്ടിയില്ലെങ്കിൽ, സമൂഹം അവളെ നിരാകരിക്കുമെന്ന നഗ്നസത്യത്തിനുള്ള ഉത്തമദൃഷ്ടാന്തമാണ് 'പാപത്തറ' എന്ന കഥ. ഇതുപോലെയുള്ള നിരാകരണങ്ങളിൽ സമൂഹത്തിന്റെ പ്രതികരണരീതി ആണിനും പെണ്ണിനും ഒന്നു തന്നെയാണ്. ഇവിടെ ആവശ്യം ആൺകുഞ്ഞാണ്. അതല്ലെങ്കിൽ കുറ്റക്കാരി പെണ്ണുമാത്രം.

വയറു കണ്ടു ലിംഗനിർണ്ണയം നടത്തുന്ന വയറ്റാട്ടിമാർ ഒരു കാലത്തിന്റെ നാട്ടുകാഴ്ചയാണ്. മുത്തുവേടത്തിയെന്ന ഇത്തരമൊരു കഥാപാത്രം അല്പസമയം കൊണ്ട് 'പാപത്തറ'യുടെ കഥാഘടനയ്ക്ക് ചലനാത്മകമായൊരു ഭാവതലം നൽകുന്നുണ്ട്. ഉപരിപ്ലവമായ സാധ്യതകളെ കഥാപരിസരത്തു നിന്നും ബഹുദൂരം മാറ്റി നിർത്തുന്ന കഥാകാരി കഥയുടെ അകത്തും പുറത്തും നടത്തുന്ന ഇടപെടലുകൾ തന്നെ ഇതിലൊരു കഥാപാത്രമാണ്. അതുകൊണ്ടാണ് കഥാനായിക മിഥ്യാഭ്രമം ബാധിച്ച അവസ്ഥയിലേയ്ക്ക് മാറിപ്പോകാത്തത്. വിധിയുടെ പിൻതുടർച്ചക്കാരിയാവാനാഗ്രഹിക്കാത്ത കഥാപാത്രമാണ് ലക്ഷ്മിക്കുട്ടി. അവളുടെ ബോധ-അബോധതലങ്ങളെല്ലാം അത് വ്യക്തമാക്കുന്നുണ്ട്.

സ്ത്രീപക്ഷരചനകളിലെ സമരമുഖമാണ് എന്നും സാറാ ജോസഫ് കാട്ടിത്തരുന്നത്. ഉറച്ച ശബ്ദത്തിൽ എഴുതിപ്പറയുന്ന ആഖ്യാതാവാണവർ. ലക്ഷ്മിക്കുട്ടിയുടെ ഭൂതകാലത്തിന്റെ കണക്കെടുപ്പിനു പകരം ഒരു കുടുംബവും അതിന്റെ പരിസരവും ചേർത്തു വച്ച് ഒരു സമൂഹത്തിന്റെ

മൊത്തം ചിത്രം വരയ്ക്കുകയാണ് കഥാകാരി. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ലിംഗനീതിയുടെ ഒരു ഉറച്ച രാഷ്ട്രീയം കൂടി 'പാപത്തറ'ചർച്ച ചെയ്യുന്നുണ്ട്. ലക്ഷ്മിക്കുട്ടി അകമഴിഞ്ഞു വിളിക്കുന്നുണ്ട് ദൈവങ്ങളെ. വൈകിയ വേളയിലും അവർക്കു മാത്രം സാധ്യമാകുന്നതും അത്യന്താപേക്ഷിതവുമായ ഒരു ലിംഗമാറ്റത്തിനുവേണ്ടി. അതും ഒരു പെണ്ണിനുമാത്രം സാധ്യമാകുന്ന ഭാഷയിൽ.

ഈറ്റുപുരയുടെ സമീപത്തേയ്ക്ക്, 'പെണ്ണു പെറണ കൊടിച്ച്യേ' എന്നലറിക്കൊണ്ട് വന്നടുക്കുന്ന ഭർത്താവ് ലക്ഷ്മിക്കുട്ടിയെ സംബന്ധിച്ചിടത്തോളം ദുസ്സൂചനയാണ്. മുഴങ്ങിക്കേൾക്കുന്ന ആ ഒറ്റവിളിയിൽ കൊച്ചുനാരായണൻ എന്ന, അവളുടെ ഭർത്താവിന്റെ സ്വഭാവവും മാനസികാവസ്ഥയും കഥാകാരി കൃത്യമായി അടയാളപ്പെടുത്തുന്നു. ഈ സന്ദർഭത്തിൽ നായികയുടെ അർദ്ധബോധമനസ്സ് ഒരു പുരാവൃത്ത സ്മരണയിലേയ്ക്കാണ് വഴുതി വീഴുന്നത്. കംസന്റെ കാരാഗൃഹവാതിലിൽ തലയുടഞ്ഞു തകരുന്ന കുരുന്നുകളുടെ നിലവിളിയാണ് അവളുടെ മനസ്സിൽ ശബ്ദമാകുന്നത്. കഥാകാരി ബീഭത്സതയുടെ തീക്ഷ്ണ ഭാഷയാണിവിടെ ഒരുക്കുന്നത്. സുപരിചിതമായ ഒരു പുരാവൃത്ത പരാമർശത്തിലൂടെ അലങ്കാരസദൃശമായൊരു കാവ്യപരിസരം ഗദ്യത്തിൽ സൃഷ്ടിക്കുന്നത് കഥാസൗന്ദര്യത്തിന്റെ തിലകക്കുറിയാണ്. ലക്ഷ്മിക്കുട്ടിയുടെ ഭയത്തെ ശതഗുണീഭവിപ്പിക്കുന്ന പ്രകൃതമാണ് വയറ്റാട്ടി മുത്തുവേടത്തിയുടേത്. തന്റെ പൂർവകാലം അവൾക്ക് തീമഴയാണ്. പൊള്ളിക്കുന്ന തുള്ളികൾ നനച്ചുരുക്കിയ പെൺമക്കൾ കംസരൂപങ്ങളുടെ ഉഗ്രശിലാ താഡനങ്ങളുടെ ശിഷ്ടപത്രങ്ങളായിടത്തേയ്ക്കാണ്, സ്ത്രീധനമില്ല എന്ന കാരണത്താൽ തത്തമ്മയെന്ന കൂടപ്പിറപ്പ് പൊള്ളി വിറങ്ങലിച്ച ഒരു തുണിപ്പന്തായി എത്തുന്നത്.

മുത്തുവേടത്തിയുടെ ചിരി ലക്ഷ്മിക്കുട്ടിക്ക് മഞ്ഞ അരളിപ്പൂങ്കുലയാണ്. 'പാപത്തറ' എന്ന കഥയിലെ ഭീതിജനകമായ ഒരു പ്രതീകവുമാണിത്. 'ലക്ഷ്മിക്കുട്ടി പിടയുന്നു. ഈറ്റുനോവുകൊണ്ടല്ല, ഈറ്റുനോവിന്റെ അള്ളിപ്പറിക്കുന്ന വേദനകൾ ലക്ഷ്മിക്കുട്ടി അറിയുന്നില്ല.' എന്നു വായിക്കുമ്പോൾ കുറ്റം (പെൺകുഞ്ഞ് പിറക്കുക എന്നത്) അവളുടേതല്ല എന്ന കാരണത്താലും പിറക്കാൻ പോകുന്ന കുഞ്ഞിന് സംഭവിക്കാൻ പോകുന്നതിന്റെ ആഘാതവുമാണ് അവൾക്ക് വേദന തോന്നിപ്പിക്കാത്തതെന്നും വായനക്കാരന് മനസ്സിലാവുന്നു. അവളുടെ വേദന ക്രോധവശഗതമാണ്. അതുകൊണ്ടാണ് 'ഈറ്റുനോവിന്റെ അള്ളിപ്പറിക്കുന്ന വേദനകൾ' അവളെ നോവിക്കാത്തതും. കഥ ഒരിക്കലും ഇവിടെ കാടുകയറുന്നില്ല. മനുഷ്യവന്യതയുടെ ചൂര് ഉറഞ്ഞൊലിക്കുന്ന കൊടുങ്കാറ്റടിയാണ് 'പാപത്തറ'. പറയേണ്ടുന്ന കാര്യം പറയേണ്ടുന്ന ഭാഷയിൽ പറയുക തന്നെ വേണം എന്ന എഴുത്തുകാരിയുടെ സാമൂഹിക ധാർമ്മികത പ്രകടിപ്പിക്കുന്നത് കാണാനാവും.

തങ്കവേലുവിന്റെ രണ്ടാമത്തെ പെൺകുട്ടിയുടെ കാര്യത്തെക്കുറിച്ചുള്ള ലക്ഷ്മിക്കുട്ടിയുടെ ചോദ്യത്തിന് മുത്തുവേടത്തി നൽകുന്ന ഉദാസീനമായ മറുപടി അവളെ ചീറ്റപ്പുലിയാക്കി മാറ്റുമ്പോഴും പിറക്കാൻ പോകുന്ന തന്റെ പെൺകുഞ്ഞിനെ പുഴ കടത്തി രക്ഷിക്കാൻ കൈക്കൂലി (താലിമാല) വച്ചു നീട്ടുന്നിടത്ത് കഥ പരിണാമസന്ധിയുടെ പാലക്കാടൻ ചുരം താണ്ടിക്കഴിയുന്നു. 'പാപത്തറ' എന്ന കഥ സമൂഹത്തോട് സംവദിക്കുന്നത് സ്ത്രീപ്രശ്നങ്ങളാണ്. പൈശാചികവും നിർദ്ദയവുമായ ഇത്തരം പ്രവണതകൾക്കു നേരെ കഥാകാരി ഉയർത്തുന്ന പ്രതിഷേധമായിരുന്നു ലക്ഷ്മിക്കുട്ടിയുടെ വാക്കുകൾ. കഴുത്തിലെ താലീം മാലേം തരാം, പെണ്ണുപൂക്കണ നാട്ടിൽ എന്റെ കുഞ്ഞിനെ എത്തിച്ചു തരുമോയെന്ന പതിച്ചി മുത്തുവേടത്തിയോടുള്ള വാക്കുകൾ. തന്റെ കുഞ്ഞുജീവനെ, മകളെ പോറ്റാൻ ആർത്തിയോടെ കേഴുന്ന ഒരു അമ്മയുടെ വിലാപമായിരുന്നു അത്. ഒരു സ്ത്രീയ്ക്ക് താലിമാലയെക്കാൾ പ്രധാനം സ്വന്തം കുഞ്ഞാണെന്ന ഒരു പ്രതിഷേധധ്വനി ഈ വാക്കുകളിലൂടെ എഴുത്തുകാരി വെളിവാക്കുന്നു.


SGOU

## Recap

- മാനുഷി സംഘടന, ഫെമിനിസ്റ്റ്പ്രസ്ഥാനത്തിന്റെ സംഘാടക എന്നീ പ്രവർത്തനങ്ങളിലൂടെ പല സാമൂഹ്യപ്രശ്നങ്ങളിലും സാറാ ജോസഫ് പങ്കാളിയാകുന്നു
- പാപത്തറയുടെ അവതാരികയിലാണ് സച്ചിദാനന്ദൻ മലയാളത്തിൽ ആദ്യമായി പെണ്ണെഴുത്ത് എന്ന പദപ്രയോഗം നടത്തിയത്
- സ്ത്രീസ്വത്വ സംഘർഷങ്ങൾ, പെൺഭ്രൂണഹത്യ, സ്ത്രീധനമരണം തുടങ്ങിയ പുരുഷമേധാവിത്വ പ്രവണതകളെ എഴുത്തുകാരി പ്രതിഷേധിക്കുന്നു
- ലിംഗനീതിയുടെ രാഷ്ട്രീയം, സമത്വം, സ്വാതന്ത്ര്യം, ലിംഗനീതി എന്നീ സ്ത്രീപ്രശ്നങ്ങൾക്ക് വേണ്ടി സമൂഹത്തോട് നേരിട്ടും കൃതികളിലൂടെയും സംവദിക്കുന്നു
- പ്രാദേശിക ഭാഷാപ്രയോഗങ്ങൾ, ശക്തമായ പ്രതിഷേധഭാഷയുടെ അടയാളപ്പെടുത്തൽ എന്നിവ സാറാ ജോസഫിന്റെ എഴുത്തിന്റെ രാഷ്ട്രീയമാണ്
- പീഡനപരമ്പരയുടെ ഓർമ്മപ്പെടുത്തലാണീ കൃതി, പെൺഭ്രൂണഹത്യയും സ്ത്രീധനപ്രശ്നവും സ്ത്രീയുടെ അരക്ഷിതാവസ്ഥയും ഈ കൃതിയിലൂടെ വെളിവാകുന്നു
- വിദ്യാഭ്യാസത്തിലും സാക്ഷരതയിലും മുന്നിൽ നിൽക്കുന്ന കേരളത്തിൽ ഇന്നും ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ നടക്കാറുണ്ടെന്നുള്ള ഓർമ്മപ്പെടുത്തലാണീ കൃതി
- പാപത്തറ - ഒരു സ്ത്രീയുടെ പ്രതിഷേധമാണ് കാട്ടിത്തരുന്നത്. താലീം മാലേം പറിച്ചെറിഞ്ഞിട്ട് തന്റെ മകളെ രക്ഷിക്കാൻ ശ്രമിക്കുന്ന സ്ത്രീമനസ്സാണ് കഥാകാരി ചൂണ്ടിക്കാണിക്കുന്നത്
- ചാവുതറയ്ക്കും പാപത്തറയ്ക്കും അപ്പുറം പെണ്ണുപൂക്കണ നാടിനെക്കുറിച്ചുള്ള പ്രതീക്ഷയാണ് കഥയിലൂടെ സാറാ ജോസഫ് മുന്നോട്ടു വയ്ക്കുന്നത്

## Objective Type Questions

1. ചാടിയെഴുന്നേറ്റ്, ഇളകിപ്പുറപ്പെട്ട കിതപ്പോടെ, ആരെപ്പോലെയാണ് ലക്ഷ്മിക്കുട്ടി മുത്തുവേടത്തിയെ നോക്കിയത്?
2. കറുത്തു പതയുന്ന ചോരക്കടലായി തുളുമ്പുന്നത് എന്താണ്?
3. ചാവുതറയിലെ ചത്ത മണ്ണു പോലെ, പാപത്തറയിലെ നരച്ച ആകാശം പോലെ നിശ്ചലം ഇരിക്കുന്നതാര്?
4. സാറാ ജോസഫ് സ്ത്രീകൾക്കായി തുടങ്ങിയ സംഘടനയുടെ പേരെന്ത്?
5. പാപത്തറ എന്ന സമാഹാരത്തിന് അവതാരിക എഴുതിയതാര്?
6. 'പെണ്ണെഴുത്ത്' എന്ന വാക്ക് മലയാളത്തിൽ ആദ്യമായി ഉപയോഗിച്ചത് ആര്? ഏതു പുസ്തകത്തിൽ ?
7. പെണ്ണു പെറുന്ന കൊടിച്ചേ്യ - എന്നു കൊച്ചുനാരായണൻ വിളിക്കുന്നതാരെ?
8. 2021 - ലെ ഓടക്കുഴൽ പുരസ്ക്കാരം ലഭിച്ചതാർക്ക്? ഏത് കൃതിക്ക്?
9. സാറാ ജോസഫ് രാമായണകഥകളെ പുനരാവിഷ്കരിച്ച കഥാസമാഹാരമേത്?
10. ഈ താലീം മാലേം പൊട്ടിച്ചു തരാം എന്റെ കുഞ്ഞിനെ ഒളിപ്പിച്ചു കടത്ത്വോ? ആര് ആരോടു പറഞ്ഞതാണീ വാക്കുകൾ?
11. ലക്ഷ്മിക്കുട്ടിയുടെ സഹോദരി തത്തമ്മയ്ക്കു സംഭവിച്ചതെന്ത്?
12. ലക്ഷ്മികുട്ടിയുടെ പ്രതീക്ഷയുടെ സ്വപ്നമെന്തായിരുന്നു?

## Answers

1. ഒരീറ്റപ്പുലിയെപ്പോലെ
2. ഓണനിലാവുകളൊക്കെ
3. മുത്തുവേടത്തി
4. മാനുഷി
5. സച്ചിദാനന്ദൻ
6. സച്ചിദാനന്ദൻ, പാപത്തറയുടെ അവതാരികയിൽ
7. ഭാര്യ ലക്ഷ്മിക്കുട്ടിയെ
8. സാറാ ജോസഫിന്, ബുധിനി എന്ന നോവലിന്
9. പുതുരാമായണം
10. ലക്ഷ്മിക്കുട്ടി പതിച്ചിയായ മുത്തുവേടത്തിയോട്
11. സ്ത്രീധനമില്ലാത്തതിനാൽ ഭർത്താവ് തീ കത്തിച്ചു കൊന്നു
12. പെണ്ണുപൂക്കുന്ന നാട്

## Assignments

1. മലയാളത്തിലെ സ്ത്രീപക്ഷരചനകളെക്കുറിച്ച് ഒരു വിശകലനം തയ്യാറാക്കുക
2. സ്ത്രീഅതിജീവനത്തിന്റെയും പ്രതിരോധത്തിന്റെയും അടയാളപ്പെടുത്തലുകളാണ് സാറാജോസഫിന്റെ കൃതികൾ - 'പാപത്തറ'യെ മുൻനിർത്തി വിലയിരുത്തുക.

## Reference


1. സാറാ ജോസഫ്, *സാറാ ജോസഫിന്റെ സമ്പൂർണ്ണ കഥകൾ*, കറന്റ് ബുക്സ് , തൃശ്ശൂർ
2. ജയകൃഷ്ണൻ, *പെണ്ണെഴുത്ത്*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. ഡോ. എം. ലീലാവതി, *സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ*, കേരള സാഹിത്യ അക്കാദമി, തൃശൂർ


## Suggested Reading


1. സച്ചിദാനന്ദൻ, *അവതാരിക* [ *മുടിത്തെയ്യങ്ങൾ* ] കറന്റ് ബുക്സ്, തൃശ്ശൂർ
2. ജെ. ദേവിക, *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?*, സെൻറർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം
3. മലയാളത്തിലെ കഥാകാരികൾ — ജോഷി വർഗീസ് (എ.ഡി.)


SGOU

# യൂണിറ്റ് - 4
# ദൽഹി 1981

**എം. മുകുന്ദൻ**

## Learning Outcomes

- ആധുനികതയുടെ പ്രത്യേകതകൾ അറിയുന്നു
- മുകുന്ദന്റെ സാഹിത്യ ലോകത്തെ പരിചയപ്പെടുന്നു
- സമകാലിക സാമൂഹ്യപ്രശ്നങ്ങളെ നിശിതമായി വിമർശിക്കുന്ന ഒരു കഥയായി ദൽഹി 1981 - നെ വിലയിരുത്തുന്നു
- പ്രതികരണശേഷിയില്ലാത്ത മനുഷ്യരെയും ഭരണാധികാരികളെയും പരിഹസിക്കുന്ന രീതിയിൽ കഥയെ അപഗ്രഥിക്കുന്നു.
- എം. മുകുന്ദന്റെ ക്രാന്തദർശിത്വം ഈ കഥയിലൂടെ തിരിച്ചറിയുന്നു.

SGOU

## Prerequisites

ചെറുകഥയുടെ ആധുനികഘട്ടത്തിലെ എല്ലാ പ്രവണതകളും മുകുന്ദന്റെ കഥകളിൽ ദർശിക്കാം. സമകാലീന സാഹിത്യപ്രവണതകളെയെല്ലാം പരീക്ഷണാത്മകമായി തന്റെ സാഹിത്യകൃതികളിൽ എം. മുകുന്ദൻ അവതരിപ്പിക്കാറുണ്ട്. ആ പ്രവണതകളെല്ലാം പരീക്ഷിച്ചു വിജയിച്ച ആളാണ് എം. മുകുന്ദൻ. പരിസ്ഥിതി, ദളിത്, ഫെമിനിസം, മാധ്യമകേന്ദ്രീകൃത രചന, പ്രവാസം, സൈബർ, ചരിത്രാത്മകത, അതികഥ തുടങ്ങി എല്ലാ സാഹിത്യപ്രവണതകളും മുകുന്ദന്റെ കഥകളിൽ ദർശിക്കാം. 30 വർഷം മുൻപ് നടന്ന ഒരു സംഭവത്തെ ആണ് മുകുന്ദൻ ഈ കഥയിൽ അവതരിപ്പിക്കുന്നത്. 1980 കളിൽ ഡൽഹിയിൽ നടന്ന ഒരു സംഭവത്തെ ആ കാലയളവിൽ തന്നെ അദ്ദേഹം ചെറുകഥയാക്കി അവതരിപ്പിച്ചു. വർഷങ്ങൾക്കു ശേഷം ഇതേ സംഭവം തന്നെ ഡൽഹിയിൽ ആവർത്തിക്കപ്പെട്ടു, കൂട്ടമാനഭംഗത്തിനിരയായി നിർഭയ എന്ന പെൺകുട്ടി മരണപ്പെട്ടു. ഈ സംഭവം മുൻകൂട്ടി കണ്ടതു പോലെയാണ് മുകുന്ദൻ ദൽഹി 1981 എന്ന ഈ കഥ എഴുതിയിരിക്കുന്നത്. ദൽഹിയിൽ ഔദ്യോഗിക ജീവിതം നയിച്ചിരുന്ന കഥാകൃത്ത് നേരിട്ടുകണ്ട ഒരു സംഭവത്തെയാണ് കഥയാക്കിയത്. മുകുന്ദന്റെ ക്രാന്തദർശിത്വത്തിന് ഉദാഹരണമായി നമുക്ക് ഈ കഥ ചൂണ്ടി കാട്ടാം. മുന്നുപാധിയായി നിർഭയ എന്ന ഡൽഹി പെൺകുട്ടിയുടെ ദുരന്തം ഉദാഹരിക്കാം. സ്ത്രീകൾക്കെതിരേ നമ്മുടെ നാട്ടിൽ നടക്കുന്ന ചൂഷണങ്ങളെയും സമകാലീന സംഭവങ്ങളൊക്കെ തന്നെയും ഉദാഹരണമായി സൂചിപ്പിക്കാം. ജിഷയുടെ മരണം, സൗമ്യാവധം, വാളയാർ പെൺകുട്ടികളുടെ മരണം ഇവിടെയൊക്കെ ഇരകൾക്ക് ശരിയായ നീതി കിട്ടിയോ എന്ന ചോദ്യം നിലനിൽക്കെ ഈ കഥ ഇന്നും ചർച്ച ചെയ്യേണ്ടതാണ്. ആ കാലത്ത് ഡൽഹിയിൽ നടന്ന സംഭവത്തെ എം. മുകുന്ദൻ നിശിതമായി വിമർശിച്ചു കൊണ്ടെഴുതിയ കഥയാണ് ദൽഹി 1981.

### എം. മുകുന്ദൻ

പ്രശസ്ത മലയാള സാഹിത്യകാരനാണ് എം. മുകുന്ദൻ. കേരളത്തിലെ ഫ്രഞ്ച് അധീന പ്രദേശമായിരുന്ന മയ്യഴിയിൽ 1942 സെപ്റ്റംബർ 10-നു ജനിച്ചു. തന്റെ ആദ്യ സാഹിത്യസൃ

ഷ്ടിയായ ചെറുകഥ 1961 -ൽ പ്രസിദ്ധീകരിക്കപ്പെട്ടു. പിന്നീട് മുകുന്ദൻ ധാരാളം നോവലുകളും ചെറുകഥകളും എഴുതി. ഉദ്യോഗത്തിന്റെ ഭാഗമായി മുകുന്ദന്റെ ജീവിതം പിൽക്കാലത്ത് ഡൽഹിയിലേക്കു പറിച്ചു നടപ്പെട്ടു. ഡൽഹിജീവിതവും മുകുന്ദന്റെ തൂലികയിൽ സാഹിത്യസൃഷ്ടികളായി. മുകുന്ദന്റെ സൃഷ്ടികളിലുടനീളം ഫ്രഞ്ച് അധിനിവേശസ്മരണകളും മയ്യഴിപ്പുഴയുടെ തീരങ്ങളിലെ തുടിപ്പുകളും കാണാം. ഇതു മൂലം അദ്ദേഹം 'മയ്യഴിയുടെ കഥാകാരൻ' എന്ന അപരനാമത്തിലും അറിയപ്പെടുന്നു.

പുരസ്കാരങ്ങൾ: എഴുത്തച്ഛൻ പുരസ്കാരം (2018) കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം[5] ഫ്രഞ്ച് സർക്കാരിന്റെ ഷെവലിയർ ഓഫ് ആർട്സ് ആൻഡ് ലെറ്റേഴ്സ് ബഹുമതി - (1998) കേരള സാഹിത്യ അക്കാദമി പുരസ്കാരം (1985), കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, വയലാർ പുരസ്കാരം, എം. പി. പോൾ പുരസ്കാരം, മുട്ടത്തു വർക്കി പുരസ്കാരം, എൻ. വി. പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്

**പ്രധാന കൃതികൾ**

നോവൽ: മയ്യഴിപ്പുഴയുടെ തീരങ്ങളിൽ (1974) ദൈവത്തിന്റെ വികൃതികൾ (1989) ആവിലായിലെ സൂര്യോദയം, ഡൽഹി (1969) ഹരിദ്വാറിൽ മണിമുഴങ്ങുന്നു (1972) ആകാശത്തിനു ചുവട്ടിൽ, ആദിത്യനും രാധയും മറ്റുചിലരും (1993) ഒരു ദളിത് യുവതിയുടെ കദനകഥ, കിളിവന്നു വിളിച്ചപ്പോൾ, രാവും പകലും, സാവിത്രിയുടെ അരഞ്ഞാണം, കേശവന്റെ വിലാപങ്ങൾ (1999) റഷ്യ, നൃത്തം (2000) ഈ ലോകം, അതിലൊരു മനുഷ്യൻ (1972), സീത (1990) പ്രവാസം (2009) ദൽഹി ഗാഥകൾ (2011), കുട നന്നാക്കുന്ന ചോയി (2015), മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, നദിയും തോണിയും, കേശവന്റെ വിലാപങ്ങൾ, പ്രവാസം, നൃത്തം ചെയ്യുന്ന കുടകൾ, പുലയപ്പാട്ട് തുടങ്ങി നിരവധി നോവലുകളും രാധ രാധ മാത്രം, കുഴിയാന, ദൽഹി 1981 തുടങ്ങി നിരവധി ചെറുകഥകളും മുകുന്ദൻ രചിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യ സൈബർനോവലാണ് മുകുന്ദന്റെ 'നൃത്തം'.

**ചെറുകഥാ സമാഹാരങ്ങൾ**

വീട് (1967) നദിയും തോണിയും (1969) വേശ്യകളേ നിങ്ങൾക്കൊരമ്പലം (1971), അഞ്ചരവയസ്സുള്ള കുട്ടി (1978) ഹൃദയവതിയായ ഒരു പെൺകുട്ടി, തട്ടാത്തിപ്പെണ്ണിന്റെ കല്യാണം (1985) തേവിടിശ്ശിക്കിളി (1988) കള്ളനും പോലീസും (1990), കണ്ണാടിയുടെ കാഴ്ച (1995) മുകുന്ദന്റെ കഥകൾ, മുണ്ഡനം ചെയ്യപ്പെട്ട ജീവിതം, നഗരവും സ്ത്രീയും, ഓട്ടോറിക്ഷക്കാരന്റെ ഭാര്യ.

SGOU

## Key Themes

ദൽഹി പശ്ചാത്തലം - ക്രാന്തദർശിത്വം - സാമൂഹ്യവിമർശനം - ആധുനികത - സാഹിത്യപ്രവണതകൾ - സാമൂഹ്യാവസ്ഥ - വിശകലനം - സ്ത്രീപീഡനം - നിരന്തരാവർത്തനം - ഓർമ്മപ്പെടുത്തൽ - യുവതലമുറയുടെ നിർമമത



SREENARAYANAGURU OPEN UNIVERSITY

## Discussion

"ആധുനിക കഥാകാരന്മാരിൽ നിന്നും സമകാലിക കഥാകാരന്മാരിൽ നിന്നും എം. മുകുന്ദനെ വ്യത്യസ്തനാക്കുന്നത് എല്ലാ സാഹിത്യ പ്രവണതകളും പരീക്ഷിച്ചു വിജയിച്ചു എന്ന നിലയിലാണ്. മയ്യഴിയുടെയും ദൽഹിയുടെയും പശ്ചാത്തലമായിരുന്നു മുകുന്ദന്റെ ക്യാൻവാസ്. ദൽഹിയിൽ സാമൂഹ്യവിരുദ്ധർ നടത്തിയ അഴിഞ്ഞാട്ടത്തിന്റെ യഥാതഥമായ ആവിഷ്കാരമായിരുന്നു ദൽഹി 1981 എന്നയീ കഥ .

രാജീന്ദർ പാണ്ഡെ തന്റെ മുറിയുടെ ജനാലയിലൂടെ കണ്ട കാഴ്ച കൂട്ടുകാരനായി കിഷോർലാലിനോട് പങ്കുവയ്ക്കുന്ന രീതിയിലാണ് ദൽഹി 1981 എന്ന കഥ ആരംഭിക്കുന്നത്. അവരുടെ മുന്നിൽ പരന്നുകിടക്കുന്ന മൈതാനത്തിലൂടെ ഒരു കുഞ്ഞുമായി ചെറുപ്പക്കാരായ ദമ്പതിമാർ നടന്നു വരുന്നു. ദില്ലിയിലെ കുപ്രസിദ്ധരായ തെമ്മാടികളായ നാനക് ചന്ദും രഘുവീറും മൈതാനത്തിന്റെ മറുഭാഗത്ത് ഇരിക്കുകയായിരുന്നു. ദമ്പതിമാർ അടുത്തു വന്നപ്പോൾ തെമ്മാടികൾ വഴി തടഞ്ഞു. ദമ്പതിമാർ ഒഴിഞ്ഞു പോകാൻ ശ്രമിച്ചെങ്കിലും നാനക്ചന്ദും രഘുവീറും അവരെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചു. ഭർത്താവ് കുഞ്ഞിനെ ഭാര്യയെ ഏൽപ്പിച്ചിട്ട് പ്രതിരോധിക്കുന്നു. അതിനിടയിൽ അവിടെയെത്തിയ മറ്റൊരാളിനോട് ഭാര്യ സഹായമഭ്യർഥിച്ചു എന്നാൽ തെമ്മാടികൾ അയാളെ ഭയപ്പെടുത്തി ഓടിച്ചു. കാഴ്ചക്കാരായ രാജേന്ദർപാണ്ഡയും കിഷോർലാലും ഇത് കണ്ടു രസിക്കുന്നു അവർ നാനക്ചന്ദിനെയും രഘുവീറിനെയും പ്രശംസിക്കുന്നു.

മൈതാനത്ത് സംഘർഷം മുറുകി. തെമ്മാടികളായ അവർ ചെറുപ്പക്കാരനെ ഉപദ്രവിക്കുന്നു. കരയുന്ന കുഞ്ഞിന്റെ വായിൽ അവർ തൂവാല തിരുകി കയറ്റി. യുവതിയെ മൈതാനത്തിന്റെ ഒരു ഭാഗത്തുള്ള ഖബറിൽ കൊണ്ടുപോയി ഇരുവരും ക്രൂരമായി ബലാൽസംഗം ചെയ്തു. അവർ നിരപരാധികളായ ആ ദമ്പതിമാരെ ക്രൂരമായി പീഡിപ്പിച്ചു കൊന്നു. ഗുണ്ടകളേക്കാൾ ഇതു കണ്ട് ആനന്ദിച്ചത് പാണ്ഡെയും കൂട്ടുകാരനുമായിരുന്നു. ആ ദുഷ്ടത്തരത്തിനെതിരെ ശബ്ദിക്കാൻ ആ മഹാനഗരത്തിൽ ആരും മുന്നോട്ടു വന്നില്ല. ഭരണാധികാരികൾ ഖബറിനുള്ളിലെ ശവങ്ങൾ പോലെ നിദ്രകൊള്ളുന്നു. ഖബറിനുള്ളിലിരുന്ന പ്രാവുകളുടെ കൂട്ടത്തിൽ നിന്നും ഒരു ചെറുപ്രാവ് പറന്നു ചെന്ന് നാനക്ചന്ദിന്റെ തലയിൽ ഒരു കൊത്തു കൊടുത്തു ഇങ്ങനെ പറഞ്ഞുകൊണ്ടാണ് മുകുന്ദൻ ഈ കഥ അവസാനിപ്പിക്കുന്നത്.

സഹാനുഭൂതി ഉറങ്ങുന്ന ശവകുടീരങ്ങൾ, അപ്പോൾ രണ്ടു യുവാക്കളും അവളെ കല്ലറയുടെ അടുത്തേക്ക് വലിച്ചിഴക്കാൻ തുടങ്ങി. തകർന്ന മഖ്ബറയുടെ ചുമരിലെ പ്രാവുകൾ അസ്വസ്ഥതയോടെ ആ രംഗം വീക്ഷിച്ചുകൊണ്ടിരുന്നു. 'അരേ യാർ, അവർ അവളെ ബലാത്സംഗം ചെയ്യാൻ പോകുന്നു' കിഷോർലാൽ പറഞ്ഞു. ഒരു ഈസ്റ്റ്മെൻ സിനിമാസ്കോപ്പ് സിനിമയാണെന്ന മട്ടിൽ അയാൾ അവിടെ നിന്നു. പ്രാവുകൾ ശബ്ദമുയർത്തുന്നു, എന്നാൽ മനുഷ്യർ നിശബ്ദരാണ്, എം. മുകുന്ദന്റെ ഡൽഹി 1981 അവരുടെ കൺമുമ്പിൽ നടക്കുന്ന അക്രമ പ്രവർത്തനങ്ങളോടുള്ള കാഴ്ചക്കാരുടെ നിന്ദ്യമായ മനോഭാവത്തിന്റെ ശക്തമായ രാഷ്ട്രീയ വ്യാഖ്യാനമാണ്. മലയാളസാഹിത്യത്തിലെ ആധുനികതയുടെ തുടക്കക്കാരിലൊരാളായ മുകുന്ദൻ ഒരു പാരമ്പര്യേതര ആഖ്യാനത്തിന്റെ രൂപത്തിൽ കഥയെ രൂപപ്പെടുത്തിയിരിക്കുന്നു. വി. സി. ഹാരിസ് മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക് ഈ കഥ വിവർത്തനം ചെയ്തത്, വിവർത്തനം യഥാർഥ വാചകത്തിൽ നിന്ന് നിഷ്ക്രിയമായ ആക്രമണത്തിന്റെ സൂക്ഷ്മതകൾ മിഴിവോടെ എടുക്കുന്നു. ഡൽഹിയുടെ വികസിച്ചുകൊണ്ടിരിക്കുന്ന നഗരദൃശ്യം പശ്ചാത്തലമാക്കി, നഗരജീവിതത്തിലൂടെ കൈവരിച്ച 'ഗുണനിലവാരം', അക്രമത്തോടുള്ള അസ്വസ്ഥതയുടെ അഭാവത്തെക്കുറിച്ചാണ് കഥ പറയുന്നത്. 'ഈ പ്രത്യേക വാചകം ഞാൻ ഏറ്റെടുക്കാനുള്ള കാരണം തീർച്ചയായും വിഷയത്തിന്റെ സാർവത്രികതയാണ്. കാണികൾ അവതരിപ്പിക്കുന്ന ഭാഗത്തിന് അർഹമായ പ്രാധാന്യം നൽകുന്ന ചില കഥകൾ മാത്രമേയുള്ളൂ, അത് വായനക്കാരനെ കൂടുതൽ താൽപ്പര്യമുള്ളതാക്കുന്നു. എന്റെ മാതൃഭാഷയായ മലയാളത്തിൽ എഴുതിയ ഈ കഥ സാഹിത്യപ്രേമികൾക്കിടയിൽ വലിയ ശ്രദ്ധ നേടിയിരുന്നു.

SGOU

എന്റെ അഭിപ്രായത്തിൽ കഥാപാത്രങ്ങളുടെ ചിന്തകളിൽ കൂടുതൽ വ്യക്തത ഉള്ളതിനാൽ കഥ യഥാർഥത്തിൽ നഗരജീവിതത്തിലൂടെ നേടിയത് ഇംഗ്ലീഷ് വിവർത്തനത്തിൽ നിന്ന് നേടുന്നു.'

### പാഠവിശകലനം

മനുഷ്യമനസാക്ഷിയെ മരവിപ്പിക്കുന്ന ഒരു സംഭവം നേരിട്ടു കാണേണ്ടിവന്നതിന്റെ പ്രതിഷേധം ആയിട്ടാണ് എം. മുകുന്ദൻ ഈ കഥയെഴുതിയത്. ചുറ്റുപാടും എന്തുസംഭവിച്ചാലും വീടിനകത്തിരുന്ന് കണ്ടു രസിക്കുന്ന ഒരു വിഭാഗം നമ്മുടെ സമൂഹത്തിലുണ്ട് എന്നുള്ള ഒരു പരമാർഥം കൂടി ഈ കഥയിലൂടെ കാട്ടിത്തരുന്നു. ഇതുപോലെ ഒരു തെമ്മാടിത്തം നടന്നതിനെതിരെ ശബ്ദിക്കാൻ ആ മഹാനഗരത്തിൽ ആരുമുണ്ടായിരുന്നില്ല എന്നുള്ളതായിരുന്നു ഏറ്റവും വേദനിപ്പിക്കുന്ന സത്യം. ജനസമുദ്രത്തിനു മുന്നിൽ ഘോരംഘോരം സംസാരിക്കുന്ന രാഷ്ട്രീയക്കാർ ഇത് കണ്ടില്ലെന്ന് വരാം. നിരപരാധികളായ ഒരു കുടുംബത്തെ നശിപ്പിക്കുന്നതു കണ്ട് രസിക്കുന്ന ആൾക്കൂട്ടം എല്ലാ നഗരങ്ങളിലും കാണാം, മനസാക്ഷി നഷ്ടപ്പെട്ടവർ. ഈ നരഹത്യ കണ്ട് ആർക്കും പ്രതിഷേധിക്കാൻ കഴിയുന്നില്ല. നാളെ നമുക്കോരോരോത്തർക്കും ഇത്തരം അനുഭവമുണ്ടാക്കാം എന്നാരും ഓർക്കുന്നില്ല. ഒരു കൊച്ചരിപ്രാവിന്റെ പ്രതിഷേധം പ്രതീകാത്മകമായാണ് എഴുത്തുകാരൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ സംഭവത്തോടുള്ള മുകുന്ദന്റെ പ്രതിഷേധമായിരുന്നു ദൽഹി 1981 എന്നയീ കഥ. അത് ആ കൊച്ചരിപ്രാവിന്റെ പ്രതിഷേധം പോലെയാകുന്നു.

## Recap

- മനുഷ്യമനഃസാക്ഷിയെ മരവിപ്പിക്കുന്ന ഒരു സംഭവത്തെ കഥയാക്കി അവതരിപ്പിച്ചതിലൂടെ മുകുന്ദൻ തന്റെ പ്രതിഷേധം രേഖപ്പെടുത്തുകയാണ് ചെയ്തത്
- പ്രതികരണശേഷിയില്ലാത്ത ഭരണാധികാരികളുടെ കഴിവില്ലായ്മയെ നിശിതമായി പരിഹസിക്കുന്ന കഥയാണിത്
- പ്രതികരണശേഷിയില്ലാത്ത സമൂഹത്തിന്റെ നേരേയും വിരൽ ചൂണ്ടുന്നു ഈ കൃതി.
- നാളെ നമുക്കും ഇത്തരം ദുരനുഭവം ഉണ്ടാകാമെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണീ കഥയിലൂടെ ചൂണ്ടിക്കാട്ടുന്നത്.
- സഹജീവികൾക്ക് ഒരപകടം വന്നപ്പോൾ അതാസ്വദിക്കുന്ന ഒരുകൂട്ടം ജനങ്ങളെയും നിശിതമായി വിമർശിക്കുന്നു.
- മുകുന്ദൻ മുപ്പതുവർഷങ്ങൾക്കു മുൻപെഴുതിയ ഈ കഥ പിന്നീട് ദൽഹിയിൽ അരങ്ങേറിയെന്നത് എഴുത്തുകാരന്റെ ക്രാന്തദർശിത്വമാണ് കാട്ടിത്തരുന്നത്

## Objective Type Questions

1. മുകുന്ദൻ തന്റെ കൃതികൾക്ക് മുഖ്യപശ്ചാത്തലമാക്കുന്ന സ്ഥലങ്ങളേത്?
2. ദമ്പതിമാരെ ഉപദ്രവിച്ച തെമ്മാടികളുടെ പേരെന്ത്?
3. ദമ്പതികളെ പീഡിപ്പിക്കുന്നതു കണ്ട് രസിച്ചവരാര്?
4. കുഞ്ഞു കരഞ്ഞപ്പോൾ രഘുവീർ ചെയ്തതെന്ത്?
5. ഖബറിൽ നിന്നു പറന്നു വന്ന് പ്രാവ് ചെയ്തതെന്ത്?
6. കേശവന്റെ വിലാപങ്ങൾ ആരുടെ കൃതിയാണ്?
7. മയ്യഴിയുടെ കഥാകാരൻ എന്നറിയപ്പെടുന്നതാര്?
8. മലയാളത്തിലെ ആദ്യത്തെ സൈബർ നോവൽ ഏത്?

SGOU

## Answers

1. മയ്യഴി, ദൽഹി
2. നാനക്ചന്ദും രഘുവീറും
3. രാജേന്ദ്ര പാണ്ഡെയും കിഷോർ ലാലും
4. നിലവിളിച്ച കുഞ്ഞിന്റെ വായിൽ തൂവാല തിരുകി കയറ്റി
5. നാനക്ചന്ദിന്റെ തലയിൽ ഒരു കൊത്തു കൊടുത്തു
6. എം. മുകുന്ദൻ
7. എം. മുകുന്ദൻ
8. നൃത്തം

## Assignments

1. ആധുനിക കഥകളുടെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുക.
2. ആധുനിക സമകാലിക സാഹിത്യപ്രവണതകൾ മുകുന്ദന്റെ കൃതികളിൽ എത്രത്തോളം വെളിവാകുന്നു ചർച്ച ചെയ്യുക.

## Reference


1. ഡോ. കെ. എസ്. രവികുമാർ, കഥയും ഭാവുകത്വപരിണാമവും, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം
2. ഡോ. എം. എം. ബഷീർ, മലയാള ചെറുകഥാസാഹിത്യ ചരിത്രം, കറന്റ് ബുക്സ്, തൃശൂർ


## Suggested Reading


1. ഡോ. വത്സലൻ വാതുശ്ശേരി, കഥയുടെ ന്യൂക്ലിയസ്, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥയുടെ ആറാം കാലം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


SGOU

# യൂണിറ്റ് – 5
# റെയിൽപാളത്തിൽ ഇരുന്ന് ഒരു കുടുംബം ധ്യാനിക്കുന്നു

**യു. കെ. കുമാരൻ**

## Learning Outcomes

- ആധുനികാനന്തരസമൂഹത്തെയും ആധുനികാനന്തരസാഹിത്യത്തെയും ഈ കഥ വിമർശനബുദ്ധിയോടെ അപഗ്രഥിക്കുന്നു
- കലാസാഹിത്യമേഖലകളിൽ കാലാനുസൃതമായി ഭാവരൂപപരമായ ഭാവുകത്വപരിണാമം വെളിവാക്കുന്നു
- ജീവിതയാഥാർഥ്യം എന്നത് തന്നെയാണ് ആത്യന്തികമായി എല്ലാ പ്രമേയങ്ങളുടെയും ശക്തമായ അടിത്തറയായി തീരുന്നത് എന്ന് ബോധ്യപ്പെടുത്തുന്നു
- ജീവിതയാഥാർഥ്യങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ യഥാർഥ കലാകാരന് സാധിക്കില്ല എന്ന് തിരിച്ചറിയുന്നു

## Prerequisites

**യു. കെ. കുമാരൻ**

നവീനത പ്രബലമായിരുന്ന കാലയളവിലാണ് യു.കെ കുമാരൻ സാഹിത്യമേഖലയിലേക്ക് കടന്നുവന്നത്. എന്നാൽ നവീനതയുടെ ദർശനപരവും രചനാപരവുമായ പ്രത്യേകതകളെ യു.കെ കുമാരൻ പിന്തുടർന്നില്ല. സാമൂഹിക ബന്ധങ്ങളിലെ ദയാരാഹിത്യവും യാന്ത്രികമായിക്കൊണ്ടിരിക്കുന്ന വ്യക്തിബന്ധങ്ങളും യു.കെ കുമാരൻ തന്റെ രചനകളുടെ വിഷയമായി സ്വീകരിച്ചിരുന്നു. ആർഭാടരഹിതമായ ഭാഷയിൽ വിവരണാത്മകമായി കഥ പറഞ്ഞു പോകുന്ന പതിവാണ് പല കഥകളിലും കാണുന്നത്. കഥകൾ പലതും വായനക്കാരെ അമ്പരിപ്പിക്കുന്ന രീതിയിലാണ് പര്യവസാനിക്കുന്നത്.

കാലഘട്ടത്തിന്റെ പ്രതിസന്ധികളെ അനുഭവതീവ്രതയോടെ യു.കെ കുമാരൻ ആവിഷ്കരിക്കുന്നു. ജീവിതത്തെ സംബന്ധിച്ച തനതായ നിർവചനങ്ങൾ കാഴ്ചവെയ്ക്കുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ. വലിയ സമസ്യകളെ കുറിച്ചു ചിന്തിക്കുന്ന ജോർജ്റ്റ്മ്യൂർ എന്ന ഉത്തരാധുനിക കഥാപാത്രത്തെ വളരെ പണിപ്പെട്ട് സൃഷ്ടിച്ച് സമകാലിക സർഗാത്മക മേഖലയിൽ സജീവമാകാൻ ശ്രമിക്കുന്ന കേന്ദ്രകഥാപാത്രത്തിന്റെ ശ്രദ്ധ ജീവിതയാഥാർഥ്യത്തിലേക്ക് സ്വയമറിയാതെ കേന്ദ്രീകരിക്കപ്പെടുന്നത് അതിനാലാണ്.

**പ്രധാന കൃതികൾ**

തക്ഷൻകുന്ന് സ്വരൂപം, എഴുതപ്പെട്ടത്, വലയം, ഒരിടത്തും എത്താത്തവർ, മുലപ്പാൽ, ആസക്തി, കാണുന്നതല്ല കാഴ്ചകൾ, പുതിയ ഇരിപ്പിടങ്ങൾ മടുത്ത കളി, അടയാളങ്ങൾ വന്നുകൊണ്ടിരിക്കുന്നു, റെയിൽപാളത്തിലിരുന്ന് ഒരു കുടുംബം ധ്യാനിക്കുന്നു, അച്ഛൻ ഉറങ്ങുന്നില്ല. തക്ഷൻകുന്ന് സ്വരൂപത്തിന് 2016- ലെ വയലാർ അവാർഡ് ലഭിച്ചു.

SGOU

## Key Words

- അതികഥ - റെയിൽവേ പശ്ചാത്തലം - അസ്തിത്വവ്യഥ - പ്രമേയ നൂതനത്വം - അവതരണ പുതുമ - ആത്മഹത്യ - ജീവിതയാഥാർഥ്യം - നിസ്വരായ മനുഷ്യർ - തിക്തവും തീക്ഷ്ണ വുമായ അനുഭവങ്ങൾ - ജീവിതസമസ്യ - ഭാവനാത്മകതയും യാഥാർഥ്യവും - കഥാന്ത രീക്ഷം

## Discussion

കേന്ദ്രകഥാപാത്രമായി ഒരു കഥാകൃത്തിനെ അവതരിപ്പിക്കുകയും ഒരു കഥാരചനാസന്ദർഭം കഥാഗാത്രമായി സ്വീകരിക്കുകയും ചെയ്യുന്ന സവിശേഷമായ ഘടനയാണ് ഈ കഥയ്ക്കുള്ള ത്. കേന്ദ്രകഥാപാത്രത്തിന്റെ ഭാവനാത്മകലോ കവും അയാൾ കാണുന്ന യഥാർഥലോകവും കൂടിക്കലർന്നതാണ് കഥയുടെ അന്തരീക്ഷം. ഇപ്രകാരം പ്രമേയസ്വീകരണത്തിലും അവതര ണത്തിലും ഈ കഥ നൂതനത്വം പുലർത്തുന്നു.

ഉത്തരാധുനിക കഥയെഴുതാൻ ശ്രമിക്കുന്ന ഒരു പരമ്പരാഗത കഥാകൃത്താണ് ആഖ്യാതാ വ്. തന്റെ സർഗാത്മകലോകത്ത് വരുത്തേണ്ട പരിവർത്തനത്തെക്കുറിച്ച് ഉള്ള വേവലാതിയിൽ പെട്ടുഴലുകയാണ് ആ കഥാപാത്രം. ഒരു ഉത്ത രാധുനികകഥക്ക് മറ്റു കഥകളിലേതുപോലുള്ള തുടക്കമോ ഒടുക്കമോ ഒരിക്കലും യോജിക്കു കയില്ല എന്ന് അയാൾ ചിന്തിക്കുന്നു. അതു കൊണ്ടുതന്നെ വിഭിന്നമായ ഒരു തുടക്കത്തിന് വേണ്ടി അയാൾ ഇത്രയും നാൾ കാത്തിരിക്കു കയായിരുന്നു പുതുമയുള്ള ഒരു തുടക്കം കിട്ടി ക്കഴിഞ്ഞാൽ വ്യത്യസ്തമായ രീതിയിലുള്ള ഒരു അന്ത്യം സ്വാഭാവികമായ രീതിയിൽ വന്നുചേരു മെന്നും അയാൾ പ്രത്യാശിച്ചിരുന്നു. നിഷ്പ്രയാ സം എഴുതപ്പെടുന്ന ഒന്നാകരുത് ഉത്തരാധുനിക കഥ. എളുപ്പത്തിൽ വായിക്കപ്പെടുക എന്നത് അതിന്റെ ശീലവും ആകരുത് വായനക്കാരൻ ബോധപൂർവവും ഗൗരവമേറിയതുമായ ഒരു സാ ന്നിധ്യം ഉത്തരാധുനിക കഥ എപ്പോഴും ആവ ശ്യപ്പെടുന്നു. പതിവുശീലങ്ങളെല്ലാം ഉപേക്ഷി ച്ച് കഥാരചനയ്ക്കു മുതിർന്നപ്പോൾ അയാൾ ആലോചിച്ചത് ഇത്തരം കാര്യങ്ങൾ ആയിരുന്നു.

ഒരു ഉത്തരാധുനിക കഥ എഴുതാൻ സാധി ക്കാതെ വന്നാലുള്ള അവസ്ഥ ലജ്ജാകരമാണ് എന്ന് അയാൾ വ്യാകുലപ്പെടുന്നു. കാലത്തിനൊ പ്പിച്ച് കാലു മുറിക്കുകയാണ് ചെയ്യേണ്ടത് എന്നും പല മട്ടിൽ അറുത്തു മാറ്റിയിട്ടും കാലത്തിന്റെ അഭിരുചിയുമായി അതിനെ പൊരുത്തപ്പെടുത്തി കൊണ്ടുപോകാൻ തനിക്ക് സാധിച്ചില്ല എന്നും അയാൾ ഓർക്കുന്നു. ചില കഥകളിൽ കാല്പനി കതയും മറ്റു ചിലതിൽ വല്ലാത്ത ആർദ്രതയും കടന്നുവരുന്നു എന്നും അയാൾ തിരിച്ചറിയുന്നു.

റെയിൽവേപാളത്തിനരികിലാണ് അയാളുടെ വീട്. ഇടയ്ക്കിടെ ഇരമ്പങ്ങൾ സൃഷ്ടിച്ചുകൊണ്ട് തീവണ്ടികൾ കടന്നുപോകുന്നത് ഒഴിച്ചാൽ അവി ടം ശാന്തമായിരുന്നു. എഴുത്തുമുറിയിലെ മേശ യ്ക്ക് അടുത്തിരുന്നാൽ കാണുന്ന റെയിൽപാള ങ്ങൾ മടിപ്പിക്കാത്ത മനോഹരമായ ദൃശ്യങ്ങളിൽ ഒന്നായിരുന്നു. പാളത്തിലേക്ക് നോക്കിയിരിക്കെ പല കഥാപാത്രങ്ങളും കഥാനായകന്റെ ഭാവന യിലേക്ക് കടന്നു വരാറുണ്ടായിരുന്നു. എന്നാൽ ഒരു ഉത്തരാധുനികകഥ രചിക്കാനുള്ള ശ്രമ ത്തിൽ റെയിൽപ്പാളക്കാഴ്ചകൾ അയാളെ സഹാ യിച്ചില്ല. വാക്കുകൾ മെരുങ്ങാതെയും ചിന്തകൾ ക്രമപ്പെടാതെയും വീർപ്പുമുട്ടി. ഏതെങ്കിലും ഒരു ട്രെയിൻ പാലത്തിലൂടെ കടന്നുപോയാൽ ആ കാഴ്ച തനിക്ക് ആശ്വാസം പകരുമെന്ന് അയാൾ ചിന്തിച്ചു. ഒടുവിൽ 'ജോർജ്ജറ്റ് മ്യൂർ എന്ന ഒരു മധ്യവയസ്സൻ തന്റെ ജീവിതത്തിലെ അവസാ നരംഗം അഭിനയിച്ചുകൊണ്ടിരിക്കുകയാണ്' എന്ന് തുടങ്ങുന്ന ഒരു കഥ എഴുതാൻ അയാൾ ചിന്തിക്കുന്നു. ഏറെക്കുറെ പുതുമയാർന്ന ഒരു വാചകം കണ്ടെത്തിയതിൽ ആശ്വസിക്കുകയും ചെയ്യുന്നു. വരികൾക്ക് കാല്പനികതയുടെ ചുവ യില്ല എന്നതും അയാളെ ഉത്സാഹഭരിതനാക്കി.

ആ സന്ദർഭത്തിലാണ് റെയിൽപാളത്തിലൂടെ കടന്നുവരുന്ന ഒരു കുടുംബത്തെ അയാൾ കാ ണുന്നത്. ദരിദ്രയായ ഒരു അമ്മയും ക്ഷീണിത രായ മൂന്ന് ചെറിയ കുട്ടികളും. കഥാനായകന്റെ ശ്രദ്ധ ആ കുടുംബത്തിൽ തന്നെ ഉടക്കിനിന്നി ന്നു. ജോർജ്ജറ്റ് മ്യൂറിനെ കേന്ദ്രകഥാപാത്രമാ

SGOU

ക്കിക്കൊണ്ട് ഒരു ഉത്തരാധുനിക കഥ രചിക്കാനുള്ള ശ്രമത്തിൽ നിന്നും അയാളുടെ ശ്രദ്ധ വഴുതിപ്പോകുന്നു. റെയിൽവേപ്പാളത്തിന് അരികിൽ ആ കുടുംബം എന്തിനാണ് വന്നതെന്ന ജിജ്ഞാസ അയാളിൽ വളരുന്നു. അവർ ആത്മഹത്യ ചെയ്യാനാണോ അവിടെ വന്നിരിക്കുന്നത് എന്ന് അയാൾ ചിന്തിക്കുന്നു. അതേ നിമിഷം തന്നെ ആ കുടുംബത്തെ ആത്മഹത്യയുമായി ബന്ധിപ്പിച്ച ക്രൂരത അയാളെ അന്ധാളിപ്പിക്കുകയും ചെയ്യുന്നു. മറ്റേതെങ്കിലും അവസ്ഥകളിലേക്ക് ചിന്തയെ തിരിച്ചു വിടണം എന്ന് അയാൾ ഏറെ ആഗ്രഹിച്ചെങ്കിലും ഒടുവിൽ എത്തിച്ചേർന്നത് ആത്മഹത്യ എന്ന ആശയത്തിൽ തന്നെയായിരുന്നു.

ആ കുടുംബത്തിന്റെ ദൈന്യതയാകാം ആത്മഹത്യ എന്ന വാക്കിനെക്കുറിച്ച് ഓർക്കാൻ തന്നെ പ്രേരിപ്പിച്ചത് എന്നും അയാൾ ചിന്തിക്കുന്നു. തുടർന്ന് സുഹൃത്തായ രാജാ സുബ്രഹ്മണ്യന്റെ, ആ റെയിൽപ്പാളത്തെക്കുറിച്ചുള്ള 'ദിസീസ് ആൻ ഹെവൻലിപ്ലേസ് ഫോർ ജന്റ്ലി സൂയിസൈഡ്'എന്ന പരാമർശം അയാൾ ഓർക്കുന്നു. പരാജയപ്പെട്ട ഒരു ആത്മഹത്യാശ്രമത്തിനുശേഷം ഇത്തരം സ്ഥലങ്ങൾ കാണുമ്പോഴൊക്കെ രാജാസുബ്രഹ്മണ്യന് ആവേശം കയറുമായിരുന്നു. ആത്മഹത്യയ്ക്കൊരുമ്പെടുന്നവരും ഇത്തരം സ്ഥലങ്ങളും തമ്മിൽ ഒരുതരം ആശയവിനിമയം നടക്കുന്നു എന്നായിരുന്നു രാജാസുബ്രഹ്മണ്യത്തിന്റെ കണ്ടെത്തൽ. അതുകൊണ്ടാണ് ചില സ്ഥലങ്ങളിൽ സ്ഥിരമായി ആത്മഹത്യകൾ നടക്കാറുള്ളത് എന്നും അയാൾ സമർഥിച്ചിരുന്നു.

ആ കുടുംബവും ആത്മഹത്യ ചെയ്യാൻ വന്നതായിരിക്കുമോ എന്ന ചിന്ത കഥാനായകനെ പിന്തുടരുന്നു. ദാരിദ്ര്യത്തിൽ നിന്നും മറ്റു മോചനമാർഗം ഇല്ലാത്തവർ മരണത്തിൽ തന്നെയായിരിക്കും അഭയം തേടുക. ഉത്തരാധുനിക കഥാരചനയ്ക്കുള്ള ഉദ്യമം പാടെ വിസ്മരിച്ച് കഥാനായകൻ ആ കുടുംബത്തെ വീക്ഷിക്കുന്നു. റെയിൽപ്പാളത്തിൽ അവർ ഏതെങ്കിലും ട്രെയിനിന് മുന്നിൽ ചാടി ആത്മഹത്യ ചെയ്യുമെന്ന് അയാൾക്ക് ഏതാണ്ട് ഉറപ്പായി. ആദ്യത്തെ ഒരു ട്രെയിൻ കടന്നു പോയപ്പോൾ ആ കുടുംബം ആത്മഹത്യാശ്രമം നടത്തിയില്ല. ഒരുപക്ഷേ അവർ ഈ വണ്ടി ആയിരിക്കില്ല ഉദ്ദേശിച്ചത് എന്നും രാജാസുബ്രഹ്മണ്യൻ പറഞ്ഞതുപോലെ ചില പ്രത്യേക വണ്ടികൾക്ക് മുമ്പിൽ ചാടിയേ ആത്മഹത്യ ചെയ്യൂ എന്ന് ചിലർക്ക് നിർബന്ധമുണ്ടാകാം എന്നും ആ അവസരത്തിൽ കഥാനായകൻ ചിന്തിക്കുന്നു. പാസഞ്ചർ വണ്ടിക്ക് ചാടാൻ ഉദ്ദേശിച്ചവർ ചരക്കുവണ്ടിക്ക് മുമ്പിൽ ചാടില്ല എക്സ്പ്രസ്സിനു മുന്നിൽ ജീവിതവസാനിപ്പിക്കാൻ ആഗ്രഹിച്ചവർ അതിനു മുമ്പിലേ ചാടൂ.

ഇനി ഏതു വണ്ടിയാണ് വരാനുള്ളത് എന്നോർത്ത് നിൽക്കുമ്പോൾ അയാളുടെ മനസ്സിലേക്ക് ഉത്തരാധുനിക കഥ വീണ്ടും തികട്ടി വന്നു. 'ജോർജറ്റ് മൂറിൻെറ കണ്ണിൽ ലോകം ഒരു വിചിത്രമായ കൂടാരമായി തോന്നി '... എന്നൊരു തുടക്കവാചകത്തെ സങ്കല്പ്പിച്ച് അതിൽ തൃപ്തനായി അയാൾ മുന്നോട്ടുപോകുന്നു. നിരൂപകന്മാർ പറയുന്നതുപോലെ പല അർഥങ്ങൾ ഇതിൽ നിന്നും വേർതിരിച്ചെടുക്കാമായിരുന്നു എന്നും ഒരു നല്ല തുടക്കം കിട്ടി എന്നതിനർഥം കഥ മുക്കാൽ പങ്കും വിജയിച്ചു എന്നതാണ് എന്നും അയാൾ ചിന്തിക്കുന്നു. ജോർജറ്റ് മ്യൂർ ചിന്തിച്ചു കൊണ്ടിരിക്കുന്നത് ജീവിതത്തിന്റെ വലിയ സമസ്യകളെ കുറിച്ചാണെന്നും യാന്ത്രികമായ ജീവിതം സംഭാവന ചെയ്ത ഒരുപാട് ദുരിതങ്ങളുടെ പ്രതീകമാണ് ജോർജറ്റ് മ്യൂർ എന്ന തൻെറ കഥാനായകനെന്നും അയാൾ വ്യക്തമാക്കുന്നു.

ഇപ്രകാരം ഉത്തരാധുനിക കഥാരചനയിൽ കുറച്ചുനേരം മുഴുകാൻ കഴിഞ്ഞെങ്കിലും വീണ്ടും അയാളുടെ കാഴ്ച റെയിൽപ്പാളത്തിനു സമീപം ഇരിക്കുന്ന ആ കുടുംബത്തിൽ ചെന്നെത്തുന്നു. കുട്ടികൾ കരച്ചിൽ നിർത്തിയിരുന്നില്ല. അമ്മ നിസ്സംഗയായി ഇരിക്കുന്നു. അമ്മ എന്തുകൊണ്ട് കുഞ്ഞുങ്ങളെ ആശ്വസിപ്പിക്കുന്നില്ല എന്നയാൾ ആലോചിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ ഏറെ അവശനും രോഗബാധിതനുമായ മറ്റൊരാൾ ആ കുടുംബത്തിന്റെ നേർക്ക് നടന്നുവരുന്നത് അയാൾ കാണുന്നു. കാറ്റത്ത് ചലിച്ചുകൊണ്ടിരിക്കുന്ന ഒരു അസ്ഥികൂടം പോലുള്ള ആ മനുഷ്യൻ ആ കുടുംബത്തോട് ചേരുന്നു.

SGOU



SREENARAYANAGURU OPEN UNIVERSITY

ജോർജറ്റ് മ്യൂറിനെ മാറ്റിനിർത്തി അയാൾ ആ കുടുംബത്തെ ശ്രദ്ധിക്കാൻ തുടങ്ങുന്നു. ആ കുഞ്ഞുങ്ങൾക്ക് കളിച്ചു രസിക്കാമല്ലോ എന്നും മാതാപിതാക്കൾക്കും ഒപ്പം ചേരാമല്ലോ എന്നും അയാൾ ചിന്തിക്കുന്നു എന്നാൽ ഒരു കളിക്കും മുതിരാതെ കരഞ്ഞുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങൾക്ക് നേരെ നിസ്സഹായരായി വെറുതെ നോക്കി നിൽക്കുക മാത്രമാണ് മാതാപിതാക്കൾ ചെയ്തുകൊണ്ടിരുന്നത്. ജോർജറ്റ് മ്യൂറിനെ ഇറക്കി കൊണ്ടുവന്ന് ഇവരുടെ ഇടയിലേക്ക് തള്ളി വിട്ടാലോ എന്ന് അയാൾ ആലോചിക്കുന്നു. തന്റെ കഥയ്ക്ക് പുതിയൊരു തലം ഉണ്ടാക്കാൻ സാധിക്കുമെന്നും ചില കഥകളിൽ കഥാപാത്രങ്ങൾ യഥാർഥ ജീവിതത്തിലേക്ക് ഇറങ്ങിച്ചെന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടല്ലോ എന്നും അയാൾ ആലോചിച്ചു കൊണ്ടിരിക്കുന്നു.

പൊടുന്നനെ അപ്രതീക്ഷിതമായി ആ കുടുംബം പാളത്തിന് അടുത്തേക്ക് നീങ്ങുകയും തിളച്ചുമറിയുന്ന വെയിലിൽ ചുട്ടുപഴുത്ത കറുത്ത ലോഹരേഖകൾക്കിടയിൽ അവർ അമർന്നിരിക്കുകയും ചെയ്തു. കുഞ്ഞുങ്ങളുടെ തല അവർ കോൺക്രീറ്റ് സ്ലീപ്പറിന്റെ കാഠിന്യത്തിലേക്ക് അമർത്തി പിടിച്ചിരുന്നു. സ്ത്രീയും പുരുഷനും പാലത്തിലേക്ക് തല നന്നേ താഴ്ത്തിയാണ് ഇരുന്നിരുന്നത്. പിഴുതുമാറ്റാൻ കഴിയാത്തവണ്ണം ഏതോ ധ്യാനത്തിന്റെ ദൃഢതയിൽ അവർ അമർന്നു പോയിരിക്കുന്നു എന്ന് കഥാകൃത്ത് രേഖപ്പെടുത്തുന്നു. അപ്പോൾ മുഴുവനും എയർകണ്ടീഷൻ ചെയ്ത, സമയം തെറ്റി വരുന്ന രാജധാനി എക്സ്പ്രസ്സ് അവരുടെ ധ്യാനത്തിന് മുകളിലൂടെ കടന്നുപോയി. അതു കാണുന്ന കഥാനായകൻ തലതാഴ്ത്തിപ്പിടിച്ചു. പിന്നെ ചെറിയ തമാശയോടെ. 'ആത്മഹത്യ ചെയ്യാൻ രാജധാനി എക്സ്പ്രസ്സ് കാത്തിരുന്ന ഒരു കുടുംബം' എന്ന് ഓർക്കുന്നിടത്ത് കഥ അവസാനിക്കുന്നു.

## Recap

- മലയാള കഥാസാഹിത്യത്തിൽ സംഭവിച്ച ഭാവുകത്വപരിണാമത്തോടുള്ള യു.കെ കുമാരന്റെ പ്രതികരണം കൂടിയാണ് കഥയുടെ ആദ്യഭാഗം
- ആധുനികാനന്തര കഥകളുടെ സവിശേഷതകളും അവയുടെ അപര്യാപ്തതകളും യു.കെ കുമാരൻ ഈ കഥയിലെ മുഖ്യകഥാപാത്രത്തിന്റെ അഭിപ്രായങ്ങൾ എന്നോണം അവതരിപ്പിക്കുന്നു
- സമകാലിക ജീവിതത്തിന്റെ സങ്കീർണ്ണതകളും സർഗാത്മക മേഖലയിലെ പരിണാമങ്ങളും ഒരേസമയം ചർച്ച ചെയ്യുന്നു.
- സമ്പന്നർ അതിസമ്പന്നരായിക്കൊണ്ടിരിക്കുകയും അവർക്ക് വേണ്ടി രാജധാനി എക്സ്പ്രസ്സുകൾ പായുകയും ചെയ്യുമ്പോൾ മറുവശത്ത് അതിസാധാരണക്കാർ ദാരിദ്ര്യത്തിൽ നിന്നും ദാരിദ്ര്യത്തിലേക്ക് നിപതിച്ചുകൊണ്ടിരിക്കുന്നു എന്ന പച്ചയായ ജീവിതസത്യത്തെ എഴുത്തുകാരൻ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിക്കുകയാണ് ഈ കഥയിൽ.
- ആത്മഹത്യ ചെയ്യാൻ ശ്രമിക്കുന്ന കുടുംബത്തെ രക്ഷിക്കാൻ ശ്രമിക്കാതെ തന്റെ കഥയുടെ ഇതിവൃത്തത്തെ രൂപപ്പെടുത്താൻ ശ്രമിക്കുന്ന കഥാകൃത്ത്
- മനുഷ്യത്വവും മനഃസാക്ഷിയും നഷ്ടപ്പെടുന്ന യുവതലമുറ

SGOU

## Objective Type Questions

1. യു. കെ. കുമാരന് വയലാർ അവാർഡ് ലഭിച്ച കൃതി ഏത്?
2. യു. കെ. കുമാരന്റെ മൂന്ന് നോവലുകൾ- പേരെഴുതുക.
3. രാജാസുബ്രഹ്മണ്യം എന്ന കഥാപാത്രം ഏതു വിഷയത്തെക്കുറിച്ചാണ് സംസാരിക്കുന്നത്?
4. പാളത്തിനരികിൽ ദരിദ്രകുടുംബം ആത്മഹത്യയ്ക്കായി തിരഞ്ഞെടുത്തത് ഏത് ട്രെയിനിനെയാണ്?
5. കഥാനായകൻ ഏതുരീതിയിലുള്ള കഥയെഴുതാൻ ആണ് ശ്രമിച്ചത്?
6. ഏത് ഉത്തരാധുനിക കഥാപാത്രത്തെയാണ് കഥാകാരൻ നായകനാക്കാൻ ശ്രമിച്ചത്?

## Answers

1. തക്ഷൻകുന്ന് സ്വരൂപം
2. തക്ഷൻകുന്ന് സ്വരൂപം, എഴുതപ്പെട്ടത്, വലയം,
3. ആത്മഹത്യയെക്കുറിച്ച്
4. രാജധാനി എക്സ്പ്രസ്
5. ഉത്തരാധുനിക കഥ
6. ജോർജറ്റ് മ്യൂർ

## Assignments

1. ആധുനികാനന്തര ജീവിതത്തിന്റെ പ്രതിഫലനം- റെയിൽപ്പാളത്തിലിരുന്നു ഒരു കുടുംബം ധ്യാനിക്കുന്നു എന്ന കഥയിൽ- ചർച്ച ചെയ്യുക
2. റെയിൽപ്പാളത്തിലിരുന്ന് ഒരു കുടുംബം ധ്യാനിക്കുന്നു എന്ന കഥയിൽ പ്രതിഫലിക്കുന്ന ജീവിതദർശനത്തെക്കുറിച്ച് എഴുതുക

## Reference


1. ഡോ. കെ. എസ്. രവികുമാർ, കഥയും ഭാവുകത്വ പരിണാമവും, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. ഡോ. എം. എം. ബഷീർ, മലയാള ചെറുകഥാസാഹിത്യ ചരിത്രം - കറന്റ് ബുക്സ്, തൃശൂർ.


## Suggested Reading


1. ഡോ. വത്സലൻ വാതുശ്ശേരി, കഥയുടെ ന്യൂക്ലിയസ്, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥയുടെ ആറാം കാലം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.




SGOU

BLOCK - 03

# ഉപന്യാസം


| | | |
|---|---|---|
| യൂണിറ്റ് - 1 | കാളിദാസനും കാലത്തിന്റെ ദാസൻ | ജോസഫ് മുണ്ടശ്ശേരി |
| യൂണിറ്റ് - 2 | ആദർശ മാനവികതയുടെ സംഗീതം | കെ. പി. അപ്പൻ |
| യൂണിറ്റ് - 3 | സാമന്ത സാഹിത്യം | വി. സി. ശ്രീജൻ |


SGOU

# യൂണിറ്റ് -1
# കാളിദാസനും കാലത്തിന്റെ ദാസൻ

ജോസഫ് മുണ്ടശ്ശേരി

## Learning Outcomes

- ജോസഫ് മുണ്ടശ്ശേരിയുടെ നിരൂപണശൈലി അറിയുന്നു
- കവിയും കാലവും തമ്മിലുള്ള ബന്ധം കൃതിയിൽ പ്രവർത്തിച്ച വിധത്തെ അറിയുക
- മഹാഭാരതത്തിലെ മൂലകഥയിൽ നിന്നും കാളിദാസൻ വരുത്തിയ മാറ്റം തിരിച്ചറിയുന്നു
- മൂലകഥയിൽനിന്നും മാറ്റംവരുത്താനുണ്ടായ സാമൂഹ്യസാഹചര്യത്തെ മുണ്ടശ്ശേരി അവതരിപ്പിക്കുന്ന വിധം ഗ്രഹിക്കുന്നു

## Prerequisites

**ജോസഫ് മുണ്ടശ്ശേരി (1903 - 1977)**

അധ്യാപകൻ, സാഹിത്യനിരൂപകൻ, നിയമസഭാംഗം, വിദ്യാഭ്യാസമന്ത്രി എന്നീ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് സാഹിത്യ-രാഷ്ട്രീയ, വിദ്യാഭ്യാസ മണ്ഡലങ്ങളിലാകെ വിരാജിച്ച അപൂർവ പ്രതിഭയാണ് ജോസഫ് മുണ്ടശ്ശേരി. സാഹിത്യം ജീവിതത്തിൽനിന്നും രൂപംകൊള്ളുകയും ജീവിതത്തെ പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. ഈ അവബോധത്തോടെ സാഹിത്യനിരൂപണത്തെ സാംസ്കാരിക നിരൂപണമായി ഉയർത്താൻ മുണ്ടശ്ശേരിക്ക് കഴിഞ്ഞിട്ടുണ്ട്. വ്യക്തവും സുചിന്തിതവുമായ തന്റെ നിലപാടുകളിൽ ആദ്യാവസാനം ഉറച്ചു നിൽക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രസംഗകലയിൽ നിന്ന് ആർജ്ജിച്ച സവിശേഷമായ അവതരണരീതി അതായത്, പറയാനുള്ള കാര്യങ്ങൾ യുക്തിഭദ്രമായി അവതരിപ്പിക്കുന്ന രീതി വളരെ വിദഗ്ധമായി അദ്ദേഹം നിരൂപണത്തിൽ പ്രയോഗിച്ചിട്ടുണ്ട്. പൗരസ്ത്യ കാവ്യമീമാംസയും പാശ്ചാത്യ സാഹിത്യതത്വങ്ങളും ഒരുപോലെ മുണ്ടശ്ശേരിയുടെ സൗന്ദര്യചിന്തയിൽ സ്വാധീനം ചെലുത്തി. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ നേതൃനിരയിൽ നിന്ന് കൊണ്ട് സാമൂഹികമാറ്റത്തിന് ചാലകശക്തിയായി നിൽക്കാൻ സാഹിത്യത്തിനു കഴിയും എന്ന് വാദിച്ചു. അതുകൊണ്ടുതന്നെ കൃതിയുടെ സാമൂഹ്യ പ്രയോജനത്തെക്കുറിച്ച് ഏറെ ശ്രദ്ധിച്ചിരുന്നു. മാത്യു അർനോൾഡിന്റെ ജീവിതവിമർശനവാദവും റിച്ചാർഡിന്റെ സംസ്കാരമൂല്യവാദവും ഏറെ പ്രിയപ്പെട്ടതായിരുന്നു മുണ്ടശ്ശേരിക്ക്.

സംസ്കാര സമ്പന്നനായൊരു സാധാരണ വായനക്കാരന് ഒരു സാഹിത്യകൃതി വായിച്ചാൽ ഉണ്ടാകാവുന്ന ചോദ്യങ്ങളും ആശങ്കകളും ഉന്നയിച്ച് അവയെ പണ്ഡിതനായ സഹൃദയൻ എങ്ങനെ നേരിടുമെന്ന് ചിത്രീകരിക്കുകയാണ് മുണ്ടശ്ശേരിയുടെ രീതി എന്ന് സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നു.

രൂപഭദ്രത, ഔചിത്യദീക്ഷ, നാടകാന്തം കവിത്വം, മനുഷ്യകഥാനുഗായികത്വം എന്നിവയാണ് മുണ്ടശ്ശേരി അവതരിപ്പിച്ച പ്രധാന സിദ്ധാന്തങ്ങൾ. ഉൽകൃഷ്ട കൃതികളിൽ ഭാവം

SGOU

പോലെ രൂപവും ഭദ്രമാകണം എന്നതാണ് രൂപഭദ്രതാവാദം. അംഗോപാംഗങ്ങളുടെ അഥവാ കാവ്യഘടകങ്ങളുടെ ഉൾപ്പൊരുത്തമാണ് രൂപഭദ്രത. ഔചിത്യം എന്നത് വിവേചനാവബോധം തന്നെ. സാമാന്യബുദ്ധിയ്ക്കും യുക്തിക്കും മനുഷ്യ മര്യാദയ്ക്കും നിരക്കുന്ന വിധം സാഹിത്യ നിർമ്മാണം സാധിക്കുന്നതാണിത്. രസാവിഷ്കരണ പൂർത്തിയ്ക്കായി കഥാപാത്രം, സംഭാഷണം, സന്ദർഭം തുടങ്ങിയവ ചടുലവും മൂർത്തവുമായി രംഗത്തെന്ന പോലെ അവതരിപ്പിക്കുക എന്നതാണ് നാടകാന്തം കവിത്വം കൊണ്ട് ഉദ്ദേശിക്കുന്നത്. ലോകസമ്പർക്കവശാൽ മനസ്സിൽ ആഞ്ഞു പതിക്കുന്ന അനുഭവങ്ങളെ തന്റേതായ കാഴ്ചപ്പാടിൽ കാവ്യോചിതമായി അവതരിപ്പിക്കണം. ഹൃദയത്തിന്റെ കണ്ണുകൾക്ക് ജീവിതത്തെ സമഞ്ജസമായി ആകൃതിപ്പെടുത്തിക്കാട്ടി വേണം കലാമാതൃകകൾ വികാരതന്മയീഭാവത്തിൽ വെച്ച് ആഹ്ലാദം കൊള്ളാനെന്നും അങ്ങനെ ജീവിതാനുഭൂതികളെ ആകൃതിപ്പെടുത്തുന്നിടത്താണ് കലാകാരന്റെ രചനാകൗശലം പ്രവർത്തിക്കേണ്ടതെന്നും മനുഷ്യ കഥാനുഗായികത്വ സിദ്ധാന്തം പറയുന്നു.

**മുണ്ടശ്ശേരിയും സമകാലികരും**

എം. പി. പോൾ, ജോസഫ് മുണ്ടശ്ശേരി, കുട്ടിക്കൃഷ്ണമാരാർ എന്നിവരെ മലയാള നിരൂപകത്രയം എന്നു വിളിക്കുന്നു. ഇവരിൽ പാശ്ചാത്യ കലാദർശനങ്ങൾ കുട്ടികൃഷ്ണമാരാർക്ക് അത്ര വഴങ്ങുന്നതായിരുന്നില്ല. മറ്റുരണ്ടുപേരും പാശ്ചാത്യ കാവ്യദർശനങ്ങൾ നമ്മുടെ സാഹിത്യത്തെ വിലയിരുത്തുന്നതിന് കഴിയുന്നത്ര പ്രയോജനപ്പെടുത്തുകയുണ്ടായി. ഇവരിൽ എം. പി. പോൾ, ഗദ്യനിരൂപകൻ എന്ന രീതിയിലാണ് പ്രസിദ്ധനായതെങ്കിൽ മുണ്ടശ്ശേരിക്ക് കവിതാസാഹിത്യവും കൂടി പ്രിയപ്പെട്ടതായിരുന്നു. മാരാരെപ്പോലെ ക്ലാസിക് സാഹിത്യം മാത്രമല്ല, സമകാലിക സാഹിത്യ രംഗവും അദ്ദേഹത്തിന് ഏറെ ആസ്വാദ്യമായി. ഒരു കൃതിയെ മറ്റൊരു കൃതിയോട് താരതമ്യം ചെയ്യുന്ന നിരൂപണരീതി മലയാളത്തിൽ ഏറെ വളർത്തിയിട്ടുണ്ട് മുണ്ടശ്ശേരി. ആദ്യകാലത്ത് സാമൂഹ്യ പ്രയോജനക്ഷമമാണ് കല എന്നതിന്റെ പേരിൽ മുണ്ടശ്ശേരിയും എം. പി. പോളും പുരോഗമന സാഹിത്യ പ്രസ്ഥാനത്തിനോട് സഹകരിച്ച് പ്രവർത്തിച്ചവരാണ്. എന്നാൽ മാരാരാവട്ടെ ആദ്യാവസാനം പ്രസ്ഥാനത്തോട് ഇടഞ്ഞുകൊണ്ടുതന്നെ നിലകൊണ്ടു. അതത് കാലത്തെ രാഷ്ട്രീയ സാംസ്കാരിക സ്ഥിതിഗതികൾ സാഹിത്യത്തിൽ കടന്നു വരുന്നതിനെ ഒരപരാധമായിത്തന്നെ മാരാർ കണ്ടു. അദ്ദേഹം അനശ്വര സത്യങ്ങളുടെ ആവിഷ്കാരമായാണ് സാഹിത്യത്തെ കണ്ടത്. ഒടുവിൽ സാഹിത്യം എന്നാൽ പാർട്ടിസാഹിത്യം മാത്രമായിപ്പോകുന്നുവോ എന്ന ഭീതിയാൽ പ്രസ്ഥാനത്തോട് വിട പറയുകയായിരുന്നു എം. പി. പോളും മുണ്ടശ്ശേരിയും. അന്നത്തെ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ വീക്ഷണ പരിമിതികളെപ്പറ്റി പിന്നീട് ഇ. എം. എസ്. തുറന്നു പറയുകയുണ്ടായി.

**പ്രധാന കൃതികൾ**

അന്തരീക്ഷം, കാവ്യപീഠിക, മാനദണ്ഡം, പ്രയാണം, ഒറ്റനോട്ടത്തിൽ, മനുഷ്യകഥാനു ഗായികർ, കരിന്തിരി, രൂപഭദ്രത, കാലത്തിന്റെ കണ്ണാടി, രാജരാജന്റെ മാറ്റൊലി, നാടകാന്തം കവിത്വം, വായനശാലയിൽ - 4 ഭാഗം, ആശാൻ കവിത ഒരു പഠനം, വള്ളത്തോൾ കവിത ഒരു പഠനം എന്നിവ.

SGOU

## Key Words

മുണ്ടശ്ശേരി - കാളിദാസൻ - അഭിജ്ഞാനശാകുന്തളം - റൊമാന്റിൽ ലൗവ് - വിരതി - കാലത്തിന്റെ കളിപ്പന്ത് - കാലത്തിന്റെ ദാസൻ - മാർക്സിയൻ - താരതമ്യാത്മക നിരൂപണരീതി

## Discussion

ഏതൊരു എഴുത്തുകാരനും സമൂഹത്തിന്റെ കൂടി സൃഷ്ടിയാണ് എന്ന് കാളിദാസന്റെ 'അഭിജ്ഞാനശാകുന്തളം' നാടകത്തെ ആസ്പദമാക്കി സമർഥിക്കുകയാണ് ജോസഫ് മുണ്ടശ്ശേരി. അതത് സമൂഹത്തിന്റെ ആചാര വിശ്വാസങ്ങളാണ് കലയിൽ പ്രതിഫലിക്കുകയെന്ന് സമർഥിക്കുകയാണ് ലേഖകൻ. ഏതു സാഹിത്യ കൃതിയുടെ മൂല്യനിർണ്ണയത്തിലും കാലദേശ വർഗ്ഗ പരിഗണനകൾ സുപ്രധാനമാണെന്ന ടെയിനിന്റെ സിദ്ധാന്തം മുണ്ടശ്ശേരിയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

കവികൾ നിലംതൊടാത്ത അസാമാന്യരാണെന്ന് ചിലർ വിശ്വസിക്കുന്നു. കവികൾ അസാമാന്യരാണ് എന്ന് പറയാമെങ്കിലും അത് മാത്രമാണ് എന്ന് പറഞ്ഞുകൂടാ. എഴുത്തുകാരനും സമൂഹജീവിയാണ്. തന്മൂലം താൻ ജീവിക്കുന്ന കാലഘട്ടത്താൽ സ്വാധീനിക്കപ്പെടാത്ത ഒരെഴുത്തുകാരനുമുണ്ടാവില്ല. അതതു കാലത്തെ സാമൂഹ്യമര്യാദകൾ എഴുത്തിൽ പ്രത്യക്ഷപ്പെടുന്നു. ഈ ആശയത്തെ മുൻനിർത്തിയാണ് ലേഖകൻ കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തെ വിലയിരുത്തുന്നത്. ഉലയിൽ വെച്ച് ഊതിയെടുത്ത തനിപ്പൊന്നായ പ്രണയമാണ് അതിലെ പ്രതിപാദ്യം. കാട്ടിൽ നായാട്ടിനിടെ കണ്ടുമുട്ടിയ മുനികന്യകയെ രഹസ്യവിവാഹം കഴിച്ചിട്ട് ദുഷ്യന്തരാജാവ് കടന്നു കളയുന്നു. ഗർഭിണിയായ അവളെ കൂട്ടിക്കൊണ്ടുവരാൻ ആളയയ്ക്കാമെന്നും അവളുടെ മകനെ ഭാവി യുവരാജാവാക്കാമെന്നും വാഗ്ദാനം ചെയ്യുന്നുമുണ്ട്. എന്നാൽ പറഞ്ഞപ്രകാരം രാജാവ് ചെയ്തു കാണാത്തതിനാൽ കണ്വൻ ഭർത്തൃസമീപത്തേയ്ക്ക് വേണ്ടപ്പെട്ടവരോടൊപ്പം അവളെ പറഞ്ഞയക്കുന്നു. എന്നാൽ എത്ര പറഞ്ഞിട്ടും രാജാവ് ഈ കാര്യമൊന്നും സമ്മതിച്ചു കൊടുക്കുന്നില്ല. ഇതോടെ ബന്ധുജനങ്ങളും അവളെ കൈവിട്ടു. കുറെ നാൾ കഴിഞ്ഞ് ശാപമോക്ഷം ലഭിച്ച രാജാവിന് ശകുന്തളയെ ഓർമ്മ വരികയും കാശ്യപാശ്രമത്തിൽ നിന്നും കൂട്ടിക്കൊണ്ടു വരികയും ചെയ്തു. ഇതാണ് ശാകുന്തളം കഥയുടെ പ്രമേയം.

ഗാന്ധർവ വിവാഹത്തിനടിസ്ഥാനമായ സാഹസിക അനുരാഗത്തിന്റെ പൊള്ളത്തരം ഇരുവരും തമ്മിലുള്ള വേർപാടിനാൽ ശുദ്ധീകരിക്കപ്പെട്ട് പരിണിതസ്നേഹമായി മാറിയിരിക്കുകയാണ് ഈ കഥയിൽ. ഗോയ്ഥേ തൊട്ട് ടാഗോർ വരെയുള്ള മഹാന്മാരെല്ലാം പ്രേമത്തിന്റെ മഹത്തായ മാതൃക കാണിച്ചു തരികയാണ് ശാകുന്തളോപാഖ്യാനത്തിന്റെ ലക്ഷ്യം എന്ന് പറയുന്നു. അങ്ങനെയൊരുദ്ദേശം കാളിദാസനുണ്ടായിരുന്നില്ലെന്നോ അത്തരം ഉദ്ദേശ്യം ആക്ഷേപാർഹമാണെന്നോ താൻ അർഥമാക്കുന്നില്ലെന്ന് മുണ്ടശ്ശേരി പറയുന്നു. എന്നാൽ കാളിദാസൻ ഉപജീവിച്ച മഹാഭാരതത്തിൽ പ്രസ്തുത ലക്ഷ്യത്തിനു വേണ്ടിയല്ല ഈ കഥ പ്രതിപാദിക്കുന്നത്. മഹാഭാരതത്തിൽ ഗാന്ധർവ വിവാഹാനന്തരം പെറ്റുവളർത്തിയ കുട്ടി യുവരാജ പദവിക്കർഹനായിത്തുടങ്ങി എന്ന് തോന്നിയപ്പോൾ കണ്വാജ്ഞയനുസരിച്ച് ശകുന്തള ദുഷ്യന്തന്റെ കൊട്ടാരത്തിലേക്ക് പോവുകയും നിഷ്കരുണം ഇരുവരേയും ആ രാജാവ് നിരാകരിക്കുന്നതുമാണ് പ്രതിപാദിക്കുന്നത്. എന്നാൽ പൊടുന്നനെ വസ്തുസ്ഥിതി വെളിപ്പെടുത്തുന്ന ഒരശരീരി ഉണ്ടാവുകയും രാജാവ് ഇരുവരെയും ക്ഷമാപണത്തോടെ സ്വീകരിക്കുകയുമാണ്.

മഹാഭാരതത്തിലെ ഈ ആഖ്യാനത്തിൽ പ്രണയത്തിന്റെ വിശ്വാതിശയകരമായ മാതൃകയൊന്നും കൊണ്ടു വരുന്നില്ല. അക്കാലത്ത് രാജാക്കന്മാർ കന്യകമാരെ പല വാഗ്ദാനവും നൽകി പാട്ടിലാക്കുന്നതും പിന്നീട് യാതൊരു ലജ്ജയുമില്ലാതെ അക്കാര്യങ്ങളെല്ലാം നിഷേധിക്കുന്നതുമായ കാര്യത്തെ യാതൊരു മറയും കൂടാതെ സത്യസന്ധമായി പ്രതിപാദിക്കുകയാണ് മഹാഭാരത കർത്താവ്. ജനങ്ങളെ പേടിച്ചിട്ടാണ് മഹാഭാരതത്തിൽ ദുഷ്യന്തൻ ശകുന്തളയെയും മകനെയും അറിയില്ലെന്ന് കൈമലർത്തുന്നത്. അശരീരി കേട്ടതോടെ ജനസമ്മിതിയോടെ ക്ഷമാപണം പറഞ്ഞ് അദ്ദേഹം അവരെ സ്വീകരിക്കുന്നു. സ്വേച്ഛാപ്രഭുക്കന്മാരുടെ കടിഞ്ഞാണില്ലാത്ത താന്തോന്നിത്തത്തെയും സത്യധർമ്മാദികൾക്കെതിരായ പെരുമാറ്റത്തെയും മന:പൂർവം

SGOU

വെള്ളയടിച്ചു കാണിക്കാൻ യാതൊരു പ്രേരണയും മഹാഭാരത കർത്താവിനുണ്ടായിരുന്നില്ല. മാത്രമല്ല അത്തരക്കാരെ തൊലി പൊളിച്ചു കാട്ടി നാണം കെടുത്താനും അദ്ദേഹം വിചാരിച്ചിരുന്നു എന്നു വേണം കരുതാൻ.

സ്ത്രീപക്ഷ കാഴ്ചപ്പാടിൽ നോക്കിയാലും മഹാഭാരതത്തിലെ ശകുന്തള ഒന്നാന്തരം തന്റേടക്കാരിയായിരുന്നു. ദുഷ്യന്തനോട് നേരെ നിന്ന് അവൾ കാര്യം പറയുന്നുണ്ട്. കാമിനിയുടെ പ്രേമോഷ്മളതയേക്കാൾ ഒരമ്മയുടെ ധാർമ്മിക രോഷമാണ് കാളിദാസന്റെ ശകുന്തളയെ അപേക്ഷിച്ച് മഹാഭാരതത്തിലെ ശകുന്തളയ്ക്ക് ഉള്ളത്. ഇരുത്തത്തോടെ ദുഷ്യന്തന്റെ മുഖത്തു നോക്കി സംസാരിക്കുന്ന മഹാഭാരതത്തിലെ ശകുന്തള 'റൊമാന്റിക് ലൗവി'ന്റെ പതനത്തിൽ വീണ് സ്വയം അബലയായിത്തീരുന്ന ഒരുവളല്ല. ഇങ്ങനെ മഹാഭാരതത്തിലെ ശകുന്തളയേയും കാളിദാസന്റെ ശകുന്തളയേയും തമ്മിൽ താരതമ്യപ്പെടുത്തുകയാണ് ലേഖകൻ.

അതായത് കാല്പനിക ലോകത്തിലെ അമാനുഷികമായ ജീവിത മൂല്യങ്ങളേക്കാൾ യഥാർഥ ലോകത്തിലെ തികച്ചും മാനുഷികമായ ജീവിത മൂല്യങ്ങളാണ് മഹാഭാരത കർത്താവ് ആവിഷ്കരിക്കുന്നത്. പുരുഷന്റെ സ്വേച്ഛാധിപത്യത്തേയും അതിനായകത്വത്തേയും സാധൂകരിക്കാനോ സ്ത്രീയുടെ തന്റേടത്തെയും അവകാശബോധത്തെയും താഴ്ത്തിക്കെട്ടി അവളെ വെറുമൊരു കാഴ്ചപ്പണ്ടമാക്കാനോ മഹാഭാരത കർത്താവ് തുനിഞ്ഞിട്ടില്ല. ചിലപ്പോൾ അത്തരം നിലപാടിൽ എഴുതാൻ പറ്റാത്ത സാമൂഹ്യ വ്യവസ്ഥിതി അന്നുണ്ടായിരിക്കില്ലെന്ന് ലേഖകൻ പറയുന്നു.

തുടർന്ന് കാളിദാസൻ ഇതേ കഥയെ തനിക്ക് അഭിമതമായ മട്ടിൽ എങ്ങനെ മാറ്റിത്തീർത്തു എന്നാണ് മുണ്ടശ്ശേരി അന്വേഷിക്കുന്നത്. അദ്ദേഹം ശാകുന്തളം കഥയെ ഉത്തമമായ ഗാർഹസ്ഥ്യ ദർശനത്തിന് ഉതകുന്ന രീതിയിൽ മാറ്റിത്തീർത്തിരിക്കുന്നു. വിരഹത്തിന്റെ അഗ്നിപരീക്ഷ കൊണ്ട് ശകുന്തളാദുഷ്യന്തന്മാരുടെ കാമപരത വിശേഷപ്പെട്ട സംശുദ്ധിയിലേക്ക് ഉയർന്നു പൊങ്ങുന്നു എന്നാണ് കവിയുടെ അവകാശം. പുഷ്പത്തിൽ നിന്നും ഫലത്തിലേയ്ക്കും, ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേയ്ക്കും, ജഡത്തിൽ നിന്ന് ആത്മാവിലേയ്ക്കും കാളിദാസൻ അനുരാഗത്തെ ഉയർത്തി എന്ന് പറയുമ്പോൾ ടാഗോറും വിവക്ഷിച്ചത് ഇതു തന്നെ.

ലേഖകന്റെ അഭിപ്രായത്തിൽ വിരതിക്ക് (താല്പര്യമില്ലായ്മ) ശേഷമുള്ള രതിയിൽ വിവേകിത ഉണ്ടാവാം. പക്ഷേ ദാമ്പത്യ ജീവിതത്തിൽ ഉടനീളം വേണ്ട ഒന്നാണ് പ്രേമം. മനുഷ്യൻ സാമൂഹ്യ ജീവിയാകാനുള്ള തിടുക്കത്തിൽ തന്റെ കാമവികാരത്തിനു മേൽ വെച്ചു കെട്ടിയ ഒന്നാണ് പ്രേമം. കാമുകീകാമുകന്മാരുടെ ഹൃദയപ്പൊരുത്തത്തിൽ നിന്നുണ്ടാകുന്ന പ്രേമം പരസ്പരം ദേവീദേവന്മാരായി ആരാധിക്കാൻ ഇടയാക്കുന്നു. അപ്പോഴാണ് ഗാർഹസ്ഥ്യജീവിതം സാർഥകമാവുന്നത്. ശകുന്തളാദുഷ്യന്തന്മാരുടെ ജീവിതം അത്തരത്തിൽ പരിണമിക്കട്ടെയെന്നാവാം കാളിദാസന്റെ അഭിപ്രായം.

പക്ഷേ, ഈ നേട്ടത്തോടു കൂടി കാളിദാസൻ, സമനിലയിൽ നിന്നിരുന്ന സ്ത്രീ പുരുഷന്മാരുടെ സാമൂഹ്യ ജീവിതത്തിന്റെ തട്ട് മേലും കീഴുമാക്കിത്തീർത്തു എന്ന് ലേഖകൻ ആരോപിക്കുന്നു. പരിഗ്രഹിച്ച സ്ത്രീയെ ഉപേക്ഷിക്കുക എന്നത് പാതക(ഹീനപ്രവൃത്തി)മാണെന്ന് കാളിദാസന് ബോധ്യമുണ്ട്. എന്നാൽ ഇക്കാര്യത്തിന് അക്കാലത്തെ നാടുവാഴികളുടെ പ്രതിനിധിയായ ദുഷ്യന്തനെ കുറ്റപ്പെടുത്താനും വയ്യ. ഈ അപകടത്തിൽ നിന്നും രക്ഷപ്പെടാൻ ദുർവാസാവിന്റെ ശാപം കൊണ്ടുവരുന്നു. ശാപം ഏൽക്കുന്നതും ശകുന്തളയ്ക്കാണ്. അതോടെ കുറ്റക്കാരി ശകുന്തള മാത്രമായി. ദുഷ്യന്തൻ നിഷ്കളങ്കനും. ഭോജരാജാവിന്റെ സദസ്യനായിരുന്ന കാളിദാസന് ക്ഷത്രിയാധിഷ്ഠിതമായ അന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ ഇതേ കഴിയുമായിരുന്നുള്ളൂ. സ്ത്രീപക്ഷത്തു നിന്നു വീക്ഷിക്കുമ്പോഴാണ് കാളിദാസനെ നിയന്ത്രിച്ച സാമൂഹ്യശക്തി എന്തെന്ന് ശരിക്കും മനസ്സിലാക്കുക. ദുർവാസാവിന്റെ ശാപം തൊട്ടുള്ള എല്ലാ കെടുതികളും അനുഭവിക്കുന്നത് ശകുന്തളയാണ്. ദുർവാസാവിന്റെ ശാപവും ശാപമോക്ഷവും ശകുന്തള അറിയുന്നില്ല. ഇത് അവളുടെ നിസ്സഹായത വർധിപ്പിക്കുന്നു. കൊട്ടാരത്തിൽ വെച്ച് രാജാവിനാലും ബന്ധുക്കളാലും അവൾ നിഷ്കരുണം കുറ്റപ്പെടുത്തപ്പെടു

SGOU

ന്നു. പിന്നീട് കാശ്യപാശ്രമത്തിൽ വെച്ച് അവൾ ദുഷ്യന്തനാൽ കൈക്കൊള്ളപ്പെടുന്നത് വിധിവ ശം കൊണ്ട് എന്നേ പറയാനുള്ളൂ. ഇത്തരത്തിൽ പുരുഷന്റെ മുന്നിൽ തുല്യമായ വ്യക്തിത്വം അവ കാശപ്പെടാവുന്ന മഹാഭാരതത്തിലെ ശകുന്തള കാളിദാസന്റെ കൈയിൽ കണ്വാശ്രമത്തിലെ മാൻപേടയേക്കാൾ നിസ്സഹായയും അബലയു മായിപ്പോയി എന്ന് ജോസഫ് മുണ്ടശ്ശേരി വിമർ ശിക്കുന്നു. അവൾക്ക് സ്വന്തമായൊരു വ്യക്തി ത്വം അവകാശപ്പെടാനില്ല. പുരുഷനെക്കൊണ്ട് സ്ത്രീയെ തന്റെ ഉപഭോഗ വിഷയങ്ങളിൽ ഏറ്റ വും നല്ല ഒന്നായി വെട്ടിക്കുറപ്പിച്ച ആ സാമൂഹ്യ നീതിയുടെ സൃഷ്ടിയാണ് കാളിദാസന്റെ ശകു ന്തള.

മഹാഭാരതത്തിലെ ദുഷ്യന്തൻ ശകുന്തള യെ നിരസിക്കുന്നത് ജനങ്ങളെ പേടിച്ചിട്ടാണ്. അക്കാര്യം പിന്നീട് ശകുന്തളയെ സമാശ്വസി പ്പിക്കുമ്പോൾ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. അശരീരിയ്ക്ക് ശേഷം ജനങ്ങളുടെ സമ്മത ത്തോടെയാണ് ദുഷ്യന്തൻ ശകുന്തളയേയും പുത്രനായ സർവദമനനെയും സ്വീകരിക്കുന്നത്. കാളിദാസന്റെ ദുഷ്യന്തന് ജനങ്ങളെ സമ്മതിപ്പി ക്കേണ്ട പ്രശ്നമേ വരുന്നില്ല. മഹാഭാരതത്തിലെ ദുഷ്യന്തൻ നാട്ടുകാരോട് ഉത്തരവാദപ്പെട്ടിരി ക്കുമ്പോൾ കാളിദാസന്റെ ദുഷ്യന്തൻ തന്നോട് ഉത്തരവാദപ്പെട്ടിരിക്കുന്നു. ഇത്രയും പറഞ്ഞതു കൊണ്ട് കാളിദാസന്റെ കവിതയെ കുറ്റപ്പെടു ത്തുകയോ അദ്ദേഹത്തിന്റെ കവിത്വത്തിന്റെ വി ലയിടിച്ചു കാണിക്കുകയോ അല്ല തന്റെ ഉദ്ദേശ്യം എന്ന് മുണ്ടശ്ശേരി പറയുന്നു. പ്രാചീന കവികളും അവരുടെ കാലത്തിന്റെ കളിപ്പന്തുകളായിരുന്നു എന്നും സമകാലീന സാമൂഹ്യ മര്യാദകളിൽ നിന്നും കുതറി മാറാൻ അവർക്ക് കഴിഞ്ഞിട്ടില്ല എന്നുമാണ് തന്റെ വാദം എന്ന് ലേഖകൻ പറയു ന്നു. അന്ധമായ പാരമ്പര്യത്തിനു നേരെ ഒറ്റയ് ക്കും തെറ്റയ്ക്കും ചില കല്ലുകൾ വലിച്ചെറിഞ്ഞി ട്ടുണ്ടാവാം അവർ എന്നല്ലാതെ.

ഇപ്രകാരം കാളിദാസനും താൻ ജീവിച്ചി രുന്ന കാലത്തിന്റെ ദാസനായിരുന്നു എന്നും ഇത് കാളിദാസന്റെ പരിമിതി എന്ന നിലയ്ക്കല്ല, ഏതൊരു എഴുത്തുകാരനും താൻ ജീവിച്ചിരുന്ന കാലത്തിന്റെ ദാസനാകാതെ തരമില്ലെന്നും മു ണ്ടശ്ശേരി യുക്തിയുക്തമായി സ്ഥാപിക്കുന്നു. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തെയും മഹാഭാരതത്തിലെ ശാകുന്തളോപാഖ്യാനത്തെ യും അദ്ദേഹം വിലയിരുത്തുന്നത് രണ്ട് കാല ഘട്ടത്തിന്റെയും അവ സൃഷ്ടിച്ച രണ്ട് എഴുത്തു കാരുടെയും മനോഭാവത്തിന്റെ വ്യത്യാസങ്ങൾ കണക്കിലെടുത്താണ്. മുണ്ടശ്ശേരിയുടെ മാർക് സിയൻ, താരതമ്യാത്മക നിരൂപണ രീതി, പാശ്ചാ ത്യ സാഹിത്യ സിദ്ധാന്തങ്ങളുമായുള്ള അടുപ്പം ഇതെല്ലാം വ്യക്തമാകുന്ന ലേഖനമാണിത്. മല യാളത്തിൽ സ്ത്രീപക്ഷ വിമർശനം ബാല്യദശ പോലും പിന്നിടാത്ത ഘട്ടത്തിലാണ് മുണ്ടശ്ശേരി ഈ പഠനം എഴുതിയത് എന്നത് ശ്രദ്ധേയമാണ്.

SGOU

## Recap

1. ഏതൊരു എഴുത്തുകാരനേയും അയാൾ ജീവിക്കുന്ന കാലഘട്ടം സ്വാധീനിക്കുന്നുണ്ട്.
2. എഴുത്തുകാരൻ സമൂഹത്തിന്റെ കൂടി സൃഷ്ടിയാണ്
3. കൃതിയുടെ മൂല്യനിർണ്ണയത്തിൽ കാലദേശ വർഗ്ഗ പരിഗണനകൾ സുപ്രധാനമാണ്.
4. ടെയിനിന്റെ സിദ്ധാന്തം മുശ്ശേരിയെ സ്വാധീനിച്ചു.
5. മഹാഭാരതകഥയിൽ നിന്നും വ്യത്യസ്തമായി ശാകുന്തളോപാഖ്യാനത്തിൽ കാളിദാസൻ വേർപാടിനുകാരണമായി ദുർവാസാവിന്റെ ശാപകഥ കൊണ്ടുവന്നു.
6. മഹാഭാരതത്തിലെ ദുഷ്യന്തൻ നാട്ടുകാരോട് ഉത്തരവാദപ്പെട്ടിരിക്കുമ്പോൾ കാളിദാസന്റെ ദുഷ്യന്തൻ തീർത്തും തന്നോട് ഉത്തരവാദപ്പെട്ടിരിക്കുന്നു
7. ചുരുക്കത്തിൽ പുരുഷ കേന്ദ്രീകൃതവും പ്രഭുത്വ കേന്ദ്രീകൃതവുമായ അധികാര വ്യവസ്ഥ ഇവിടെ നിർണ്ണയിച്ചു.
8. സ്ത്രീപുരുഷന്മാരുടെ സാമൂഹ്യജീവിതത്തിന്റെ തട്ട് വ്യത്യസ്തമാക്കിതീർന്നു.

9. പ്രാചീനകവികളും കാലത്തിന്റെ കളിപ്പന്തുകളായിരുന്നു.
10. സമകാലീന സാമൂഹ്യ മര്യാദകളിൽനിന്ന് ഒഴിഞ്ഞുമാറാൻ കവികൾക്ക് കഴിഞ്ഞിരുന്നില്ല.
11. കാളിദാസനും താൻ ജീവിച്ചിരുന്ന കാലത്തിന്റെ ദാസനായിരുന്നു.
12. മാർക്സിസം, താരതമ്യപഠനം, നിരൂപണം, പാശ്ചാത്യസാഹിത്യം ഇവയോടുള്ള മുണ്ടശ്ശേരിയുടെ അടുപ്പം

## Objective Type Questions

1. കാളിദാസന്റെ ശാകുന്തളത്തെ വ്യത്യസ്തമാക്കുന്ന ഘടകം എന്ത്?
2. മഹാഭാരതത്തിലെ രാജാവ് ശാകുന്തളയെ ഉപേക്ഷിക്കുന്നത് എന്തിന്?
3. കാളിദാസന്റെ രാജാവ് ശാകുന്തളയെ ഉപേക്ഷിക്കുന്നത് എന്തിന്?
4. എന്തിനുവേണ്ടിയാണ് ശാപമേക്ഷകഥ കാളിദാസൻ ചേർത്തത്?
5. കാളിദാസ ശാകുന്തളത്തിലെ രാജാവിനെ ന്യായികരിക്കുന്നതിനുള്ള കാരണം?
6. ഒന്നാം കേരള മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രി?
7. കാര്യങ്ങൾ യുക്തിഭദ്രമായി അവതരിപ്പിക്കാനുള്ള കഴിവ് മുണ്ടശ്ശേരിക്ക് ലഭിച്ചത് ഏതിൽ നിന്ന്?
8. മലയാള നിരൂപകത്രയം എന്ന് അറിയപ്പെടുന്നവർ ആരൊക്കെ?

## Answers

1. ശാപമോക്ഷത്തിന്റെ കഥ
2. ജനങ്ങളെ ഭയന്ന്
3. ശാപത്തിനാൽ
4. രാജാവിനെ വെള്ളപൂശികാണിക്കാൻ
5. കാലത്തിന്റെ സ്വാധീനം
6. ജോസഫ് മുണ്ടശ്ശേരി
7. പ്രസംഗകലയിൽ നിന്ന്
8. എം.പി.പോൾ, ജോസഫ് മുണ്ടശ്ശേരി, കുട്ടിക്കൃഷ്ണമാരാർ

## Assignments

1. ജോസഫ് മുണ്ടശ്ശേരിയുടെ നിരൂപണശൈലിയെ വിവരിക്കുക.
2. 'കാളിദാസനനും കാലത്തിന്റെ ദാസൻ' എന്ന പേരിന്റെ സാംഗത്യം പരിശോധിക്കുക.
3. മഹാഭാരതത്തിൽ നിന്നും കാളിദാസകൃതിയിലേക്ക് വരുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ - ക്രോഡീകരിക്കുക.
4. എഴുത്തുകാരൻ കാലത്തിന്റെ സ്വാധീനത്തിൽ നിന്ന് മോചിതനാവില്ല എന്ന് പറയുന്നതിനുള്ള കാരണങ്ങൾ ചർച്ച ചെയ്യുക.
5. മലയാള നിരൂപണ സാഹിത്യത്തിലെ നിരൂപകത്രയങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

SGOU

## Reference

1. സുകുമാർ അഴീക്കോട്, *മലയാള സാഹിത്യ വിമർശനം*, ഡി. സി. ബുക്സ്, കോട്ടയം.
2. ജോസഫ് മുണ്ടശ്ശേരി, *മുണ്ടശ്ശേരി കൃതികൾ വാല്യം-1*, കറന്റ് ബുക്സ്, തൃശൂർ, 2004.
3. ജോസ്ഫ് മുണ്ടശ്ശേരി, *മുണ്ടശ്ശേരി കൃതികൾ വാല്യ-2*, കറന്റ് ബുക്സ്, തൃശൂർ, 2004.
4. ഡോ. കെ. എം. തോമസ്, *മുണ്ടശ്ശേരിയും മലയാള നിരൂപണവും*, കറന്റ് ബുക്സ്, തൃശൂർ.

## Suggested Reading

1. ഡോ.തോന്നയ്ക്കൽ വാസുദേവൻ, *മലയാള സാഹിത്യവിമർശനം*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
2. ഒരു സംഘം ലേഖകർ, *വിമർശനം മലയാളത്തിൽ*, മാരാർ സാഹിത്യപ്രകാശം

SGOU



SREENARAYANAGURU OPEN UNIVERSITY

# യൂണിറ്റ് - 2
# ആദർശ മാനവികതയുടെ സംഗീതം

**കെ. പി. അപ്പൻ**

## Learning Outcomes

- കെ. പി. അപ്പൻ എന്ന വിമർകനെക്കുറിച്ച് അറിവ് ലഭിക്കുന്നു
- 'ആദർശ മാനവികതയുടെ സംഗീതം' എന്ന ലേഖനത്തിന്റെ പൊരുൾ അറിയുന്നു
- ശ്രീനാരായണഗുരു നടത്തിയ സാമൂഹിക നവോത്ഥാനത്തെ അടുത്തറിയുന്നു
- മനുഷ്യൻ എന്ന സങ്കല്പത്തെ ഗുരു വിഭാവനം ചെയ്തതെങ്ങനെയെന്ന് പഠിക്കുന്നു

## Prerequisites

### കെ. പി. അപ്പൻ (1936 - 2008)

മലയാളസാഹിത്യത്തിൽ ആയിരത്തിതൊള്ളായിരത്തി അറുപതുകളിൽ ആരംഭിച്ച ആധുനികതാപ്രസ്ഥാനത്തിന് ദിശാബോധം നൽകുകയും ഭാവുകത്വ പരിണാമത്തിന് സൈദ്ധാന്തിക ഭൂമിക ഒരുക്കുകുകയും ചെയ്ത നിരൂപകനാണ് കെ. പി. അപ്പൻ (1936 - 2008). സാഹിത്യകാരന്റെ സാമൂഹ്യ പ്രതിബദ്ധത, സ്വാതന്ത്ര്യബോധം എന്നിവയെക്കുറിച്ചാണ് അദ്ദേഹം നിരന്തരം പറഞ്ഞു കൊണ്ടിരുന്നത്. സാർത്രിന്റെയും കൊളിൻ വിൻസന്റെയും പാരമ്പര്യം ഏറ്റുവാങ്ങി വിമർശനം തുടങ്ങിയ കെ. പി. അപ്പൻ ശുദ്ധ ലാവണ്യത്തിന്റെയും ആശയവാദത്തിന്റെയും വീക്ഷണങ്ങൾക്ക് പുതുജീവൻ നൽകി. കഴിഞ്ഞ തലമുറയുടെ വിമർശനത്തിലുള്ള അതൃപ്തി, പുതിയതായി പലതും പകർത്താനുള്ള വെമ്പൽ, ആരാധിക്കപ്പെട്ടിരുന്ന വിഗ്രഹങ്ങൾ തകർക്കാനുള്ള രോഷം ഇവയൊക്കെ കെ. പി. അപ്പൻ എന്ന നിരൂപകനിൽ സമ്മേളിച്ചിരുന്നു. അക്കാദമിക് വിമർശനത്തിനെതിരെയുള്ള കലാപം തന്റെ ദൗത്യമായി ത്തന്നെ അദ്ദേഹം കണ്ടിരുന്നു. പുതിയ കൃതികളിലെ ഭാഷാപരമായ നവജീവൻ വിമർശകർ ശ്രദ്ധിക്കേണ്ട സുപ്രധാന കാര്യങ്ങളിൽ ഒന്നായി അദ്ദേഹം എടുത്തു കാട്ടിയിട്ടുണ്ട്.

'ഏകാകിയായ വിമർശകന്റെ സാഹിത്യ വീഥിയിലൂടെ അവസാനിക്കാത്ത അന്വേഷണത്തിന്റെ നൂതനമായ കണ്ടെത്തലാണ് നവീന വിമർശനം.' എന്ന് നവീന വിമർശനം മലയാളത്തിൽ എന്ന കൃതിയിൽ അഭിപ്രായപ്പെടുന്നു. വിമർശനത്തെ അയാൾ ആത്മാവിഷ്കാരകലയാക്കുന്നു. എഴുത്തുകാരൻ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ അടിമയായിരിക്കില്ല. കൃതികളുടെ വിശദീകരണമാണ് (explication) വിമർശകന്റെ ഒന്നാമത്തെ കർത്തവ്യമെന്ന് ന്യൂക്രിട്ടിക്കുകളെപ്പോലെ നവീനവിമർശകരും വിശ്വസിക്കുന്നു. ആധുനിക മനുഷ്യനെ പിടികൂടിയിരിക്കുന്ന ഏകാന്തത, സ്വാതന്ത്ര്യബോധം, നിസ്സംഗത തുടങ്ങിയ പ്രശ്ന സങ്കീർണതകളെ വ്യാഖ്യാനിക്കുവാനും നവവിമർശകർ ശ്രമിച്ചു. ഈ പറഞ്ഞ ലക്ഷണങ്ങളെല്ലാം കെ. പി. അപ്പന്റെ നിരൂപണത്തിൽ ഒത്തു ചേർന്നിരിക്കുന്നു. തന്റെ സൗന്ദര്യാത്മക ദർശനം കൊണ്ട് എഴുത്തുകാരന്റെ ആത്മാവിലേക്ക് പ്രവേശിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്.

SGOU

മലയാള സാഹിത്യം സൗന്ദര്യശാസ്ത്രപരമായ പ്രതിസന്ധി നേരിട്ടപ്പോഴാണ് അറുപത്-എഴുപതുകളിലായി ആധുനിക വിമർശനത്തിന്റെ പിറവി. മാറുന്ന കാലഘട്ടത്തിന്റെ സൗന്ദര്യാഭിരുചി ഉൾക്കൊണ്ടുകൊണ്ട് പുതിയ എഴുത്തുകാരുടെ രചനകളിലെ ദുർഗ്രഹതയും സങ്കീർണ്ണതകളും വിശദീകരിച്ചു കൊണ്ട് അവയെ ആഴത്തിൽ തൊട്ടറിഞ്ഞ് ആധുനിക വിമർശനം ശക്തിപ്പെട്ടു. കെ. പി. അപ്പൻ, വി. രാജകൃഷ്ണൻ, ആഷാമേനോൻ, നരേന്ദ്രപ്രസാദ്, എം. തോമസ് മാത്യു തുടങ്ങിയവരാണ് ഇക്കൂട്ടത്തിൽ പ്രധാനികൾ. പുതിയ എഴുത്തുകാർ മനുഷ്യാസ്തിത്വത്തിന്റെ പ്രശ്നങ്ങളും മനുഷ്യാവസ്ഥയെപ്പറ്റിയുള്ള ഉത്കണ്ഠകളും അന്യതാബോധവും ഏകാന്തതയും ആത്മശൈഥില്യവും ആത്മവഞ്ചനയുമെല്ലാം തീർത്തും ഭിന്നമായ വാക്കുകളിലും ബിംബകല്പനയിലും നിറച്ചു. പ്രധാനമായും അസ്തിത്വചിന്തയാണ് അവരെ വേട്ടയാടിയിരുന്നത്. ഇവയെ പാശ്ചാത്യ തത്വചിന്തയുമായി ബന്ധപ്പെടുത്തി പഠിക്കുക എന്ന ആയാസകരമായ പ്രവൃത്തിയിലാണ് അവർ വ്യാപരിച്ചത്. കീർക്ഗാർഡ്, ഫ്രെഡറിക് നീഷെ, ജീൻപോൾ സാർത്ര് തുടങ്ങിയവരുടെ ചിന്തകളൊക്കെ അവർ അവലംബിച്ചു. പരമ്പരാഗതവും സങ്കുചിതവുമായ വീക്ഷണത്തിൽ നിന്നും സാഹിത്യത്തെ മോചിപ്പിച്ച് നിരവധി അർഥധ്വനികൾ സൃഷ്ടിക്കാൻ കഴിയുമെന്ന് അവർ തെളിയിച്ചു. അതുവഴി മലയാളികളുടെ സംവേദനത്വത്തെയും ആസ്വാദനരീതിയെയും അത് മാറ്റിത്തീർത്തു. രാക്ഷസീയശക്തിയായി മാറിക്കഴിഞ്ഞ അധികാരസ്ഥാപനങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും മനുഷ്യ സ്വാതന്ത്ര്യത്തെ അപഹരിക്കുന്നതിനെതിരെയുള്ള കലാപവും വിലാപവും വേർതിരിച്ചറിയാൻ ആധുനിക വിമർശനത്തിന് കഴിയുന്നുണ്ട്. ആധുനികസാഹിത്യം പോലെ ത്തന്നെ ആധുനിക നിരൂപണവും സുഗമമായ വായന നൽകുന്നില്ലെന്ന പരിമിതിയുമുണ്ട്.

**പ്രധാന കൃതികൾ**

ക്ഷോഭിക്കുന്നവരുടെ സുവിശേഷം, തിരസ്ക്കാരം, കലഹവും വിശ്വാസവും, മാറുന്ന മലയാള നോവൽ, മലയാള ഭാവന; മൂല്യങ്ങളും സംഘർഷങ്ങളും, വരകളും വർണ്ണങ്ങളും, ബൈബിൾ വെളിച്ചത്തിന്റെ കവചം, കലാപം വിവാദം വിലയിരുത്തൽ, സമയ പ്രവാഹവും സാഹിത്യ കലയും, കഥ; ആഖ്യാനവും അനുഭവസത്തയും, ഉത്തരാധുനികത; വർത്തമാനവും വംശാവലിയും, ഇന്നലെകളിലെ അന്വേഷണ പരിശോധനകൾ, വിവേകശാലിയായ വായനക്കാരാ, രോഗവും സാഹിത്യ ഭാവനയും, മധുരം നിന്റെ ജീവിതം, അഭിമുഖ സംഭാഷണങ്ങൾ, ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക, പേനയുടെ സമരമുഖങ്ങൾ, തുടങ്ങിയവ.

SGOU

## Keywords

കണ്ണാടി പ്രതിഷ്ഠ - രാഷ്ട്രീയ മിസ്റ്റിസിസം - ആദർശ മാനവികത - കെ.പി.അപ്പൻ - ശ്രീനാരായണഗുരു

## Discussion

ശ്രീനാരായണഗുരു, ചരിത്രത്തിനും മനുഷ്യകുലത്തിനും വേണ്ടി ചെയ്ത സംഭാവനകളെ വിലയിരുത്തുകയാണ് ഈ പാഠഭാഗത്തിൽ ലേഖകൻ. വിഭാഗീയതയും സങ്കുചിതത്വവും തൊട്ടുകൂടായ്മയും നിറഞ്ഞ തനിക്ക് ചുറ്റുമുള്ള ലോകത്തെ ചികിത്സിക്കാനാണ് ശ്രീനാരായണഗുരു ശ്രമിച്ചത്. മാനവിക വിരുദ്ധമായ ആശയങ്ങളാൽ നയിക്കപ്പെടുന്നവരെ അദ്ദേഹം തന്നിലേക്കാകർഷിച്ച് ശിഷ്യന്മാരാക്കി. മൂല്യ സൃഷ്ടാവായ ദാർശനികനും ആദർശ മാനവികതയുടെ തത്വചിന്തകനുമായിരുന്നു ഗുരു. അതുകൊണ്ടാണ് ഒരു മതത്തെക്കുറിച്ചും ഒരു ദൈവത്തെക്കുറിച്ചും അദ്ദേഹം ചരിത്രത്തോട് സംസാരിച്ചത്. മതമല്ല, മനുഷ്യൻ നന്നാവണം എന്നതായിരുന്നു ഗുരുവിന്റെ സ്വപ്നം.

ഒരാളുടെ സാന്നിധ്യത്താൽ മറ്റുള്ളവർക്ക് ആത്മശക്തിയും ആധ്യാത്മികമായ ഉയർച്ചയും കിട്ടുമെങ്കിൽ അദ്ദേഹം ഗുരുവാണ്. ഭാരതീയ ഭാവനയിൽ ഗുരു വൈദ്യനാണ്. ശ്രീനാരായണ ഗുരു വ്യക്തിയുടെ ഭാവ രോഗത്തെയല്ല പ്രധാന മായും ചികിത്സിച്ചത്. അദ്ദേഹം ചരിത്രത്തിന്റെ മാനസിക ചികിത്സകനായിരുന്നു. അപമാനിത നായ മനുഷ്യൻ ചരിത്രത്തിൽ നിറച്ച നൈരാശ്യ ങ്ങളെ ചികിത്സിച്ചു ഭേദമാക്കാനാണ് ഗുരു ശ്രമി ച്ചത്.

ചരിത്രത്തിന്റെ ഭൗതിക പരിതസ്ഥിതി മനസ്സി ലാക്കിയ തത്വചിന്തകനായിരുന്നു ഗുരു. അടിമ ത്തത്തെ ജനിപ്പിക്കുന്നതിലും അതിനെ വർധി പ്പിക്കുന്നതിലും സംഘടിത മതങ്ങൾക്കുള്ള പങ്ക് ഗുരു അറിഞ്ഞിരുന്നു. സാധാരണ സന്യാസി കളെപ്പോലെ സന്മാർഗ്ഗത്തെക്കുറിച്ച് അദ്ദേഹം പ്രസംഗിച്ചില്ല. മതാനുശാസനത്തിന്റെ സേവക നെപ്പോലെ ഒരിക്കലും സംസാരിച്ചില്ല. ആദർശ മാനവികതയിലൂടെയുള്ള യാത്രയിൽ ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട എന്നു പറ ഞ്ഞ സഹോദരൻ അയ്യപ്പന്റെ നിരീശ്വര മാനവി കതയെ ഗുരു അംഗീകരിച്ചു. ആദ്യകാലത്ത് ഗു രു സ്ഥാപിച്ച പ്രതിഷ്ഠകളിൽ ഏകദൈവം എന്ന വിശ്വാസം പരീക്ഷണ വിധേയമായിരുന്നില്ല. സോക്രട്ടീസിനെപ്പോലെ ഭൗതികമായ ധൃതികൂ ട്ടൽ ഇല്ലാതെ വിഗ്രഹത്തിൽ നിന്നും ഏക ദൈ വത്തിലേയ്ക്കും ക്ഷേത്രങ്ങളുടെ സ്ഥാനത്ത് വിദ്യാലയങ്ങൾ എന്ന ആശയത്തിലേക്കും ജന തയുടെ ആഗ്രഹങ്ങളെ നയിക്കുകയായിരുന്നു അദ്ദേഹം. അല്ലാതെ ചരിത്രത്തെ ഞൊടിയിട യിൽ മാറ്റാൻ ശ്രമിച്ചില്ല.

ദൈവശാസ്ത്രപരമായ കടുംപിടുത്തങ്ങൾ ഒന്നുമില്ലാത്ത ദൈവകേന്ദ്ര മാനവികതയായിരു ന്നു ഗുരുവിന്റേത്. മാനുഷിക മൂല്യങ്ങളുടെ ഗഹ നതയിൽ ദൈവാനുഭവം പ്രവർത്തിക്കുമെന്ന് ഗുരുവിന് അറിയാമായിരുന്നു. ദൈവകേന്ദ്രമായ ആദർശ മാനവികതയെ ശാസിച്ചു കൊണ്ട് വ്യ ക്തിയുടെ ദൈവാനുഭവത്തെ മനുഷ്യത്വത്താൽ നിറയ്ക്കാൻ ഗുരു ശ്രമിച്ചു. കളവംകോടിലെ കണ്ണാടി പ്രതിഷ്ഠ വിശ്വാസത്തെ സംബന്ധിച്ച ഗുരുവിന്റെ വെളിപാടും അവിശ്വാസിക്കുള്ള ക്ഷമാപണവുമായിരുന്നു. ഇങ്ങനെ രണ്ട് വ്യത്യ സ്ത ആശയങ്ങളെ സമന്വയിപ്പിക്കുന്ന ഭാഷയാ യിരുന്നു കണ്ണാടി പ്രതിഷ്ഠ.

അരുവിപ്പുറത്തെ പ്രതിഷ്ഠ സൗഹാർദ്ദ സമീപനത്തോടെ പൗരോഹിത്യത്തിന്റെ അധി കാരം പിടിച്ചെടുക്കലായിരുന്നു. ദൈവശാസ് ത്രപരമായ വിശ്വസനീയത സൃഷ്ടിക്കൽ എന്ന തിനേക്കാൾ സാമൂഹികവും ചരിത്രപരവുമായ അധികാരത്തെ പിടിച്ചെടുക്കലായിരുന്നു. അതിൽ ഒരു രഹസ്യവാദം ഉണ്ടായിരുന്നു. അത് രാഷ്ട്രീയ മിസ്റ്റിസിസം ആയിരുന്നു.

വർഗ്ഗരഹിത സമുദായമല്ല, ജാതിരഹിത സമു ദായമായിരുന്നു ഗുരുവിന്റെ ചിന്തയിലെ ഭാവി പദ്ധതി. വിശക്കുന്നവനോടൊപ്പം ഭക്ഷണം കഴി ക്കുന്നതിൽ, പന്തിഭോജനത്തിൽ, സോഷ്യലിസ്റ്റ് ധാർമ്മികമൂല്യങ്ങളുടെ രാഷ്ട്രീയ രഹസ്യവാദ മുണ്ടായിരുന്നു. അവിടെ സാമൂഹിക നീതിയും പ്രായോഗിക മാനവികതയും ഒന്നാവുന്നു. ശി വപ്രതിഷ്ഠയും പന്തിഭോജനവും നിലവിലുള്ള അർഥത്തെ മാറ്റിയെഴുതിക്കൊണ്ട് മറ്റു ലോക ങ്ങളിലേക്ക് കുതിച്ചു. അത് ആദർശ മാനവിക തയുടെ ലോകമായിരുന്നു. അതിന്റെ കേന്ദ്രം നന്നായിത്തീരുന്ന മനുഷ്യനായിരുന്നു. ഗുരു വിഭാവന ചെയ്ത ഈ മനുഷ്യനിൽ നമുക്ക് വിശ്വസിക്കാം. കാരണം അത് ഒരു ജനതയുടെ രക്തത്തെ പ്രബുദ്ധമാക്കുന്നു. മതരഹിതമായ ആത്മീയതയുടെ ഭാഗമെന്ന നിലയിൽ 'വി ഭാവന ചെയ്യപ്പെട്ട മനുഷ്യൻ' നമുക്ക് ആവശ്യമാ ണ്. യാഥാർഥ്യത്തിലോ ഭാവനയിലോ അനിവാ ര്യമാകേണ്ട ജീവിതവും തത്വചിന്തയുമായിരുന്നു ഗുരുവിന്റേത്. യഥാർഥത്തിൽ ഗുരു ഇല്ലായിരു ന്നെങ്കിൽ കേരളത്തിന്റെ സാംസ്കാരിക പ്രതിഭ ഇങ്ങനെയൊരു ഗുരുവിനെ ഭാവന ചെയ്യുമായി രുന്നു. ലളിതാംബിക അന്തർജ്ജനമോ സക്ക റിയയോ പുനത്തിൽ കുഞ്ഞബ്ദുള്ളയോ തങ്ങ ളുടെ രചനകളിൽ ഇത് ചെയ്യുമായിരുന്നു എന്ന് ലേഖകൻ പറഞ്ഞു നിർത്തുന്നു.

ശ്രീനാരായണ ഗുരു കേരളത്തിന് നൽകിയ സംഭാവനയെ വ്യത്യസ്തമായി തന്റേതായ രീ തിയിൽ വിലയിരുത്തുകയാണ് കെ. പി. അപ്പൻ. ചരിത്രത്തിന്റെ നൈരാശ്യങ്ങളെ ചികിത്സിച്ചു ഭേദപ്പെടുത്തിയ വൈദ്യനായി ഗുരുവിനെ വി ഭാവനം ചെയ്തത് ഉദാഹരണം. കളവം കോ

SGOU

ടിലെ കണ്ണാടി പ്രതിഷ്ഠ വിശ്വാസത്തിനുള്ള വെളിപാടും അവിശ്വാസിയ്ക്കുള്ള ക്ഷമാപണ വുമായി കരുതുന്നതിൽ കെ. പി. അപ്പന്റേതു മാത്രമായ ശൈലിയും ദർശനവും കാണാം. ഗു രുവിന്റെ ഏറ്റവും വലിയ സവിശേഷതയായി ലേ ഖകൻ കാണുന്നത് മാനവികതാ ദർശനമാണ്. പന്തിഭോജനത്തിലും ശിവപ്രതിഷ്ഠയിലുമെല്ലാം ഇതാണ് കാണുന്നത്. ഗുരുദേവന്റെ ഈ മാന വികതാ ദർശനം ചരിത്രത്തിന്റെയും അന്നത്തെ സമൂഹത്തിന്റെയും ആവശ്യമായിരുന്നു എന്ന് ലേഖകൻ പറയുന്നു. മതരഹിതമായ ആത്മീ യത അന്നത്തെ നമ്മുടെ ആവശ്യം ആയിരുന്നു. ഈ ആവശ്യം കണ്ടറിഞ്ഞ് നിർവഹിക്കുകയാ ണ് അദ്ദേഹം ചെയ്തത്.

## Recap

- ആദർശ മാനവികതയുടെ തത്വചിന്തകനായിരുന്നു ശ്രീനാരായണ ഗുരു
- ശ്രീനാരായണ ദർശനങ്ങളുടെ കേന്ദ്രസത്ത വിശാലമായ മനുഷ്യത്വ ദർശനമാണ്.
- അപമാനിതനായ മനുഷ്യൻ ചരിത്രത്തിൽ നിറച്ച നൈരാശ്യത്തെ ചികിത്സിച്ചു ഭേദമാ ക്കുന്ന മാനസിക വൈദ്യനായിരുന്നു ഗുരു.
- സാധാരണ സന്യാസിമാരെപ്പോലെ സന്മാർഗ്ഗം പ്രസംഗിക്കുകയായിരുന്നില്ല, പ്രവർത്തി ച്ചു കാണിക്കുകയായിരുന്നു ഗുരു.
- ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട എന്നു പറഞ്ഞ സഹോദരൻ അയ്യപ്പന്റെ നിരീ ശ്വര മാനവികതയെ ഗുരു അംഗീകരിച്ചിരുന്നു.
- വിഗ്രഹത്തിന്റെ സ്ഥാനത്ത് ഏകദൈവത്തിലേയ്ക്കും ക്ഷേത്രത്തിന്റെ സ്ഥാനത്ത് വിദ്യാല യം എന്ന ആശയത്തിലേയ്ക്കും നയിക്കുകയായിരുന്നു അദ്ദേഹം.
- ദൈവകേന്ദ്രീകൃതമായ ആദർശ മാനവികതയെ ശാസിച്ചു കൊണ്ട് വ്യക്തിയുടെ ദൈവാ നുഭവത്തെ മനുഷ്യത്വത്താൽ നിറയ്ക്കാനാണ് ഗുരു ശ്രമിച്ചത്.
- കളവൻകോട്ടെ കണ്ണാടി പ്രതിഷ്ഠ വിശ്വാസത്തെ സംബന്ധിച്ച ഗുരുവിന്റെ വെളിപാടും അവിശ്വാസിക്കുള്ള ക്ഷമാപണവുമായിരുന്നു.
- ശിവപ്രതിഷ്ഠയും പന്തിഭോജനവും ആദർശ മാനവികതയുടെ ലോകം സൃഷ്ടിച്ചു. അതി ന്റെ കേന്ദ്രം മനുഷ്യനായിരുന്നു.
- യാഥാർഥ്യത്തിലോ ഭാവനയിലോ അനിവാര്യമാകേണ്ട തത്വചിന്തയും ജീവിതവുമായിരു ന്നു ഗുരുവിന്റേത്.
- യഥാർഥത്തിൽ ഗുരു ഇല്ലായിരുന്നെങ്കിൽ തന്നെ കേരളത്തിന്റെ സാംസ്കാരിക പ്രതിഭ ഇങ്ങനെയൊരു ഗുരുവിനെ ഭാവന ചെയ്യുമായിരുന്നു.



SGOU

## Objective Type Questions

1. ശ്രീനാരായണ ഗുരു മനുഷ്യനിൽ അന്വേഷിച്ചത് എന്ത് ?
2. ഗുരുവിന്റെ ദർശനത്തിന്റെ കാതൽ?
3. മനുഷ്യനെക്കുറിച്ച് ഗുരുവിന്റെ സ്വപ്നം
4. ശ്രീനാരായണ ഗുരു ഒരു വൈദ്യൻ ആയിരുന്നു എന്ന് പറയാൻ കാരണം?
5. അത് പുരോഹിതവർഗ്ഗത്തിൽ നിന്നുമുള്ള അധികാരം പിടിച്ചെടുക്കലായിരുന്നു ഏത്?
6. ക്ഷോഭിക്കുന്നവരുടെ സുവിശേഷം എന്ന കൃതി രചിച്ചതാര്
7. ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട എന്ന് പറഞ്ഞത് ആര്?
8. ക്ഷേത്രങ്ങളുടെ സ്ഥാനത്ത് എന്ത് നിർമ്മിക്കാനാണ് ഗുരു ആഗ്രഹിച്ചത്?
9. വിശ്വാസത്തെ സംബന്ധിച്ച വെളിപാടും അവിശ്വാസിക്കുള്ളക്ഷമാപണവുമായിരുന്നു അത്. എന്തിനെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

## Answers

1. മാനുഷികത
2. ആദർശമാനവികത
3. നന്നായിത്തീരേണ്ട ഒന്ന്.
4. തനിക്കുചുറ്റുമുണ്ടായിരുന്ന മനുഷ്യവിരുദ്ധ ലോകത്തെ ചികിത്സിക്കുകയായിരുന്നു ഗുരു ചെയ്തത് എന്നതുകൊണ്ട്.
5. അരുവിപ്പുറത്തെ ശിവപ്രതിഷ്ഠ
6. കെ.പി.അപ്പൻ
7. സഹോദരൻ അയ്യപ്പൻ
8. വിദ്യാലയങ്ങൾ
9. കണ്ണാടി പ്രതിഷ്ഠ

SGOU

## Assignments

1. ശ്രീനാരായണ ഗുരുവും കേരളീയ നവോത്ഥാനവും – അപഗ്രഥനാത്മകമായി വിലയിരുത്തുക
2. ശ്രീനാരായണ ഗുരുവിന്റെ സംഭാവനകൾ എങ്ങനെയാണ് മനുഷ്യനെ പുതിയ ഒരു മനുഷ്യനാക്കി തീർത്തതെന്ന് വിശദീകരിക്കുക
3. ആദർശാത്മകമാനവൻ എന്ന സങ്കല്പം ഗുരുവിന്റെ പ്രവർത്തനങ്ങളിൽ നിന്നും കണ്ടെത്തുക.
4. കെ.പി.അപ്പന്റെ വിമർശനരീതിയെക്കുറിച്ച് ഉപന്യസിക്കുക.

## Reference


1. കെ. പി. അപ്പൻ, *ചരിത്രത്തെ അഗാധമാക്കിയ ഗുരു*, ഡി. സി. ബുക്സ്, കോട്ടയം.
2. മാമ്പുഴ അപ്പുക്കുട്ടൻ, *നവീന വിമർശനം മലയാളത്തിൽ*, കേരള സാഹിത്യഅക്കാദമി, തൃശൂർ.


## Suggested Reading


1. പന്മന രാമചന്ദ്രൻ നായർ എഡി:, *മലയാള സാഹിത്യ നിരൂപണം*, ഡി. സി. ബുക്സ്, കോട്ടയം.
2. സുകുമാർ അഴീക്കോട്, *ഗുരുവിന്റെ ദുഃഖം*, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

# യൂണിറ്റ് - 3
# സാമന്ത സാഹിത്യം

വി. സി. ശ്രീജൻ

## Learning Outcomes

1. ആധുനികാനന്തര വിമർശനപദ്ധതികൾ അറിയുന്നു
2. വി. സി. ശ്രീജന്റെ നിരൂപണരീതിയെകുറിച്ച് അറിവ് നേടുന്നു
3. പാശ്ചാത്യ മാതൃകകളെ അനുകരിക്കുന്ന പ്രവണത മലയാള സാഹിത്യത്തിൽ വരുത്തിയ മാറ്റങ്ങൾ തിരിച്ചറിയുന്നു.
4. തദ്ദേശീയവും പാശ്ചാത്യവുമായ നിരൂപണ പദ്ധതികളുടെ വ്യത്യാസങ്ങൾ തിരിച്ചറിയുന്നു

## Prerequisites

**വി. സി. ശ്രീജൻ (1951)** സംസ്കാരത്തെയും കലയെയും നിരൂപണത്തെയും സംബന്ധിച്ച് വ്യക്തമായ പക്ഷപാതിത്വവും ആഴത്തിലുള്ള അപഗ്രഥനവും കാഴ്ചവയ്ക്കുന്ന എഴുത്തുകാരനാണ് വി. സി. ശ്രീജൻ. നവമാർക്സിസം, ഘടനാവാദം എന്നിവയിലൂടെ നിരന്തരം ധൈഷണിക സംവാദത്തിൽ ഏർപ്പെട്ടുകൊണ്ട് മലയാളവിമർശനത്തെ സമ്പന്നമാക്കുന്നു അദ്ദേഹം. ആധുനികതാവാദം പാശ്ചാത്യാനുകരണമെന്നാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ആധുനികാനന്തര ചിന്തകളും ഒപ്പം ആധുനികതാപൂർവ ചിന്തകളും അതീവ ജാഗ്രതയോടെ അക്കാദമിക് ചിട്ടയോടെ പഠിക്കാൻ സ്വയം നിയോഗിച്ച ആളാണ് വി. സി. ശ്രീജൻ എന്ന് പ്രൊഫ. സി. ജെ. ജോർജ്ജ് വിലയിരുത്തുന്നു. സാഹിത്യ കൃതികളും നിരൂപണ പാഠങ്ങളും വായിക്കുമ്പോൾ അദ്ദേഹം അതിലെ ആഖ്യാനരീതി സൂക്ഷ്മമായി പരിശോധിക്കുന്നതു കാണാം. കൃതികളെ സ്വയം സംസാരിക്കാൻ അനുവദിക്കുന്നതു പോലുള്ള നിരൂപണരീതിയാണ് അദ്ദേഹത്തിന്റേത്. കൃതികളിലെ സാമൂഹികവും സാംസ്കാരികവുമായ ധാരണകളെയും തീർപ്പുകളെയും വി.സി. ശ്രീജൻ ഇഴകീറി പരിശോധിക്കുന്നുണ്ട്.

വി. സി. ശ്രീജൻ, കെ. പി. അപ്പൻ, പി. കെ. രാജശേഖരൻ, ഇ. പി. രാജഗോപാലൻ, പി. കെ. പോക്കർ, പ്രസന്നരാജൻ, സി. ബി. സുധാകരൻ, പി. പി. രവീന്ദ്രൻ തുടങ്ങിയവരെല്ലാം ആധുനികോത്തര സാഹിത്യ ചർച്ചകൾ സജീവമായി മുന്നോട്ടു കൊണ്ടു പോയവരാണ്. സർഗ്ഗാത്മക സൃഷ്ടിയിലെ ഭാഷയിലും ശൈലിയിലും പദപ്രയോഗത്തിലുമെല്ലാമുള്ള സവിശേഷതകളെ നവീനവിമർശകൻ അപഗ്രഥന വിധേയമാക്കുന്നു. ചരിത്രം, നരവംശശാസ്ത്രം, ഭാഷാശാസ്ത്രം, മന:ശാസ്ത്രം തുടങ്ങിയ വിവിധ വിജ്ഞാന മേഖലകളെ അവർ പ്രയോജനപ്പെടുത്തുന്നു. പൊതുവെ നവീന വിമർശനം ആധുനികതയുടെ വിമർശനമാണ്. മതപരമോ സദാചാരപരമോ ആയ പ്രതിബദ്ധതയെക്കാളും അവർ സാഹിത്യശില്പപരമായ പ്രതിബദ്ധതയ്ക്ക് പ്രാധാന്യം നൽകുന്നു. മൗലികമായി മനുഷ്യൻ ഏകാകിയാണെന്ന് വിശ്വസിക്കുന്ന അവർ ഏകാകിയുടെ പ്രശ്നങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. അംഗീകൃത മൂല്യങ്ങളും യാഥാസ്ഥിതിക സങ്കല്പങ്ങളും നിഷേധിക്കുന്ന കൃതികളെ അവർ ഹൃദയം തുറന്ന് സ്വാഗതം ചെയ്യുന്നു.

SGOU

നവീന വിമർശകൻ രചനാപരവും ദാർശനികവുമായ സ്വാതന്ത്ര്യം പുലർത്തുന്ന കൃതികളെ സ്വാഗതം ചെയ്യുകയും കണ്ടെത്തി വിലയിരുത്തുകയും ചെയ്യുന്നു. അവർ കൃതിയിലെ ബാഹ്യ രൂപത്തിൽ നിന്നും കൃതിയുടെ ആത്മാവിലേക്ക് സഞ്ചരിക്കുന്നു. ചോദ്യം ചെയ്യലും നിഷേധവുമാണ് പുതിയ മൂല്യങ്ങൾ സൃഷ്ടിക്കുന്നതെന്ന് നവീനവിമർശകൻ ചിന്തിക്കുന്നു. ജീവിതത്തിന്റെ പ്രായോഗികവും ഭൗതികവുമായ തലമല്ല, ദാർശനികവും ആത്മീയവുമായ തലമാണ് പുതിയ വിമർശകന്റെ വിഷയം. സർഗ്ഗാത്മക കൃതികളോടൊപ്പം നവീന വിമർശനവും ഭാഷയ്ക്കുള്ളിൽ ഭാഷ സൃഷ്ടിക്കുന്നു. ഓരോ നവീന വിമർശകനും അയാളുടേതായ പുതു മാർഗ്ഗങ്ങൾ ഇതിനായി സൃഷ്ടിക്കുന്നു.

**പ്രധാന കൃതികൾ**
യാ ദേവീ സർവ്വഭൂതേഷു, ചിന്തയിലെ രൂപകങ്ങൾ, പ്രവാചകന്റെ മരണം, കഥയും പ്രത്യയശാസ്ത്രവും, വാക്കും വാക്കും, അർഥാന്തരന്യാസം, ആധുനികോത്തരം-വികലനവും വിമർശനവും, നോവൽവായനകൾ, പ്രതിവാദങ്ങൾ, അർഥവാദങ്ങൾ, തെരഞ്ഞെടുത്ത കൃതികൾ

## Key Words

ഭാഷാശാസ്ത്രം - പൗരസ്ത്യവാദം - സ്ട്രക്ചറിലിസം, ആധുനികാനന്തര വിമർശനം - വി.സി. ശ്രീജൻ - ഘടനാവാദാനന്തരചിന്ത

## Discussion

പാശ്ചാത്യമാതൃകകൾ മലയാള സാഹിത്യത്തെയും വിമർശനത്തെയും ഒരു പരിധിവരെ നിയന്ത്രിച്ചു വരുന്നുണ്ട്. ഈ പ്രവണത ഇംഗ്ലീഷ് നോവൽ ബുക്കുമാതിരി ഒരു നോവൽ ബുക്ക് എഴുതാം എന്ന് നിശ്ചയിച്ച ചന്തുമേനോനിൽ നിന്നും ആരംഭിക്കുന്നു. രസം, ധ്വനി, ഔചിത്യം എന്നീ പരികല്പനകളോട് തോന്നുന്നതിലേറെ ആത്മബന്ധം പാശ്ചാത്യ സാഹിത്യത്തിലെ ഗണങ്ങളോടും പ്രസ്ഥാനങ്ങളോടും നമുക്ക് തോന്നുന്നു എന്ന് എൻ. പ്രഭാകരൻ പറയുകയുണ്ടായി. നമുക്ക് ഇണങ്ങുന്ന രീതിയിൽ മാറ്റിത്തീർത്തും ഇല്ലാതെയും പാശ്ചാത്യ സാഹിത്യമാതൃകകളും പ്രസ്ഥാനങ്ങളും ഒരു തരം ഭക്തി പാരവശ്യത്തോടെ നമ്മുടെ സാഹിത്യം അനുകരിച്ചു. വിമർശനത്തിന്റെ വഴിയും വ്യത്യസ്തമായിരുന്നില്ല. പാശ്ചാത്യ സാഹിത്യ മാതൃകകളെയും പ്രസ്ഥാനങ്ങളെയും വർഗ്ഗത്തിന്റെയോ വർണ്ണത്തിന്റെയോ പശ്ചാത്തലത്തിലല്ലാതെ നാം സ്വീകരിച്ചു എന്നും എൻ. പ്രഭാകരൻ പറയുന്നുണ്ട്.

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചകാലത്ത് അവർ ഇവിടെ അവതരിപ്പിച്ച ഇംഗ്ലീഷ് സാഹിത്യം സങ്കുചിതമായ വർഗ്ഗവർണ്ണദേശഭേദങ്ങളെ അതിക്രമിക്കുന്നതും ഉദാത്തവും വിശുദ്ധവുമായ മാനവിക മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നതുമായ മഹാസംവാദമായിരുന്നു. അധിനിവേശകരുടെ സാമ്രാജ്യത്വ ചൂഷണത്തെ യൂറോപ്യൻ ലോക മേധാവിത്വത്തിനു പിന്നിൽ മറച്ചുവയ്ക്കാനാണ് അവർ ഇംഗ്ലീഷ് സാഹിത്യത്തെ ഇന്ത്യയിൽ അവതരിപ്പിച്ചത്. പ്രജകളെ സൃഷ്ടിക്കാനുള്ള സാമ്രാജ്യത്വ നീക്കങ്ങളുടെ ഭാഗമായിരുന്നു ഇതെല്ലാം. പണ്ടത്തെ ചമ്പുക്കളെയും മഹാകാവ്യങ്ങളെയുമെല്ലാം നിസ്സാരമാക്കുക എന്ന അർഥവും പാശ്ചാത്യവൽക്കരണത്തിനുണ്ട്. പാശ്ചാത്യ രീതികളെ സ്വീകരിക്കുന്നതോടൊപ്പം ഭാരതീയ സമ്പ്രദായങ്ങളെ തിരസ്കരിക്കുക കൂടി ചെയ്താലേ ആധുനീകരണ പ്രക്രിയ പൂർത്തിയാവുകയുള്ളൂ. സംസ്കൃത സാഹിത്യത്തിലെ സകല സംഗതികളും ഒരഭിജാത വർഗ്ഗത്തെ അഭിസംബോധന ചെയ്തുവെന്നു പറയുന്നതിന്റെ താല്പര്യം, ഇതിൽ നിന്നും വ്യത്യസ്തമായി പാശ്ചാ

SGOU

ത്യ സാഹിത്യത്തിലെ സകല സംഗതികൾക്കും ജനാധിപത്യപരമായ സമത്വവും തുല്യതയും ഉണ്ടായിരുന്നു എന്നതാവാം. എന്നാൽ പാശ്ചാത്യ സാഹിത്യത്തിന്റെ ഉദാരമാനവികതയുടെയും ജനാധിപത്യത്തിന്റെയും പരിവേഷം വെള്ളക്കാരനും പുരുഷനും മധ്യവർഗ്ഗക്കാരനുമായ ഒരുവന്റേതായിരുന്നു. അതിൽ സ്ത്രീകൾക്കോ കാപ്പിരികൾക്കോ ഇന്ത്യാക്കാർക്കോ സ്ഥാനമുണ്ടായിരുന്നില്ല. നിർഭാഗ്യവശാൽ നാം ഇന്നും അംഗീകരിക്കുന്നത് ഇതു തന്നെയാണ്.

ഇന്ന് രസം, ധ്വനി, ഔചിത്യം തുടങ്ങിയ പരികല്പനകളോട് നമുക്ക് ആത്മബന്ധം തോന്നാതിരിക്കാനുള്ള കാരണം പലതായിരിക്കാം. ഇത്തരം പരികല്പനകൾക്ക് രൂപം കൊടുത്ത സാഹചര്യം മാറിയതുകൊണ്ടാവാം. അല്ലെങ്കിൽ അവ അഭിജാതവർഗ്ഗത്തെ മാത്രം അഭിസംബോധന ചെയ്യുന്നതു കൊണ്ടുമാവാം. പക്ഷെ അങ്ങനെയെങ്കിൽ ഇന്ന് നമുക്കിടയിൽ പ്രചരിക്കുന്ന ലക്കാനിയൻ മനഃശാസ്ത്രവും ഘടനാവാദാനന്തരചിന്തയും ആധുനികോത്തരതയും അനഭിജാതവർഗ്ഗത്തെ സംബോധന ചെയ്യുന്ന ജനകീയ ധാരണകൾ ആണ് എന്നു പറയാനാവില്ല. മാത്രമല്ല, ധ്വനിയേക്കാൾ ദുർഗ്രഹവും അഭിജാതവർഗ്ഗത്തിനു മാത്രം അടുക്കാവുന്നവയുമാണ് ഇന്നത്തെ ആധുനികോത്തര പാശ്ചാത്യസിദ്ധാന്തങ്ങൾ.

ഷാക്ക് ലക്കാൻ (1901 - 1981) - മനഃശാസ്ത്രത്തിൽ വ്യത്യസ്തമായ ധാര തുറന്നു. മനസ്സിന്റെ കർതൃത്വം നിയന്ത്രിക്കുന്നത് ഭാഷയുടെ ഘടനകളാണെന്ന് ഇത് വാദിക്കുന്നു. ഘടനാവാദാനന്തരചിന്ത (post structuralism) - ഘടനാവാദത്തിനു ശേഷം വികാസം നേടിയ പ്രവണതയാണ്. ഴാക്ക് ദെറീദ, മിഷേൽ ഫൂക്കോ, ഴാക്ക് ലക്കാൻ, റൊളാങ് ബാർത്ത് തുടങ്ങിയവരാണ് മുഖ്യ സൈദ്ധാന്തികർ ആനന്ദവർദ്ധനനെ (ധ്വന്യാലോകം) പുറം തള്ളി ഴാക്ക് ലക്കാനെ സ്വീകരിക്കുന്ന മലയാളി അതേ ലക്കാൻ, ലക്ഷണയെക്കുറിച്ചും ധ്വനിയെക്കുറിച്ചും ബഹുമാനത്തോടെ സംസാരിക്കുന്നത് കാണുന്നു. പാണിനിയെ പുറന്തള്ളി ഘടനാവാദത്തെ സ്വീകരിക്കുന്ന മലയാളി അതേ പാണിനിയാണ് ആദ്യത്തെ ഘടനാത്മക വ്യാകരണം രചിച്ചതെന്ന് അറിയുന്നു. പാണിനിയെപ്പറ്റി ബെഞ്ചമിൻ ലീവോർഫ് ഇപ്രകാരം പറയുന്നു. 'ഭാഷാശാസ്ത്രമെന്ന ശാസ്ത്രത്തെ സ്ഥാപിച്ചത് അഥവാ അതിനെ ഇന്നുള്ള അടിത്തറയിൽ സ്ഥാപിച്ചത് പാണിനിയാണ്. ആധുനികവും ശാസ്ത്രീയവുമായ ഭാഷാശാസ്ത്രം ആരംഭിക്കുന്നത് പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പാശ്ചാത്യലോകം പാണിനിയെ വീണ്ടും കണ്ടെത്തിയത് മുതൽക്കാണ്'. ഘടനാവാദത്തിന്റെ സ്രഷ്ടാവ് ഫെർഡിനാന്റ് ദി സൊസ്സ്യൂർ ഒരു സംസ്കൃതാധ്യാപകൻ കൂടിയായിരുന്നു. സംസ്കൃതത്തിലെ ഷഷ്ഠീവിഭക്തിയെക്കുറിച്ചുള്ള ഗവേഷണ പ്രബന്ധത്തിനാണ് സൊസ്സ്യൂറിന് ഡോക്ടർ ബിരുദം ലഭിച്ചത്. "വാക്കുകൾക്ക് യാഥാർഥ്യവുമായി ബന്ധമില്ല" എന്ന ഭർത്തൃഹരിയുടെ ആശയം അദ്ദേഹത്തിന്റെ കൃതിയിൽ കാണാം. ഈ ഘടനാവാദതത്വത്തിൽ വിശ്വസിക്കുന്ന ഒരാൾ സൊസ്സ്യൂർ വഴി ഭർത്തൃഹരിയിൽ എത്തുകയാണ്.

ലക്ഷണ-ശബ്ദാർഥ കാരണങ്ങളിലൊന്ന്. സാധാരണ അർഥത്തിനു പുറമെ കാവ്യത്തിന് ഒരു വിശേഷാർഥം കൂടി നൽകുന്നു. ഉദാ: കുട്ടി സിംഹമാണ്. സിംഹത്തിന്റെ ശൗര്യാദി ഗുണങ്ങളുള്ളവൻ എന്നർഥം. ധ്വനി - വാച്യാർഥത്തെക്കാൾ വ്യംഗ്യാർഥത്തിന് പ്രാധാന്യം നൽകുന്നത്.

സംസ്കൃതത്തെ ചവറ്റുകുട്ടയിൽ എറിഞ്ഞിട്ടാണ് നാം ജ്ഞാന വ്യവസായത്തിന്റെ അത്യാധുനിക യുഗത്തിൽ എത്തി നിൽക്കുന്നത്. എന്നാൽ കംപ്യൂട്ടർ സോഫ്ട് വെയറിന്റെ വികസനത്തിന്റെ ഒരു തലത്തിൽ നാചറൽ പ്രോസസിംഗിന് ഏറ്റവും അനുയോജ്യം സംസ്കൃതഭാഷയും പാണിനീയവ്യാകരണത്തിന്റെ ചട്ടക്കൂടുമാണെന്ന് ഗവേഷകർ കണ്ടെത്തിയിരിക്കുന്നു. പാണിനീയവ്യാകരണത്തിലെ വിഭക്തി, കാരകം തുടങ്ങിയ സങ്കല്പങ്ങൾ ഉപയോഗിച്ച് ഇന്ത്യയിലെ ഭാഷകൾക്ക് ഒരു കംപ്യൂട്ടേഷണൽ ഗ്രാമർ ഉണ്ടാക്കാനും ഉപയോഗിക്കാനും ഗവേഷകർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ ആധുനികോത്തരതയെ ആശ്ലേഷിക്കുന്നതിന്റെ ഭാഗമായി സംസ്കൃതത്തെ തള്ളിയിട്ട് കംപ്യൂട്ടറിൽ എത്തുന്നവരുടെ മുന്നിൽ പ്രതികാരബുദ്ധിയോ

SGOU

ടെ സംസ്കൃതം ഒരു പോസ്റ്റ് മോഡേൺ മേലങ്കിയുമായി തിരിച്ചെത്തുകയാണ്.

അസ്വതന്ത്രമായ ബുദ്ധിയിൽ നിന്ന് സ്വതന്ത്രമായ പരികല്പനകളോ സിദ്ധാന്തങ്ങളോ ഉണ്ടാവാത്തതിനാലാണ് ആധുനികരാവാനായി സ്വയം പാശ്ചാത്യവത്കരിച്ച നമ്മുടെ ബൗദ്ധിക സമൂഹത്തിന് ഒരു സംഭാവനയും നൽകാനാവാതെ പോയത്. ഇത്തരത്തിൽ പാശ്ചാത്യ മാതൃകകളെ സ്വീകരിക്കുകയും പാശ്ചാത്യ വിമർശന സിദ്ധാന്തങ്ങൾ കടമെടുക്കുകയും ചെയ്തതിനാലാണ് നമുക്ക് നമ്മുടേതായ സാഹിത്യവും വിമർശന സിദ്ധാന്തവും ഉണ്ടാവാത്തത്. ദേശീയ പ്രസ്ഥാനത്തിന്റെ തുടക്കം മുതൽക്കേ ഇവിടെ ഇതാണ് സംഭവിച്ചത്. ഇങ്ങനെ സാമ്രാജ്യത്വവാദികളുടെ പൗരസ്ത്യവാദം നമ്മുടെ പാശ്ചാത്യവാദമായി മാറുകയും രണ്ടും പരസ്പരം പൂരിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. കെ. എൻ. പണിക്കർ പറഞ്ഞതുപോലെ തദ്ദേശീയവും യൂറോപ്യനുമായ രണ്ട് ജ്ഞാനവ്യവസ്ഥകൾ തമ്മിലുള്ള സംവാദത്തിൽ ആർക്കും താല്പര്യമുണ്ടായിരുന്നില്ല.

നമ്മുടേതായ ഒരു സിദ്ധാന്തം വേണം എന്നതുകൊണ്ടുദ്ദേശിക്കുന്നത് രസം, ധ്വനി, ഔചിത്യം, രീതി തുടങ്ങിയവയിൽ ഒരെണ്ണമെടുത്ത് സമകാലീന കൃതികളിൽ പ്രയോഗിക്കണം എന്നല്ല. മറിച്ച് പ്രാചീന സങ്കല്പങ്ങളെ ബ്രഹ്മതുല്യമായ പരമതത്വങ്ങളായി കാണാതെ ഭാവിയിൽ നിർവഹിക്കാനിരിക്കുന്ന വിചിന്തനങ്ങളുടെ പ്രാരംഭസങ്കല്പങ്ങളായി കാണുകയാണ് വേണ്ടത്. ഇക്കാര്യത്തിൽ ധ്വന്യാലോകത്തെക്കാൾ ഭർത്തൃഹരിയുടെ വാക്യപദീയമാണ് കൂടുതൽ സഹായകം. സ്ഫോടവാദത്തിന്റെ കർത്താവ് എന്ന നിലയിലാണ് ഭർത്തൃഹരിയുടെ പ്രശസ്തിയെങ്കിലും അത് വാക്യപദീയത്തിന്റെ ഒരു ഭാഗം മാത്രമാണ്. വാക്യപദീയത്തിന്റെ ഉദ്ദേശ്യം വ്യാകരണഘടനയ്ക്കു മീതെ അർഥവിജ്ഞാനസംബന്ധമായ അമൂർത്തവത്കരണം സാധിക്കുക എന്നതാണ്. അർഥഗണങ്ങളെ ക്രമികമായ തലങ്ങളായും അർഥമണ്ഡലങ്ങളായും തരം തിരിക്കാനുള്ള പാശ്ചാത്യപദ്ധതികളെക്കാൾ സൂക്ഷ്മമാണ് ഭർത്തൃഹരിയുടെ യത്നം. വ്യാകരണത്തിൽ നിന്ന് തർക്കശാസ്ത്രത്തിലേക്കും അതിൽ നിന്ന് പ്രതീകാത്മക തർക്കശാസ്ത്രത്തിലേക്കും അവിടെ നിന്ന് ഗണിതത്തിലേക്കും നീങ്ങുന്ന പാശ്ചാത്യ സമ്പ്രദായത്തിനു സമശീർഷവും എന്നാൽ വിഭിന്നവുമായ ഒരു വ്യാകരണ ദാർശനിക-ന്യായ സംബന്ധമാണ് ഭർത്തൃഹരി സാക്ഷാത്ക്കരിച്ചത്.

സ്ഫോടവാദം- ഭർത്തൃഹരി ഉപജ്ഞാതാവ്. ശബ്ദത്തിലെ അർഥ വിശേഷത്തെ വ്യക്തമാക്കുന്നതാണ് സ്ഫോടം. പദസ്ഫോടം, വാക്യസ്ഫോടം എന്ന് രണ്ട് തരം സ്ഫോടങ്ങൾ. ശബ്ദാർഥ സംബന്ധം നിത്യമാണെന്ന കാഴ്ചപ്പാടാണ് ഭർത്തൃഹരിയുടേത്.

പൗരസ്ത്യവാദം ഇതു വരെ നമ്മെ പഠിപ്പിച്ചത് പാശ്ചാത്യരുടെ ചരിത്രം കാലമേറെ കഴിഞ്ഞ് ഇന്ത്യയിലും ആവർത്തിക്കും എന്നാണ്. ഗണിതമടക്കമുള്ള അമൂർത്തശാസ്ത്രങ്ങളിൽ കേരളീയർ പോലും യൂറോപ്പിനേക്കാൾ മുന്നിലായിരുന്നിട്ടുണ്ട്. സൈൻ, കോസൈൻ തുടങ്ങിയ ഗണിതശ്രേണികളും ആദ്യം ഇന്ത്യയിൽ രൂപം കൊണ്ടതായും പിന്നീട് യൂറോപ്പിൽ കണ്ടു പിടിക്കപ്പെടുകയും ചെയ്തു. എങ്കിലും പൗരസ്ത്യവാദം ആദ്യം യൂറോപ്പിൽ ഉണ്ടായെന്നും പിന്നീട് വൈകി മാത്രം അത് ഇന്ത്യയിലും വ്യാപിക്കുന്നു എന്നാണ്. പൗരസ്ത്യവാദം പറഞ്ഞ ഈ കാര്യം നാം സ്വാംശീകരിക്കുകയും നമ്മുടെ ആത്മബിംബമാക്കുകയും ചെയ്തു. അങ്ങനെ ഓരോരോ പ്രസ്ഥാനവിശേഷങ്ങൾ പാശ്ചാത്യലോകത്ത് ഉണ്ടാവുമ്പോഴും നാം അവയെ അനുകരിക്കുകയും പുതിയ പാശ്ചാത്യ പ്രസ്ഥാനങ്ങളുടെ വരവും കാത്ത് ഇരിക്കുകയും ചെയ്തു.

ഭർത്തൃഹരിയെ നാം ഓർക്കുന്നുവെങ്കിലും സ്വന്തമായ ഒരു സിദ്ധാന്തത്തിന്റെ രൂപീകരണത്തിന് നാം അദ്ദേഹത്തെ ആശ്രയിക്കുന്നില്ല. മോഡേണിസത്തെ നിഷേധിച്ച് പോസ്റ്റ് മോഡേണിസവും സ്ട്രക്ചറലിസത്തെ നിഷേധിച്ച് പോസ്റ്റ് സ്ട്രക്ചറലിസവും രൂപീകരിച്ചതു പോലെ ഭർത്തൃഹരിയെ നിഷേധിച്ചിട്ടെങ്കിലും പോസ്റ്റ് ഭർത്തൃഹരി ആകാൻ പോലും ശ്രമിക്കുന്നില്ല. അത്തരത്തിലുള്ള ഒരു പോസ്റ്റ് വാക്യപദീയാനന്തരചിന്തയെ നമ്മുടേതെന്ന് വിളിക്കാനും കഴി



SGOU

യും. അതും വയ്യെങ്കിൽ പോസ്റ്റ്-സ്ട്രക്ചറലിസത്തിൽ തന്നെ ഗാഢമായ പഠനങ്ങൾ നടത്തി അതിൽ നിന്ന് ഒരു സിദ്ധാന്തമുണ്ടാക്കിയാലും നമ്മുടേതെന്ന് വിളിക്കാൻ കഴിയും. അത് തദ്ദേശീയമാവില്ല എന്നേയുള്ളൂ. പാശ്ചാത്യ ദർശനങ്ങളുടെ പ്രശ്നമണ്ഡലത്തിലേക്ക് നേരിട്ട് കടന്നുചെന്ന് മറ്റൊരു പാശ്ചാത്യനെപ്പോലെ തത്വവിചാരം നടത്താൻ കഴിവുള്ള ആൾക്കേ ആ മേഖലയിൽ തന്റേതായ സംഭാവനയർപ്പിക്കാൻ കഴിയൂ. അല്ലാതെ ഏതാനും പാശ്ചാത്യ ആശയങ്ങൾ ശരിക്കും മനസ്സിലാക്കാതെ അടർത്തിയെടുത്ത് സ്വന്തമാക്കി ചിന്താധീനരായാലൊന്നും സ്വന്തമായ ഒരാശയം സൃഷ്ടിക്കാനാവില്ല.

സ്ട്രക്ചറലിസം - ഫെർദിനാന്റ് ദി സൊസ്സ്യൂറിന്റെ വാദങ്ങൾ അടിസ്ഥാനം. 1950-60 കളിൽ രൂപപ്പെട്ടു. സാഹിത്യത്തെ ഘടനാപരമായ ഒരു വ്യവസ്ഥയായി കാണുന്നു. സംബന്ധങ്ങളുടേതായ ഈ ഘടനാവ്യവസ്ഥയുടെ പഠനമാണ് സ്ട്രക്ചറലിസം.

പാശ്ചാത്യ ധാരണകൾ അടർത്തി ഉപയോഗിക്കുന്നതും പാശ്ചാത്യ ചിന്തകരുടെ പേരുകൾ പറയുന്നതും അവരെ ഉദ്ധരിക്കുന്നതും താൻ സമകാലീനനാണെന്നും ഏറ്റവും പുതിയ പാശ്ചാത്യ പദ്ധതി പോലും തനിക്ക് പരിചയമുണ്ടെന്നും കാണിക്കാനുള്ള സാധൂകരണ തന്ത്രം മാത്രമാണ്. അധിനിവേശ പ്രിയമായ ഈ സാധൂകരണത്തിന് ഏറെ പഴക്കമുണ്ട്. ആദ്യകാല മലയാള നോവലുകളിൽ സാംസ്കാരിക പരിവർത്തനങ്ങളെ സംബന്ധിച്ച സന്ദർഭങ്ങളിൽ ഡാർവിൻ, വാലസ്, ഹക്സലി, ബ്രാഡ്‌ലാ തുടങ്ങിയവരുടെ പേരും ആശയങ്ങളും കാണാം. മുപ്പതുകളിൽ കേസരിയുടെ നേതൃത്വത്തിൽ അസംഖ്യം പാശ്ചാത്യരൂപങ്ങൾ മലയാള സാഹിത്യത്തിലേക്കും വിമർശനത്തിലേക്കും കടന്നുവന്നു. വാൾട്ടർ പേറ്റർ, ജോസഫ് മക്കാർത്തി, മോങ്ക് ഹൗസ്, ഫ്രോയ്ഡ് തുടങ്ങിയവർ സാധൂകരണത്തിന്റെ ഉപാധികളായി. അറുപതുകളിൽ കാമു, കാഫ്ക, സാർത്ര്, കീർക്കെഗാദ് തുടങ്ങി മറ്റൊരു കൂട്ടം പേരുകൾ കടന്നുവന്നു. എൺപതുകളിൽ ഫൂക്കോ, ല്യോത്താർ, ബോദ്രി ലാർ തുടങ്ങിയ പോസ്റ്റ് സ്ട്രക്ചറലിസ്റ്റ്, പോസ്റ്റ് മോഡേണിസ്റ്റുകളുടെ ഊഴമായിരുന്നു. ഇത്തരം ഉദ്ധരണ ചരിത്രത്തിൽ ഒരിക്കലും നമ്മുടേത് എന്ന് പറയാവുന്ന ഒരാശയവും രൂപം കൊള്ളുകയുണ്ടായില്ല.

ഈ പശ്ചാത്തലത്തിൽ 'ഇന്ദുലേഖ'യിലെ പതിനെട്ടാം അധ്യായത്തെക്കുറിച്ചുള്ള അംഗീകൃത വീക്ഷണം അപര്യാപ്തമാവുന്നു. പതിനെട്ടാം അധ്യായം ലാവണ്യ ശാസ്ത്രപരമായ പരാജയമോ രസഭംഗമോ ഒന്നുമല്ല. പാശ്ചാത്യരുടെ ചിന്തകൾ പരിഷ്കാരത്തിന്റെയും പുരോഗതിയുടെയും പേരിൽ കടമെടുക്കുന്നവർക്ക് സ്വന്തമായ ഒരു നിഗമനത്തിലും എത്താനാവില്ലെന്ന് സൂചിപ്പിക്കുന്ന നാടക സദൃശമായ സംഭാഷണ രൂപത്തിൽ എഴുതപ്പെട്ട ദുരന്തനാടകമാണ്. ഇതിലെ നായകൻ മാധവനോ ഗോവിന്ദൻകുട്ടി മേനവനോ ഗോവിന്ദപ്പണിക്കരോ ഒന്നുമല്ല, അധിനിവേശ സാമന്തനെന്ന - കൊളോണിയൽ സബ്ജക്ട് - എന്ന അമൂർത്തരൂപമാണ്. ബ്രാഡ്‌ലാ, ഡാർവിൻ, നിരീശ്വരത്വം തുടങ്ങി ഒട്ടേറെ ചിന്തകളും ആശയങ്ങളും ഇവിടെ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും പാശ്ചാത്യ ആശയങ്ങൾ വെച്ചുകൊണ്ടുള്ള ചർച്ച ഒരിക്കലും ഒരു നിഗമനത്തിൽ കലാശിക്കുന്നില്ല. കോൺഗ്രസ്സ്, ജീവോത്പത്തി, നിരീശ്വര മതം, ബ്രിട്ടീഷ് ഭരണം തുടങ്ങിയ ഒട്ടേറെ വിഷയങ്ങൾ സംബന്ധിച്ച തൊലിപ്പുറമെ ഉള്ള സംവാദം മുൻ പ്രസ്താവനകളുമായി ബന്ധമില്ലാത്ത ചില അഭിപ്രായപ്രകടനങ്ങൾ മാത്രമാണ്.

പാശ്ചാത്യ സങ്കല്പങ്ങൾ എത്ര തന്നെ സ്വാംശീകരിച്ചാലും അതിൽ നിന്ന് സ്വന്തമായ ഒരു ചിന്താപദ്ധതി നിർമ്മിക്കാനാവില്ല എന്നതിനു തെളിവാണ് കേസരി ബാലകൃഷ്ണപ്പിള്ളയുടെ രചനകൾ. പാശ്ചാത്യ സിദ്ധാന്തങ്ങളിൽ നേടിയ അവഗാഹത്തിന്റെ പേരിൽ ആദരിക്കപ്പെട്ട കേസരി സിദ്ധാന്തത്തിന്റെയോ സമീപനത്തിന്റെയോ മണ്ഡലത്തിൽ ഒരു സംഭാവനയും നൽകിയിട്ടില്ല എന്നതാണ് സത്യം. പാശ്ചാത്യ പ്രസ്ഥാനങ്ങളെല്ലാം സ്വാംശീകരിച്ചിട്ടും അവ സംശ്ലേഷണം ചെയ്തിട്ടോ വിമർശന വിധേയമാക്കിയിട്ടോ ഒരു പുതിയ പദ്ധതി ആവിഷ്കരിക്കാൻ കേസ

SGOU

രിക്ക് കഴിഞ്ഞില്ല. കടം കൊണ്ട ആശയങ്ങൾ വെച്ച് സ്വതന്ത്രമായ സിദ്ധാന്തമുണ്ടാക്കാനാവില്ല എന്നാണ് ഇതിന്റെ ഗുണപാഠം.

ഈയിടെ കേരളത്തിൽ ഉയർന്നു തുടങ്ങിയ ആധുനികോത്തരവാദങ്ങളും കടം കൊണ്ട പാശ്ചാത്യ ധാരണകൾ ആണ്. യൂറോപ്പിലുണ്ടായതുപോലുള്ള ഒരു ഭൗതിക സാഹചര്യം ഉണ്ടാവുകയും അതിന്റെ പ്രതിഫലനം സാഹിത്യത്തിൽ ഉണ്ടാവുകയും ചെയ്തതിന്റെ ഫലമല്ല മലയാളത്തിലെ സമകാലിക കഥാസാഹിത്യം. നവീന യഥാതഥപ്രസ്ഥാനം എന്നാണതിനെ വിളിക്കേണ്ടത്. വളരെ സാങ്കേതികമായ ചില സമാന സവിശേഷതകൾ അനുകരണത്തിലൂടെ എടുത്തണിയുകയും എന്നിട്ട് സ്വയം പോസ്റ്റ്മോഡേൺ എന്ന് പേരിടുകയും ചെയ്യുന്ന സാഹിത്യകാരന്മാർ അധിനിവേശകരെ മുൻനിർത്തി സ്വയം സാധൂകരിക്കുക മാത്രമാണ്. ചന്തുമേനോനിൽ തുടങ്ങുന്ന അനുകരണചരിത്രത്തിന്റെ ഇങ്ങേയറ്റം മാത്രമാണിത്. മലയാളത്തിൽ ഇപ്പോൾ നടപ്പുള്ള പോസ്റ്റ്മോഡേണിസത്തിനു ശേഷം പുതിയ മറ്റൊരു പ്രസ്ഥാനം ആവിർഭവിക്കണമെങ്കിൽ അതിനു മുൻപെ പാശ്ചാത്യ ലോകത്തിൽ മറ്റൊരു മാതൃകാരൂപം വേണം. ഇനിയൊരു പ്രസ്ഥാനം ഉണ്ടാക്കേണ്ട എന്ന് പാശ്ചാത്യർ തീരുമാനിച്ചാൽ പിന്നെ മറ്റൊരു സാഹിത്യ പ്രസ്ഥാനവും ഇവിടെ രൂപപ്പെടുകയില്ല. അങ്ങനെ ആധുനികോത്തരതയാവും മലയാള കഥാസാഹിത്യ ചരിത്രത്തിലെ അവസാന അധ്യായം.

അരിസ്റ്റോട്ടിലിനെ അനുകരിക്കാം. ബാർത്തിനെ അനുകരിക്കരുത്. ക്വിന്റിലിയനെ അനുകരിക്കാം പക്ഷെ, ദറീദയെ അനുകരിക്കരുത് എന്നു പറയുന്നവരെയും പാശ്ചാത്യവാദികളുടെ കൂട്ടത്തിൽ തന്നെ പെടുത്തി ബഹിഷ്കരിക്കേണ്ടതുണ്ട്. ഒരു സ്വയം വിമർശനമായി ഇനി എത്ര കാലം അനുകരണവും കടവുമായി മുന്നോട്ടു പോവാൻ കഴിയും എന്ന് ചോദിക്കാനുള്ള കാലമായി. പാശ്ചാത്യവാദത്തെ പ്രതിരോധിക്കേണ്ട ചരിത്രസന്ധിയിൽ എല്ലാം അടിയറവയ്ക്കുന്ന രീതിയിൽ മലയാളത്തിലും പോസ്റ്റ്മോഡേൺ വന്നു കഴിഞ്ഞിരിക്കുന്നു എന്ന് പറയുന്നതിൽ ലജ്ജിക്കേണ്ടതായുണ്ട്. സാഹിത്യകാരന്മാർ തലമുറ വ്യത്യാസമില്ലാതെ ഒരേ സ്വരത്തിൽ നാം ആധുനികോത്തരതയിലേക്കു നീങ്ങിയിരിക്കുന്നു എന്ന് തീരുമാനിക്കുന്നതു കേൾക്കുമ്പോൾ കസേലയിൽ ഇരുത്തിയ വെള്ളക്കാരനെ പെരുമഴയത്ത് ചുമന്ന് മല കയറുന്ന നടന്റെ ചിത്രമാണ് ഓർമ്മ വരുന്നത്. ആ നടന്റെ മുഖത്ത് അമർഷമാണുള്ളതെങ്കിൽ ഇവിടെ ആനന്ദാതിരേകമാണുള്ളത് എന്ന വ്യത്യാസമേയുള്ളൂ എന്ന് പരിഹാസത്തോടെ ലേഖനം അവസാനിക്കുന്നു.

ഭർത്തൃഹരിയുടെയും പാണിനിയുടെയും ആനന്ദവർദ്ധനന്റെയും ഒക്കെ മേന്മ പാശ്ചാത്യർ പറഞ്ഞു തരുമ്പോഴേ ഉൾക്കൊള്ളുകയുള്ളൂ എന്ന കൊളോണിയൽ മനഃസ്ഥിതിയോടാണ് അദ്ദേഹത്തിന് പ്രതിഷേധം. പാശ്ചാത്യരെ ഉപജീവിച്ചും അല്ലാതെയും അനുകരണത്തിനല്ലാതെ സ്വന്തമായ ആശയരൂപീകരണത്തിന് നാം ശ്രമിക്കുന്നില്ല എന്നദ്ദേഹം വിമർശിക്കുന്നുണ്ട്. അതുകൊണ്ടാണ് അന്ധമായി അനുകരിച്ചു കൊണ്ട് പാശ്ചാത്യ ഗ്രന്ഥങ്ങളെയും ഗ്രന്ഥകർത്താക്കളെയും ഉദ്ധരിക്കുന്നതിനു പകരം ഭർത്തൃഹരിയെ വിമർശിച്ചു കൊണ്ടെങ്കിലും പുതിയ സിദ്ധാന്ത രൂപീകരണത്തിന് ശ്രമിച്ചുകൂടേ എന്നദ്ദേഹം ചോദിക്കുന്നത്. പ്രസക്തമെങ്കിലും അല്ലെങ്കിലും ഉടനീളം പാശ്ചാത്യനാമങ്ങളും ചിന്തകളും വാരിവിതറുന്ന സമകാലീന വിമർശകരുടെ കാപട്യത്തെ തുറന്നു കാണിക്കുന്നുണ്ട് അദ്ദേഹം. പാശ്ചാത്യ അടിമത്തം മനസ്സിലും ചിന്തയിലും ആവാഹിച്ച ഇന്നത്തെ എഴുത്തുകാരെ സായിപ്പിനെ പെരുമഴയത്ത് കസേലയിലിരുത്തി ചുമന്ന്, അടിമത്തഭാരം കൊണ്ട് അമർഷം കൊള്ളേണ്ടതിനു പകരം ആനന്ദാതിരേകത്തോടെ മല കയറുന്ന ആളുകളായി ചിത്രീകരിക്കുമ്പോൾ ലേഖകന്റെ ഭാഷ പരിഹാസപൂർണ്ണമാകുന്നു. ഒരുപാട് തുടർചിന്തകൾക്കും വിശകലനങ്ങൾക്കും അവസരമൊരുക്കുന്നുണ്ട് ഈ ലേഖനം.

## Recap

- നാളിതുവരെയുള്ള മലയാള സാഹിത്യത്തിന്റെ ചരിത്രം അനുകരണത്തിന്റേതാണ്.
- പാശ്ചാത്യ മാതൃകകൾ മലയാള സാഹിത്യത്തെയും വിമർശനത്തെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു.
- രസം, ധ്വനി, ഔചിത്യം തുടങ്ങിയ ഭാരതീയ ചിന്തകളേക്കാൾ പ്രാധാന്യം തോന്നുന്നതിലേറെ ആത്മബന്ധം പാശ്ചാത്യ സിദ്ധാന്തങ്ങളോട് ഉണ്ട്.
- ചന്തുമേനോനിൽ നിന്നും ആണ് ഇത് ആരംഭിച്ചത്.
- ചമ്പുക്കളെയും മഹാകാവ്യങ്ങളെയും നിസ്സാരമാക്കുക എന്ന അർഥവും പാശ്ചാത്യ വൽക്കരണത്തിനുണ്ട്. എന്ന് ലേഖകൻ പറയുന്നു
- പാശ്ചാത്യസാഹിത്യത്തിന്റെ ഉദാരമാനവികതയുടെയും ജനാധിപത്യത്തിന്റെയും പരിവേഷം വെള്ളക്കാരനും പുരുഷനും മധ്യവർഗ്ഗക്കാരനുമായ ഒരുവന്റേതായിരുന്നു.
- പാശ്ചാത്യരീതികളെ സ്വീകരിക്കുന്നതോടൊപ്പം ഭാരതീയ സമ്പ്രദായങ്ങളെ തിരസ്കരിക്കുക കൂടി ചെയ്താലേ ആധുനീകരണ പ്രക്രിയ പൂർത്തിയാകുന്നുള്ളൂ.
- ധ്വനിയെക്കാൾ ദുർഗ്രഹവും അഭിജാത വർഗ്ഗത്തിന് മാത്രം അടുക്കാവുന്നവയുമാണ് ഇന്നത്തെ പാശ്ചാത്യ സിദ്ധാന്തങ്ങൾ.
- ധ്വന്യാലോകം രചിച്ച ആനന്ദവർദ്ധനനെ തള്ളി ഴാക്ക് ലക്കാനെ സ്വീകരിക്കുന്ന മലയാളി അതേ ലക്കാൻ, ലക്ഷണയെക്കുറിച്ചും ധ്വനിയെക്കുറിച്ചും ബഹുമാനത്തോടെ സംസാരിക്കുന്നതു കാണാം.
- പാണിനിയെ പുറന്തള്ളി ഘടനാ വാദത്തെ സ്വീകരിക്കുന്ന മലയാളി അതേ പാണിനിയാണ് ആദ്യത്തെ ഘടനാത്മക വ്യാകരണം രചിച്ചതെന്ന് പിന്നീട് മനസിലാക്കുന്നു
- ഘടനാവാദത്തിന്റെ സ്രഷ്ടാവ് ഫെർഡിനാന്റ് ദി സൊസ്സ്യൂർ ഒരു സംസ്കൃതാധ്യാപകൻ കൂടിയാണ്..
- വാക്കുകൾക്ക് യാഥാർഥ്യവുമായി ബന്ധമില്ല എന്ന ഘടനാ വാദതത്വത്തിൽ വിശ്വസിക്കുന്ന ഒരാൾ സൊസ്സ്യൂർ വഴി ഭർത്തൃഹരിയിൽ എത്തുകയാണ്.
- സാമ്രാജ്യത്വവാദികളുടെ പൗരസ്ത്യവാദം നമ്മുടെ പാശ്ചാത്യവാദമായി മാറുകയും രണ്ടും പരസ്പരം പൂരിപ്പിക്കാൻ തുടങ്ങുകയും ചെയ്തു.
- പ്രൊഫ. കെ. എൻ. പണിക്കറിൻെ അഭിപ്രായത്തിൽ തദ്ദേശീയവും യൂറോപ്യനുമായ രണ്ട് ജ്ഞാന വ്യവസ്ഥകൾ തമ്മിലുള്ള സംവാദത്തിൽ ആർക്കും താല്പര്യമുണ്ടായിരുന്നില്ല.
- ഗണിതമടക്കമുള്ള അമൂർത്ത ശാസ്ത്രങ്ങളിൽ കേരളീയർ യൂറോപ്പിനേക്കാൾ മുന്നിലായിരുന്നിട്ടുണ്ട്.
- പുരോഗതി ആദ്യം യൂറോപ്പിൽ ഉണ്ടായെന്നും പിന്നീട് വൈകി മാത്രം അത് ഇന്ത്യയിലും ആവർത്തിക്കുന്നു എന്ന് പൗരസ്ത്യ വാദം പറയുന്നു.
- ഭർത്തൃഹരിയെ ഇന്ന് ഓർക്കുന്നുവെങ്കിലും സ്വന്തമായ സിദ്ധാന്ത രൂപീകരണത്തിന് അദ്ദേഹത്തെ ആശ്രയിക്കുന്നില്ല.
- മോഡേണിസത്തെ നിഷേധിച്ച് പോസ്റ്റ് മോഡേണിസവും സ്ട്രക്ചറലിസത്തെ നിഷേധിച്ച് പോസ്റ്റ് സ്ട്രക്ചറലിസവും രൂപീകരിച്ചതു പോലെ ഭർത്തൃഹരിയെ നിഷേധിച്ചെങ്കിലും പോസ്റ്റ് ഭർത്തൃഹരിയാവാൻ ശമിക്കുന്നില്ല.
- പാശ്ചാത്യ ആശയങ്ങൾ ശരിക്കും മനസ്സിലാക്കാതെ അടർത്തിയെടുത്ത് സ്വന്തമാക്കി ചിന്താധീനരായാലൊന്നും സ്വന്തമായ ഒരാശയം സൃഷ്ടിക്കാനാവില്ല.

SGOU

- പാശ്ചാത്യ ധാരണകൾ അടർത്തി ഉപയോഗിക്കുന്നതും പാശ്ചാത്യ ചിന്തകരുടെ പേരുകൾ പറയുന്നതും അവരെ ഉദ്ധരിക്കുന്നതും താൻ സമകാലീനനാണെന്നും ഏറ്റവും പുതിയ പാശ്ചാത്യ പദ്ധതി പോലും തനിക്ക് പരിചയമുണ്ടെന്നും കാണിക്കാനുള്ള സാധൂകരണ തന്ത്രം മാത്രമാണ്.
- ഇന്ദുലേഖയിലെ പതിനെട്ടാം അദ്ധ്യായം ലാവണ്യശാസ്ത്രപരമായ പരാജയമോ രസഭംഗമോ ഒന്നുമല്ല, പാശ്ചാത്യരുടെ ചിന്തകൾ പരിഷ്ക്കാരത്തിന്റെയും പുരോഗതിയുടെയും പേരിൽ കടമെടുക്കുന്നവർക്ക് സ്വന്തമായ ഒരു നിഗമനത്തിലും എത്താനാവില്ലെന്ന് സൂചിപ്പിക്കുന്ന നാടകസദൃശ സംഭാഷണരൂപത്തിൽ എഴുതപ്പെട്ട ദുരന്ത നാടകമാണ്.
- പാശ്ചാത്യ സങ്കല്പങ്ങൾ എത്ര തന്നെ സ്വാംശീകരിച്ചാലും അതിൽ നിന്നും സ്വന്തമായ ഒരു ചിന്താപദ്ധതി സൃഷ്ടിക്കാനാവില്ല എന്നതിനു തെളിവാണ് കേസരി എ. ബാലകൃഷ്ണപ്പിള്ളയുടെ രചനകൾ.
- പാശ്ചാത്യ സിദ്ധാന്തങ്ങളിൽ നിന്ന് നേടിയ അവഗാഹത്തിന്റെ പേരിൽ ആദരിക്കപ്പെട്ട കേസരി സിദ്ധാന്തത്തിന്റെയോ സമീപനത്തിന്റെയോ മണ്ഡലത്തിൽ ഒരു സംഭാവനയും നൽകിയിട്ടില്ല.
- കടം കൊണ്ട ആശയങ്ങൾ കൊണ്ട് സ്വതന്ത്രമായ സിദ്ധാന്തം ഉണ്ടാക്കാനാവില്ല.
- അരിസ്റ്റോട്ടിലിനെ അനുകരിക്കാം. ബാർത്തിനെ അനുകരിക്കരുത്, ക്വിന്റിലിയനെ അനുകരിക്കാം. പക്ഷേ, ദെറീദയെ അനുകരിക്കരുത് എന്നു പറയുന്നവരെയും പാശ്ചാത്യ വാദികളുടെ കൂട്ടത്തിൽ പെടുത്തി ബഹിഷ്കരിണ്ടതുണ്ട്.

## Objective Type Questions

1. നാളിതുവരെയുള്ള മലയാള സാഹിത്യത്തിന്റെ ചരിത്രം അനുകരണത്തിന്റേതാണെന്ന് ലേഖകൻ പറയാൻ കാരണമെന്ത്?
2. 'ധ്വന്യാലോകം' എഴുതിയതാര്?
3. ഭർത്തൃഹരിയുടെ പ്രസിദ്ധകൃതി ഏത്?
4. സ്ഫോടസിദ്ധാന്തത്തിന്റെ വക്താവാര്?
5. പ്രവാചകന്റെ മരണം എന്ന കൃതിയുടെ കർത്താവ് ആര്?
6. ഷഷ്ഠി വിഭക്തിയെക്കുറിച്ചുള്ള ഗവേഷണം നടത്തിയ ആധുനിക പാശ്ചാത്യചിന്തകൻ ആര്?
7. ഭാഷാശാസ്ത്രമെന്ന ശാസ്ത്രത്തെ സ്ഥാപിച്ചത് പാണിനിയാണെന്ന് പറഞ്ഞ പണ്ഡിതൻ ആര്?
8. പാശ്ചാത്യസങ്കല്പങ്ങൾ എത്രതന്നെ സ്വാംശീകരിച്ചാലും അതിൽ നിന്ന് സ്വന്തമായ ഒരു ചിന്താപദ്ധതി നിർമ്മിക്കാനാവില്ല എന്നതിനുദാഹരണമായി ലേഖകൻ ചൂണ്ടിക്കാട്ടുന്ന മലയാള നിരൂപകൻ ആര്?

## Answers

1. പാശ്ചാത്യ മാതൃകകൾ മലയാള സാഹിത്യത്തെയും വിമർശനത്തെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു.
2. ആനന്ദവർദ്ധനൻ
3. വാക്യപദീയം

SGOU

4. ഭർത്തൃഹരി
5. വി.സി.ശ്രീജൻ
6. സൊസ്സ്യൂർ
7. ബെഞ്ചമിൻ ലീവോർഫ്
8. കേസരി ബാലകൃഷ്ണപിള്ള

## Assignments

1. വി.സി.ശ്രീജന്റെ നിരൂപണ സംഭാവനകളെ ക്രോഡീകരിക്കുക.
2. പാശ്ചാത്യവും പൗരസ്ത്യവുമായ സിദ്ധാന്തങ്ങളെ ലേഖകൻ നോക്കിക്കാണുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.
3. പാശ്ചാത്യമാതൃകകൾ മലയാള സാഹിത്യത്തെയും വിമർശനത്തെയും സ്വാധീനിച്ചു എന്ന് പറയാനുള്ള കാരണങ്ങളെ വിശദീകരിക്കുക.
4. ആധുനിക വിമർശകരുടെ പരിമിതിയായി വി.സി.ശ്രീജൻ ചൂണ്ടിക്കാട്ടുന്ന കാര്യങ്ങൾ ഉപന്യസിക്കുക.

## Reference


1. സി. ബി., സുധാകരൻ, *ഉത്തരാധുനികത*, ഡി. സി. ബുക്സ്, കോട്ടയം
2. വി.സി., ശ്രീജൻ, *ആധുനികോത്തരം: വിശകലനവും വിമർശനവും*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം


## Suggested Reading


1. പി. പി. രവീന്ദ്രൻ, *ആധുനികാനന്തരം വിചാരം വായന*, എസ്. പി. സി. എസ്., കോട്ടയം
2. എം.കെ.ഹരികുമാർ, ഉത്തര ഉത്തരാധുനികത, ആൽഫഒൻ പബ്ലിഷർ
3. കെ.പി.അപ്പൻ, ഉത്തരാധുനികത വർത്തമാനവും വംശാവലിയും, ഡി.സി.ബുക്സ്, കോട്ടയം


SGOU

BLOCK - 04

# നോവൽ

യൂണിറ്റ് - 1 കൊച്ചരേത്തി നാരായൻ

SGOU

# യൂണിറ്റ് - 1
# കൊച്ചരേത്തി

**നാരായൻ**

## Learning Outcomes

- ദലിത് എന്ന പരികല്പനയെ കുറിച്ച് ധാരണ നേടുന്നു
- നാരായന്റെ സാഹിത്യ ലോകത്തെ പരിചയപ്പെടുന്നു
- ആദിവാസി ജീവിതത്തെക്കുറിച്ച് അറിവു നേടുന്നു
- പാരിസ്ഥിതികാവബോധത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു

## Prerequisites

വ്യത്യസ്ത ഭൂമേഖലകളിൽ നൂറ്റാണ്ടുകൾക്കുമുമ്പേ തന്നെ വാസമുറപ്പിച്ച ആദിമനിവാസികളാണ് ഗോത്രജനത എന്നറിയപ്പെടുന്നത്. മുഖ്യധാരാ സമൂഹത്തിൽ നിന്നും പാർശ്വവൽക്കരണത്തിന് വിധേയരായി ആചാരാനുഷ്ഠാനങ്ങളിലും ജീവിതചര്യകളിലും വേറിട്ട സ്വഭാവം പുലർത്തുന്ന ഒട്ടേറെ ജനസമൂഹങ്ങൾ കേരളത്തിലുണ്ട്. ഗോത്രവർഗ്ഗങ്ങൾ എന്നാണ് ഇവർ അറിയപ്പെടുന്നത്. നിരവധി സവിശേഷതകൾ ഈ ഗോത്രവിഭാഗങ്ങൾക്കുണ്ട്. അടിയർ, പണിയർ, മുതുവാൻ, ഊരാളി എന്നിങ്ങനെ നീളുന്ന ഗോത്രസമൂഹങ്ങളിൽ നിന്നും വളരെ വ്യത്യസ്തരാണ് മലയരയർ എന്ന് ഗോത്രസമൂഹം. കേന്ദ്രീകൃതമായ നേതൃത്വം ഈ സമൂഹത്തിനില്ല. കുടുംബകാരണവർക്ക് പ്രത്യേക സ്ഥാനമഹിമ നൽകുന്ന ഇവരിൽ മന്ത്രവാദി, വെളിച്ചപ്പാട് എന്നിവർക്കാണ് പ്രാധാന്യമുള്ളത്. മലയരയരുടെ ജീവിതവുമായി ബന്ധപ്പെടുന്ന ഓരോ ആചാരാനുഷ്ഠാനങ്ങളിലും ഇവരുടെ സാന്നിധ്യം ഉണ്ടായിരിക്കും. മുണ്ടില്ലം, വളയില്ലം, പൂതാനിയില്ലം, എണ്ണയില്ലം എന്നിങ്ങനെ നാല് ഇല്ലക്കാരായാണ് മലയരയ ഗോത്രം നിലനിൽക്കുന്നത്. പൂജാദികർമ്മങ്ങളിൽ ആചരിക്കേണ്ട കർത്തവ്യത്തിന് അനുസരിച്ചിട്ടാണ് ഇല്ലം തിരിച്ചിട്ടുള്ളത്. പൂജകൾക്ക് ആവശ്യമായ എണ്ണ നൽകേണ്ടവർ, തിരികൾക്ക് തുണി നൽകേണ്ടവർ, കൊടിതോരണങ്ങൾ ഒരുക്കുന്നവർ, പൂക്കൾ നൽകേണ്ടവർ എന്നീ കർത്തവ്യമാണ് യഥാക്രമം എണ്ണയില്ലം, മുണ്ടില്ലം, വളയില്ലം, പൂതാനിയില്ലം എന്നിവർ നിർവഹിക്കേണ്ടത്. ഋതുമതിയായവർക്കും ഗർഭിണികൾക്കുമായി ഒരുക്കുന്ന ഈറ്റുപുര, മലയരയുടെ ഗൃഹനിർമ്മാണം എന്നിവ സവിശേഷമായവയാണ്. തിരണ്ടുകല്യാണം, വിവാഹം (മുറപ്പെണ്ണിനെ കല്യാണം കഴിക്കൽ), പ്രസവം, മരണം ഇതിനെല്ലാം വളരെ വിപുലമായ ചടങ്ങുകൾ ഈ വിഭാഗക്കാർക്കിടയിലുണ്ട്. ഇവയെല്ലാം വളരെ വിശദമായി പ്രതിപാദിക്കുന്ന ഒരു നോവലാണ് നാരായന്റെ കൊച്ചരേത്തി.

'ഞങ്ങളെ അങ്ങോട്ട് ആട്ടിയോടിച്ചതാരാണ്? മനുഷ്യരാകാം, ദൈവമാകാം. ജീവിക്കാനനുവദിക്കാത്ത അതിനു സമ്മതിക്കാത്ത ദൈവവും മനുഷ്യനുമാകാം'.

കൊച്ചരേത്തി എന്ന നോവലിന്റെ ആമുഖത്തിൽ എഴുത്തുകാരനായ നാരായൻ ചേർത്തിരിക്കുന്ന വാക്കുകളാണിത്. ആട്ടിയോടിക്കപ്പെട്ട ഒരു ജനവിഭാഗത്തോട് ദൈവത്തിനും നാഗരികനായ മനുഷ്യനുമുണ്ടായിരുന്ന സമീപനം എന്തായിരുന്നു എന്ന ചോദ്യമാണ് കൊച്ചരേത്തി നമ്മോടുയർത്തുന്നത്.

SGOU

**നാരായൻ**

ഇടുക്കി ജില്ലയിൽ താമസിക്കുന്ന മലയരയ ജനവിഭാഗത്തിൽപ്പെട്ടയാളാണ് നാരായൻ. ഗോത്ര വർഗ്ഗ ജനതയുടെ കഥകളാണ് തന്റെ സാഹിത്യജീവിതത്തിലൂടെ നാരായൻ അധികവും രചിച്ചത്. കുടയത്തൂർ മലയുടെ അടിവാരത്ത് ചാലപ്പുറത്തു രാമന്റെയും കൊടുക്കുട്ടിയുടെയും മകനായി 1940 സെപ്തംബർ 26 ന് നാരായൻ ജനിച്ചു. കുടയത്തൂർ ഹൈസ്കൂളിലായിരുന്നു പത്താതരം വരെ പഠിച്ചത്. തപാൽ വകുപ്പിൽ നിന്നും പോസ്റ്റ് മാസ്റ്ററായി 1995 -ൽ നാരായൻ വിരമിച്ചു.

ആദിവാസികളെക്കുറിച്ച് ഒരു ആദിവാസി എഴുതിയ നോവലാണ് 'കൊച്ചരേത്തി' എന്നത് ഈ നോവലിന്റെ പ്രധാന സവിശേഷതയാണ്. സിനിമയിലും ടെലിവിഷനിലും ചില പ്രസിദ്ധീകരണങ്ങളിലുമൊക്കെ കാണിക്കുന്ന ആദിവാസി ജീവിതത്തിനു സത്യവുമായി പുലബന്ധം പോലുമില്ലെന്ന തിരിച്ചറിവിൽ നിന്നു കൊണ്ടാണ് ഇങ്ങനൊരു നോവൽ താൻ രചിച്ചതെന്ന് നാരായൻ കൊച്ചരേത്തിയുടെ ആമുഖത്തിൽ പറയുന്നുണ്ട്. 1998 ലാണു കൊച്ചരേത്തി പ്രസിദ്ധീകരിച്ചത്.

ഇടുക്കി ജില്ലയിലെ ഗോത്രവർഗ്ഗമായ മലയരയരുടെ ജീവിതവും സംസ്കാരവും ചിത്രീകരിക്കുന്ന നോവലാണ് കൊച്ചരേത്തി. ഈ നോവൽ സ്വാതന്ത്ര്യപൂർവ്വ - സ്വാതന്ത്ര്യാനന്തര കാലഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്നു. കൃഷിക്കാരായ ഈ ജനതയെ ചൂഷണം ചെയ്യാനായി എത്തുന്ന വിവിധ കച്ചവടക്കാരായ മനുഷ്യരെയും അവർ ഉണ്ടാക്കുന്ന സംഘർഷങ്ങളെയും ഈ നോവൽ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. വിവിധ കച്ചവടക്കാർ, നിയമപാലകർ, ഗുണ്ടകൾ, മതപരിവർത്തകർ എന്നിങ്ങനെ നീളുന്ന പൊതുസമൂഹം നടത്തുന്ന ചൂഷണങ്ങൾ വിശദമായി ഈ നോവലിൽ പ്രതിപാദിക്കപ്പെടുന്നു. ഈ സംഘർഷങ്ങളെയെല്ലാം അതിജീവിച്ച് കൃഷിക്കാരായിരുന്ന ജനത വിദ്യാഭ്യാസവും ഉദ്യോഗവും ലഭിച്ച് നഗരജീവിതവും അതിന്റെ പരിഷ്കാരങ്ങളും സാധ്യമായ ഒരു സമൂഹത്തിലേക്ക് എത്തിച്ചേരുന്നതിന്റെ ചിത്രമാണ് കൊച്ചരേത്തിയിലൂടെ പറയുന്നത്. ആധുനിക ജീവിതത്തിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുന്ന ആദിവാസി ജീവിതത്തെ അതിന്റെ തനിമയും ജൈവികതയും നിലനിർത്തിക്കൊണ്ട് കഥ പറയുന്ന നോവലാണ് നാരായന്റെ 'കൊച്ചരേത്തി'. ഇതേ വിഷയം തന്നെ കൈകാര്യം ചെയ്യുന്ന മറ്റു നോവലുകളും മലയാളത്തിലുണ്ട്. യു.എ ഖാദറിന്റെ 'വള്ളൂരമ്മ', 'ചെമ്പവിഴവും ഓട്ടുവളയും', മലയാറ്റൂർ രാമകൃഷ്ണന്റെ 'പൊന്നി', പി. വത്സലയുടെ 'നെല്ല്', കെ. ജെ. ബേബിയുടെ 'മാവേലിമന്റം' എന്നീ നോവലുകളും കൊച്ചരേത്തിയുമായി സമാനത പുലർത്തുന്നവയാണ്. കൊച്ചരേത്തി ഏഴോളം ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.

പോസ്റ്റ് കൊളോണിയൽ ഇന്ത്യൻ വ്യവഹാരങ്ങൾക്കകത്തു സവിശേഷമായൊരു പ്രാധാന്യമുണ്ട് വംശീയ സാഹിത്യ പ്രമേയങ്ങൾക്ക്. സംസ്കാരത്തിന്റെ ജൈവികതയെയും ബഹുസ്വരതയേയും അടയാളപ്പെടുത്താൻ കീഴാള സാഹിത്യ സങ്കല്പനങ്ങൾ പോസ്റ്റ് കൊളോണിയലിസത്തിന്റെ ആയുധമായി ഉപയോഗിക്കപ്പെട്ടു. സമൂഹത്തിന്റെ അധികാരശ്രേണിയുടെ താഴെക്കിടയിലുള്ള അടിയാളന്റെയും തദ്ദേശീയരായ ഗോത്രനിവാസികളുടേയും കഥകൾ അതിന്റെ പ്രതിഫലനമെന്നോണം മുഖ്യധാരാ സാഹിത്യസംസ്കാരത്തിന്റെ ഭാഗമാകാൻ ആരംഭിച്ചു. ആ ഭാഗധേയമാണ് നാരായനെ പോലെയുള്ള എഴുത്തുകാരുടെ കടന്നുവരവിലേക്ക് വഴി തെളിച്ചത്.

കൊച്ചരേത്തി ഒരു പ്രതിഷേധമാണ്. ആവിഷ്കാരങ്ങളുടെ ആന്തരിക ദൗത്യം പ്രതിരോധവും പ്രതിഷേധവുമാണെന്ന് ഈ നോവൽ നമ്മോട് പറയാതെ പറയുന്നു. തങ്ങളുടെ ജീവിത പരിസരങ്ങളെ ആക്രമിച്ചു കീഴടക്കി, ഗോത്രത്തനിമ കവർന്ന് ഗോത്രജീവിതത്തെ സ്ഥാപനവൽക്കരിച്ച ആധുനികനെന്നു മേനിനടിക്കുന്ന നാഗരികരായ മനുഷ്യർക്കെതിരെയുള്ള നിതാന്ത സമരമാണ് നാരായന്റെ എഴുത്തുജീവിതം. നാരായന്റെ ആദ്യ നോവലാണ് കൊച്ചരേത്തി. 1999 - ലെ തോപ്പിൽ രവി ഫൗണ്ടേഷൻ അവാർഡ്, അബുദാബി ശക്തി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർ

SGOU

ഡ് , 2011 -ലെ ഇക്കണോമിസ്റ്റ് ക്രോസ് വേർഡ് ബുക്ക് അവാർഡ് (ഇംഗ്ലീഷ് പരിഭാഷയ്ക്ക്)എന്നിവ ഈ നോവലിന് ലഭിച്ചു. കെ. ജെ. ബേബി, ടി. സി. ജോൺ, ടി. എൻ. ഗോപകുമാർ, അക്ബർ കക്കട്ടിൽ, പി. ആർ. നാഥൻ, പി. കെ. മോഹനൻ എന്നിവർ നാരായന്റെ സമകാലികരാണ്.

**നാരായൻ-മറ്റു രചനകൾ**

ഊരാളിക്കുടി, ചെങ്ങാറും കുട്ടാളും, വന്നല, ഈ വഴിയിൽ ആളേറെയില്ല, ആരാണു തോൽക്കുന്നവർ, തിരസ്കൃതരുടെ നാളെ (നോവലുകൾ), നിസ്സഹായന്റെ നിലവിളി, പെലമറുത ആരാണ് തോല്ക്കുന്നവർ (കഥകൾ)

## Key Words

നവോത്ഥാനപൂർവ ഗോത്രജീവിതം - നാരായൻ - കൊച്ചരേത്തി- മലയരയ സമുദായം- ഗോത്ര ജീവിതം നവോത്ഥാനാനന്തരം

## Discussion

### ദലിത് സാഹിത്യം

നൂറ്റാണ്ടുകളായി ജാതി അടിസ്ഥാനത്തിലുള്ള അടിച്ചമർത്തലും വിവേചനവും നേരിടുന്ന ദലിത് സമൂഹത്തിന്റെ ജീവിതത്തിലും അനുഭവങ്ങളിലും പോരാട്ടങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു വിഭാഗമാണ് ദലിത് സാഹിത്യം. ജാതി അടിസ്ഥാനമാക്കിയുള്ള സാമൂഹിക അനീതികൾക്കെതിരെയുള്ള പ്രതികരണമായാണ് ഈ പ്രസ്ഥാനം ഉടലെടുത്തത്. തീവ്രാനുഭവങ്ങളുടെ ആവിഷ്കാരമാണ് ദലിത് സാഹിത്യത്തിലൂടെ കണ്ടെത്തുന്നത്. വർണവ്യവസ്ഥയുടെ അടിത്തട്ടിൽ നിലകൊള്ളുന്ന ഒരു വിഭാഗത്തിന്റെ ജീവിതവർണനകളും നിറമില്ലായ്മയും ഇതിൽ ഇട കലരുന്നു. വരേണ്യമൂല്യ സംഹിതകളെ അത് നിരന്തരം ചോദ്യം ചെയ്യുന്നു. നൂറ്റാണ്ടുകളായി ദലിതമായിരുന്ന ജീവിതത്തിന്റെ സൂക്ഷ്മ സത്യങ്ങൾ ദലിത് സാഹിത്യത്തിന് കരുത്തുപകരുന്നു. മണ്ണുമായും പ്രകൃതിയുമായും ഇന്നങ്ങി ജീവിക്കുന്ന ഒരു വിഭാഗം എങ്ങനെ നിരന്തരമായി ചൂഷണം ചെയ്യപ്പെടുന്നു, അതിരുകളിലേക്ക് മാറ്റിനിർത്തപ്പെടുന്നു എന്ന് തിരിച്ചറിയുകയാണിവിടെ. വിദ്യാഭ്യാസം തൊഴിൽ, വീട്, ആഹാരം എന്നീ അടിസ്ഥാന ആവശ്യങ്ങൾ പോലും നിറവേറ്റാനാവാതെ ഇപ്പോഴും ഇടറി നീങ്ങുന്ന കാഴ്ചയാണിവിടെ നിലനില്ക്കുന്നത്. അടിസ്ഥാനവർഗത്തിന്റെ ജീവിതത്തെ സ്പർശിക്കാതിരുന്ന ഭാഷയെയും സാഹിത്യത്തെയും അപനിർമ്മിച്ചുകൊണ്ടാണ് ദലിത് സാഹിത്യം രൂപം കൊള്ളുന്നത്. മനുഷ്യ ജീവിതവും മണ്ണും പെണ്ണുമെല്ലാം ഇവിടെ പുനർ നിർവചിക്കപ്പെടുകയാണ്.

ചരിത്രത്തിൽനിന്ന് പുറത്താക്കപ്പെട്ടവരാണ് ദളിതർ. സമൂഹം പിന്തുടരുന്ന വരേണ്യമായ ഒരു പൊതുബോധം ദളിതരെ വ്യവസ്ഥാപിത ഇടങ്ങളിൽനിന്നു മാറ്റിനിർത്തുന്നുണ്ട്. മലയാളിയുടെ പൊതുസൗന്ദര്യബോധത്തിനു വെളിയിലാണ് ദലിത് കവികളും കലാകാരൻമാരും. അവരുടെ ജാതിയും നിറവുമെല്ലാം അവരെ പാർശ്വവൽകൃതരാക്കുന്നു. അധികാരത്തോടു ചേർന്നുനിൽക്കുന്ന ചരിത്രം അതിന് അനുഗുണമായ സൗന്ദര്യനിയമങ്ങൾ സൃഷ്ടിക്കുമ്പോൾ അതിന് പുറത്താകുന്നു ദളിതന്റെ ജ്ഞാനരൂപങ്ങൾ. അവ എപ്പോഴും ജാതിയുടെ ലേബലോടുകൂടി വ്യവഹരിക്കപ്പെടുന്നു. ദളിതരുടെ ബൗദ്ധികവും സൗന്ദര്യാത്മകവുമായ പ്രവർത്തനങ്ങൾ അരികുവൽക്കരിക്കപ്പെടുകയാണ്. സ്വന്തവും സ്വതന്ത്രവുമായി വികസിക്കുന്നതിനോ ഇടകലരുന്നതിനോ സവർണാധിപത്യസമൂഹത്തിൽ ദലിതർക്ക് അവസരം ലഭിക്കുന്നില്ല. പുറത്തു പറഞ്ഞാലും ഇല്ലെങ്കിലും പരിഹാസ്യമാകുന്ന സ്വത്വമാണ് ദലിതർക്കുള്ളത്. ഒളിപ്പിച്ചുവയ്

SGOU

ക്കാനും പ്രകടിപ്പിക്കാനും കഴിയാത്ത ഒന്നായി ജാതിയും നിറവും അവരിൽ ഭാരമേല്പിക്കുന്നുണ്ട്.

ദലിത് സാഹിത്യത്തെ പിൻപറ്റി വളർന്നുവന്ന മറ്റൊരു രചനാ സവിശേഷതയാണ് ആദിവാസി സാഹിത്യം. ചില ദലിത് സാഹിത്യനിരീക്ഷകർ അതിനെ ഗോത്രസാഹിത്യമായും കണക്കാക്കുന്നുണ്ട്. 'ദലിത്' എന്ന വിഭാഗത്തിൽ ആദിവാസികളെയും ഗോത്രവിഭാഗത്തെയും അംബേദ്കർ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ആ വേർതിരിവ് പിൽക്കാലത്ത് ഇല്ലാതായിത്തീർന്നു. എങ്കിലും, മുഖ്യധാരയിൽനിന്ന് അകന്നുനിൽക്കുന്നു എന്നൊരു സവിശേഷത ആദിവാസി ഭാഷയ്ക്കുണ്ട്. അവരുടെ ഭാഷയും സാഹിത്യവുമെല്ലാം വാമൊഴിയായി തുടർന്നുവരികയായിരുന്നു. 1970കൾക്കുശേഷമാണ് ആദിവാസി ഗോത്രസാഹിത്യം അച്ചടിച്ചുതുടങ്ങിയത്. നാട്ടറിവുകളും ഋതുഭേദങ്ങളുമായി ബന്ധപ്പെട്ട ഭാഷാ പ്രയോഗങ്ങൾ സ്വന്തമായിത്തന്നെ അവരിലുണ്ട്. സ്വന്തമായി ഒരു സ്റ്റേറ്റ് എന്ന ആശയം നിലനിൽക്കുന്നതിനാൽ ഇവരുടെ ഭാഷാ പ്രയോഗങ്ങളിലും ഈ സ്വാതന്ത്ര്യം കാണാം.

മലയാളസാഹിത്യത്തിൽ ആദിവാസിജീവിതം പ്രമേയമാകുന്ന നോവൽ 1968 ലാണ് രചിക്കപ്പെടുന്നത്. നാരായൻ എഴുതിയ കൊച്ചരേത്തിയുടെ ചരിത്ര പ്രാധാന്യവും ഇതു തന്നെയാണ്. ഇടുക്കി ജില്ലയിലെ മലയോരമേഖലകളിൽ താമസിക്കുന്ന മലയരയവിഭാഗത്തിലെ ആദിവാസികളെക്കുറിച്ചുള്ള കഥയാണ് ഈ നോവൽ. കൊച്ചരേത്തി എന്ന നോവലിന് ഈ നാമം നൽകാൻ കാരണമായി നാരായൻ നോവലിൽ പറയുന്നതിങ്ങനെയാണ്. "മലയോരത്ത് ചട്ടി, കലം, ഉണക്കമീൻ, പുകയില, കോറത്തുണി തുടങ്ങിയവ ചുവന്നു കൊണ്ടു വന്ന് തീവിലയ്ക്കു വിറ്റ് കുരുമുളക്, കശുവണ്ടി, കാപ്പിക്കുരു എന്നിവയൊക്കെ കുറഞ്ഞ വിലയ്ക്ക് പകരം വാങ്ങി കൊള്ളലാഭമടിച്ചിരുന്ന നടന്നു കച്ചവടക്കാർ - അവർ ചെറുപ്പക്കാരായ അമ്മമാരെ വിളിച്ചിരുന്നത് ഇങ്ങനെയാണ് - കൊച്ചരേത്തി."

ആദിവാസി ജീവിതത്തെ അതിന്റെ തനിമയിൽ അവതരിപ്പിക്കുന്ന ഈ നോവൽ മലയാള സാഹിത്യ ലോകത്ത് വളരെയധികം ശ്രദ്ധനേടിയ ഒന്നാണ്. ഗോത്രവർഗ്ഗ ജീവിതരീതികളെയും അവരുടെ സംസ്കാരത്തെയും തനതായ രീതിയിൽ അടയാളപ്പെടുത്താൻ ഈ നോവലിലൂടെ നാരായന് കഴിഞ്ഞിട്ടുണ്ട്. അതു തന്നെയാണ് ഈ കൃതിയുടെ പ്രധാന സവിശേഷതയും. ആദിവാസി ജീവിതത്തെ ആദിവാസിയായ നാരായൻ എഴുതുമ്പോൾ അതിന് കൂടുതൽ വ്യക്തത കൈവരുക എന്നത് സ്വാഭാവികമാണ്. കാരണം ആ ഗോത്രവർഗ്ഗ ജനതയുടെ സംസ്കാരം അതിനുള്ളിൽ അനുഭവിച്ചറിഞ്ഞ ഒരാളുടെ എഴുത്താണിത്.

### കഥാസംഗ്രഹം

കൊച്ചുരാമനും കുഞ്ഞിപ്പെണ്ണുമാണു ഈ നോവലിലെ കേന്ദ്രകഥാപാത്രങ്ങൾ. അവർക്ക് മുന്നിലൂടെയാണു നോവലിന്റെ കാലം കുതിച്ച് പായുന്നത്. അവരുടെ സുഖദുഃഖങ്ങളിലൂടെയും യൗവന - വാർധക്യങ്ങളിലൂടെയുമാണ് നോവലിലെ കാലം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. മന്ത്രവാദിയായ വലിയ മുണ്ടന്റെ മകനാണ് ഇട്ട്യാതി. ഭാര്യയുടെ മരണശേഷം പുനർവിവാഹത്തിന് തയ്യാറാകാതെ അയാൾ മക്കളായ കുഞ്ഞാദിച്ചനെയും കുഞ്ഞിപ്പെണ്ണിനെയും വളർത്തി ജീവിക്കുന്നു. ഗോത്രസമൂഹത്തിന്റെ ആചാര മര്യാദകളെ മറന്ന് കൊച്ചുരാമൻ എന്ന അനാഥയുവാവിന് കുഞ്ഞിപ്പെണ്ണിനെ അവരുടെ ഇഷ്ടപ്രകാരം വിവാഹം ചെയ്തു നൽകുകയാണ് ഇട്ട്യാതി. അതിന്റെ ഭാഗമായി സ്വജാതിയിൽ നിന്നും കേൾക്കേണ്ടി വന്ന എതിർ വാദങ്ങളെ അയാൾ അവഗണിക്കുന്നു. കൊച്ചുരാമനും കുഞ്ഞിപ്പെണ്ണിനും ജനിച്ച മകനാണ് കുഞ്ഞിക്കുട്ടൻ. കാട്ടുതീയിൽ പെട്ട് കുഞ്ഞിക്കുട്ടൻ മരണമടഞ്ഞു. സാരമായി പൊള്ളലേറ്റ കുഞ്ഞിപ്പെണ്ണിനും കൊച്ചുരാമനും വർഷങ്ങൾക്കുശേഷം ജനിച്ച മക്കളാണ് പാർവതിയും ശേഖരനും. കുഞ്ഞാദിച്ചനും ഭാര്യ പാപ്പിയും മക്കളും ഗോത്രജീവിതത്തിന്റെ കുടുംബ സംഘർഷങ്ങളിലൂടെ തന്നെയാണ് കടന്നുപോകുന്നത്. നിരന്തരമായ അധ്വാനത്തിന്റെയും സംഘർഷങ്ങളുടെയും ലോകമാണ് ജീവിതം എന്ന് ഓരോ കഥാപാത്രവും നമ്മെ ഓർമ്മിപ്പിക്കുന്നു.

പൊതുസമൂഹ പ്രതിനിധികളും കച്ചവടക്കാരും വനംവകുപ്പും മലയരയ സമൂഹത്തെ ചൂ

ഷണം ചെയ്യുകയും തകർക്കാൻ ശ്രമിക്കുകയും ചെയ്തു കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസമാണ് എല്ലാ പ്രശ്നങ്ങൾക്കും ഉള്ള പ്രതിവിധി എന്ന് മനസ്സിലാക്കിയ മലയരയന്മാർ കുട്ടികളെ വിദ്യാഭ്യാസമുള്ളവരാക്കാൻ തീരുമാനിച്ചു. കണ്ടത്തിൽ കൃഷ്ണപിള്ള അരയക്കുട്ടികളുടെ വിദ്യാഭ്യാസത്തിന് ചുക്കാൻ പിടിച്ചു. കൊച്ചുരാമന്റെ മകളായ പാർവതിയ്ക്ക് കാടിന്റെ ആചാരങ്ങളോടു യാതൊരു വിധത്തിലുള്ള പ്രതിബദ്ധതയും ഇല്ല. അവൾ നാട്ടിൽ പോയി പഠിച്ച് ഉദ്യോഗസ്ഥയാവുകയും നാട്ടിലെ ഒരാളെ പ്രണയിക്കുകയും ചെയ്യുന്നു. മാതാപിതാക്കാൾ വിവാഹത്തിന് എതിരു നിന്നപ്പോൾ പാർവതി പ്രണയിതാവിനോടൊപ്പം ഒളിച്ചോടുകയും ചെയ്യുന്നു. അതിൽ കൊച്ചുരാമൻ അസംതൃപ്തനാണ്. ഗോത്രവർഗ്ഗ സംസ്കാരത്തിന്റെ കാവലാളായി അയാൾ ഇവിടെ നിലകൊള്ളുന്നു.

കളള് എന്ന ലഹരി വസ്തുവിന്റെ അമിതമായ ഉപയോഗം കൊച്ചുരാമന്റെ ആരോഗ്യത്തെ തകർക്കുന്നു. കാടിന്റെ സംസ്കൃതിയിലെ വൈദ്യമറിയുന്ന കൊച്ചുരാമൻ ആധുനിക വൈദ്യത്തിനായി നഗരത്തിലെ ആശുപത്രിയിലേക്കെത്തുന്നു. മെഡിക്കൽ കോളേജിലെത്തിയ കൊച്ചുരാമനും കുഞ്ഞിപ്പെണ്ണും ഓപ്പറേഷനെക്കുറിച്ച് കേട്ട് ഭയചകിതരായി രാത്രിയിൽ ആരുമറിയാതെ അവിടെനിന്നും എങ്ങോട്ടെന്നില്ലാതെ രക്ഷപ്പെടുന്നതോടെ നോവൽ അവസാനിക്കുന്നു. കൊച്ചുപിള്ളയും കണ്ടത്തിൽ കൃഷ്ണപിള്ളയും കൊച്ചീപ്പനും ചെട്ടിയും ദേവസ്യയും തുടങ്ങി പുതുതലമുറയുടെ പ്രതിനിധികളായ മാധവനും പാർവതിയും പത്മനാഭനും ശേഖരനും രാഘവനുമെന്നിങ്ങനെ നിരവധി കഥാപാത്രങ്ങൾ ഈ നോവലിൽ കടന്നുവരുന്നുണ്ട്. മൂന്ന് തലമുറകളിലായി നീണ്ടുകിടക്കുകയാണ് നോവലിലെ കാലഘട്ടങ്ങൾ.

## വിശകലനം

മലയാളിയുടെ അടിസ്ഥാന സ്വത്വബോധത്തിന് പുറത്തുജീവിക്കുന്ന ഒരു ജനവിഭാഗം ഇന്നും കേരളത്തിലുണ്ട്. അവരാണ് ഗോത്രനിവാസികൾ. പരാശ്രയത്വം ഇല്ലാത്ത, തനത് സംസ്കാരപരിരക്ഷയുള്ള പൂർണ്ണരായ മനുഷ്യരാണവർ. ഗോത്ര ജീവിതത്തിന്റെ ഈ സമ്പൂർണ്ണതയെയാണ് നാരായൻ കൊച്ചരേത്തിയിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഗോത്രജീവിതത്തിന്റെ വ്യതിരിക്തതയിൽ അഭിമാനിക്കുകയും എന്നാൽ സ്വാസ്ഥ്യം കെട്ടുപോകുന്ന സന്ദർഭങ്ങളിൽ അനുതാപം പ്രകടിപ്പിക്കുകയും ചെയ്യുന്നൊരു കർതൃത്വത്തിന്റെ സാന്നിധ്യമായാണ് എഴുത്തുകാരനെ നോവലിൽ അനുഭവിക്കാൻ സാധിക്കുക. കൊച്ചരേത്തി കേരളത്തിലെ ആദിവാസി സമൂഹമായ മലയരയന്മാരെക്കുറിച്ച് അവരിലൊരാൾ എഴുതിയ നോവലാണ്. ആദിവാസികളുടെ ചരിത്രമോ പ്രാചീനമായ അനുഭവമണ്ഡലമോ ആവിഷ്കരിക്കാനല്ല നാരായണൻ ശ്രമിക്കുന്നത്. സ്വന്തം ജീവിതപരിസരവുമായി ബന്ധപ്പെട്ട 'അൻപതറുപതു കൊല്ലത്തെ' ജീവിതസാഹചര്യങ്ങളാണ് കൊച്ചരേത്തി അനാവരണം ചെയ്യുന്നത്.

"നവോഥാനപൂർവ്വ കാലയളവിൽ വിവിധ ജനവിഭാഗങ്ങൾ നിലനിർത്തിയിരുന്ന ജീവിതാവസ്ഥയോട് സാദൃശ്യമുള്ളതാണ് നാരായൻ പ്രകാശിപ്പിക്കുന്ന ജീവിതപരിസരം. ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസം, ഭക്ഷണം, ദാമ്പത്യം, പാർപ്പിടം മുതലായ ഘടകങ്ങളെല്ലാം നവോഥാനപൂർവ്വ സന്ദർഭത്തെ ഓർമ്മിപ്പിക്കുന്നതാണ്. പ്രകൃതിയുമായി ഏറ്റുമുട്ടുന്ന പച്ചമനുഷ്യന്റെ നിഷ്കളങ്കമായ പ്രവർത്തനങ്ങൾക്കാണ് നാം ഇവിടെ സാക്ഷ്യംവഹിക്കുന്നത്. സ്വയം പൂർണ്ണമായ ഒരു ജീവിതവ്യവസ്ഥ എന്ന നിലയിൽ മറ്റുള്ളവരുടെ ഇടപടലുകളില്ലാത്ത ആദിവാസി ജീവിതത്തെക്കുറിച്ച് അഭിമാനിക്കുകയും എന്നാൽ പ്രകൃതിയോടും വിശ്വാസങ്ങളോടും ഏറ്റുമുട്ടി സ്വാസ്ഥ്യം നഷ്ടപ്പെടുന്ന സന്ദർഭങ്ങളിൽ അനുതാപം പ്രകടിപ്പിക്കുകയും ചെയ്യുന്ന ഒരു കർതൃത്വത്തിന്റെ സാന്നിധ്യമാണ് നോവലിൽ കാണാൻ കഴിയുന്നത്" (ഡോ. പി. കെ. പോക്കർ, വർണഭേദങ്ങൾ പാഠഭേദങ്ങൾ).

പ്രകൃതിയുടെ സ്വാഭാവികതയ്ക്ക് പരുക്കേൽപ്പിക്കാതെ, എന്നാൽ ആധുനിക മനുഷ്യന്റെ ജീവിതത്തിന് സമാന്തരമായൊരു ബദൽജീവിതത്തിന്റെ രാഷ്ട്രീയം നിലനിർത്തുന്ന ജനജീവിതം എന്ന നിലയിലാണ് ഗോത്രജീവിതത്തിന്റെ സൂക്ഷ്മത നോവൽ ആലേഖനം ചെയ്തിരിക്കു

SGOU

ന്നത്. പി .കെ പോക്കറിന്റെ വാക്കുകൾ കടമെടുത്താൽ "ചരിത്രപരവും ആഖ്യാനപരവുമായ സവിശേഷതകൾ ഗൗരവമായി പഠിക്കപ്പെടേണ്ട ഒരു നോവലാണ് ആദിവാസി സാഹിത്യകാരനായ നാരായൻ വായനക്കാർക്ക് സമ്മാനിച്ചിരിക്കുന്നത് " എന്ന് ചുരുക്കം. ഗോത്രവിഭാഗത്തിന്റെ സാമാന്യ അടിത്തറയെയാണ് കൊച്ചരേത്തി സ്പർശിക്കുന്നത്. നോവലിന്റെ പേരിൽ പോലും കൃത്യമായ ഗോത്രബോധം കാണാൻ സാധിക്കും. മലയരയരുടെ കഥപറയുന്ന നോവലിൽ അരയന്റെ ഭാര്യയെ വിളിക്കുന്ന പേരായാണ് 'കൊച്ചരേത്തി' എന്ന പദത്തെ അവതരിപ്പിക്കുന്നത്. താൻ സ്വയമേവ ഒരു കൊച്ചരേത്തിയുടെ മകനാണ് എന്ന് പറഞ്ഞാണ് എഴുത്തുകാരൻ നോവലിലേക്ക് പ്രവേശിക്കുന്നത്.

കൊച്ചരേത്തി മലയരയ സമുദായത്തിന്റെ കഴിഞ്ഞ നൂറ്റാണ്ടിലെ പത്തറുപത് വർഷത്തെ ജീവിതമാണു കോറിയിടുന്നത്. ഈ കാലഘട്ടം എന്നത് മലയരയരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കിയ ഒരു കാലം കൂടിയായിരുന്നു. നോവലിന്റെ തുടക്കത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത് കാടിനോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ച് കഠിനാദ്ധ്വാനം ചെയ്ത് പുലരുന്ന സ്വയം പര്യാപ്തമായൊരു സമുദായത്തെയാണ്. കാട്ടിലെ മൃഗങ്ങളേക്കാൾ ക്രൂരമായി ആ സമുദായത്തെ വഞ്ചിക്കുന്ന, ദ്രോഹിക്കുന്ന മനുഷ്യരും അവർക്ക് കൂട്ട് നിൽക്കുന്ന ഭരണകൂടവും ആ ജീവിതത്തിലുണ്ട്. ക്രമേണ ഒരു പരിധി വരെ ചൂഷണങ്ങളിൽ നിന്ന് അറുതി നേടി അറിവിന്റെ വെളിച്ചത്തിലേയ്ക്കും ഉദ്യോഗങ്ങളിലേക്കും രാഷ്ട്രീയപ്രസ്ഥാനങ്ങളിലേയ്ക്കും വളരുന്ന ഒരു സമൂഹത്തിന്റെ ചിത്രം നോവലിൽ തെളിയുന്നു. മാറ്റങ്ങളുടെ ഗുണദോഷ നിരൂപണത്തിനല്ല ജീവിതത്തിന്റെ തനിമയാർന്ന ചിത്രീകരണത്തിനാണ് നാരായൻ കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്.

വിദ്യാഭ്യാസമാണ് ആദിവാസി ജനതക്ക് ഏറ്റവും കൂടുതൽ മാറ്റങ്ങളുണ്ടാക്കിയത് എങ്കിലും അതിനുമുമ്പുതന്നെ ചൂഷക വർഗത്തിനോട് എതിർത്തു നിൽക്കാനും നീതികേടിനോട് പ്രതികരിക്കാനുമുള്ളൊരുശ്രമം അവരിൽ വളർന്നു തുടങ്ങിയതായി കാണാനാകും. കാലങ്ങളായി തങ്ങൾ പറ്റിക്കപ്പെടുകയായിരുന്നെന്ന തിരിച്ചറിവാണതിനു പിന്നിലെ കാരണം, ആ തിരിച്ചറിവിൽ നിന്നാണു കാര്യങ്ങൾ മാറേണ്ടതാണെന്ന തോന്നൽ കൊച്ചുരാമനെപ്പോലെ കുഞ്ഞേറിയയെപ്പോലെ ചിലരിൽ ഉണ്ടാകുന്നത്, അതിൽ നിന്നാണു കായികമായ ചെറുത്ത് നിൽപ്പുകൾ ഉണ്ടാകുന്നത്. അതിനനുകൂലമായൊരു സാമൂഹിക / രാഷ്ട്രീയ സാഹചര്യം കൂടെ പുറത്ത് രൂപപ്പെട്ടപ്പോൾ ഒരു സമുദായം മാറാൻ തുടങ്ങി. തീർച്ചയായും ആ മാറ്റങ്ങൾക്കൊരു മറുവശമുണ്ട്. നന്നായി വൈദ്യമറിയാമായിരുന്ന, വസൂരിയെവരെ പേടിക്കാത്ത കൊച്ചുരാമൻ വയറുവേദന മാറാൻ സോഡാക്കാരത്തിലഭയം തേടുന്നതും ഒടുവിൽ ഓപ്പറേഷൻ ഭയന്ന് ആശുപത്രിയിൽ നിന്നിറങ്ങി നടക്കുന്നതും മകൻ ശേഖരൻ പ്രത്യേകിച്ച് പണിയൊന്നും ചെയ്യാതെ ഉത്തരവാദിത്തമൊന്നുമില്ലാതെ അലഞ്ഞ് നടക്കുന്നതും ഒരിക്കൽ സ്വയം പര്യാപ്തമായിരുന്ന സ്വന്തമായൊരു ജ്ഞാനപാരമ്പര്യമുണ്ടായിരുന്ന ഒരു സമൂഹത്തിന്റെ നഷ്ടങ്ങളുടെ വർത്തമാനം കൂടെ പറയുന്നുണ്ട്.

അനിതരസാധാരണമായൊരു ആഖ്യാന സങ്കേതമാണ് നോവലിനുവേണ്ടി നാരായൻ കൈകൊണ്ടിട്ടുള്ളത്. മലയാള സാഹിത്യത്തിന്റെ പതിവ് വരേണ്യ രൂപകങ്ങളെ റദ്ദ് ചെയ്തുകൊണ്ടുള്ള കീഴാള ആഖ്യാനതന്ത്രമാണത്. കൃത്രിമമായ മര്യാദകളോ, അലങ്കാര സമ്പുഷ്ടതയോ അതിലില്ല. സാമാന്യവും തെളിച്ചവുമുള്ള പ്രയോഗങ്ങളാണ് ഭാഷയിലുടനീളം. വിദ്യാഭ്യാസം കൊണ്ട് മായ്ചുകളയാനാകാത്ത ഗോത്രഭാഷാവഴക്കം നമ്മുടെ ആഖ്യാനശീലങ്ങൾക്ക് അത്ര പരിചിതമല്ല. എന്നാലത് സങ്കീർണ്ണവുമല്ല. പക്ഷെ ഇടവേളകളോ വിവരണങ്ങളോ കൂടാതെ ഒരു സന്ദർഭത്തിൽ നിന്നും മറ്റൊന്നിലേക്ക് കടക്കുമ്പോൾ വായനയിൽ ചെലുത്തപ്പെടുന്ന ആയാസം ഒരു പ്രശ്നമായി ഉന്നയിക്കാവുന്നതാണ്. എന്നാൽ ആഖ്യാന നിർമ്മിതിയിലെ തന്മയത്വം അതിനെ മറികടക്കുന്നു.

കീഴാള കഥാപരിസരങ്ങൾ കൂടുതൽ ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടുന്ന ഉത്തരാധുനിക സമൂഹത്തിൽ കൊച്ചരേത്തിയുടെ പ്രസക്തി അവസാനിക്കുന്നില്ല. കാലങ്ങൾക്കിപ്പുറം സാഹി


SGOU

ത്യത്തിന്റെ മുഖ്യധാരാസദസുകളിൽ ആ എഴുത്തുകാരനും നോവലുമില്ല എന്നത് സവിശേഷതയോടെ ശ്രദ്ധിക്കേണ്ട ഒന്നാണ്. 'എന്റെ വംശമാണ് എന്റെ പരാജയത്തിന്റെ കാരണം' എന്ന നാരായന്റെ വാക്കുകളിൽ അതിന്റെ ഉത്തരം കാണാം. കലയുടെ വരേണ്യ ബോധ്യങ്ങളിൽ നിന്ന് ബഹിഷ്കൃതരാക്കപ്പെട്ട, അവമതിക്കപ്പെട്ട ഒരു ജനതയുടെ പ്രതിഷേധമായും വിലാപമായും കൊച്ചരേത്തി മാറുന്നതിന്റെയും കാരണമതുതന്നെയാണ്.

## Recap

- നവോത്ഥാന പൂർവ -നവോത്ഥാനന്തര ഗോത്ര ജീവിതമാണ് നോവലിന്റെ വിഷയം
- മലയരയ ഗോത്രവിഭാഗത്തെ മുൻനിർത്തിയാണ് കഥ പറയുന്നത്
- നാഗരികനായ ആധുനിക മനുഷ്യനും അവന്റെ മർദ്ദനോപകരണങ്ങളായ ഭരണകൂടവുമടക്കമുള്ളവർ ഗോത്ര ജീവിതത്തിൽ ഇടപെടുന്നു. അതവരുടെ ജീവിതത്തെ ദുസ്സഹമാക്കുന്നു
- ആധുനിക സംസ്കാരം ഗോത്രസംസ്കൃതിയിലേക്ക് കടന്നു കയറുമ്പോൾ ഉണ്ടാകുന്ന സംഘർഷങ്ങൾ
- ആധുനിക വിദ്യാഭ്യാസത്തിന്റെ കടന്നുവരവ് സാമൂഹികമായും സാമ്പത്തികമായുമുള്ള പരിരക്ഷ ഗോത്രവിഭാഗത്തിന് നൽകുന്നു
- വിദ്യാഭ്യാസത്തിലൂടെ ഉന്നതിയിലെത്തുന്ന ഒരു തലമുറയുടെ പ്രതിനിധാനങ്ങൾ
- രാഷ്ട്രീയമായും സാമുദായികമായും ഗോത്രജീവിതം ശക്തിപ്പെടുന്നു
- കൃത്യമായ സബാൾട്ടൻ (കീഴാള) പരിസരമുള്ള നോവലാണ് കൊച്ചരേത്തി
- തനത് ഗോത്രഭാഷാശൈലിയിലാണ് നോവൽ എഴുതപ്പെട്ടിരിക്കുന്നത്

## Objective Type Questions

1. കൊച്ചരേത്തി എന്ന നോവൽ എഴുതിയതാര്?
2. ആദിവാസികളുടെ ജീവിതത്തെ അവതരിപ്പിച്ച മലയാള സാഹിത്യത്തിലെ ആദ്യ നോവൽ ?
3. "ഇപ്പോൾ മലയിലെ അരയന്മാർക്കാ നല്ല കാലം. കുരുമുളകിന് വില കൂടുകയല്ലേ''? ആരുടെ വാക്കുകൾ ?
4. കൊച്ചരേത്തി പ്രസീദ്ധീകൃതമായ വർഷമേത്?
5. നാരായന് കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേത്?
6. ഇടുക്കി ജില്ലയിലെ മലയരയരുടെ ജീവിതം പ്രമേയമാക്കുന്ന നോവലേത്?
7. ഊരാളിക്കുടി എന്ന നോവൽ രചിച്ചതാര് ?
8. ആധുനികതയുടെ വക്താക്കളായി കൊച്ചരേത്തിയിൽ കടന്നുവരുന്ന കഥാപാത്രങ്ങളേത്?
9. കൊച്ചരേത്തിയിലെ പ്രധാന കഥാപാത്രങ്ങളുടെ പേരെന്ത് ?
10. അരയക്കുടിലുകളിൽ അറിവിന്റെ വെളിച്ചം പകരാനെത്തിയതാര്?

SGOU

## Answers

1. നാരായൻ
2. കൊച്ചരേത്തി
3. കുഞ്ഞമ്മത്
4. 1968
5. കൊച്ചരേത്തി
6. കൊച്ചരേത്തി
7. നാരായൻ
8. പാർവതി, പത്മനാഭൻ
9. കൊച്ചുരാമൻ, കുഞ്ഞിപ്പെണ്ണ്
10. കണ്ടത്തിൽ കൃഷ്ണപിള്ള

## Assignments

1. ''കൊച്ചരേത്തി കേരളത്തിലെ ഗോത്രസമൂഹമായ മലയരയരെ കുറിച്ച് ഒരു ഗോത്രവിഭാഗക്കാരൻ എഴുതിയ നോവലാണ്'' -ഈ പ്രസ്താവനയെ വിശദീകരിക്കുക
2. കൊച്ചരേത്തിയെ മുൻനിർത്തി ദലിത്നോവൽ പ്രമേയങ്ങളെ അവലോകനം ചെയ്യുക
3. കൊച്ചരേത്തിയുടെ വർത്തമാനകാല പ്രസക്തി വിവരിക്കുക
4. പാർവതി എന്ന കഥപാത്രത്തിന്റെ സവിശേഷതകളെ സമാഹരിക്കുക
5. കൊച്ചരേത്തിയുടെ പ്രമേയ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക

SGOU

## Reference

1. നാരായൻ, കൊച്ചരേത്തി, ഡി. സി. ബുക്സ്, കോട്ടയം.
2. പി.കെ പോക്കർ, 'ദലിത്പരിപ്രേക്ഷ്യം ആദിവാസി സാഹിത്യത്തിൽ', കൊച്ചരേത്തി, ഡി. സി. ബുക്സ്, കോട്ടയം.

## Suggested Reading

1. പ്രദീപൻ പാമ്പിരികുന്ന്, 'അപഹരിക്കപ്പെടുന്ന ജീവിതം' കൊച്ചരേത്തി, ഡി.സി. ബുക്സ്, കോട്ടയം.
2. കവിയൂർ മുരളി, ദലിത്സാഹിത്യം, മൈത്രി ബുക്സ്, തിരുവനന്തപുരം.കോട്ടയം

# MODEL QUESTION PAPER SETS

SGOU

**SREENARAYANAGURU OPEN UNIVERSITY**

QP CODE: ……… Reg. No : ………...............

Name : ………………...

## MODEL QUESTION PAPER SET I
## FOUR YEAR UNDERGRADUATE DEGREE EXAMINATIONS, 2025
## Fourth Semester B.A (Honours) Malayalam Language and Literature
## Course Code SGB24ML102AC
## മലയാള സാഹിത്യം : കവിത – കഥ – ഉപന്യാസം – നോവൽ

( CBCS - PG )'

2024-25 - Admission Onwards

Time: 3 Hours Max Marks: 70

### SECTION - A

**I ഏതെങ്കിലും എട്ടു ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. 'കാച്ചിക്കുറുക്കിയ കവിത' എന്നറിയപ്പെടുന്നത് ആരുടെ കവിതയാണ്?
2. അയ്യപ്പപ്പണിക്കർ വയനാട്ടിലെ ഏതു പുഴയെയാണ് അന്വേഷിക്കുന്നത്?
3. അമ്മ മലയാളം' ആരുടെ കവിതാസമാഹാരമാണ്?
4. ഗ്രാമവൃക്ഷത്തിലെ വവ്വാൽ' ആരുടെ കൃതിയാണ് ?
5. ബഷീറിന്റെ സാഹിത്യത്തെ 'അനുഭവങ്ങളുടെ വൻകര' എന്നു വിശേഷിപ്പിച്ചതാര്?
6. മാധവിക്കുട്ടിയുടെ ആത്മകഥയുടെ പേരെന്ത്?
7. മലയാള നിരൂപകത്രയം എന്നറിയപ്പെടുന്നവർ ആരൊക്കെയാണ്?
8. ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട എന്നു പറഞ്ഞതാര്?
9. വീരാൻകുട്ടിയുടെ ആദ്യ കവിതാസമാഹാരമേത്?
10. ഇടുക്കിയിലെ മലയരയരുടെ ജീവിതം പ്രമേയമാക്കുന്ന നോവലേത്?

(8× 1=8)

### SECTION - B

**II ഏതെങ്കിലും ആറ് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്കു വീതം**

11. കൊച്ചരേത്തി എന്ന നോവലിലെ മുഖ്യപ്രമേയം വ്യക്തമാക്കുക
12. പാശ്ചാത്യസിദ്ധാന്തത്തിന്റെ അനുകരണമില്ലാതെ പൗരസ്ത്യവാദ സിദ്ധാന്തങ്ങളെ ഏതു രീതിയിൽ സ്വീകരിക്കണമെന്നാണ് വി.സി. ശ്രീജൻ അഭിപ്രായപ്പെടുന്നത്?
13. ആദർശാത്മകമാനവൻ എന്ന സങ്കല്പം നാരായണഗുരുവിൽ ദർശിക്കുന്നതെങ്ങനെ?
14. ലക്ഷ്മിക്കുട്ടി കുഞ്ഞിനെ രക്ഷിക്കുന്നതിന് മുത്തുവേടത്തിയോട് യാചിക്കുന്നതെങ്ങനെ?
15. ദൽഹി 1981 എന്ന കഥയിൽ ദമ്പതികളോട് തെമ്മാടികൾ ചെയ്തതെന്ത്?
16. ആൾമറ എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്ന ബിംബങ്ങൾ ഏതെല്ലാം?
17. ഇൻസ്റ്റലേഷൻ എന്ന കഥയിലെ പാരിസ്ഥിതികാവബോധത്തെപ്പറ്റി വിവരിക്കുക?

SGOU

18. ആധുനികാനന്തര കഥാപ്രവണത യു.കെ. കുമാരൻ കഥയിൽ അവതരിപ്പിച്ചതെങ്ങനെ?

(6×2=12)

## SECTION - C

**III ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

19. വിഷുക്കണി എന്ന കവിതയിലെ കാർഷിക സമൃദ്ധി വിവരിക്കുക
20. 'എവിടെപ്പോയൊളിച്ചെന്നാലും കണ്ടുപിടിക്കും ചാരക്കണ്ണ്' - ഏതനുഭവത്തെക്കുറിച്ചാണ് കവി ഇങ്ങനെ പറയുന്നത്?
21. അസ്തിത്വദുഃഖത്തിന്റെ ഭാഗമായി വിശപ്പെന്ന ബിംബത്തെ ജന്മദിനം എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക
22. ആധുനികാനന്തര ജീവിതത്തിലെ സ്വത്വപ്രതിസന്ധി റെയിൽപ്പാളത്തിലിരുന്ന് ഒരു കുടുംബം ധ്യാനിക്കുന്നു എന്ന കഥയിൽ ചിത്രീകരിച്ചിരിക്കുന്നത് വിശദമാക്കുക
23. മുണ്ടശ്ശേരിയുടെ നിരൂപണ ശൈലി വിവരിക്കുക.
24. നാളിതുവരെയുള്ള മലയാള സാഹിത്യത്തിന്റെ ചരിത്രം അനുകരണത്തിന്റേതാണെന്ന് ലേഖകൻ പറയാൻ കാരണമെന്ത്?
25. ദലിത് സാഹിത്യം വിശദീകരിക്കുക
26. കൊച്ചരേത്തിയിലെ ഗോത്രജീവിതം വിവരിക്കുക

(6×5=30)

## SECTION - D

**IV ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

27. ആധുനിക ഉത്തരാധുനിക കവിതകളുടെ പൊതുസ്വഭാവം കവിതകളെ ഉദാഹരിച്ച് വിശദീകരിക്കുക
28. ആധുനിക കഥകളുടെ സവിശേഷതകൾ എം. മുകുന്ദന്റെ കൃതികളെ ആസ്പദമാക്കി ചർച്ച ചെയ്യുക
29. മഹാഭാരതത്തിൽ നിന്നും കാളിദാസകൃതിയിലേക്ക് വരുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ മുണ്ടശ്ശേരി വിലയിരുന്നതെങ്ങനെയെന്ന് അപഗ്രഥിക്കുക
30. ദലിത് നോവലുകളുടെ ചരിത്രവും രാഷ്ട്രീയവും കൊച്ചരേത്തിയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

(2×10=20)



SREENARAYANAGURU OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

QP CODE: ……… Reg. No : ………..............

Name : ………………...

## MODEL QUESTION PAPER SET II
## FOUR YEAR UNDERGRADUATE DEGREE EXAMINATIONS, 2025
## Fourth Semester B.A (Honours) Malayalam Language and Literature
## Course Code SGB24ML102AC
## മലയാള സാഹിത്യം : കവിത – കഥ – ഉപന്യാസം – നോവൽ

( CBCS - PG )

2024-25 - Admission Onwards

Time: 3 Hours Max Marks: 70

### SECTION - A

**I ഏതെങ്കിലും എട്ടു ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. കുരിപ്പുഴ ശ്രീകുമാറിന് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച കൃതിയേത്?
2. 'തോരാമഴ' എന്ന കൃതി രചിച്ചത് ആര്?
3. മാധവിക്കുട്ടിയുടെ ജീവിതം ആവിഷ്കരിക്കുന്ന ചലച്ചിത്രമേത്?
4. 'എന്റെ മാറ്റൊലിക്കവിതകൾ' ആരുടെ കൃതിയാണ്?
5. സാറാ ജോസഫിന്റെ ഏതു കഥയുടെ അവതാരികയിലാണ് പെണ്ണെഴുത്ത് എന്ന പദം ആദ്യമായി ഉപയോഗിച്ചത്?
6. 'മയ്യഴിയുടെ കഥാകാരൻ' എന്നറിയപ്പെടുന്നതാര്?
7. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയായ നിരൂപകനാര്?
8. ക്ഷേത്രങ്ങളുടെ സ്ഥാനത്ത് എന്ത് നിർമ്മിക്കാനാണ് നാരായണഗുരു ആഗ്രഹിച്ചത്?
9. വിശപ്പ് പ്രമേയമാക്കി ബഷീർ എഴുതിയ രണ്ടു കഥകൾ ഏതെല്ലാം ?
10. 'പ്രവാചകന്റെ മരണം' എന്ന കൃതിയുടെ കർത്താവാര്?

(8× 1=8)

### SECTION - B

**II ഏതെങ്കിലും ആറ് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്കു വീതം**

11. കൊച്ചരേത്തി നോവലിലെ കുഞ്ഞിപ്പെണ്ണ് എന്ന കഥാപാത്രത്തെക്കുറിച്ച് വിവരിക്കുക?
12. നാരായണഗുരുവിന്റെ സംഭാവനകൾ എങ്ങനെയാണ് മനുഷ്യരെ സ്വാധീനിക്കുന്നത്?
13. കാളിദാസകവി ദുഷ്യന്തരാജാവിനെ ന്യായീകരിക്കുന്നതിന്റെ കാരണങ്ങളെന്തെല്ലാം?
14. വിഷുക്കാലത്തെപ്പറ്റിയുള്ള കവിയുടെ ഗൃഹാതുരമായ ഓർമ്മകളെന്തെല്ലാം?
15. അജയ്യമനുഷ്യന്റെ സർഗാത്മകശക്തിയെ വയലാർ അവതരിപ്പിക്കുന്നതെങ്ങനെ?
16. കാടെവിടെ മക്കളെ എന്ന കവിത എഴുതാനിടയായ സാഹചര്യം വ്യക്തമാക്കുക

17. ജന്മദിനം എന്ന കഥയിൽ എഴുത്തുകാരൻ തന്റെ പട്ടിണി മാറ്റിയതെങ്ങനെ?
18. കോലാട് എന്ന കഥയിലെ വീട്ടമ്മയ്ക്ക് വിഷമമുണ്ടാക്കിയ രണ്ടു സംഭവങ്ങൾ വിവരിക്കുക

(6×2=12)

## SECTION - C

**III ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

19. ഉത്തരാധുനിക കവിതകളിലെ പാരിസ്ഥിതിക ചിന്തകൾ വ്യക്തമാക്കുക
20. □□തിന്നാൻ ഒന്നുമില്ലാതാകുമ്പോൾ തിന്നാനുള്ള മണ്ണാണതിൽ ' കവി നൽകുന്ന മുന്നറിയിപ്പ് എന്ത്?
21. അമ്മയെക്കണ്ടാൽ കോലാടിനെപ്പോലുണ്ട് എന്ന പ്രസ്താവന വിരൽ ചൂണ്ടുന്ന സ്ത്രീയവസ്ഥ വിവരിക്കുക
22. പുരുഷമേധാവിത്വ പ്രവണതകളെ പാപത്തറയിൽ കണ്ടെത്തുക
23. കാളിദാസനും കാലത്തിന്റെ ദാസൻ എന്ന പേരിന്റെ സാംഗത്യം കണ്ടെത്തുക
24. ശ്രീ നാരായണ ദർശനങ്ങളുടെ കേന്ദ്രസത്ത എന്താണെന്നാണ് കെ.പി. അപ്പൻ അഭിപ്രായപ്പെടുന്നത്?
25. ആധുനിക വിദ്യാഭ്യാസം ഗോത്രജീവിതത്തിൽ വരുത്തിയ മാറ്റങ്ങളെന്ത്?
26. കൊച്ചരേത്തിയിലെ ഗോത്രഭാഷയെക്കുറിച്ച് വിവരിക്കുക

(6×5=30)

## SECTION - D

**IV ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

27. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധവും അതിന്റെ അപചയവും കാടെവിടെ മക്കളേ എന്ന കവിതയിൽ കണ്ടെത്തുക
28. മലയാളത്തിലെ സ്ത്രീപക്ഷകഥകളുടെ പ്രത്യേകതകൾ ക്രോഡീകരിക്കുക
29. ആദർശാത്മകമാനവൻ എന്ന സങ്കല്പം ഗുരുവിൽ കെ.പി. അപ്പൻ കണ്ടെത്തുന്നതെങ്ങനെയെന്ന് ചർച്ച ചെയ്യുക
30. ഗോത്ര ജീവിതാനുഭവങ്ങളെ കൊച്ചരേത്തിയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക

(2×10=20)

SGOU



SREENARAYANAGURU OPEN UNIVERSITY

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ്‌വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

## SREENARAYANAGURU OPEN UNIVERSITY

SGOU

# Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin : 673002
Ph: 04952920228
email:rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery
Kannur, Pin : 670106
Ph: 04952990494
email:rctdirector@sgou.ac.in

### Tripunithura
Govt. College
Tirpunithura, Ernakulam
Kerala, Pin : 682301
Ph: 04842927436
email:rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad
Kerala, Pin : 679303
Ph: 04662912009
email:rcddirector@sgou.ac.in


DON'T LET IT BE TOO LATE
SAY NO TO DRUGS
LOVE YOURSELF AND ALWAYS BE HEALTHY
SREENARAYANAGURU OPEN UNIVERSITY
SREENARAYANAGURU OPEN UNIVERSITY
The State University for Education, Training and Research in Blended Format, Kerala
SGOU

# മലയാള സാഹിത്യം:

## കവിത– കഥ – ഉപന്യാസം – നോവൽ

COURSE CODE :SGB24ML102AC

SGOU

YouTube

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-995975-4-9
9 788199 597549